വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത്

# സമഗ്ര വികസനരേഖ



ജനകീയ ആസൂത്രണ പരിപാടി

ഇന്ത്യയ്ക്ക് ലഭിച്ച സ്വാതന്ത്ര്യം
ഗ്രാമങ്ങൾക്ക് നൽകുക

-മഹാത്മാഗാന്ധി-

45-2

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ജനകീയ ആസൂത്രണം

# സമഗ്ര വികസന രേഖ

## വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

# കോർഗ്രൂപ്പ്

കെ. ചന്ദ്രൻ

പി. രാജു

ഉല്ലാസ്സ് സുകുമാരൻ

ജെ. രവീന്ദ്രൻ പിള്ള

കെ. രാജു

എം. രാജേന്ദ്രൻ പിള്ള

എൻ. സത്യഭാമ

ജെ. രവീന്ദ്രനാഥ്

എ. ചെല്ലപ്പൻ

വി. മോഹനൻ

എസ്. സോമൻ

സി. കെ. വിജയൻ

എൻ. മുരളീധരൻ പിള്ള

എൻ. എസ്. ശ്രീകുമാർ

കെ. എസ്. ഗോപാലകൃഷ്ണ പിള്ള

ടി. മാധവൻ

വി. രാമകൃഷ്ണ പിള്ള

സുഗതൻ. കെ. പി.

കെ. കുട്ടപ്പൻ

എസ്. രാമചന്ദ്രപിള്ള

പ്രേം. പി.

ഘ്നീഷ്കുമാർ

എം. രാമചന്ദ്രൻ

പി. രാമചന്ദ്രൻ പിള്ള

എൻ. ശിവരാമൻ പിള്ള

എൻ. ശിവരാമൻ നായർ

കെ. വിജയകുമാർ

കൃഷ്ണകുമാർ. വി

ശോഭനകുമാർ

ടി. വിത്സൺ




## എഡിറ്റോറിയൽ ബോർഡ്

ചീഫ് എഡിറ്റർ

**കെ. ശങ്കരപ്പിള്ള**

അംഗങ്ങൾ

**കുട്ടപ്പൻ, വള്ളികുന്നം**

**എൻ. സുകുമാരൻ**

**എൻ. അജിത് കുമാർ**

**എൻ. എസ്സ്. സലിംകുമാർ**

**ബി. ഷാനവാസ്**

**സുൽഫത്ത്**

**രവികുമാർ, പുതുശ്ശേരി**



ലേ ഔട്ട് & ഡിസൈൻ : എൻ. അജിത്കുമാർ

ടൈപ്പ് സെറ്റിംഗ് : മേസ് ലേസർ ഗ്രാഫിക്സ്, കായംകുളം.

ടെക്നിക്കൽ അസിസ്റ്റൻസ് :

ഏസ് കംപ്യൂട്ടർ എഡ്യൂക്കേഷൻ സെന്റർ,

കായംകുളം.

# മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ



തോപ്പിൽ ഭാസി,



കെ.എൻ. ഗോപാലൻ,



കെ. പി. വാസുദേവൻ നായർ



എൻ. രാമകൃഷ്ണൻ നായർ



കെ. കൊച്ചുകുഞ്ഞ്
(1953 - 1984 വരെ പഞ്ചായത്ത്
വൈസ് പ്രസിഡന്റായിരുന്നു)

# ഗ്രാമ പഞ്ചായത്ത്
# ഭരണ സമിതി അംഗങ്ങൾ



വി. കേശവപിള്ള
(വൈസ് പ്രസിഡന്റ്)



കെ.ആർ. രാമചന്ദ്രൻ
(പ്രസിഡന്റ്)



സി.എച്ച്. ബഷീർ
(സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർമാൻ)



കെ. മണിയമ്മ



കെ. ലതാകുമാരി



കെ.ജി. വാസുദേവൻ പിള്ള



സുഭാഷിണി വിജയൻ



എം. രവീന്ദ്രൻ പിള്ള



എം. കൃഷ്ണൻ നായർ



സി. കൃഷ്ണൻ



കെ.ജി. കരുണാമണി



**M.K. CHELLAPPAN**
GRAMA PANCHAYATH SECRETARY

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ആമുഖം | 1 |
| 2. | പൊതുവിവരണം | 2 |
| 3. | സാമൂഹിക സാംസ്കാരിക ചരിത്രം | 4 |
| 4. | കൃഷിയും ജലസേചനവും | 12 |
| 5. | മൃഗസംരക്ഷണവും, മത്സ്യബന്ധനവും | 25 |
| 6. | വിദ്യാഭ്യാസം | 29 |
| 7. | കുടിവെള്ളവും പൊതുജന ആരോഗ്യവും | 40 |
| 8. | വ്യവസായം | 51 |
| 9. | ഗതാഗതം, ഊർജ്ജം, മാർക്കറ്റ് | 54 |
| 10. | ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം | 87 |
| 11. | സംസ്കാരം | 94 |
| 12. | വനിത | 99 |
| 13. | പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം | 103 |
| 14. | സഹകരണം | 111 |
| 15. | വിഭവസമാഹരണം | 114 |
| 16. | ഉപസംഹാരം | 116 |

# ആമുഖം

കേരള സർക്കാരും സംസ്ഥാന ആസൂത്രണ ബോർഡും സംയുക്തമായി നടപ്പിലാക്കുന്ന ജനകീയാസൂത്രണ പ്രസ്ഥാനം നമ്മുടെ നാടിന്റെ വികസന രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതി സമ്പൂർണ്ണമായി ജനകീയവൽക്കരിച്ച് ആസൂത്രണവും വികസനവും താഴെ തട്ടിൽ ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കുക എന്നതാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം. പദ്ധതി അടങ്കലിന്റെ 40% തുക ഗ്രാമ പഞ്ചായത്തുകൾക്ക് ലഭിക്കുന്നതോടെ വികസനത്തിലെ വികേന്ദ്രീകരണം എന്ന ആശയം അർത്ഥപൂർണ്ണമാകുന്നു. വികസന പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുള്ള നിസ്സംഗത മാറ്റിയെടുത്ത് ആസൂത്രണം മുതൽ നടത്തിപ്പുവരെയുള്ള ഘട്ടങ്ങളിൽ വിപുലമായ ജനപങ്കാളിത്തം പദ്ധതി ഉറപ്പ് വരുത്തുന്നു. അങ്ങനെ, ഫലപ്രദമായ ബഹുജന പങ്കാളിത്തത്തോടെ, നിലവിലുള്ള പദ്ധതികളുടെയും ഏറ്റെടുക്കാൻ പോകുന്ന സ്കീമുകളുടെയും നടത്തിപ്പ് കാര്യക്ഷമവും ശീഘ്രവും സർവോപരി അഴിമതിരഹിതവുമാക്കാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് സാദ്ധ്യമാകുന്നു.

15-09-1996 ൽ ചൂനാട് ഷാലിമാർ ആഡിറ്റോറിയത്തിൽ വച്ചുള്ള സ്വാഗത സംഘ രൂപീകരണത്തോടെ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി പ്രവർത്തനത്തിന് നാന്ദികുറിച്ചു. 19 -09- 1996 ൽ എൽ.ആർ.പി മാർക്കുള്ള ഏക ദിന ശിൽപശാല നടന്നു. 22-09-1996 ൽ പഞ്ചായത്തിൽ വാദ്യഘോഷങ്ങളോടുകൂടി വിളംബരജാഥ നടന്നു. 29-09-1996 മുതൽ 13-10-1996 വരെ പഞ്ചായത്തിലെ 11 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. മൂവായിരത്തോളം ഗ്രാമവാസികൾ ഗ്രാമ സഭകളിൽ പങ്കെടുത്തു. 22-10-1996 ൽ പഞ്ചായത്തിൽ പഠന പര്യടന ഗ്രൂപ്പ് രൂപീകരിച്ചു. 12-11-96 ൽ D.R.P. മാരും പഞ്ചായത്ത് സമിതി അംഗങ്ങളും കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. 13-11-96 മുതൽ 14-11-96 വരെ പഠന പര്യടനഗ്രൂപ്പ് പഞ്ചായത്തിൽ സർവ്വേ നടത്തി. 12-11-96 മുതൽ 14-11-96 വരെ D.R.P. മാരുടെ നേതൃത്വത്തിൽ ദ്വിതീയ സ്ഥിതി വിവരശേഖരണം നടന്നു. 14-11-96 ൽ ഉദ്യോഗസ്ഥ മേധാവികളുടെയും D.R.P. മാരുടെയും യോഗം പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടി ആസൂത്രണ പ്രക്രിയയിൽ ഉദ്യോഗസ്ഥന്മാരുടെ പങ്കിനെക്കുറിച്ച് വിശദീകരിച്ചു. 15, 16 തീയതികളിൽ L.R.P. ക്യാമ്പ് നടത്തുകയും. ചരിത്ര പഠനം സംബന്ധമായ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. വീണ്ടും സ്വാഗത സംഘവും ബന്ധപ്പെട്ട കമ്മിറ്റികളും വിളിച്ചു കൂട്ടി വികസന റിപ്പോർട്ട് തയ്യാറാക്കാൻ ആവശ്യമായ നിർദ്ദേശങ്ങൾ സ്വീകരിച്ചു D.R.P. മാരും L.R.P. മാരും ഉൾപ്പടെ ഒരു കൂട്ടം വിദഗ്ധന്മാരുടെ അശ്രാന്ത പരിശ്രമ ഫലമായി പഞ്ചായത്തിന്റെ വികസന റിപ്പോർട്ടിന്റെ കരട് തയ്യാറാക്കി പഞ്ചായത്ത് സമിതിക്ക് സമർപ്പിച്ച് അംഗീകാരം വാങ്ങി. വള്ളികുന്നം പഞ്ചായത്തിലെ ഉൽപ്പതിഷ്ണുക്കളായ ജനങ്ങളുടെ ഉറവ വറ്റാത്ത കർമ്മശേഷിയുടെയും സേവന തൃഷ്ണയുടെയും കരുത്തുറ്റ അടിത്തറയിൽ, നമുക്ക് മുമ്പേ പോയവരുടെ ധന്യസ്മരണയിൽ നിന്ന് ആവേശമുൾക്കൊണ്ട് ജനകീയ ആസൂത്രണവും നടത്തിപ്പും യാഥാർത്ഥ്യമാക്കുവാനുള്ള ചരിത്രപരമായ ചുമതല നമുക്ക് ഏറ്റെടുക്കാം. വികസനം ജനങ്ങളുടെ ഉത്സവമാകുന്ന ഈ ധന്യവേളയിൽ വള്ളികുന്നത്തിന്റെ സമഗ്രതലങ്ങളിലുമുള്ള വികസനത്തിനായി കൈമെയ് മറന്ന് ഒത്തുചേരാമെന്ന് നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം.

# 1. പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | വള്ളികുന്നം ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | : | വള്ളികുന്നം |
| ബ്ലോക്ക് പഞ്ചായത്ത് | : | ഭരണിക്കാവ് |
| ജില്ലാ പഞ്ചായത്ത് | : | ആലപ്പുഴ |
| താലൂക്ക് | : | മാവേലിക്കര |
| അസംബ്ലി മണ്ഡലം | : | മാവേലിക്കര |
| പാർലമെന്റ് മണ്ഡലം | : | മാവേലിക്കര |
| വിസ്തീർണ്ണം | : | 21.37 ചതുരശ്ര കിലോമീറ്റർ |
| അതിർത്തികൾ | : | പടിഞ്ഞാറ് ഓച്ചിറ, കൃഷ്ണപുരം പഞ്ചായത്തുകൾ വടക്ക് ഭരണിക്കാവ് താമരക്കുളം പഞ്ചായത്തുകൾ, കിഴക്ക് താമരക്കുളം പഞ്ചായത്ത്, തെക്ക് തഴവ പഞ്ചായത്ത് |
| വീടുകളുടെ എണ്ണം | : | 5885 |
| ആകെ ജനസംഖ്യ | : | 27483 |
| പുരുഷൻ | : | 13261 |
| സ്ത്രീ | : | 14222 |
| ജനസാന്ദ്രത | : | 1256 |
| അക്ഷരാഭ്യാസം ഉള്ളവർ | : | 22599 |
| വാർഡുകൾ | : | 11 |
| പ്രസിഡന്റ് | : | കെ. ആർ. രാമചന്ദ്രൻ |
| വൈസ് പ്രസിഡന്റ് | : | വി. കേശവപിള്ള |
| സ്റ്റാൻഡിംഗ് കമ്മിറ്റിചെയർമാൻ | : | സി.എച്ച്. ബഷീർ |

## വാർഡ് തല ജനസംഖ്യാ വിവര പട്ടിക

പട്ടിക 1

(അവലംബം 1991 സെൻസസ്)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പട്ടികജാതി പട്ടികവർഗ്ഗം പുരുഷന്മാർ | പട്ടികജാതി പട്ടികവർഗ്ഗം സ്ത്രീകൾ | ആകെ |
|---|---|---|---|---|---|---|
| I | 1275 | 1466 | 2741 | 152 | 165 | 317 |
| II | 1453 | 1574 | 3027 | 233 | 252 | 485 |
| III | 1060 | 1127 | 2187 | 70 | 75 | 145 |
| IV | 995 | 1102 | 2097 | 181 | 207 | 388 |
| V | 1133 | 1147 | 2280 | 68 | 56 | 124 |
| VI | 1665 | 1645 | 3310 | 243 | 223 | 466 |
| VII | 1498 | 1648 | 3146 | 268 | 265 | 533 |
| VIII | 1020 | 1107 | 2127 | 118 | 142 | 260 |
| IX | 1106 | 1203 | 2309 | 129 | 142 | 271 |
| X | 1043 | 1124 | 2167 | 247 | 256 | 503 |
| XI | 1013 | 1079 | 2092 | 158 | 143 | 301 |
| | 13261 | 14222 | 27483 | 1867 | 1926 | 3793 |



# 2. സാമൂഹിക സാംസ്കാരിക ചരിത്രം

ആലപ്പുഴ ജില്ലയുടെ തെക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന ഒരു പഞ്ചായത്താണ് വള്ളികുന്നം. ഈ ഗ്രാമം ഭൂപ്രകൃതിയിൽ ഏതാണ്ട് കേരളത്തോട് സാമ്യം പുലർത്തുന്നു. പശ്ചിമ ഭാഗം മണൽ പരപ്പായ സമതലവും മദ്ധ്യഭാഗം കുന്നിൻ ചരിവുകളും താഴ്വരകളും ചേർന്ന് ഇടനാടും പൂർവ്വഭാഗം ചെറിയ കുന്നിൻ പ്രദേശവുമാണ്. സാഗര സാമിപ്യമില്ല എന്ന വ്യത്യാസം മാത്രം. ഗ്രാമത്തിന് മദ്ധ്യഭാഗത്ത് കൂടി വടക്ക് നിന്ന് തെക്കോട്ട് ഒഴുകി വട്ടക്കായലിൽ ചെന്ന് ചേരുന്ന തൊടിയൂർ ആറാട്ടുപുഴ തോടിന്റെ പാർശ്വങ്ങളിൽ കൃഷി നിലങ്ങളും പുഞ്ചപ്പാടങ്ങളും വിശ്രമിക്കുന്നു. പച്ചപരവതാനി വിരിച്ച കുന്നിൻ പുറങ്ങളും കേരവൃക്ഷങ്ങൾ തലയുയർത്തി നിൽക്കുന്ന സമതല പ്രദേശങ്ങളും മാറി മാറി പച്ചയും മഞ്ഞയും ചാര നിറവും ചായം തേക്കുന്ന നെൽപാടങ്ങളും ചേർന്ന ഗ്രാമം ഒരു വിനോദ സഞ്ചാര കേന്ദ്രത്തേക്കാൾ സുന്ദരമാണ്.

വള്ളികുന്നം എന്ന സ്ഥല നാമത്തിന്റെ ഉൽപ്പത്തിയെപ്പറ്റി രണ്ട് കഥകൾ പ്രചാരത്തിലുണ്ട്. സുബ്രഹ്മണ്യന്റെ പത്നി വള്ളീദേവിയുടെ സ്ഥലമാണ് വള്ളികുന്നം എന്ന് ഐതീഹ്യം പറയുന്നു. പടയണിവട്ടം ക്ഷേത്രത്തിലെ വള്ളീദേവിയുടെ പ്രതിഷ്ഠ ഇതിന് പിൻബലമേകുന്നു. വള്ളിപ്പടർപ്പുകൾ ഉള്ള കുന്ന് വള്ളികുന്നം ആയത് ആണെന്നാണ് മറ്റൊരു അനുമാനം. ആദ്യകാലത്ത് താരതമ്യേന ജനസാന്ദ്രത കുറഞ്ഞ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ധാരാളം കാവുകളും വള്ളിപടർപ്പുകളും ഉണ്ടായിരുന്നു എന്ന വസ്തുത പ്രസ്തുത അനുമാനത്തെ ബലപ്പെടുത്തുന്നു.

ജനസംഖ്യിൽ ഒന്നാം സ്ഥാനം ഹിന്ദുക്കളും രണ്ടാം സ്ഥാനം മുസ്ലീങ്ങളും മൂന്നാം സ്ഥാനം ക്രിസ്ത്യനികളും പങ്കിട്ട് എടുത്തിരിക്കുന്നു. പട്ടിക ജാതി വിഭാഗത്തിൽ പെട്ടവർ നിർണായകം ആണ്. മറ്റ് മത വിഭാഗങ്ങൾ ഇവിടെയില്ല. സർവ്വജാതി മതസ്ഥരും ഏകോദര സഹോദരങ്ങളെ പോലെ കഴിയുന്ന സമ്പൽ സമൃദ്ധിയുടെയും സമാധാനത്തിന്റെയും ഗ്രാമമായ വള്ളികുന്നത്തിന്റെ ഈ നൂറ്റാണ്ടിന്റെ തുടക്കം മുതൽ ഉള്ള ചരിത്രത്തിലേക്ക് കണ്ണോടിക്കാൻ ആണ് ഇവിടെ ശ്രമിക്കുന്നത്.

സമ്പന്നമായ സംസ്കാര പൈതൃകത്തിന്റെ മുത്തുമണികൾ മിന്നി ത്തിളങ്ങുന്ന ഈ ഗ്രാമം കലയുടെയും സംസ്കാരത്തിന്റെയും കേളീരംഗമായിരുന്നു എന്ന് പറഞ്ഞാൽ അതിശയോക്തിക്ക് അവകാശമില്ല. കേരള സംസ്ഥാനത്തിൽ സാഹിത്യ ഭാഷയോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഭാഷ സംസാരിക്കുന്ന ഒരു ഗ്രാമമാണ് വള്ളികുന്നം. ഈ നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഒരുപിടി ഭൂപ്രഭുക്കളുടെ നിയന്ത്രണത്തിലായിരുന്നു ഗ്രാമത്തിന്റെ ഭൗതിക സമ്പത്തെല്ലാം. തിരുവിതാംകൂർ രാജഭരണത്തിന്റെ ഭാഗമായി കരം ഒഴിവായി ഈ പ്രദേശത്തെ നായർ തറവാടുകൾക്ക് പതിച്ച് കിട്ടിയതായിരുന്നു ഇവിടുത്തെ ഭൂമിയുടെ നല്ല ഒരു പങ്ക്. "രാജാ പ്രത്യക്ഷ ദൈവതം" എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്ന തരത്തിലായിരുന്നു ഇവിടുത്തെ ഭൂപ്രഭുക്കൾ അധികാരങ്ങൾ കൈയാളിയിരുന്നത്. തമ്പ്രാക്കന്മാരായി ജീവിച്ചിരുന്ന ഇവർക്ക് ഉപദേശങ്ങൾ നൽകിയിരുന്നതും അവരുടെ ഉന്നതിക്കായി ദൈവപൂജകൾ നടത്തിയിരുന്നതുമായ വർഗ്ഗമായിരുന്നു ബ്രാഹ്മണർ. ഈ വിഭാഗം താരതമ്യേന ജനസംഖ്യയിൽ കുറവായിരുന്നു എങ്കിലും ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് വളരെയധികം ഭൂസ്വത്തുകൾ സ്വന്തമാക്കിയിരുന്നു. മുസ്ലീങ്ങളും ക്രിസ്ത്യാനികളും കച്ചവട വൃത്തിയിൽ ഏർപ്പെട്ടു ജന്മികളുടെ ആശ്രിതരായി കഴിഞ്ഞിരുന്നു. പട്ടികജാതിക്കാർ ഉൾപ്പടെയുള്ള താഴ്ന്നജാതിക്കാർ ജന്മികളുടെ ആശ്രിതരും അടിയാ

ന്മാരും ആയിരുന്നു. തീണ്ടൽ തൊടീൽ തുടങ്ങിയ അനാചാരങ്ങൾ മറ്റെല്ലാ പ്രദേശങ്ങളിലെയും പോലെ ഇവിടെയും താണ്ഡവ നൃത്തമാടിയിരുന്നു. താഴ്ന്ന ജാതിക്കാർ അടിമകളായിരുന്നു. കാളയോടും പോത്തിനോടും ചേർത്ത് നിലം ഉഴുന്നതിന് ഇവരെ ഉപയോഗിച്ചിരുന്നു. പുലയർ പറയർ കുറവർ തുടങ്ങിയ താണ ജാതിയിൽ പെട്ടവരായിരുന്നു അടിമകൾ വള്ളികുന്നത്തിന്റെ പരിസര പ്രദേശമായ കായംകുളത്ത് അടിമ ചന്ത നിലനിന്നിരുന്നു. അടിമകളെ വിദേശത്തേക്ക് കയറ്റി അയച്ചിരുന്നു. ആലപ്പുഴ കൊല്ലം കോട്ടയം തുടങ്ങിയ സ്ഥലങ്ങളിൽ അടിമചന്ത ഉണ്ടായിരുന്നു. ചങ്ങലയ്ക്കിട്ടാണ് അടിമകളെ ചന്തയിലേക്ക് കൊണ്ട് പോയിരുന്നത്. ഇവരെ മൃഗീയമായി മർദ്ദിച്ചിരുന്നു. ഒരു രൂപ മുതൽ 14 രൂപവരെ ഒരു അടിമയ്ക്ക് വിലയുണ്ടായിരുന്നു.

ഇന്ത്യയിൽ ഒഴികെ ലോകത്ത് ഒരിടത്തും ജാതി സമ്പ്രദായം നിലവിലില്ല ആര്യന്മാരാണ് ജാതി സമ്പ്രദായത്തിന്റെ സൃഷ്ടാക്കൾ യുദ്ധത്തിൽ തോറ്റ ആദിമ നിവാസികളായ ദ്രവിഡരെ ആര്യന്മാർ അടിമകളാക്കി ഭൗതിക ആത്മീയ മണ്ഡലങ്ങൾ ബ്രാഹ്മണർ കൈയടക്കി. ബ്രാഹ്മണനെ അടിക്കാൻ കൈയോങ്ങുന്നവൻ നരകത്തിൽ നൂറു കൊല്ലം കഷ്ടപ്പെടുമെന്നും അടിക്കുന്നവൻ 1000 കൊല്ലം കഷ്ടപ്പെടുമെന്നും മറ്റുമുള്ള വേദ വാക്യങ്ങളിലൂടെ ബ്രാഹ്മണാധിപത്യം ഇന്ത്യയിൽ സ്ഥാപിച്ചു. രാജാക്കന്മാരെ കൊണ്ട് ക്ഷേത്രങ്ങൾ പണിയിച്ചു. ക്ഷേത്രത്തിന്റെ പേരിൽ വസ്തുവകകൾ സമ്പാദിച്ചു. ആദ്യമാദ്യം ഊരാളിയുടെ ഉടമസ്ഥതയിലായിരുന്ന സ്വത്തുക്കൾ പിന്നീട് ജന്മാവകാശമായി ഈ നിലയിൽ ആണ് ജന്മികൾ ഉണ്ടായത്.

കേരളം എമ്പാടും ബ്രാഹ്മണ മേധാവിത്വം ഏർപ്പെടുത്തിയിരുന്ന അയിത്തം അതേ ശക്തിയിൽ തന്നെ വള്ളികുന്നത്തും നിലനിന്നരുന്നു നമ്പൂതിരി പോകുമ്പോൾ നായർ തിണ്ടാടണം. "ഹേയ്" എന്നുറക്കെ വിളിച്ച് നായർ മുമ്പിൽ നടക്കണം ഈ വിളി കേട്ടാൽ അവർണ്ണർ കാണാമറയത്ത് പോകണം. അയിത്തത്തിന് ചില കണക്കുകൾ നിലവിലുണ്ടായിരുന്നു. ബ്രാഹ്മണരിൽ നിന്ന് നായർ 16 അടിയും ഇഴവൻ 32 അടിയും പുലയൻ 64 അടിയും അകലെ സഞ്ചരിക്കണം. നായരിൽ നിന്ന് ഈഴവൻ 16 അടിയും പുലയൻ 32 അടിയും അകലം സഞ്ചരിക്കണം. ഈഴവനിൽ നിന്നും പുലയൻ 6 അടിയെങ്കിലും അകലെ സഞ്ചരിക്കണം.

സർക്കാരിന്റെ വകയായും ഭൂഉടമകളുടെ വകയായും അടിമകൾ ഉണ്ടായിരുന്നു. 1901 ൽ കേരളത്തിൽ 20503 അടിമകളുണ്ടായിരുന്നു. അടിമകളെ കുറിച്ചുള്ള ആദ്യത്തെ പരാമർശം തരിസാപ്പള്ളി ശാസനങ്ങളിലാണുള്ളത്. ഇന്ത്യൻ പീനൽ കോഡിൽ അടിമ വ്യാപാരികൾക്ക് പിഴ ശിക്ഷ ഏർപ്പെടുത്തിയതോടെ അടിമ വ്യാപാരത്തിന് അന്ത്യമായി.

വള്ളികുന്നത്തെ അടിമകളുടെ സ്ഥിതി കേരള സംസ്ഥാനത്തിൽ നിലനിന്നിരുന്നതിനെക്കാൾ ഒട്ടും ഭിന്നമായിരുന്നില്ല. വഴിനടക്കാനോ നല്ല വസ്ത്രം ധരിക്കാനോ സ്ത്രീകൾക്ക് മാറ് മറയ്ക്കാനോ അവകാശമുണ്ടായിരുന്നില്ല അടിമകൾ ജാതിചിഹ്നമായ കല്ലുമാല ധരിക്കണമെന്ന് അലിഖിത നിയമം അക്ഷരാർത്ഥത്തിൽ നടപ്പാക്കിയിരുന്നു. ഈ അനാചരങ്ങൾക്ക് എതിരായ ചെറുത്ത് നിൽപ്പിന്റെ ഭാഗമായി സാമൂഹ്യ പരിഷ്കർത്താക്കളായ അയ്യങ്കാളിയും നാരായണ ഗുരുവും വള്ളികുന്നത്തെത്തി താണജാതിക്കാർക്ക് ആശ്വാസവും ഉത്തേജനവും നൽകി കാമ്പിശ്ശേരിൽ കൊച്ചിക്കാ ചാന്നാരുടെ നേതൃത്വത്തിൽ അയങ്കാളിയുടെ സാന്നിദ്ധ്യത്തിൽ കാമ്പിശ്ശേരിൽ തറവാട്ടിൽ കൂടിയ മഹാസമ്മേളനത്തിൽ വച്ച് താഴ്ന്ന ജാതിക്കാരായ സ്ത്രീകൾ പരസ്യമായി "റൗക്ക" (ബ്ലൗസിന് പകരം ഉപയോഗിക്കുന്നത്) ധരിക്കുകയും കല്ലുമാല പൊട്ടിച്ചെറിയുകയും ചെയ്തു. വള്ളികുന്നത്തെ ജന്മിത്വത്തിന് നേരെയുള്ള ഒരു വെല്ലുവിളിയായിരുന്നു ഈ സമരം.

ഇന്ത്യൻ സ്വാതന്ത്ര്യ സമരം കൊടുമ്പിരി കൊണ്ടപ്പോൾ അതിന്റെ അലയടികൾ വള്ളികുന്നം ഗ്രാമത്തെയും പുളകമണിയിച്ചു. ഈ കാലഘട്ടത്തിലാണ് ഇവിടെ തൊഴിലാളി കർഷക പ്രസ്ഥാനങ്ങളുടെ പ്രവർത്തനം ആരംഭിക്കുന്നത്. പിൽക്കാലത്ത് മദ്ധ്യ തിരുവിതാംകൂറിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കളിൽ ഒരാളും കെ. പി.എ.സി. എന്ന നാടക സംഘത്തിന്റെ സംഘാടകനുമായ കെ. കേശവൻ പോറ്റി സാറിന്റെ നേതൃത്വത്തിൽ ദേശീയ പ്രക്ഷോഭ സമരം വള്ളികുന്നത്ത് ചലനങ്ങൾ സൃഷ്ടിച്ചു. അതിന്റെ ഭാഗമായി അദ്ദേഹം ജയിലിൽ അടയ്ക്കപ്പെട്ടു. ദേശീയ പ്രക്ഷോഭത്തിൽ പങ്കെടുക്കാൻ വേണ്ടിയാണ് മണയ്ക്കാട് സംസ്കൃത സ്കൂൾ ഹെഡ് മാസ്റ്റർ സ്ഥാനം അദ്ദേഹം രാജിവച്ചത്.

അപ്പോഴേക്കും ജന്മികളും കൃഷിക്കാരും കർഷക തൊഴിലാളികളുമായി സമൂഹം വേർതിരിഞ്ഞ് കഴിഞ്ഞു. കൃഷിക്കാർ പാട്ടത്തിനും വാരത്തിനും കൃഷിചെയ്ത് ജന്മികൾക്ക് പാട്ടവും വാരവും നൽകുന്ന വ്യവസ്ഥ സംജാതമായി. ചൂഷണത്തിന് വിധേയരായി കൊണ്ടിരുന്ന ഇടത്തരം കർഷകരെയും തൊഴിലാളികളെയും സംഘടിപ്പിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തനം ആരംഭിച്ചു. കളത്തിൽ ശിവരാമ പിള്ള എന്ന നാട്ടുപ്രമാണി കോട്ടയിൽ കൊച്ചുകു

ഞ്ഞെന്ന് കർഷകത്തൊഴിലാളിയെ മർദ്ദിച്ച് സംഭവത്തോടെ പുരോഗമന പ്രസ്ഥാനങ്ങൾ ചെറുത്തു നിൽപ്പ് സംഘടിപ്പിക്കുവാൻ തുടങ്ങി. ഇതോടെ സംഘർഷങ്ങളും സംഘട്ടനങ്ങളും തുടങ്ങുകയായി ഇതിന്റെ പരിണിത ഫലങ്ങളാണ് ശൂരനാട് സമരവും വള്ളികുന്നത്തെ മേനി സമരവും. ഈ സമരങ്ങളുടെ അണിയറയിൽ പ്രവർത്തിച്ചിരുന്നത് ശങ്കരൻ നാരായണൻ തമ്പിയും, പുതുപ്പള്ളി രാഘവനുമായിരുന്നു.

## ശൂരനാട് സമരം

ആലപ്പുഴ ജില്ലയുടെ തെക്കേയറ്റത്തുള്ള ഗ്രാമമായ വള്ളികുന്നത്തിന്റെ തൊട്ടടുത്ത പ്രദേശമാണ് കൊല്ലം ജില്ലയിൽ ഉൾപ്പെട്ട ശൂരനാട് ഗ്രാമം. ശൂരനാട് ഗ്രാമത്തിലെ തെന്നല എന്ന നായർ തറവാട്ടിലെ ഭൂഉടമയുമായി ബന്ധപ്പെട്ട തൊഴിലാളി കർഷക സമരമായിരുന്നു ശൂരനാട് സമരം. ജന്മിക്ക് വേണ്ടി കർഷക തൊഴിലാളികളെയും ഇടത്തരം കൃഷിക്കാരെയും വേട്ടയാടിയ പോലീസുമായുണ്ടായ എറ്റുമുട്ടലിൽ ഒരു സബ് ഇൻസ്പെക്ടറും മൂന്ന് പോലീസുകാരും വധിക്കപ്പെട്ടു. ഒരു പൊതുകുളത്തിലെ മീൻ പിടിക്കുന്നതുമായി ബന്ധപ്പെട്ടാണ് സംഭവത്തിന്റെ തുടക്കം. ഈ സമരം വള്ളികുന്നം ഗ്രാമത്തെ പോലീസ് കോൺസൻട്രേഷൻ ക്യാമ്പാക്കി മാറ്റി. നൂറ് കണക്കിന് കർഷക തൊഴിലാളികളും കൃഷിക്കാരും മർദ്ദനത്തിന് ഇരയായി. പോലീസും ജന്മികളുടെ ഗുണ്ടകളും ചേർന്ന് ഇവരുടെ വീടുകൾ കൊള്ളയടിച്ചു. സ്ത്രീകളെ മാനഭംഗപ്പെടുത്തി. ഭയവിഹ്വലരായ ജനങ്ങൾ പലനാട്ടിലേക്കും പലായനം ചെയ്തു. വള്ളികുന്നത്തെ ആദ്യകാല കമ്മ്യൂണിസ്റ്റ് പ്രവർത്തകരായിരുന്ന തോപ്പിൽ ഭാസി, പേരൂർ മാധവൻ പിള്ള, സി.കെ. കുഞ്ഞിരാമൻ, പുലത്തറ കൊച്ചുകുഞ്ഞ്,. പനത്താഴ രാഘവൻ തുടങ്ങി നിരവധി ആളുകൾ ഈ കേസിൽ പ്രതികളായിരുന്നു. ശൂരനാട് സംഭവത്തിൽ നേരിട്ടിടപ്പെട്ടവരിൽ ചേലക്കോട്ടേത്ത് കുഞ്ഞിരാമൻ, പുലത്തറ കൊച്ച് കുഞ്ഞ് എന്നിവർ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്.

## മേനി സമരം

വള്ളികുന്നം പഞ്ചായത്തിൽ കടുവുങ്കൽ വാർഡിൽ ലക്ഷ്മി വിലാസത്ത് വീട്ടിൽ നടന്ന കർഷക തൊഴിലാളി സമരമാണ് മേനി സമരം മദ്ധ്യ തിരുവിതാംകൂറിൽ പ്രത്യേകിച്ച് വള്ളികുന്നത്ത് കമ്മ്യൂണിസം തഴച്ച് വളരാൻ ഉണ്ടായ കാരണങ്ങളിൽ ഒന്ന് മേനി സമരമായിരുന്നു. ലക്ഷ്മി വിലാസം ഭേദപ്പെട്ട ഒരു നായർ കർഷക കുടുംബമായിരുന്നു. അവിടുത്തെ സ്ഥിരം കർഷക തൊഴിലാളിയായിരുന്നു മേനിയും കുടുംബവും. സൂര്യൻ ഉദിക്കും മുമ്പേ പാടത്ത് പണിക്കിറങ്ങിയാൽ സൂര്യൻ അസ്തമിച്ചിട്ടേ കയറാവൂ എന്നാണ് നിയമം. പാടത്ത് നിന്നും കയറി വന്നാൽ ജന്മിയുടെ വീട്ടിലെ കന്നുകാലികൾക്ക് വൈക്കോലും മറ്റും കൊടുത്ത് അവിടുത്തെ മറ്റ് പണികളും ചെയ്തിട്ട് രാവേറെ ചെന്നിട്ടേ കുടിലിലേക്ക് മടങ്ങാൻ അനുവാദ മുണ്ടായിരുന്നുള്ളു ഒരിടങ്ങഴിയോ ഒന്നരയോ (6 നാഴി) നെല്ലായിരുന്നു അന്നത്തെ ദിവസക്കൂലി. ഇതും വാങ്ങി കുടിലിലെത്തി സ്ത്രീകൾ ഈ നെല്ല് വറുത്ത്കുത്തി കഞ്ഞിയാക്കുമ്പോൾ പാതി രാത്രികഴിയും. കഞ്ഞികുടി കഴിഞ്ഞുകിടന്നാൽ പ്രഭാതത്തിനുമുമ്പ്തന്നെ പാടത്തെത്തണം. അല്പം താമസിച്ചുപോയാൽ അടികിട്ടുമെന്ന് ഉറപ്പാണ്. 1953-ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ജന്മിയുടെ വാക്കു കേൾക്കാതെ ജനാധിപത്യമുന്നണി സ്ഥാനാർത്ഥി ആയിരുന്ന തോപ്പിൽ ഭാസിക്ക് മേനിയും കുടുംബവും വോട്ടു ചെയ്തു. തോപ്പിൽ ഭാസി ജയിച്ച് പഞ്ചായത്തു പ്രസിഡന്റായി. ഇതിൽ കോപാകുലനായ ജന്മി മേനിയെ ജോലിയിൽ നിന്ന് പിരിച്ചയച്ചു. മേനിയെ ജോലിക്ക് തിരിച്ച് എടുക്കണമെന്ന് ആവശ്യപ്പെട്ട് കമ്മ്യൂണിസ്റ്റ് പാർട്ടി സമരംപ്രഖ്യാപിച്ചു. ജന്മി വഴങ്ങിയില്ലെന്നുമാത്രമല്ല, ഇതിനെ രാഷ്ട്രീയമായി നേരിടാനും തീരുമാനിച്ചു. തോപ്പിൽ ഭാസിയുടെ അമ്മാവനാണ് ജന്മിയായ ലക്ഷ്മിവിലാസത്ത് പരമേശ്വരൻപിള്ള. സമരത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ മേനിയെയും ഭാര്യകറുത്തയെയും കുടുംബാംഗങ്ങളേയും പോലീസ് അറസ്റ്റ് ചെയ്ത് ക്രൂരമായിമർദ്ദിച്ചു. ഇതോടെ സമരത്തിന് വീറുംവാശിയുമായി. പാർട്ടിപ്രവർത്തകരായ വള്ളികുന്നത്തെ കർഷകതൊഴിലാളികളും ഇടത്തരം കൃഷിക്കാരും കൊടിയമർദ്ദത്തിനിരയായി.പോലീസും ഗുണ്ടകളും വീടുകളിൽ കയറി കൈയിൽ കിട്ടിയവരെയൊക്കെ മർദ്ദിച്ചു, അറസ്റ്റുചെയ്തു, സ്ത്രീകളെ മാനഭംഗപ്പെടുത്തി. സമരം മദ്ധ്യതിരുവിതാംകൂറിലാകെ ആളിക്കത്താൻ തുടങ്ങി. നൂറുകണക്കിനാളുകൾ ദിനംപ്രതി ജാഥയായിവന്നു സമരത്തിന് അനുഭാവം പ്രകടിപ്പിച്ചുകൊണ്ടിരുന്നു. മേനിയെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്കൃത സ്കൂൾഹെഡ്മാസ്റ്ററായിരുന്ന സാഹിത്യ ശിരോമണി കെ. കേശവൻപോറ്റിസാർ നിരാഹാരസമരം ആരംഭിച്ചു. പോലീസും ജന്മിയുടെ ഗുണ്ടകളും സമരം അടിച്ചമർത്താൻ പരമാവധിശ്രമിച്ചെങ്കിലും ഓരോ ദിവസം കഴിയുംതോറും സമരം ആളിപ്പടരുകയായിരുന്നു. സമരക്കാരെ വകവരുത്താൻ പുതുകാളകളെ കെട്ടിയ കാളവണ്ടി സത്യാഗ്രഹ പന്തലിലേക്ക് ഓടിച്ച് കയറ്റി. സത്യാഗ്രഹ പന്തലിൽ പഞ്ചസാര വിതറിയും തേൻ തുള്ളികൾ ഒഴിച്ചു സമരത്തെ പരാജയപ്പെടുത്താൻ മുക്കികൊല്ലാൻ ശ്രമിച്ചു. സത്യാഗ്രഹ

പന്തൽ കെട്ടാൻ സ്ഥലം നൽകിയ വിളയിൽ പടീറ്റതിൽ ഗോവിന്ദന് ക്രൂരമർദ്ദനമേൽക്കേണ്ടിവന്നു തോപ്പിൽ ഭാസി, കാമ്പിശ്ശേരി കരുണാകരൻ ചേലക്കോട്ടേത്ത് കുഞ്ഞിരാമൻ ടി.കെ. തേവൻ, മുടീത്തറ ഭാസ്കരൻ പിള്ള, ചാമവിള കേശവപിള്ള, കൊട്ടയ്ക്കാട്ട് ദാമോദരൻ ഉണ്ണിത്താൻ, പി. ആർ. ജനാർദ്ദനൻ, കെ. പി. നാണു, അഡ്വ. ജനാർദ്ദന കുറുപ്പ്, കിടങ്ങിൽ നീലകണ്ഠൻ, ചെറുശ്ശേരിൽ ശങ്കർ, കുഴിവേലിൽ ശങ്കരപ്പിള്ള, കെ. എൻ. ഗോപാലൻ, കെ. കൊച്ചുകുഞ്ഞ് തുടങ്ങിയവർ സമരമുഖത്തുണ്ടായിരുന്നു. കെ. കെ. കോയിക്കൽ സത്യാഗ്രഹത്തിന് നേതൃത്വം നൽകി. ഇയ്യാനത്ത് പരമേശ്വരൻ പിള്ള, ഷംസുദ്ദീൻ സാർ ഉൾപ്പടെ നൂറ് കണക്കിനാളുകൾ മർദ്ദനത്തിനിരയായി. എ. കെ. ഗോപാലൻ സത്യാഗ്രഹിയെ സന്ദർശിച്ചു 54 ദിവസം നീണ്ടുനിന്ന മദ്ധ്യതിരുവിതാംകൂറിൽ കൊടുങ്കാറ്റ് ഉയർത്തിയ മേനി സമരം മേനിയെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാമെന്ന് നിബന്ധനയിൽ അവസാനിപ്പിച്ചു. എന്നാൽ പണിചെയ്യാനുള്ള ആരോഗ്യം പോലീസ് മർദ്ദനം മൂലം മേനിക്ക് നഷ്ടപ്പെട്ടു. കുറച്ച് കാലത്തിന് ശേഷം മേനി മരണമടഞ്ഞു. ഭാര്യ കറുത്ത ഇപ്പോഴും ജീവിച്ചിരിക്കുന്നു. മക്കൾ ശിവരാമനും നാരായണനും ഒപ്പം. 1968 ൽ വള്ളികുന്നം 7-ാം വാർഡിൽ മേനിയുടെ ഓർമ്മയ്ക്കായി മേനി മെമ്മോറിയൽ ലോവർ പ്രൈമറി സ്കൂൾ സ്ഥാപിച്ചു.

ഹിന്ദുമതത്തിന്റെ അതിക്രമങ്ങളിൽ പൊറുതി മുട്ടിയ ഒരു സംഘം പട്ടികജാതിക്കാർ ക്രിസ്തുമതത്തിലേക്ക് മതപരിവർത്തനം ചെയ്തു. 75 വർഷം മുമ്പ് വള്ളികുന്നം നാലാം വാർഡിൽ കൊണ്ടോടി മുകളിൽ തെക്ക് വശത്തു ഒരു രക്ഷാ സൈന്യപള്ളി സ്ഥാപിച്ച് നിശാപാഠശാല നടത്തി വിദ്യ അഭ്യസിപ്പിച്ചിരുന്നു. കാലക്രമേണ അവർ ഹിന്ദുക്കളായി വീണ്ടും മതപരിവർത്തനം നടത്തി. രക്ഷാ സൈന്യപ്പള്ളി ഇപ്പോൾ ഇല്ല തൊട്ടടുത്ത് ഒരു C.S.I. പള്ളി നിലനിൽക്കുന്നു. തിരുവിതാംകൂറിൽ അയിത്തം കൊടികുത്തിവാണിരുന്ന കാലഘട്ടത്തിൽ വള്ളികുന്നം ഗ്രാമവും അയിത്തമെന്ന ദുർഭൂതത്തിന്റെ പിടിയിൽ അകപ്പെട്ടിരുന്നു. ദുഷിച്ച് നാറിയ ഈ വ്യവസ്ഥിതിക്കെതിരെ പുരോഗമന പ്രസ്ഥാനങ്ങൾ ശക്തിയായി പ്രതികരിച്ചു Y.M.A. എന്ന സംഘടനയാണ് ഇതിനായി മുൻ പന്തിയിൽ നിന്ന് പ്രവർത്തിച്ചത്.

ശൂരനാട് സമരവും മേനി സമരവും സാമൂഹ്യ മാറ്റങ്ങൾ ഉണ്ടാക്കിയെങ്കിലും നൂറ് കണക്കിന് തൊഴിലാളികളും ഇടത്തരം കൃഷിക്കാരും മർദ്ദനമേറ്റ് രോഗികളായി തീർന്ന് അകാലത്ത് മരണമടഞ്ഞു. വരമ്പേൽകുട്ടി തെക്കേ തറയിൽ വെളുമ്പൻ തെക്കേ തറയിൽ കുട്ടി പറപ്പാടിൽ താരി, പറപ്പാടിൽ കുഞ്ഞാരി, വട്ടത്രാംവിളയിൽ അണിഞ്ചൻ, വട്ടത്രാംവിളയിൽ കാളി, തുടങ്ങിയവർ ഈ കൂട്ടത്തിൽ പെടുന്നു.

1954 ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഒരു മഹാസമ്മേളനം വള്ളികുന്നം പഞ്ചായത്തിലെ കടുവുങ്കൽ വാർഡിൽ തോപ്പിൽ ഭാസി ഇപ്പോൾ അന്ത്യ വിശ്രമം കൊള്ളുന്ന സ്ഥലത്ത് വച്ച് നടത്തുകയുണ്ടായി. പ്രസ്തുത സമ്മേളനത്തിൽ ഇന്ത്യൻ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും മകൾ ഇന്ദിരാഗാന്ധിയും പങ്കെടുക്കുകയുണ്ടായി.

വള്ളികുന്നത്തെ ആദ്യത്തെ വായനശാലയാണ് വട്ടയ്ക്കാട് കേന്ദ്രമാക്കി പ്രവർത്തിക്കുന്ന യൂത്ത് ലീഗ് വായനശാല. തോണ്ടപ്ളിൽ ശങ്കരപിള്ള പ്രസിഡന്റും പാലപ്പള്ളിൽ രാമകൃഷ്ണ പിള്ള വൈസ് പ്രസിഡന്റും ചാലിത്തറ കുഞ്ഞച്ചൻ സെക്രട്ടറിയും പണിക്കശ്ശേരി ശങ്കു പണിക്കർ ഖജാൻജിയും കാസിം പിള്ള സർ കുറ്റിപ്പുറത്ത് രാഘവക്കുറുപ്പ് സി.കെ. കുഞ്ഞിരാമൻ, ചാങ്കേത്ത് വടക്കതിൽ ശിവരാമൻ, സി.കെ. രാഘവൻ മേശിരി, ഇടവന കുട്ടൻപിള്ള എന്നിവർ കമ്മിറ്റി അംഗങ്ങളുമായി 1122-മാണ്ടിൽ സ്ഥാപിതമായ വായനശാല വള്ളികുന്നത്തിന്റെ സാംസ്കാരിക ചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. വയോജന വിദ്യാഭ്യാസം ആദ്യം തുടങ്ങുന്നതും. ഈ വായനശാലയിലായിരുന്നു. വടയ്ക്കാട്ടുണ്ടായിരുന്ന സർക്കാർ വക ഭൂമിയിൽ സ്കൂൾ തുടങ്ങണമെന്ന് വായനശാല പ്രവർത്തകരുടെ നിർദ്ദേശത്തെ പ്രമാണിമാർ ശക്തിമായി എതിർത്തു. പ്രസ്തുത ഭൂമി N.S.S. കരയോഗത്തിന് കെട്ടിടം വയ്ക്കാൻ വേണ്ടി പ്രമാണിമാർ വളഞ്ഞു കെട്ടി ഇതിനെതിരെ ഒരൊറ്റ രാത്രി കൊണ്ട് ഈ ഭൂമിയിൽ പന്ത്രണ്ട കുടിലുകൾ കെട്ടി ഹരിജൻ കുടുംബങ്ങളെ താമസിപ്പിച്ചു. ഇതേതുടർന്നുണ്ടായ സംഘർഷങ്ങൾ വള്ളികുന്നത്തെ പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്ക് വളമേകി. പ്രസ്തുത ഹരിജൻ കുടുംബങ്ങൾ ഒഴിഞ്ഞ് നൽകിയ സ്ഥലത്ത് 1957 ൽ ഇലിപ്പക്കുളം ഗവൺമെന്റ് ഹൈസ്കൂൾ സ്ഥാപിക്കുകയും ചെയ്തു.

## കാമ്പിശ്ശേരിൽ കൊച്ചിക്കാ ചാന്നാർ

വള്ളികുന്നത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ ഒരു വെള്ളി നക്ഷത്രം പോലെ മിന്നി തിളങ്ങിയ വ്യക്തിയാണ് കാമ്പിശ്ശേരിൽ കൊച്ചിക്കാ ചാന്നാർ. അദ്ദേഹം 1874 ൽ ജനിച്ചു പുരോഗമന പ്രവർത്തനങ്ങളിലൂടെ കോൺഗ്രസ്സ് പ്രവർത്തകനായി ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങളിൽ

സജീവമായി പങ്കെടുത്തു അധ:സ്ഥിത വിഭാഗങ്ങളുടെ ക്ഷേത്ര പ്രവേശനം ലക്ഷ്യമാക്കി 1924 മുതൽ 1936 വരെ നടന്ന ഐതിഹാസിക പ്രക്ഷോഭത്തിന്റെ ഭാഗമായി നടന്ന വൈക്കം സത്യാഗ്രഹത്തിൽ നാട്ടുകാരെ സംഘടിപ്പിച്ച് സ്വന്തം മകളുമായി പങ്കെടുത്തു. ഇ.വി. രാമസ്വാമി നായിക്കർ, രാജാജി, ടി. കെ. മാധവൻ എന്നിവരോടൊപ്പം കരുത്തുറ്റ നേതൃത്വം നൽകി ഈഴവരാദി പിന്നോക്ക വിഭാഗങ്ങളുടെ സ്ത്രീകൾക്ക് മാറ് മറയ്ക്കാൻ അവകാശമില്ലാതിരുന്ന അക്കാലത്ത് താഴ്ന്ന ജാതിക്കാരുടെ മോചനത്തിനായി കേരളത്തിൽ എമ്പാടും പടനയിച്ച സാമൂഹിക പരിഷ്ക്കർത്താവായ അയ്യങ്കാളിയെ ക്ഷണിച്ച് വരുത്തി ഉജ്ജ്വല സ്വീകരണം നൽകി, അദ്ദേഹത്തെ കൊണ്ട് പിന്നോക്ക ജാതി സ്ത്രീകൾക്ക് "റൗക്ക" നൽകി ചരിത്രം സൃഷ്ടിക്കുവാൻ കാമ്പിശ്ശേരിൽ കൊച്ചിക്കാ ചാന്നാർ നേതൃത്വം നൽകി. താണ ജാതിക്കാരുമായി സ്വന്തം വീട്ടിൽ പന്തിഭോജനം നടത്തിയതും അക്കാലത്തെ വിപ്ലവകരമായ സംഭവമായിരുന്നു. ശ്രീ നാരായണ ഭക്തനായ അദ്ദേഹം ടി.കെ. മാധവനോടും മഹാകവി കുമാരനാശാനോടുമൊപ്പം S.N.D.P. യോഗത്തിന്റെ പ്രവർത്തനങ്ങളിൽ വ്യാപൃതനാകുകയും മാവേലിക്കര S.N.D.P. യൂണിയന്റെ ആദ്യകാലശാഖകൾ സ്ഥാപിക്കുകയും ചെയ്തു. താഴ്ന്ന ജാതിയിൽ പെട്ടവർക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യപ്രാപ്തിക്കായി മണ്യ്ക്കാട് L.P. സ്കൂൾ ഇപ്പോഴത്തെ S.N.D.P. സംസ്കൃത ഹൈസ്കൂൾ, അരീക്കര L.P. സ്കൂൾ എന്നിവ സ്ഥാപിക്കുവാൻ അദ്ദേഹം സുപ്രധാന പങ്ക് വഹിച്ചു. വള്ളികുന്നത്തിന്റെ സാംസ്കാരിക മണ്ഡലത്തിൽ കത്തി ജ്വലിച്ച് നിന്ന ആ സ്നേഹദീപം 1942 ഏപ്രിൽ 22 ന് പൊലിഞ്ഞ് പോയി. പിൽക്കാലത്ത് പ്രസിദ്ധരായ കാമ്പിശ്ശേരി കരുണാകരൻ തോപ്പിൽ ഭാസി തുടങ്ങിയവർക്ക് മാർഗ്ഗ ദീപം തെളിച്ചത് കാമ്പിശ്ശേരി കൊച്ചിക്കാ ചാന്നാർ ആയിരുന്നു.

കൊട്ടാരം കലയിൽ നിന്നും നാടകത്തെ മോചിപ്പിച്ച് ജനകീയ കലയാക്കുകയും പ്രാചീന സങ്കൽപ്പത്തെ മാറ്റി മറിച്ച് കൊണ്ട് തൊഴിലാളികളുടെ ജീവിതം കലാരൂപമാക്കിയ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ നെടുതൂണും മലയാള നാടകരംഗത്ത് വള്ളികുന്നത്തെ പറിച്ച് നട്ട "നിങ്ങൾ എന്നെ കമ്മ്യൂണിസ്റ്റാക്കി" എന്ന് തുടങ്ങി ശൂരനാട് സമരത്തിന് ജീവൻ നൽകുന്ന ഒളിവലെ ഓർമ്മകൾ വരെയുള്ള നാടകങ്ങളിലൂടെ ഒരുകാലഘട്ടത്തിന്റെ നാടക ചരിത്രം സ്വായത്തമാക്കിയ വിശ്വവിഖ്യാതനായ നാടകകൃത്തും നാടകാചാര്യനും K.P.A.C. എന്ന പുരോഗമന നാടക പ്രസ്ഥാനത്തിന്റെ ജീവവായുവുമായിരുന്ന, മലയാള സിനിമയ്ക്ക് ഓജസും തേജസും നൽകിയ തോപ്പിൽ ഭാസി എന്ന അതുല്യ പ്രതിഭയ്ക്ക് ജന്മം നൽകിയ നാടാണ് വള്ളികുന്നം. വള്ളികുന്നം പഞ്ചായത്തിലെ ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റും, കേരള നിയമസഭ അംഗവുമായിരുന്നു ശ്രീ. തോപ്പിൽ ഭാസി.

പിതാവായ കാമ്പിശ്ശേരിൽ കൊച്ചിക്കാ ചാന്നാർ എന്ന സാമൂഹ്യ പരിഷ്കർത്താവിന്റെ പ്രവർത്തനങ്ങളിൽ നിന്ന് ആവേശം ഉൾക്കൊണ്ട് വള്ളികുന്നത്ത് പുരോഗമന പ്രസ്ഥാനങ്ങൾ കെട്ടിപ്പടുക്കാൻ നേതൃ നിരയിൽ എത്തിയ കാമ്പിശ്ശേരി കരുണാകരൻ തോപ്പിൽ ഭാസിയോടും ഓട്ടനവധി തൊഴിലാളി നേതാക്കളുമോടൊപ്പം കേരളത്തിന്റെ രാഷ്ട്രീയ ഭൂപടത്തിൽ അദ്വിതീയമായ സ്ഥാനം നിലനിർത്തുന്നു. K.P.A.C. എന്ന നാടക സംഘത്തിന്റെ സംഘാടകൻ എന്നതിലുപരി ജനയുഗം ഉൾപ്പടെ പല ദിനപത്രങ്ങളുടെയും പത്രാധിപരായും എം.എൽ.എ. എന്ന നിലയിലും അദ്ദേഹം സ്തുത്യർഹമായ സേവനം അനുഷ്ടിച്ചിട്ടുണ്ട്. നടനും നാടകകൃത്തും നാടകത്തിന്റെ മർമ്മം അറിയാവുന്ന സാഹിത്യകാരനുമായിരുന്ന കാമ്പിശ്ശേരി കരുണാകരന് ജന്മം നൽകുക വഴി വള്ളികുന്നം ഗ്രാമം പ്രശസ്തിയുടെ മറ്റൊരു പൊൻതൂവൽ കൂടി തന്റെ തൊപ്പിയിലണിയുന്നു.

K.P.A.C. നാടക പ്രസ്ഥാനത്തിലെ അതുല്യ നടന്മാരിൽ ഒരാളും തോപ്പിൽ ഭാസിയുടെ ഇളയ സഹോദരനുമായ തോപ്പിൽ കൃഷ്ണപിള്ള K.P.A.C. യുടെ വിഷിശ്യ തോപ്പിൽ ഭാസിയുടെ അസംഖ്യം നാടകങ്ങളിലൂടെ നാടക കലാസ്വാദകരുടെ ഹൃദയത്തിൽ ജീവിക്കുന്നു.

തോപ്പിൽ ഭാസിയുടെയും കാമ്പിശ്ശേരി കരുണാകരന്റെയുമൊക്കെ പ്രവർത്തനങ്ങളിൽ ആകൃഷ്ടനായി പുരോഗമന പ്രസ്ഥാനങ്ങളുടെ പ്രവർത്തകനായി രംഗത്ത് വന്ന ഡോക്ടർ പുതുശ്ശേരി രാമചന്ദ്രൻ മലയാളത്തിലെ പ്രശസ്തനായ കവിയാണ്. കേരള യൂണിവേഴ്സിറ്റിയിൽ മലയാളം പ്രൊഫസർ ആയിരുന്ന പുതുശ്ശേരി ഒന്നാം ലോക മലയാള സമ്മേളനത്തിന്റെ ജനറൽ സെക്രട്ടറിയായിരുന്നു. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പറായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

നെരിയാംപള്ളിൽ ഗോപാലക്കുറുപ്പ് എന്ന ഡോ. എൻ.ജി. കുറുപ്പ്, ജന്തുശാസ്ത്രത്തിൽ കേരളത്തിലെ തന്നെ അദ്യത്തെ ഡോക്ടറേറ് നേടിയ വ്യക്തിയാണ്. പന്തളം എൻ.എസ്.എസ്. കോളേജിന്റെ പ്രിൻസിപ്പൽ സ്ഥാനം രാജിവച്ച ശേഷം U.N സയൻസ് എക്സ്പർട്ടായി നിയമനം കിട്ടിയതിനെ തുടർന്ന് ഹവാന (ക്യൂബ) യിലേക്കു പോകുമ്പോൾ

ഉണ്ടായ വിമാന അപകടത്തിൽ ആ പ്രതിഭ നമുക്ക് നഷ്ടപ്പെട്ടു.

ലോക പ്രശസ്ത ശാസ്ത്രജ്ഞനായ ഡോ. ഇ.പി. യശോധരൻ വള്ളികുന്നം എട്ടാം വാർഡിൽ ഇട പൊയ്കയിൽ പത്മനാഭന്റെ മകനാണ്. പത്താം ക്ലാസ്സ് വരെ അദ്ദേഹം വിദ്യാഭ്യാസം ചെയ്തത് വള്ളികുന്നം ഹൈസ്കൂളിൽ ആയിരുന്നു. ഹിന്ദുസ്ഥാൻ ഇൻസെക്ടിസൈഡ്സിന്റെ കൊച്ചി ഡിവിഷൻ ജനറൽ മാനേജരായ അദ്ദേഹം രാസായുധങ്ങളുടെ സാന്നിദ്ധ്യം പരീക്ഷിച്ചറിയാനും സുരക്ഷിതമായി നിർവ്വീര്യമാക്കാനുള്ള ആധുനിക ശാസ്ത്ര സങ്കേതങ്ങൾ വികസിപ്പിച്ചെടുക്കുന്നതിന് ഹെൽസിങ്കിയിൽ നടന്ന ഉന്നത പരിശീലനത്തിനായി ലോകത്തെമ്പാടുമുള്ള ശാസ്ത്രജ്ഞന്മാരിൽ നിന്നും തിരഞ്ഞെടുത്ത മൂന്ന് പേരിൽ ഒരാളായിരുന്നു. ഐക്യ രാഷ്ട്രാ സഭയുടെ നേതൃത്വത്തിൽ ഇറാക്കിലെ രാസായുധങ്ങളുടെ ശേഖരം കണ്ടെത്തി നിർവ്വീര്യമാക്കാനുള്ള അന്താരാഷ്ട്ര കമ്മിറ്റിയുടെ ചെയർമാനായി അദ്ദേഹം തെരഞ്ഞെടുക്കപ്പെടുക ഉണ്ടായി ഈ പദവിയിലെത്തുന്ന ആദ്യത്തെ എഷ്യാകാരൻ ഡോ. യശോധരൻ. കൽക്കരിയിൽ നിന്ന് നേരിട്ട് പെട്രോൾ, പാചക ഗ്യാസ് തുടങ്ങിയ ഇന്ധനങ്ങൾ ഉൽപ്പാദിപ്പിക്കാൻ പര്യാപ്തമായ ഒരു പുതിയ രാസത്വരകം വിജയകരമായി പരീക്ഷിച്ച് നോക്കിയതിനെ സംബന്ധിച്ച് അമേരിക്കൻ കെമിക്കൽ സൊസൈറ്റിയുടെ ശീതകാല കോൺഫറൻസിൽ പ്രമേയം അവതരിപ്പിച്ചത് U.S.A. യിലെ വെയ്ൻ സ്റ്റേറ്റ് യൂണിവേഴ്സിറ്റി പ്രൊഫ. അലൻ ബ്രണറും ഡോ. യശോധരനും ചേർന്നായിരുന്നു.

പട്ടികജാതി വിഭാഗത്തിൽ നിന്നും പരിമിതമായ ജീവിത സാഹചര്യങ്ങൾ മാത്രം പ്രയോജനപ്പെടുത്തി ഉയർന്ന സ്ഥാനങ്ങളിൽ എത്തപ്പെട്ട വ്യക്തികളാണ് മേലാത്തറ തുളസീധരനും, കൊട്ടാട്ട് കുഴിയിൽ മാധവനും. വള്ളികുന്നം ഹൈസ്കൂളിൽ നിന്നും ഒന്നാമനായി S.S.L.C. പാസ്സായ ശ്രീ. തുളസീധരൻ കാർഡിയോളജിയിൽ ബിരുദാനന്തര ബിരുദം നേടിയ ശേഷം ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ജോലി ചെയ്യുന്നു. കെമിക്കൽ എൻജിനീയറിംഗിൽ ബിരുദം നേടിയ കൊട്ടാട്ട് കുഴി മാധവൻ F.A.C.T. യിൽ ഉയർന്ന തസ്തികയിൽ സേവനം അനുഷ്ഠിക്കുന്നു.

അഗ്രികൾച്ചറിൽ ഡോക്ട്രേറ്റ് നേടിയ പണിക്കശ്ശേരിൽ പി.എസ്. ഗീതക്കുട്ടി, സസ്യശാസ്ത്രത്തിൽ യുവശാസ്ത്രജ്ഞയ്ക്കുള്ള അവാർഡ് നേടിയ ഇലിപ്പക്കുളം പോണാൽ വീട്ടിൽ ഗീത.എസ്.പിള്ള, കേരള യൂണിവേഴ്സിറ്റിയിലെ ആദ്യ വനിത സിൻഡിക്കേറ്റ് മെമ്പറും ഇപ്പോൾ ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ അഡ്വ. സി. എസ്. സുജാത തുടങ്ങിയ വനിതാരത്നങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ യശ്ശസ് ദേശാന്തരങ്ങളിൽ എത്തിച്ചവരാണ്.

കലാകാരന്മാരുടെ ജന്മം കൊണ്ട് ധന്യമായതാണ് വള്ളികുന്നത്തിന്റെ ചരിത്രം. വള്ളികുന്നത്തെ ഏറ്റവും ശ്രദ്ധേയമായ വ്യാപാര വ്യവസായ കേന്ദ്രമായ ചൂനാട് മാർക്കറ്റിന്റെയും സരസ്വതി ക്ഷേത്രമായ ചൂനാട് യു.പി. സ്കൂളിന്റെയും സ്ഥാപകനും സാമൂഹ്യ പരിഷ്കർത്താവുമായിരുന്നു മാണത്തറയിൽ കൃഷ്ണൻ നായർ വള്ളികുന്നത്തിന്റെ കലാസാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പഴക്കം ചെന്ന കലാസംഘടകളിൽ ഒന്നാണ് V.A.C. (വള്ളികുന്നം ആർട്സ് ക്ലബ്ബ്) കാഥികനും കലാകാരനും ആയിരുന്ന അന്തരിച്ച വള്ളികുന്നം ഗോപി എന്ന സർഗ്ഗ പ്രതിഭയുടെ പ്രവർത്തനങ്ങൾ ഈ ക്ലബ്ബിന്റെ വളർച്ചയെ സഹായിച്ചു. കഴിഞ്ഞ 30 വർഷമായി വള്ളികുന്നത്ത് പ്രവർത്തിക്കുന്ന പട്ടികജാതി വിഭാഗത്തിൽ പെട്ടവരുടെ കലാസാംസ്കാരിക സംഘടനയാണ് ശ്രീ. അയ്യങ്കാളി സ്മാരക സമിതി. കൂടാതെ ഒരു ഫൈൻ ആർട്സ് സൊസൈറ്റിയും ചെറുതും വലുതുമായ 20 കലാകായിക സാംസ്കാരിക സമിതികളും വള്ളികുന്നത്ത് പ്രവർത്തിക്കുന്നു. ഇവയിൽ ചില ക്ലബ്ബുകളുടെ പ്രവർത്തനം ശ്രദ്ധേയമാണ്.

ഹിന്ദുക്കളും ക്രിസ്ത്യാനികളും മുസ്ലിങ്ങളും ഒന്ന് ചേർന്ന് ജീവിക്കുന്ന വള്ളികുന്നത്ത് ഒരിക്കൽ പോലും ഒരു വർഗ്ഗീയ കലാപം ഉണ്ടായിട്ടില്ല എന്നുള്ളത് വള്ളികുന്നത്തെ ജനങ്ങളുടെ സാംസ്കാരിക വളർച്ചയുടെ ഒരു പരിഛേദമാണ്.

## ക്ഷേത്രങ്ങൾ

വട്ടയ്ക്കാട് ദേവീ ക്ഷേത്രം, പടയണിവട്ടം ദേവീ ക്ഷേത്രം എന്നിവ വള്ളികുന്നത്തെ അതിപുരാതന ക്ഷേത്രങ്ങളാണ്. കാർത്യായനി പുരം ദേവീ ക്ഷേത്രം കണ്ണമ്പള്ളിൽ ദേവീ ക്ഷേത്രം തുടങ്ങി കുടുംബ ക്ഷേത്രങ്ങൾ ഉൾപ്പടെ ഒട്ടനവധി ക്ഷേത്രങ്ങൾ വള്ളികുന്നത്ത് നിലവിലുണ്ട്

## മുസ്ലീം പള്ളികൾ

ചിറമുഖത്ത് പള്ളി, കാഞ്ഞിപ്പുഴ മുസ്ലിം പള്ളി എന്നിവയാണ് വള്ളികുന്നത്തെ ഏറ്റവും പഴക്കമുള്ള മുസ്ലിം പള്ളികൾ. കാമ്പിശ്ശേരി മുക്ക് കാഞ്ഞിരത്തുംമൂട് തുടങ്ങിയ സ്ഥലങ്ങളിൽ മദ്രസകൾ പ്രവർത്തിക്കുന്നു. ചൂനാട് കേന്ദ്രമാക്കി അടുത്ത കാലത്തായി ഒരു പുതിയ പള്ളി സ്ഥാപിച്ചിട്ടുണ്ട്.

## ക്രിസ്ത്യൻ പള്ളികൾ

വള്ളികുന്നത്തെ ഏറ്റവും പഴക്കമുള്ള ക്രിസ്തീയ ദേവാലയം കൊണ്ടോടി മുകളിൽ തെക്ക് ഭാഗത്തുള്ള C.S.I. പള്ളിയാണ്. വള്ളികുന്നം 9-ാം വാർഡിലും 1-ാം വാർഡിലും പ്രസിദ്ധമായ മറ്റ് രണ്ട് പള്ളികൾ നിലവിലുണ്ട്.

## പ്രാചീന കലാരൂപങ്ങൾ

കാലൻ തുള്ളൽ, കോലം തുള്ളൽ, പടയണി, തിരുവാതിര മുടിപ്പേച്ച് കൊടുങ്ങല്ലൂർ പാട്ട്, തുടങ്ങിയ പ്രാചീന കലാരൂപങ്ങൾ നിലനിന്നിരുന്നു. കാലം തുള്ളൽ പടയണി കൊടുങ്ങല്ലൂർ പാട്ട് എന്നീ കലാരൂപങ്ങൾ കാലഹരണപ്പെട്ട് പോയി ചുണ്ടിൽ നിന്നും ചുണ്ടിലേക്ക് പകർന്നു ജനഹൃദയങ്ങളിൽ ജീവിച്ചിരുന്ന നടിച്ചിൽ പാട്ടിന്റെ ശീലുകൾ എവിടെയോ പോയ് മറഞ്ഞു. ഓച്ചിറക്കളിയെന്ന കലാരൂപം അഭ്യസിപ്പിച്ചിരുന്ന കളരികൾ വള്ളികുന്നത്തുണ്ടായിരുന്നു.

## ഗ്രാമ പഞ്ചായത്തിന്റെ മുൻകാല ചരിത്രം

സ്വാതന്ത്ര്യത്തിന് മുമ്പുള്ള കാലഘട്ടത്തിൽ കരം തീരുവയുടെ അടിസ്ഥാനത്തിലാണ് വോട്ടവകാശമുണ്ടായിരുന്നത്. 10 രൂപ 5 രൂപ 1 രൂപ കരം തീരുവ ഉണ്ടായിരുന്നവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളു. 1952 ൽ പ്രായപൂർത്തി വോട്ടവകാശം അംഗീകരിക്കപ്പെടുന്നതു വരെ വില്ലേജ് യൂണിയൻ എന്ന പേരിലാണ് പഞ്ചായത്ത് ഭരണ സമിതി അറിയപ്പെട്ടിരുന്നത്. വള്ളികുന്നത്തെ ആദ്യത്തെയും അവസാനത്തെയും വില്ലേജ് യൂണിയൻ പ്രസിഡന്റ് കടേയ്ക്കൽ പരമേശ്വരൻ പിള്ളയായിരുന്നു. 1953 ൽ വള്ളികുന്നം പഞ്ചായത്ത് നിലിവിൽ വന്നു ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് തോപ്പിൽ ഭാസി ആയിരുന്നു. അന്ന് പഞ്ചായത്തിൽ എട്ട് വാർഡുകൾ ഉണ്ടായിരുന്നു. 1954 ൽ നടന്ന അസംബ്ലി തെരഞ്ഞെടുപ്പിൽ ഭരണിക്കാവ് മണ്ഡലത്തിൽ നിന്ന് തോപ്പിൽ ഭാസി എം.എൽ.എ. ആയതോടെ കെ.എൻ. ഗോപാലൻ പഞ്ചായത്ത് പ്രസിഡന്റായി അവരോധിക്കപ്പെട്ടു. 1978 വരെ അദ്ദേഹം പഞ്ചായത്ത് പ്രസിഡന്റായി തുടർന്നു. ഏറ്റവും കൂടുതൽ കാലം പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്ത് പ്രവർത്തിച്ചിരുന്നത് അദ്ദേഹമാണ്. പേരൂർ മാധവൻ പിള്ളയുടെ നേതൃത്വത്തിൽ നാട്ടുകാരുടെ സന്നദ്ധ പ്രവർത്തനങ്ങളുടെ ഫലമായി വള്ളികുന്നം ഗവൺമെന്റ് ആശുപത്രി കെട്ടിടം പണിതീർത്തതും ഗ്രാമത്തിന്റെ മദ്ധ്യഭാഗത്ത് കൂടി ഒഴുകുന്ന T.A. കനാൽ വീതികൂട്ടി ആഴത്തിൽ വെട്ടി പാലങ്ങൾ പണിഞ്ഞതും ഇലിപ്പക്കുളം ഗവ. ഹൈസ്കൂൾ സ്ഥാപിച്ചതും ഈ കാലയളവിലാണ്. തുടർന്നുള്ള ആറ് മാസക്കാലം K.P. വാസുദേവൻ നായർ പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം അലങ്കരിച്ചു.

1979 ന് ശേഷം നടന്ന തെരഞ്ഞെടുപ്പിൽ എൻ. രാമകൃഷ്ണൻ നായരുടെ നേതൃത്വത്തിലുള്ള പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്നു മൃഗാശുപത്രി, പോലീസ് സ്റ്റേഷൻ ഉൾപ്പടെയുള്ള ഒട്ടനവധി സർക്കാർ സ്ഥാപനങ്ങൾ സ്ഥാപിച്ചതും. പബ്ളിക്ക് മാർക്കറ്റ് ആരംഭിച്ചതും പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം സ്ഥാപിച്ചതും ഗവ. ആശുപത്രിയുടെ വികസനത്തിന് സ്ഥലം വാങ്ങിയതും ഈ കാലയളവിലാണ്. 1953 മുതൽ 1984 വരെ 31 വർഷക്കാലം പഞ്ചായത്തിന്റെ ചരിത്രത്തിൽ ഏറ്റവും അധികം കാലം പഞ്ചായത്ത് വൈസ് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുള്ളതും ശ്രീ. കെ. കൊച്ച് കുഞ്ഞാണ്. 1988 ൽ കെ.ആർ. രാമചന്ദ്രൻ പഞ്ചായത്ത് പ്രസിഡന്റ് ആയുള്ള കമ്മിറ്റി നിലവിൽ വന്നു. 1995 ൽ വീണ്ടും കെ. ആർ. രാമചന്ദ്രൻ പഞ്ചായത്ത് പ്രസിഡന്റായി സ്ഥാനമേറ്റു. ഈ സ്ഥാനം ഇപ്പോഴും തുടരുന്നു. വള്ളികുന്നം പ്രൈമറി ഹെൽത്ത് സെന്ററിൽ പന്ത്രണ്ട് കിടക്കകളുള്ള വാർഡ് പണിയിച്ചതും കാമ്പിശ്ശേരി ജംഗ്ഷനിൽ ഷോപ്പിംഗ് കോംപ്ലക്സ് പണി തീർത്തതും വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിച്ചതും സ്ഥലം വിലയ്ക്ക് വാങ്ങി പഞ്ചായത്ത് സ്റ്റേഡിയം നിർമ്മിച്ചതും പഞ്ചായത്തിലെ റോഡുകളിൽ ബഹുഭൂരിപക്ഷവും ഗതാഗതയോഗ്യമാക്കിയതും ഈ കാലയളവിലാണ്.

## ആദ്യത്തെ ജനകീയ പഞ്ചായത്ത് (1953)

| | | |
|---|---|---|
| പ്രസിഡന്റ് | : | തോപ്പിൽ ഭാസി |
| വൈസ് പ്രസിഡന്റ് | : | കെ. കൊച്ചു കുഞ്ഞ് |
| അംഗങ്ങൾ | : | 1. കൃഷ്ണൻകുട്ടി നായർ |
| | | 2. ദാമോദര കുറുപ്പ് |
| | | 3. കുഞ്ഞുരാമൻ ചാന്നാർ |
| | | 4. എം.എൻ.ശങ്കരൻ താങ്കൾ |
| | | 5. കരുണാകരൻ ചാന്നാർ |
| | | 6. ഹാജിയാർ / കെ.എൻ. ഗോപാലൻ |

## 1963 ലെ പഞ്ചായത്ത് കമ്മിറ്റി

| | | |
|---|---|---|
| പ്രസിഡന്റ് | : | കെ.എൻ. ഗോപാലൻ |

വൈസ് പ്രസിഡന്റ് : കെ. കൊച്ചു കുഞ്ഞ്

അംഗങ്ങൾ :

1. കെ.പി. വാസുദേവൻ പിള്ള
2. ദാമോദര കുറുപ്പ്
3. മുഹമ്മദ് കുഞ്ഞ് ആശാന്റയ്യം
4. ജി. ചന്ദ്രശേഖരൻ പിള്ള ചൂരക്കാല
5. ശ്രീധരൻ ചാന്നാർ, കുഴിവിള
6. ഗംഗാധരൻ പിള്ള
7. സുകുമാരൻ ഉണ്ണിത്താൻ

ശ്രീ. ഗംഗാധരൻ പിള്ള, ശ്രീ. സുകുമാരൻ ഉണ്ണിത്താൻ എന്നിവർ അദ്ധ്യാപകർ ആയിരുന്നതിനാൽ മെമ്പർ സ്ഥാനം തുടരാനാവാതെ വന്നു. തുടർന്ന് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. കരുണാകരൻ ശ്രീ. എൻ. രാമകൃഷ്ണൻ നായർ എന്നിവർ മെമ്പറന്മാരായി.

## 1979 ലെ പഞ്ചായത്ത് കമ്മറ്റി

പ്രസിഡന്റ് : എൻ. രാമകൃഷ്ണൻ നായർ

വൈസ് പ്രസിഡന്റ് : കെ. കൊച്ചു കുഞ്ഞ്

അംഗങ്ങൾ :

1. രാഘവക്കുറുപ്പ്
2. എം. അബ്ദുൾ കരീം
3. വാസുദേവൻ
4. സി.എച്ച്. ബഷീർ
5. എൻ. ദിവാകരൻ
6. എം. രവീന്ദ്രൻ പിള്ള
7. ചന്ദ്രമതിയമ്മ
8. എൻ. ശ്രീധരൻ നായർ

## 1988 ലെ പഞ്ചായത്ത് കമ്മിറ്റി

പ്രസിഡന്റ് : കെ.ആർ. രാമചന്ദ്രൻ

വൈസ് പ്രസിഡന്റ് : പി.കെ. പുഷ്കരൻ

അംഗങ്ങൾ :

1. എസ്. ലളിതാ ഭായി
2. എം. അബ്ദുൾ കരീം
3. മാതു ചാന്നാർ
4. മുഹമ്മദ് കുഞ്ഞ്
5. അരുന്ധതി
6. എം. രവീന്ദ്രൻ പിള്ള
7. ബേബി ജേക്കബ്ബ്
8. എൻ. റാഫിരാജ്
9. സി.പി. ഗോപാലൻ

## 1995 ലെ പഞ്ചായത്ത് കമ്മിറ്റി

പ്രസിഡന്റ് : കെ. ആർ. രാമചന്ദ്രൻ

വൈസ് പ്രസിഡന്റ് : വി. കേശവപിള്ള

അംഗങ്ങൾ :

1. കെ. മണിയമ്മ
2. കെ. ലതാകുമാരി
3. കെ.ജി. വാസുദേവൻ പിള്ള
4. സുഭാഷിണി വിജയൻ
5. സി.എച്ച്. ബഷീർ
6. എം. രവീന്ദ്രൻ പിള്ള
7. എം. കൃഷ്ണൻ നായർ
8. സി. കൃഷ്ണൻ
9. കെ. ജി. കരുണാമണി



# 3. കൃഷിയും ജലസേചനവും

ഓണാട്ടുകരയിൽ ഉൾപ്പെടുന്ന വള്ളികുന്നം ഒരു കാർഷികഗ്രാമമാണ്. വള്ളികുന്നംപഞ്ചായത്തിലെ ഭൂപ്രകൃതിയെ പൊതുവെ സമതലം, ചരിഞ്ഞ പ്രദേശം, ഉയർന്നപ്രദേശം, താഴ്വര എന്നിങ്ങനെ നാലായിതിരിക്കാം. സമതലം മണൽപ്രദേശവും, താഴ്വരപുഞ്ചപ്പാടങ്ങളും, അവശേഷിക്കുന്നവ ചരിഞ്ഞതും ഉയർന്നതുമായ ഭൂപ്രദേശവുമായി കണക്കാക്കാം. ഇവിടുത്തെ പ്രധാനകൃഷികൾ നെല്ല്, തെങ്ങ്, മരച്ചീനി, എള്ള്, കമുക് തുടങ്ങിയവയും, ഇടവിളകൃഷികൾ കിഴങ്ങുവർഗ്ഗങ്ങൾ ഇഞ്ചി, മഞ്ഞൾ, കുരുമുളക്, വാഴ, എന്നിവയുമായിരുന്നു. പഴയകാലത്ത് ജനങ്ങളുടെ മുഖ്യ ജീവിതമാർഗ്ഗം കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റു തൊഴിൽ മേഖലകളുമായിരുന്നു. പഞ്ചായത്തിന്റെ 1/4 ഭാഗം പാടങ്ങളാണ്. അവശേഷിക്കുന്ന ഭാഗത്തിന്റെ പകുതിയിൽ അധികവും ചരിഞ്ഞതും ഉയർന്നതുമായ പ്രദേശമാണ്. സമതലത്തിൽ കരയിലും പാടത്തും മണൽ മണ്ണാണ്. പുഞ്ചപാടങ്ങളിൽ ചെളിമണ്ണും മറ്റ് ഭാഗങ്ങളിൽ വെട്ടുകൽ (ലാറ്ററേറ്റ്) മണ്ണുമാണ്. ചരിവിന്റെ തുടക്കത്തിൽ ചില പ്രദേശങ്ങളിൽ പശയുള്ള ചെമ്മണ്ണും ഉണ്ട് ഉയർന്ന പ്രദേശത്ത് ചിലയിടങ്ങളിൽ നരിക്കല്ല് കാണാം. കിഴക്കുഭാഗം ഉയർന്നു പടിഞ്ഞാറ് ഭാഗം താഴ്ന്നുമാണ് പഞ്ചായത്തിന്റെ പൊതു ഭൂപ്രകൃതി. ചരിവിൽ ഉയർന്ന ഭാഗങ്ങളിലും പുഞ്ചപ്പാടങ്ങളിലും ഉള്ള മണ്ണ് വളക്കൂറുള്ളതും മണൽ പ്രദേശത്തെ മണ്ണ് താരതമ്യേന വളക്കൂറ് കുറഞ്ഞതുമാണ്. ഭൂരിഭാഗം ഭൂഉടമസ്ഥരും ഒരു ഹെക്ടറിനു താഴെ മാത്രം ഭൂമിയുള്ളവരാണ്. ഇത് സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ കൊടുത്തിരിക്കുന്നു.

മുൻകാലങ്ങളിൽ ശ്രദ്ധയും പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകൾ ചിറകൾ കുളങ്ങൾ എന്നിവയെ സംരക്ഷിച്ച് കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു. കൃഷി ഭൂമിയുടെ ഉടമസ്ഥർ പ്രധാനമായും ജന്മിമാരായിരുന്നു.

ആകെ ഭൂമിയുടെ 36% നെൽകൃഷി ചെയ്തിരുന്ന പാടങ്ങളായിരുന്നു നാടൻ വിത്തിനങ്ങളാണ് മുൻകാലങ്ങളിൽ കൃഷി ചെയ്തിരുന്നത് കൊച്ച് വിത്ത്, മുണ്ടകക്കുറുവ, അതിക്കിരാഴി, വയലിത്തൂവ, കുളപ്പാല കരവാള തുടങ്ങിയ വിത്തിനങ്ങൾ ജൈവ

**പട്ടിക 1**

| നമ്പർ | ഭൂപരിധി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|---|
| 1. | ഒരു ഹെക്ടറിൽ താഴെ (നാമമാത്ര കർഷകർ) | 2133 | 820 |
| 2. | ഒരു ഹെക്ടറിനും രണ്ട് ഹെക്ടറിനും ഇടയിൽ (ചെറുകിട) കർഷകർ | 1538 | 1027 |
| 3. | രണ്ട് ഹെക്ടറിനു മുകളിൽ (വൻകിട കർഷകർ) | 976 | 1058 |

വളം ഉപയോഗിച്ച് കൃഷിചെയ്തിരുന്നു. 1975 ഓട് കൂടി പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കാൻ തുടങ്ങി ഈ കാലയളവിലാണ് രാസവള പ്രയോഗം തുടങ്ങിയത്. പുതിയ വിത്തകളും വളങ്ങളും വ്യാപകമായതോടെ കർഷകർ ആധുനികം സങ്കേതങ്ങൾ ഉപയോഗിക്കുവാൻ തുടങ്ങി. പാടങ്ങളിൽ ഇടവിളയായി മരച്ചീനി പയർ കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവ കൃഷി ചെയ്തിരുന്നു ജലസേചനത്തിനുപയോഗിച്ചിരുന്ന തോടുകളും വലിയ കുളങ്ങളും ചിറകെട്ടി അതിരുകളിൽ കൈത വച്ച് പിടിപ്പിച്ച് സംരക്ഷിച്ചിരുന്നു. തോടുകളിൽ നിന്നും കുളങ്ങളിൽ നിന്നും പാടങ്ങളിലേക്ക് ജലം തിരിച്ച് വിടുന്നതിന് നാടൻ ജലസേചന ഉപകരണങ്ങളായ ചക്രവും അറയും തേക്കുട്ടയും ഉപയോഗിച്ചിരുന്നു. കീട നിയന്ത്രണത്തിനും എലിനശീകരണത്തിനും മുളങ്കുറ്റിക്കെണി, തോളുവയ്പ്, പറമുളിക്കൽ തുടങ്ങിയ പഴയകാല സങ്കേതങ്ങൾ ഉപയോഗിച്ചിരുന്നു. തെങ്ങ് കൃഷിയെ അപേക്ഷിച്ച് നെൽകൃഷിയോടായിരുന്നു കർഷകർക്ക് ആഭിമുഖ്യം. കുഴിക്കാണം എന്ന പാട്ട വ്യവസ്ഥ ഈ കാലത്ത് നിലവിലുണ്ടായിരുന്നു. കാർഷിക ഉൽപ്പന്നങ്ങളുടെ പ്രധാന വിപണന കേന്ദ്രം വട്ടയ്ക്കാട് ചന്തയായിരുന്നു (വട്ടയ്ക്കാട് ചന്ത ഇപ്പോൾ നിലവിലില്ല) തലചുമടായിട്ടായിരുന്നു കൃഷിക്കാർ അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ചന്തയിൽ കൊണ്ടുപോയിരുന്നത് കർഷകർ നേരിട്ടും ഇടത്തരക്കാർ മുഖേനയും ആയിരുന്നു ഉൽപ്പന്നങ്ങൾ വിറ്റഴിച്ചിരുന്നത്.

ഭൂപരിഷ്കരണം നടപ്പിലായതോടെ സ്വന്തമായി കൃഷിഭൂമി ലഭിച്ച കർഷകർ വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ് പോലുള്ള കാർഷിക വിളകൾ നടന്നതിന് വേണ്ടി പാടം നികത്താൻ തുടങ്ങിയതോടുകൂടി നേരത്തെ ഉണ്ടായിരുന്ന ഉല്പ്പാദന ക്രമങ്ങളിൽ മാറ്റം വന്നു. പാടം നികത്തൽ വ്യാപകമായതോടുകൂടി നീരൊഴുക്കിന്റെ ക്രമം തെറ്റുകയും നീർകെട്ടുകൾ രൂപപ്പെടുകയും ചെയ്യുന്നു. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയ മാന്യത കുറഞ്ഞ് വന്നതോടുകൂടി അവർ മറ്റ് തൊഴിൽ മേഖലകൾ അന്വേഷിച്ചിറങ്ങി. കൂലി നിലവാരം ഉയർന്ന് വരുന്നതിനനുസരിച്ച് കൃഷി ഭൂമിയിൽ ചെലുത്തിയിരുന്ന അധ്വാനത്തിന്റെ അളവ് ക്രമേണ കുറഞ്ഞ് വന്നു. ഇതും നെൽപ്പാടങ്ങൾ നികത്തുന്നതിന് കാരണമായി.

1930 ലെ സെറ്റിൽമെന്റ് രേഖയനുസരിച്ച് 1942 ഏക്കർ ആയിരുന്നു പഞ്ചായത്തിലെ വയലുകളുടെ വിസ്തൃതി. ഇപ്പോൾ നിലവിലുള്ള വയലുകളുടെ വിസ്തൃതി 1668 ഏക്കറാണ്. അതായത് 244 എകർ നിലം നികത്തപ്പെട്ടു. നെൽ കൃഷി ലാഭകരമല്ലാതായതും ആധുനിക വിദ്യാഭ്യാസം സാർവ്വത്രികമായതും മുൻകാലങ്ങളിൽ കാർഷിക വൃത്തി സ്വികരിച്ചിരുന്ന ആളുകളെ ഇതര തൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷക തൊഴിലാളികളുടെ എണ്ണം കുറയുന്നതിന് കാരണമായി. പാടങ്ങൾ തെങ്ങ് കൃഷിക്കും വീട് വയ്ക്കുന്നതിനും വേണ്ടി നികത്തുന്നത് വ്യാപകമായിരിക്കുന്നു. വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളായ 6 മുതൽ 11 വരെയുള്ള വാർഡുകളിൽ റബ്ബർ കൃഷി വ്യാപകമായതോടുകൂടി തെങ്ങ് മരച്ചീനി തുടങ്ങിയ കൃഷികൾ കുറഞ്ഞുവരുന്നു. ജനസംഖ്യയിൽ ഉണ്ടായ വർദ്ധനവും കാർഷിക മേഖലയെ തകർക്കുന്നതിന് ഇടയാക്കി. ഇഷ്ടിക നിർമ്മാണത്തിനു വേണ്ടി പുഞ്ചപ്പാടങ്ങളിലെ ചെളി മണ്ണ് ഉപയോഗിക്കുന്നത് നെൽകൃഷിയെ ദോഷകരമായി ബാധിക്കുന്നു. മുൻകാലങ്ങളിൽ ജലസേചനത്തിനു വേണ്ടി ഉപയോഗിച്ച കുളങ്ങൾ പോലും നികത്തി തെങ്ങും വീടും വയ്ക്കുന്ന പ്രവണതയുമുണ്ട്.

## ഭൂവിനിയോഗം

വള്ളികുന്നം ഗ്രാമ പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 2940 ഹെകടർ ഇതിൽ 2653 ഹെക്ടർ സ്ഥലം കൃഷികൾക്കായി ഉപയോഗിക്കപ്പെടുന്നു.

**പട്ടിക 2**

| നമ്പർ | വിനിയോഗം | വിസ്തൃതി | ശതമാനം |
|---|---|---|---|
| 1 | നെല്ല് | 500 | 19 |
| 2 | തെങ്ങ് | 1140 | 43 |
| 3 | മരച്ചീനി | 600 | 22 |
| 4 | പച്ചക്കറികൾ | 35 | 1.3 |
| 5 | വാഴ | 125 | 4.7 |
| 6 | പയർ | 50 | 2 |
| 7 | ഫലവൃക്ഷങ്ങൾ | 130 | 5 |
| 8 | എള്ള് | 76 | 3 |

വർദ്ധിച്ച് വരുന്ന രാസവള പ്രയോഗം മൂലം മണ്ണിന്റെ അമ്ല സ്വഭാവം വർദ്ധിച്ച് വരുന്നതായാണ് കാണുന്നത്.

ആകെ വിസതൃതിയുടെ ഭൂരിഭാഗം പ്രദേശങ്ങളിൽ തെങ്ങും, താഴ്ന്ന പ്രദേശങ്ങളിൽ നെല്ലുമാണ് പരമ്പരാഗതമായി കൃഷി ചെയ്തു വരുന്നത്. കടുവിനാൽ തെക്ക് – വടക്ക് പ്രദേശങ്ങളിൽ ആരംഭിച്ച റബ്ബർ കൃഷി ഇപ്പോൾ വ്യാപകമായി തന്മൂലം കശുവണ്ടി

വള്ളികുന്നം ഗ്രാമ പഞ്ചായത്ത് വിളവിസ്തീർണ്ണവും ഉൽപ്പാദനവും

**പട്ടിക 3 (കൃഷിഭവൻ രേഖ)**

| വിള | വിസ്തീർണ്ണം | മൊത്തം ഉൽപ്പാദനവും | ഉൽപ്പാദനക്ഷമത ((ഹെക്ടറിൽ)) |
|---|---|---|---|
| നെല്ല് (രണ്ടാം വിള) | 500 | 1500 | 3 |
| നെല്ല് (മൂന്നാം വിള) | ഇല്ല | ഇല്ല | ഇല്ല |
| പയർ | 50 | 25000 കി. ഗ്രാം | 500 കി. ഗ്രാം |
| എള്ള് | 210 | 105 മെ. ടൺ | .5 മെ. ടൺ |
| പച്ചക്കറികൾ | 35 | 280 മെ. ടൺ | 8 മെ. ടൺ |
| തെങ്ങ് | 1140 | 599500 (തേങ്ങകൾ) | തെങ്ങൊന്നിന് 30 തേങ്ങ |
| വാഴ | 125 | 200 മെ. ടൺ | 16 മെ. ടൺ |
| പ്ലാവ | 30 മെ. ടൺ | 36 മെ. ടൺ | 12 മെ. ടൺ |
| കശുമാവ് | 50 | 45000 കി. ഗ്രാം | 900 കി. ഗ്രാം |
| മാവ് | 30 | 360 മെ. ടൺ | 12 മെ. ടൺ |
| റബ്ബർ | 30 | 24000 കി. ഗ്രാം | 800 കി. ഗ്രാം |
| കമുക് | 25 | 500000 അടയ്ക്കാ | 20000 അടയ്ക്കാ |
| മരച്ചീനി | 600 | 12000 മെ. ടൺ. | 20 മെ. ടൺ |

കൃഷി ഭവൻ രേഖകൾ പ്രകാരം മണ്ണിന്റെ ഗുണനിലവാരം താഴെ പറയും പ്രകാരമാണ്.

**പട്ടിക 4**

| മണ്ണ് | ജൈവാംശം (%) | ഭാവകം (കി. / ഹെക്ടർ) | ക്ഷാരഗുണം (കി. / ഹെക്ടർ) | PH |
|---|---|---|---|---|
| മണൽ കലർന്ന മണ്ണ് | .3 | 290 | 72 | 4-6 |
| ലാറ്ററേറ്റ് | 1 | 390 | 96 | 5-6 |

യുടെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു.

## നെൽകൃഷി

നെൽകൃഷി പൊതുവെ മോശമായി കൊണ്ടിരിക്കുന്നു. കൃഷിനാശം ഉണ്ടായിട്ടില്ലെങ്കിൽ പുഞ്ചപാടത്ത് 10 സെന്റിന് 15 - 20 പറയും വിരിപ്പിൽ 14 സെന്റിന് 8-10 പറ നെല്ലുമാണ് പരമാവധി വിളവ്. എന്നാൽ അത്യുൽപ്പാദന ശേഷിയുള്ള വിത്തിനം (ഉദാ. തിരുവോണം) ഉപയോഗിച്ചപ്പോൾ പുഞ്ചപാടത്ത് 25-40 മേനി നെല്ല് വിളയുകയുണ്ടായി. എങ്കിലും ഭൂരിപക്ഷം കർഷകരും പരമ്പരാഗത വിത്തിനങ്ങളാണ് ഉപയോഗിക്കുന്നത്. ഇതിനുള്ള കാരണം ഈ വിത്തിനങ്ങൾ വൈക്കോൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതാണ്. കൃഷി ചെലവിന്റെ സിംഹഭാഗവും വൈക്കോൽ വരുമാനം കൊണ്ട് നികത്താം എന്നുള്ളതാണ് ഇതിന്റെ പ്രത്യേകത. ശാസ്ത്രീയമായ കൃഷിരീതിയും പരിചരണവും ഇല്ലാത്തതും പുതുപരീക്ഷണങ്ങൾക്ക് കർഷകർ തയ്യാറാകാത്തതും കൃഷി മോശമാകാൻ കാരണമാകുന്നു. ശരിയായ ജലസേചന സൗകര്യം ഇല്ലാത്തതും മറ്റൊരു കാരണമാണ്. പഞ്ചായത്തിൽ പൊതുവെ കർഷക തൊഴിലാളികളുടെ

## പട്ടിക 5

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ (കൃഷിഭവൻ രേഖ)

| വാർഡ് നമ്പർ | തെങ്ങ് കൃഷി വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽട്ട് | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| I | 145 | 5815 | 23230 | 29045 | 8713 | 4357 | 871 | 146 | - | 14087 |
| II | 125 | 9060 | 20240 | 25300 | 7590 | 3795 | 759 | 127 | - | 12271 |
| III | 126 | 5054 | 20216 | 25270 | 7581 | 3790 | 758 | 126 | - | 12255 |
| IV | 120 | 4825 | 19299 | 24124 | 7237 | 3618 | 723 | 120 | - | 11698 |
| V | 117 | 4692 | 18768 | 23460 | 7038 | 3529 | 703 | 117 | - | 11387 |
| VI | 85 | 3433 | 13729 | 17162 | 5148 | 2574 | 514 | 85 | - | 8321 |
| VII | 71 | 3174 | 12694 | 15868 | 4760 | 2380 | 476 | 79 | - | 7695 |
| VIII | 88 | 3537 | 14146 | 17683 | 5304 | 2652 | 530 | 88 | - | 8574 |
| IX | 78 | 3135 | 12537 | 15672 | 470 | 1 2350 | 470 | 78 | - | 7599 |
| X | 86 | 3443 | 13771 | 17214 | 5164 | 2582 | 516 | 86 | - | 8248 |
| XI | 91 | 3644 | 14572 | 18216 | 5464 | 2732 | 546 | 91 | - | 8833 |

ക്ഷാമമുണ്ട്. കുമിൾ രോഗവും കീടബാധയും മൂലം നെൽകൃഷി നശിക്കുന്നതും നിത്യ സംഭവമാണ്. കേരളത്തിന്റെ ആകെ എന്ന പോലെ വള്ളികുന്നത്തിന്റെയും മുഖ്യ കൃഷി തെങ്ങ് കൃഷി തന്നെയാണ്. അതു കൊണ്ട് തന്നെ തെങ്ങ് കൃഷി സജീവ പരിഗണനയും ശ്രദ്ധയും അർഹിക്കുന്നു. ഈ പഞ്ചായത്തിലെ ഭൂരിഭാഗം തെങ്ങുകളും രോഗത്തിന്റെ പിടിയിലാണ്. 1970 ന് മുമ്പ് ഒരു വർഷം തെങ്ങൊന്നിന് ശരാശരി 60 മുതൽ 80 വരെ തേങ്ങ കിട്ടികൊണ്ടിരുന്നത് ഇന്ന് 40-50 വരെയായി കുറഞ്ഞിരിക്കുന്നു ഇതിനിയും കുറയാനാണ് സാദ്ധ്യത വിത്ത് തേങ്ങ ശേഖരിക്കുന്നത് മുതൽ നടുന്നതിലും പരിചരിക്കുന്നതിലും വരെയുള്ള അജ്ഞതയും അനാസ്ഥയും തെങ്ങ് കൃഷിയെ ഇന്നത്തെ നിലയിൽ എത്തിച്ചു.

### മരച്ചീനി

മരച്ചീനിയാണ് മറ്റൊരു കൃഷി. വള്ളികുന്നം മരച്ചീനി കൃഷിക്ക് പേരുകേട്ടതാണെങ്കിലും റബ്ബർ കൃഷിയുടെ കടന്നുകയറ്റം ഇതിനെ സാരമായി ബാധിച്ചിരിക്കുന്നു. താരതമ്യേന അധികം മുടക്കുമുതൽ ഇല്ലാത്തതും ലാഭകരവും ആയ ഒരു കൃഷിയായിരുന്നു ഇത്. എലി ശല്യവും ഇന്ന് മരച്ചീനി കൃഷിക്ക് ഭീഷണിതന്നെ.

### കീടനാശിനികൾ

നെല്ല്, പച്ചക്കറികൾ, വാഴ എന്നീ വിളകൾക്കാണ് കീടനാശിനികൾ സാധാരണയായി ഉപയോഗിക്കുന്നത്. കീടനാശിനി തളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശാസ്ത്രീയമായ രീതികളോ സ്വീകരിച്ചുകാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മയാണ് ഇതിനു കാരണം.

### കാർഷികോപകരണങ്ങൾ

പാടശേഖരകമ്മിറ്റികൾക്കായി കൃഷിഭവൻ മുഖേന വിതരണം ചെയ്ത 3

വളത്തിന്റെ ഉപയോഗം

## പട്ടിക 6

രാസവള കീടനാശിനി വിപണനം(കൃഷിഭവൻ, സഹകരണസംഘം രേഖ)

| ക്ര.ന. | സ്ഥാപനത്തിന്റെ പേര് | 1993-94 | | | 1994-95 | | | 1995-96 | | |
|---|---|---|---|---|---|---|---|---|---|---|
| | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | | രാസവളം | കീടനാശിനി | |
| | | കി.ഗ്രാം. | ദ്രവം | ഖരം | കി.ഗ്രാം. | ദ്രവം | ഖരം | കി.ഗ്രാം. | ദ്രവം | ഖരം |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1. | സഹകരണം | 9 ടൺ | | | 10 ടൺ | | | 9.5 ടൺ | | |
| 2. | സ്വകാര്യം (ടൺ) | 635 | 205 ലി. | 2 | 760 | 300 ലി. | 2.5 | 870 | 450 ലി. | 3 |
| | ആകെ | 644 | 205 ലി. | 2 | 770 | 300 ലി. | 2.5 | 879.5 | 450 ലി. | 3 |

ടില്ലറുകളും 17 റോക്കർ സ്പെയറുകളും 37 നാപ്സാക് സ്പെയറുകളും ഒരു തെങ്ങുകയറ്റയന്ത്രവും 5 മെതിയന്ത്രവും 6 പോർട്ടബിൾ പമ്പ് സെറ്റുകളും പഞ്ചായത്തിലുണ്ട്. സമീപപഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപയോഗിക്കാറുണ്ട്. മുൻകാലത്ത് കൃഷിക്കുപയോഗിച്ചിരുന്ന നാടൻ കാർഷികോപകരണങ്ങൾ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു.

കാർഷികോപകരണങ്ങൾ (കൃഷിഭവൻ രേഖ)

## പട്ടിക 7

ഉഴവുപകരണങ്ങൾ മരുന്നുതളിയുപകരണങ്ങൾ

| വാ.ന. | ട്രാക്ടർ | ടില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രെയർ | നാപ്സാക്ക് സ്പ്രെയർ | മറ്റുള്ളവ | മെതിയന്ത്രം | തെങ്ങുകയറ്റ യന്ത്രം | പമ്പ് സെറ്റുകൾ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| I | ഇല്ല | 1 | 234 | 3 | 4 | ഇല്ല | ഇല്ല | ഇല്ല | 1 |
| II | ഇല്ല | 1 | 293 | 1 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| III | ഇല്ല | 1 | 213 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| IV | ഇല്ല | 1 | 175 | 1 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| V | ഇല്ല | ഇല്ല | 186 | 1 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VI | ഇല്ല | ഇല്ല | 194 | 1 | 8 | ഇല്ല | 3 | ഇല്ല | ഇല്ല |
| VII | ഇല്ല | ഇല്ല | 217 | 1 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| VIII | ഇല്ല | ഇല്ല | 226 | 2 | 2 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| IX | ഇല്ല | ഇല്ല | 243 | 2 | 3 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| X | ഇല്ല | ഇല്ല | 169 | 1 | 3 | ഇല്ല | 1 | ഇല്ല | 2 |
| XI | ഇല്ല | ഇല്ല | 137 | 3 | 2 | ഇല്ല | 4 | 1 | 3 |

**പട്ടിക 8**

പാടശേഖര സമിതിയും വിളക്രമങ്ങളും

| പാടശേഖരത്തിന്റെ പേര് | ഏരിയ | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|
| ഇലിപ്പക്കുളം നെല്ലുൽപ്പാദക സമിതി | 74 ഹെ. | നെല്ല് (വിരിപ്പ്) | നെല്ല് (മുണ്ടകൻ) | എള്ള് പയർ |
| വള്ളികുന്നം തെക്ക് | 83 ഹെ. | നെല്ല് (വിരിപ്പ്) | നെല്ല് (മുണ്ടകൻ) | എള്ള് പയർ |
| കണ്ണഞ്ചാൽ | 122 | നെല്ല് (വിരിപ്പ്) | നെല്ല് (മുണ്ടകൻ) | എള്ള് പയർ (10 ഹെ.) |
| പടയണിവട്ടം | 45 | നെല്ല് (വിരിപ്പ്) | നെല്ല് (മുണ്ടകൻ) | |
| വള്ളികുന്നം പുഞ്ച | 139 | നെല്ല് | നെല്ല് | എള്ള് പയർ (15 ഹെ.) |
| മങ്ങാട്ടുകുളങ്ങര | 37 | നെല്ല് | നെല്ല് | പയർ |

## പാടശേഖര സമിതി

കൃഷിഭവന്റെ ആഭിമുഖ്യത്തിൽ കർഷകരെ കൂട്ടി യോജിപ്പിച്ചു കൊണ്ടുള്ള 6 പാടശേഖര സമിതികളാണ് ഇവിടെയുള്ളത്.

ഇതിൽ ചിലത് ഫലപ്രദമായ രീതിയില്ല പ്രവർത്തിക്കുന്നത്. പാടശേഖര സമിതിയുടെ വിശദാംശങ്ങളും വിള ക്രമങ്ങളും താഴെ ചേർക്കുന്നു.

## കൂലി നിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞ് വരുകയാണ്. വിദ്യാഭ്യാസ നിലവാരത്തിൽ വന്ന മാറ്റങ്ങളും കൃഷിയോടുള്ള ആഭിമുഖ്യ കുറവും ആണ് ഇതിന്റെ കാരണങ്ങൾ. 4647 കർഷക കുടുംബങ്ങൾ ഉള്ളതിൽ 756 കുടുംബങ്ങൾ മാത്രമേ കൃഷിയെ മുഖ്യഉപജീവനമാർഗ്ഗമായി സ്വീകരിക്കുന്നുള്ളു. ഏകദേശം 825 കർഷകതൊഴിലാളികൾ ആണ് പഞ്ചായത്തിലുള്ളത്. ഇവരുടെ കൂലിനിരക്ക് സ്ത്രീകൾക്ക് 60 ഉം പുരുഷൻമാർക്ക് 100 ഉം രൂപയാണ്.

## നിലവിൽ ഒരു ഏകീകൃത നിരക്ക് ഇല്ല.

രണ്ട് സഹകരണ സംഘങ്ങളും മൂന്ന് ബാങ്കുകളുമാണ് വള്ളികുന്നം പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. ഇതുകൂടാതെ മാവേലിക്കര കാർഷിക വികസനബാങ്കിൽ നിന്നും കാർഷിക വായ്പകൾ നൽകാറുണ്ട്. കൃഷിക്കുവേണ്ടി നൽകുന്ന വായ്പകൾ പലപ്പോഴും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നുവെന്നാണ് പൊതു അഭിപ്രായം.

## ജലസേചനം

പഞ്ചായത്തിലൂടെ ഒഴുകുന്ന പ്രധാനപ്പെട്ട തോടാണ് T.A കനാൽ കൂടാതെ അനേകം ചെറുതോടുകളുമുണ്ട് ചെറുതോടുകൾ അധികവും ചെറുപാടശേഖരങ്ങളെയും പ്രധാനതോടിനെയും ബന്ധിപ്പിക്കുന്നു. പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയിൽ കൂടി ഒഴുകുന്ന ഈരിക്കൽ തോടും ഈ പഞ്ചായത്തിന്റെ ജലസേചനത്തിന് ഉപയുക്തമാക്കാം. വള്ളികുന്നം ചിറയിൽ നിന്ന് തെക്കോട്ടൊഴുകി വള്ളികുന്നം പുഞ്ചയേയും പള്ളത്ത് പുഞ്ചയേയും ബന്ധിപ്പിച്ച് കൊണ്ടൊഴുകുന്ന മറ്റൊരു തോടുമുണ്ട്. ചെറുതോടുകൾ ഇവയാണ് – വട്ടപ്പണ തോട്, പുലത്തറ – റ്റി.എ. കനാൽ, കോടംതറ – ചിറ്റൂർത്തറ, അരുവണ്ണൂർ – പാലപള്ളിൽ, വലിയച്ചാൽ തോട്, ആനയടി മുക്ക് – പുളിന്തറ മുക്ക്, കളീയ്ക്കൽ മുക്ക് – അമ്പിയിൽ മുക്ക്, വയലിൽ കളീയ്ക്കൽ തെക്കുവശത്തുള്ള തോട്, ചെമ്പകപ്പള്ളിൽ കിഴക്കുവശത്തുള്ള തോട്, ചീത്തഴ വയൽ – ചെറിയപള്ളം, പുതുച്ചിറയിൽ നിന്നുള്ള തോട്, നാട്ടുവാതുക്കൽ – ഞായറാഴ്ച മുക്ക് തോട്, വില്ലകത്ത് വയൽ – ചിറവയൽ തോട്, ചാമക്കാല തറയിൽ നിന്നും പടിഞ്ഞാറോട്ടുള്ള തോട്. – മുട്ടമ്പലം വള്ളികുന്നം പുഞ്ച, വലിയവീട്ടിൽ കുളം – വള്ളികുന്നം പുഞ്ച, പുഞ്ചവാഴ്ക പുഞ്ചയുടെ നടുവിലൂടെ റ്റി.എ. കനാൽ വരെയുള്ള തോട്.

## പ്രധാന ജലാശയങ്ങൾ

ഇലങ്കത്തിൽ കുളം പുലത്തറ ചാൽ, ചെറുവള്ളിൽ ക്ഷേത്രക്കുളം, വട്ടയ്ക്കാട് ക്ഷേത്രക്കുളം ചെപ്പള്ളിൽക്കാവ് കുളം, വലിയകുളം, വേമ്പനാട്ട് കുളം, പുതുച്ചിറ, രാമൻചിറ, ചരുവിൽ കുളം, വള്ളികുന്നം ചിറ, പേച്ചറിച്ചാൽ, പെരുമ്പാംചാൽ, തറയിൽ കുളം, പുല്ലാട്ത്തറ കുളം, പരിയാരത്ത് കുളം, മാണത്തറ കുളം, വില്ലകത്ത് കുളം, വട്ടത്തറ കുളം, ചരുവിൽ കുളം, മങ്ങാട്ട് കുളം, കണ്ണമ്പള്ളിൽ കുളം, വരട്ടുചിറ കുളം, ചെറുനാട്ട് കുളം, വലിയവീട്ടിൽ കുളം, കൈതക്കരച്ചാൽ, ചെരുപ്പുചാൽ, മുക്കനാൽ, പുത്തൻച്ചിറ, പടയണിവട്ടം കുളം, വന്മേലിൽ കുളം, താഴത്തേൽ കുളം, മഠത്തിൽ കുളം.

ഈ പഞ്ചായത്തിലെ തോടുകൾ മിക്കവാറും എല്ലാം തന്നെ വർഷകാലത്ത് നിറഞ്ഞും വേനലിൽ വരണ്ടും ആകുന്നു. നദികളുമായി ബന്ധമില്ലാത്തതിനാൽ ഈ തോടുകളിൽ വർഷകാലത്ത് മാത്രമേ ജലം ലഭ്യമാകു. ഈരിക്ക തോട്ടിൽ വെട്ടികുളഞ്ഞി പാലത്തിനടിയിലും റ്റി.എ. കനാലിൽ പുഞ്ചവാഴ്ക പുഞ്ചയുടെ തെക്ക് പടിഞ്ഞാറ് കല്ലുംപുറത്ത്, കൊണ്ടോടി മുകളിൽ തെക്ക് ഭാഗത്തും, കൊട്ടാട്ടുകുഴി കൊല്ലന്റെ കിഴക്കതിൽ ഭാഗങ്ങളിലും ചീർപ്പുകൾ ഉണ്ട്. എന്നാൽ കല്ലുംപുറത്തുള്ള ചീർപ്പ് മാത്രമേ ഇപ്പോൾ ഉപയോഗക്ഷമമായിട്ടുള്ളു.

## മണ്ണ് – ജല സംരക്ഷണം

മുൻകാലങ്ങളിൽ വരമ്പുകൾ പിടിപ്പിച്ചും മരങ്ങളും കൈതയും അതിർത്തികളിൽ വച്ച് പിടിപ്പിച്ചും പറമ്പ് കൊത്തിക്കിളച്ചുമാണ് മണ്ണ് – ജലസംരക്ഷണം നടത്തിയിരുന്നത്. ജീവിത വൃത്തിയിലുണ്ടായ പരിവർത്തനങ്ങളും ഭൂമിയെ തുണ്ടുകളാക്കിയതും കാർഷിക വൃത്തിയോട് വന്ന വിമുഖതയും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളെ ബാധിച്ചു. വിശ്വാസത്തിന്റെ പേരിൽ ആണെങ്കിലും ചെറുതും വലുതുമായ 30 കാവുകൾ ഇപ്പോഴും സംരക്ഷിച്ചു വരുന്നത് ചെറിയ തോതിലെങ്കിലും മണ്ണ് – ജലസംരക്ഷണ പ്രവർത്തനങ്ങളെ സഹായിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കാലാകാലങ്ങളിൽ മണ്ണ് പരിശോധന നടക്കുന്നില്ല. അതിനാൽ മണ്ണിന് അനുയോജ്യമായ രീതിയിൽ കൃഷി ചെയ്യുവാൻ കഴിയുന്നില്ല.
2. ഗുണനിലവാരമുള്ള വിത്തിനങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല.
3. ജൈവ – രാസവളങ്ങൾ, കീടനാശിനികൾ എന്നിവയുടെ വിലക്കയറ്റം കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
4. ജലസേചന സൗകര്യങ്ങൾ തൃപ്തികരമല്ല.
5. ജലനിർഗമന മാർഗ്ഗങ്ങളുടെ അപര്യാപ്തത
6. കർഷക തൊഴിലാളികളുടെ അപര്യാപ്തത
7. പാടങ്ങളിലേക്കുള്ള ഗതാഗത സൗകര്യക്കുറവ്
8. കൃഷിഭവന്റെ സേവനം വ്യാപകമായി ലഭ്യമാകുന്നില്ല.
9. കീടബാധയും രോഗബാധയും മൂലമുള്ള തേങ്ങയുടെ ഉൽപ്പാദന കുറവ്
10. നെല്ലിനെ ബാധിക്കുന്ന രോഗങ്ങളും കീടങ്ങളും
11. എലിശല്യം വ്യാപകമാകുന്നു.
12. മണ്ണെടുപ്പും പാടം നികത്തലും കൃഷിയെ ബാധിക്കുന്നു.
13. വൈദ്യുതി ലഭ്യതക്കുറവ്.
14. ഉൽപ്പാദന ചിലവിലുള്ള വർദ്ധനയും ഉൽപ്പന്നങ്ങളുടെ വിലയിടിവും.
15. കൃഷിക്ക് ആവശ്യമായ ധനസഹായത്തിന് ബാങ്കിംഗ് മേഖലയുടെ സേവനം തൃപ്തികരമല്ല.
16. കാലാകാലങ്ങളിൽ കർഷകർക്കാവശ്യമായ ബോധവൽക്കരണം നടക്കുന്നില്ല.

### പട്ടിക 9

മഴയുടെ അളവ് അവലംബം : ലാൻഡ് റിസോഴ്സസ് ഓഫ് കേരള സ്റ്റേറ്റ്

| | |
|---|---|
| 1. തെക്ക് പടിഞ്ഞാറൻ മൺസൂൺ (ഇടവപ്പാതി അഥവാ കാലവർഷം) | 1511 മി. മി. |
| 2. വടക്ക് കിഴക്കൻ മൺസൂൺ (തുലാവർഷം) | 832 മി. മി. |
| (ആലപ്പുഴ ജില്ലയിൽ ഒരു വർഷം ലഭിക്കുന്ന മഴയുടെ ശാരശരി കണക്ക്) | |

## പട്ടിക 10

ജലാശയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ

| ക്രം.ന. | പേര് | ഉൾപ്പെടുന്ന വാർഡ് | സർവ്വേ നമ്പർ | വിസ്തൃതി | | |
|---|---|---|---|---|---|---|
| | | | | ഹെക്ടർ | ആർ | ച. ലിങ്ക്സ് |
| 1 | വലിയകുളം | 4 | 434/1 | - | 39 | 20 |
| 2 | മങ്ങാട്ട് കുളം | 9 | 100/1 | - | 11 | 20 |
| 3 | ചെറുനാട്ട് കുളം | 10 | 549/10 | - | 8 | 40 |
| 4 | പരിയാരത്ത് കുളം | 8 | 154/10 | - | 12 | 50 |
| 5 | പെരുമന കിഴക്കേകുളം | 5 | 616/4 | - | 1 | 40 |
| 6 | തറയിൽകുളം | 4 | 506/7 | - | 4 | 30 |
| 7 | വരട്ടുചിറ കുളം | 10 | 151/17 | - | 8 | 85 |
| 8 | കണ്ണമ്പള്ളി കുളം | 10 | 560/1 | - | 7 | 85 |
| 9 | പടയണിവട്ടം കുളം | 11 | 191/2 | - | 10 | 60 |
| 10 | കയ്യാല കുളം | 2 | 489/10 | - | 2 | 75 |
| 11 | ചരുവിൽ കുളം | 9 | 257/23 | - | 2 | 40 |
| 12 | ഇലങ്കത്തിൽ കുളം | 1 | 32/11 | - | 8 | - |
| 13 | പേച്ചിറച്ചാൽ | 10 | 353/1 | 1 | 12 | 20 |
| 14 | കൈതക്കരച്ചാൽ | 11 | 43/1 | - | 37 | 50 |
| 15 | മുക്കനാൽചാൽ | 11 | 5/1 | - | 10 | 40 |
| 16 | പെരുമ്പാംചാൽ. | 10 | 462/1 | - | 93 | 40 |
| 17 | ചെരുപ്പുച്ചാൽ | 11 | 118/1 | 1 | 20 | 60 |
| 18 | പുത്തൻചിറ | 11 | 154/4 | - | 33 | 40 |
| 19 | രാമൻചിറ | 7 | 454/ | 1 | 49 | 20 |
| 20 | വള്ളികുന്നം ചിറ | 11 | 276/ | 8 | 06 | - |
| 21 | പുലത്തറച്ചാൽ | 1 | 341/2 | - | 05 | - |

### നിർദ്ദേശങ്ങൾ

1. ശാസ്ത്രീയമായി മണ്ണ് പരിശോധന നടത്തുകയും നല്ലയിനം വിത്തുകൾ ലഭ്യമാക്കുകയും ചെയ്യുക.
2. ജൈവ - രാസവളങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.
3. കൃഷി ഭവന് സ്വന്തമായി കെട്ടിടം നിർമ്മിക്കുകയും കൃഷി ഭവന്റെ സേവനം വ്യാപകമാക്കുകയും ചെയ്യുക.
4. തെങ്ങ് കൃഷി ശാസ്ത്രീയമാക്കുകയും രോഗം ബാധിച്ച തെങ്ങുകൾ നിശ്ചിത കാലയളവിനുള്ളിൽ ഒരറ്റത്ത് നിന്നും ക്രമാനുഗതമായി പഞ്ചായത്തിൽ മൊത്തമായി ഉന്മൂലനം ചെയ്യുകയും വേണം.
5. തെങ്ങ് കൃഷി ഏക്കറിന് 80-90 എന്ന അനുപാതത്തിൽ ആക്കുകയും രോഗബാധമൂലം നശിപ്പിച്ച തെങ്ങുകൾക്ക് പകരം ഗുണമേന്മയുള്ള തൈകൾ വിതരണം ചെയ്യുകയും വേണം.
6. കാറ്റ് വീഴ്ച തടയുന്നതിനുള്ള ഫലപ്രദമായ നട

പടികൾ സ്വീകരിക്കുക.

7. ഇടവിള കൃഷികൾ പ്രോത്സാഹിപ്പിക്കുക.

8. റബ്ബർ കൃഷിക്ക് നൽകുന്ന തോതിലുള്ള സഹായങ്ങൾ, തെങ്ങ്, നെല്ല്, മരച്ചീനി കൃഷികൾക്കും ലഭ്യമാക്കുക.

9. പച്ചക്കറി കൃഷിക്ക് നല്ലയിനം വിത്തുകളും വളങ്ങളും സാങ്കേതിക വിദ്യയും ധനസഹായവും ലഭ്യമാക്കുക.

10. ഓരോ വാർഡിലും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ മാതൃകാ പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുക.

11. കൃഷിക്കാർക്ക് ധനസഹായം നൽകുന്നതിന് ബാങ്കുകളുടെ സേവനം ലഭ്യമാക്കുക.

12. എലി നശീകരണത്തിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ ശക്തമായ നടപടികൾ സ്വീകരിക്കുക.

13. വെറ്റില, കുറ്റിമുല്ല, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, വാഴ, കമുക്, എള്ള്, ഫലവൃക്ഷങ്ങൾ തുടങ്ങിയ കൃഷിയിനങ്ങളെ പ്രോത്സാഹിപ്പിക്കുവാൻ മേൽത്തരം വിത്തുകളും ആധുനിക സാങ്കേതിക വിദ്യയും ലഭ്യമാക്കുക.

14. പഞ്ചായത്തിലെ ഭക്ഷ്യധാന്യവിളകളെ ബാധിക്കാത്ത തരത്തിൽ റബ്ബർ കൃഷിയെ പ്രോത്സാഹിപ്പിക്കുവാൻ നടപടിയെടുക്കുക.

15. കൃഷി നിലങ്ങൾ കുഴിച്ച് മണ്ണെടുക്കുന്നത് കർശനമായി നിയന്ത്രിക്കണം. ഉയർന്ന കൃഷിനിലങ്ങളിൽ നിന്നും മണ്ണെടുക്കുന്നതും, കൃഷി നിലങ്ങൾ നികത്തുന്നതും ഗ്രാമ സഭകളുടെ അനുമതിയോടെ ആയിരിക്കണം.

16. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് സംഭരണ - വിപണന കേന്ദ്രങ്ങളും, ഡിപ്പാർട്ടുമെന്റൽ സ്റ്റോറുകളും സ്ഥാപിക്കുക.

17. കീട നിയന്ത്രണത്തിന് ലൈറ്റ് ട്രാപ്പുകൾ സ്ഥാപിക്കുക.

18. കൃഷി ഭവനിൽ നിന്നുള്ള ധനസഹായങ്ങൾ യഥാസമയം ലഭ്യമാക്കുക.

19. കർഷക തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുക.

20. കാലാകാലങ്ങളിൽ കർഷകർക്ക് ബോധവൽക്കരണ ക്ലാസ്സുകളും സെമിനാറുകളും നടത്തുക.

21. കൊയ്ത്ത് - മെതി യന്ത്രങ്ങൾ, ടില്ലർ, ട്രാക്ടർ, സ്പെയറുകൾ എന്നിവ സബ്സിഡി നിരക്കിൽ കൃഷിക്കാരുടെ ആവശ്യാനുസരണം നൽകുക.

22. പഞ്ചായത്തിലെ മുഴുവൻ കൃഷികളും ഇൻഷർ ചെയ്യുക.

23. ഓരോ വാർഡിലെയും ഏറ്റവും നല്ല ഒന്നിലധികം കൃഷിക്കാരെ ഭൂ പരിധി നോക്കാതെ തിരഞ്ഞെടുത്ത് സമ്മാനങ്ങൾ നൽകി ആദരിക്കുക.

24. കൃഷിനിലങ്ങളിലേക്കുള്ള വഴികൾ ഗതാഗത യോഗ്യമാക്കുക.

25. പഞ്ചായത്തിലെ കൃഷി സംരംഭങ്ങൾ ഇലിപ്പക്കുളം വി.എച്ച്.എസ്. സി. യുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്നതിന് നടപടികൾ ഏടുക്കുക.

26. രോഗ പ്രതിരോധ ശേഷിയുള്ള തെങ്ങുകൾ കണ്ടെത്തി അവയിൽ നിന്നും വിത്ത് തേങ്ങകൾ ശേഖരിച്ച്, തൈകൾ ഉൽപ്പാദിപ്പിച്ച്. വിതരണം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തിന്റെ നേതൃത്വത്തിൽ കൃഷി ഓഫീസറുടെയും അനുഭവ സമ്പത്തുള്ള കർഷകരുടെയും സമിതി രൂപീകരിച്ച് നടപ്പിലാക്കുക.

## ജലസേചനം

### വാർഡ് 1

1. കൽകുളത്താൽ തോട്ടിൽ നിന്നും പുലത്തറ വയലിലേക്കുള്ള തോടിന്റെ ഭാഗത്ത് ചീർപ്പ് നിർമ്മിക്കണം, തോടിന്റെ ആഴംകൂട്ടി സൈഡ് ഭിത്തികെട്ടണം.

2. റ്റി.എ.കനാലിന്റെ ആഴംകൂട്ടി ആവശ്യമുള്ളയിടത്ത് സൈഡ് ഭിത്തികെട്ടണം.

3. പുലത്തറച്ചാൽ ആഴംകൂട്ടി ഭിത്തി കെട്ടി സംരക്ഷിക്കണം.

4. വട്ടപ്പണ - കൊക്കാട്ട് തോടിന്റെ ആഴം കൂട്ടി സൈഡ് ഭിത്തികെട്ടി സംരക്ഷിക്കണം.

### വാർഡ് 2

1. കോടന്തറയിൽ പടിഞ്ഞാറു വശം മുതൽ ചിറ്റൂർ തറയിൽ പടിഞ്ഞാറ് വശം വരെയുള്ള നീരൊഴുക്ക് തോടിന് സൈഡ് ഭിത്തി കെട്ടുക.

2. അരുവണ്ണൂർ വടക്കുവശം മുതൽ പാലപ്പള്ളിൽ പടിഞ്ഞാറ് വശം വരെയും വട്ടപ്പണ ജംഗ്ഷൻ മുതൽ തെക്കോട്ട് ചിറ്റിലം മൂട്ടിൽ കിഴക്കേവയൽ വരെയും ഉള്ള നീരൊഴുക്ക് തോടുകളുടെ സൈഡ്

ഭിത്തി കെട്ടുക.

3. വട്ടയ്ക്കാട് ക്ഷേത്രത്തിന് പടിഞ്ഞാറു വശം പുലയറ വയൽ കൊട്ടോളിൽ മുണ്ടകം വയൽ എന്നി വിടങ്ങളിൽ മണ്ണെടുപ്പ് മൂലം നീർക്കെട്ട് അനുഭവപ്പെടുന്നു. ഇത് പരിഹരിക്കണം.

4. ഈരിക്കൽ തോട്ടിലെ മണ്ണെടുപ്പും സൈഡ് ഭിത്തിയുടെ കല്ലുകൾ ഇളക്കിയെടുക്കുന്നതും തടയുക.

5. വെട്ടുകുളഞ്ഞി പാലത്തിലെ ഷട്ടറുകൾ ഉപയുക്തമാക്കാനും ചിറയ്ക്കാട് പടിഞ്ഞാറു വശം തോടിന്റെയും പാലപ്പള്ളിൽ കിഴക്കുവശം തോടിന്റെയും ഷട്ടറുകൾ പുന: സ്ഥാപിക്കുവാനും നടപടികൾ സ്വീകരിക്കുക.

6. ആറ്റൂർ വയൽ, വലിയതറ പടിഞ്ഞാറ് വശമുള്ള വയൽ, ചിറ്റൂർ പടിഞ്ഞാറ് വശമുള്ള വയൽ, എമ്പട്ടാഴി വയൽ, കൊന്നയ്ക്കോട് കിഴക്കുവശമുള്ള വയൽ, കൈമൂട്ടിൽ വടക്കുവശമുള്ള വയൽ എന്നി വിടങ്ങളിൽ നിലം നികത്തൽ മൂലം നീർക്കെട്ട് അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുകയും കൃഷി സ്ഥലത്ത് എത്താനുള്ള ഗതാഗത സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

## വാർഡ് 3

1. വലിയചാൽ തോടിന്റെ തെക്കേ അറ്റമായ നാട്ടുവാതുക്കൽ ഭാഗത്ത് ഒരു പാലം പണിയുകയും വടക്കേ അതിർത്തിയായ കളയ്ക്കാട്ട് പടിഞ്ഞാറ് വശം വരെ സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുകയും ചെയ്യുക.

2. ആനയടി മുക്ക് – പുളിന്തറ മുക്ക് തോട് സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുകയും ഇരുവശവും നടപ്പാത നിർമ്മിക്കുകയും ചെയ്യുക.

3. കളീയ്ക്കൽ മുക്ക് – അംബിയിൽ മുക്ക് തോട്, വയലിൽ കളീയ്ക്കൽ തെക്ക് വശത്തെ തോട്, ചെമ്പകപ്പള്ളിൽ കിഴക്ക് വശത്തെ തോട് എന്നിവയ്ക്ക് സൈഡ് ഭിത്തി കെട്ടുക.

4. മൂന്നാണ്ടേ മുക്കിൽ നിന്നും പടിഞ്ഞാറോട്ടുള്ള ഓട പൂർത്തീകരിക്കുക.

5. പുല്ലമ്പള്ളിൽ കിഴക്കുവശത്തുള്ള തോട് പേരാത്ത് പടിഞ്ഞാറുവശത്തുള്ള ഓടയുമായി ബന്ധിപ്പിക്കുക. ചായക്കാരന്റെ വടക്കുവശത്തു കൂടിയുള്ള തോടിന് സൈഡ് ഭിത്തി കെട്ടുക.

6. വലിയതറയിൽ പടിഞ്ഞാറു വശത്തുകൂടിയുള്ള തോട് കോടംതറ തെക്കുവശത്തു യോജിപ്പിക്കുക.

7. നീരൊഴുക്ക് തോടുകളിൽ നിന്ന് മണ്ണെടുപ്പ് നിരോധിച്ചു കൊണ്ടുള്ള ബോർഡുകൾ സ്ഥാപിക്കുക.

## വാർഡ് 4

1. പള്ളത്തു പുഞ്ചയിലെ കൃഷി സംരക്ഷിക്കാൻ പമ്പ് സെറ്റ് സ്ഥാപിച്ചിരുന്നിടത്ത് ഷട്ടർ സ്ഥാപിക്കുക.

2. മണയ്ക്കാട്ട് വയലിൽ ഇടത്തോട് വെട്ടി റ്റി.എ. കനാലുമായി ബന്ധിപ്പിക്കുക.

3. കൊണ്ടോടി മുകളിൽ തെക്കുവശത്തു ടി.എ. കനാലിൽ സ്ഥാപിച്ചിട്ടുള്ള ചീർപ്പ് മെയിന്റനൻസ് നടത്തി സംരക്ഷിക്കുകയും ബന്ധപ്പെട്ട് ഓടകൾ ശരിയാക്കി പള്ളത്തു പുഞ്ചയിലെയും വള്ളികുന്നം പുഞ്ചയിലെയും കൃഷി സംരക്ഷിക്കുകയും ചെയ്യുക.

4. വാർഡിന്റെ തെക്കേ അറ്റത്തുള്ള വലിയ കുളം കുഴിച്ച് ജലസംഭരണിയാക്കി കൃഷിക്കും മത്സ്യം വളർത്തുന്നതിനും ഉപയോഗിക്കുക.

5. കൊട്ടാട്ട് കുഴി കലുങ്ക് മുതൽ ചെറിയപള്ളം വരെയുള്ള തോട് വെട്ടി സൈഡ് ഭിത്തി കെട്ടി ആവശ്യാനുസരണം ചീർപ്പ് നിർമ്മിക്കുക.

6. വലിയകുളത്തിൽ നിന്നും റ്റി.എ. കനാലിലേക്കുള്ള ഓട ഉപയോഗ പ്രദമാക്കുക.

## വാർഡ് – 5

1. ചീത്തഴ കിഴക്കുവശം മുതൽ കൊട്ടാട്ട് കുഴി വരെയുള്ള തോടിന്റെ ആഴംകൂട്ടി സൈഡ് ഭിത്തി കെട്ടി കൃഷിക്ക് ഉപയുക്തമാക്കുക.

2. കല്ലിൽ കിഴക്കുവശം മുതൽ വടക്കോട്ട് കണ്ടിയിൽ മുക്ക് വരെയുള്ള റോഡിന്റെയും ഇളം തോടത്ത് പടിഞ്ഞാറ് വശം മുതൽ പുതുവാക്കൽ വയൽ വരെയുള്ള റോഡിന്റെയും ഓട കെട്ടി വലയിലുകളിലെ വെള്ളം ഒഴുക്കി വിട്ട് കൃഷി സംരക്ഷിക്കുക.

3. പഴവൂർ വയൽ മുതൽ കാക്കാൻ മുക്ക് വരെയുള്ള റോഡിൽ ഓട കെട്ടി കൃഷി നിലങ്ങളിലെ വെള്ളം ഒഴുക്കി വിടുക.

4. പൊട്ടാട്ട് കുഴി ചെറിയ പാലത്തിനു താഴെയും കൊല്ലന്റെ കിഴക്കതിൽ കലുങ്കിന് മുകളിലും ഉള്ള ക്രോസ് ബാർ ഉപയോഗപ്രദമാക്കുക.

5. ഉപയോശൂന്യമായ വേമ്പനാട്ട് കുളവും

പെരുമന കുളവും ഉപയോഗപ്രദമാക്കുക.

## വാർഡ് 6

1. കോതകര പുഞ്ചയിലെ കൃഷി മെച്ചപ്പെടുത്തുവാൻ ദൈവപ്പുരയ്ക്കൽ ക്ഷേത്രത്തിനു വടക്കു വശമുള്ള പാലം മുതൽ തെക്കോട്ട് പള്ളിക്കുറ്റിയിൽ പടിഞ്ഞാറു വശത്തുള്ള പാലം വരെ തോടിന്റെ ഇരു വശവും സൈഡ് ഭിത്തി കെട്ടി നിലവിലുള്ള കൈത്തോടിന്റെ ഭാഗത്ത് ഒരു ചീർപ്പും കൈത്തോടിന്റെ മുഖത്ത് ഒരു പമ്പ് ഹൗസും സ്ഥാപിക്കുക.

2. പാൽ സൊസൈറ്റിയുടെ തെക്ക് വശത്തു കൂടി കോതകര പുഞ്ചയിൽ എത്തുവാനുള്ള ഉദ്ദേശം 300 മീറ്റർ നീളത്തിലുള്ള റോഡ് ഗതാഗത യോഗ്യമാക്കുക.

3. കണ്ണഞ്ചാൽ പുഞ്ചയിൽ നിലവിലുള്ള മോട്ടോറുകൾ പ്രവർത്തന ക്ഷമമാക്കുക.

4. റ്റി.എ. കനാലിൽ നിന്നും വെള്ളം കയറാതിരിക്കാൻ കണ്ണഞ്ചാലിൽ ഷട്ടർ സ്ഥാപിക്കുക.

5. കൈപ്പള്ളി കിഴക്കു വശത്ത് ട്രാക്ടർ വേയും ചീർപ്പും, പാലമുറ്റത്ത് കിഴക്കുവശത്തു 2 ചീർപ്പും സ്ഥാപിക്കുക.

6. പുതുച്ചിറയും രാമൻചിറയും ആഴംകൂട്ടി ജല സംഭരണി ആക്കുക.

7. റ്റി.എ. കനാലിൽ വലകെട്ടി വെള്ളം തടയുന്നത് നിർത്തലാക്കുക.

## വാർഡ് 7

1. ചരുവിൽ കുളം വെട്ടി വൃത്തിയാക്കി, കൃഷിക്ക് ഉപയോഗ പ്രദമാക്കുക.

2. വള്ളികുന്നം പുഞ്ചയിൽ മൂന്ന് ക്രോസ് വേകൾ സ്ഥാപിക്കുക.

3. പേച്ചിറ ചാലിൽ നിന്നും വള്ളികുന്നം പുഞ്ചയുടെ മദ്ധ്യ ഭാഗത്തു കൂടി ഒഴുകുന്ന തോട് സംരക്ഷിക്കുക.

4. വള്ളികുന്നം ചിറ പേച്ചിറച്ചാൽ പെരുമ്പാൻചാൽ, തുടങ്ങിയവ ആഴത്തിൽ കുഴിച്ച് ജലസംഭരണികൾ ആക്കുക.

5. പുതുച്ചിറയിൽ നിന്നും ഒഴുകുന്ന തോട്ടിൽ ബണ്ടും ചീർപ്പും സ്ഥാപിക്കുക.

6. ചിറക്കുഴി ജംഗ്ഷൻ മുതൽ കാർത്ത്യായനിപുരംവരെയുള്ള നെൽപ്പാടത്തു കൂടി തോടു വെട്ടുകയും ബണ്ട് സഞ്ചാരയോഗ്യമാക്കുകയും ചെയ്യുക.

7. വള്ളികുന്നം പുഞ്ചയിൽ മൂന്ന് ചീർപ്പുകൾ സ്ഥാപിക്കുകയും കണ്ണഞ്ചാൽ പുഞ്ചയിലെ ബണ്ടിൽ ചീർപ്പ് സ്ഥാപിക്കുകയും പമ്പിംഗ് പ്രവർത്തനം പുനരാരംഭിക്കുകയും ചെയ്യുക. പമ്പ് മുഖത്ത് നിലവിലുള്ള ഡ്രൈനേജ് പദ്ധതി വിപുലികരിക്കുക.

8. വള്ളികുന്നം ചിറയെ K.I.P കനാലുമായി ബന്ധിപ്പിച്ച് കൃഷിയ്ക്കും മത്സ്യകൃഷിക്കും ഉപയോഗപ്രദമാക്കുക.

9. പമ്പ് സെറ്റുകളും സ്പെയറുകളും കൃഷിഭവൻ വഴി ലഭ്യമാക്കുക.

10. നിലവിലുള്ള കുളങ്ങൾ കുഴിച്ച് ജല ദൗർലഭ്യം പരിഹരിക്കുക.

11. വള്ളികുന്നം പുഞ്ചയുടെ തെക്ക് ഭാഗത്തും കണ്ണഞ്ചാൽ പുഞ്ചയുടെ കിഴക്ക് ഭാഗത്തും കോതകര പുഞ്ചയുടെ വടക്ക് ഭാഗത്തും രാമഞ്ചിറയുടെ വടക്ക് ഭാഗത്തും നീർക്കെട്ട് അനുഭവപ്പെടുന്നു ഇത് പരിഹരിക്കുക.

12. പേച്ചിറച്ചാൽ രാമൻചിറ, പെരുമ്പാൻചാൽ പുതുച്ചിറ തുടങ്ങിയ ജലസംഭരണികൾ ആഴത്തിൽ കുഴിച്ച് വെള്ളം ശേഖരിച്ച് മത്സ്യം വളർത്തുന്നതിനും കൃഷിക്കും ഉപയോഗിക്കുക. കുഴിച്ചെടുക്കുന്ന ചെളി ഇഷ്ടിക വ്യവസായത്തിന് ഉപയോഗിക്കുക.

13. പെരുമ്പാൻചാലിലേക്കുള്ള വഴിവെട്ടി ഗതാഗത സൗകര്യമുണ്ടാക്കുക.

## വാർഡ് 8

1. വില്ലകത്ത് വയലിലും കണ്ണൻകോമത്ത് വയലിലും നിലവിലുള്ള ജലക്ഷാമം പരിഹരിക്കുക.

2. ഓലോഴുത്തിൽ വയലിൽ നിന്നും തോട് വെട്ടി കിഴക്ക് മെയിൻ തോട്ടിലെത്തിക്കണം. നാട്ടുവാതുക്കൽ – ഞായറാഴ്ച മുക്ക് തോട് വെട്ടി വൃത്തിയാക്കുക.

3. വില്ലകത്ത് വയലും ചിറവയലും ഉൾപ്പെട്ട 20 ഏക്കർ നിലത്തിന്റെ നടുതോടും കരത്തോടും വീതികൂട്ടി കൃഷിക്ക് ഉപയുക്തമാക്കുക.

4. ഇലവിനാത്തറ കുളം വെട്ടി ആഴംകൂട്ടി കൃഷിക്ക് ഉപയോഗിക്കുക.

5. സ്വകാര്യ കുളങ്ങൾ വെട്ടി ആഴംകൂട്ടി കൃഷിക്ക് ഉപയോഗിക്കാൻ പ്രേരിപ്പിക്കുക

## വാർഡ് 9

1. പുഞ്ചവാഴ്ക പുഞ്ചയുടെ അതിർത്തിയിൽ കൂടി കരത്തോട് നിർമ്മിക്കണം. നടുതോട് സൈഡ് കെട്ടി സംരക്ഷിക്കണം.

2. വള്ളികുന്നം ചിറയുടെ ബണ്ട് കെട്ടി സംരക്ഷിക്കുക. ചിറകുഴിച്ച് ആഴം കൂട്ടി K.I.P കനാലിൽ നിന്നും വെള്ളം തിരിച്ച് വിട്ട് ജലസംഭരണിയാക്കുക.

3. ചരുവിൽ കുളം യഥാർത്ഥ വിസ്തീർണ്ണത്തിൽ വെട്ടി വള്ളികുന്നം ചിറയുടെ വടക്ക് വശത്തുള്ള കൃഷിക്ക് ഉപയുക്തമാക്കുക.

4. മങ്ങാട്ട്കുളം യഥാർത്ഥ വിസ്തീർണ്ണത്തിൽ വെട്ടി സംരക്ഷിക്കുക.

5. പുഞ്ചവാഴ്ക പുഞ്ചയിലേക്കുള്ള തോന്തോലിൽ റോഡ് പുതുപുരയ്ക്കത്തറ കോളനി റോഡ് മങ്ങാട്ട്കുളം റോഡ് എന്നിവ ഗതാഗതയോഗ്യമാക്കുക.

6. കൊല്ലകറോഡ് നടുത്തോടിന്റെ ഭാഗം വരെ ടെമ്പോയും മറ്റും കടന്നുപോകുന്ന തരത്തിൽ വെട്ടുക.

7. ചാമക്കാലത്തറയിൽ നിന്നും പടിഞ്ഞാറോട്ടുള്ള തോടിന്റെ സൈഡ് ഭിത്തി കെട്ടുക.

8. ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി രൂപീകരിക്കുക.

9. കുന്നത്ത് മുക്ക് മുതൽ ഈരിക്കത്തറ മുക്ക് വരെ റോഡിന്റെ ഓടകെട്ടി സംരക്ഷിക്കുക.

## വാർഡ് 10

1. കണ്ണമ്പള്ളിൽ കുളം വരട്ട്ചിറ കുളം, ചെറുനാട്ട് കുളം എന്നിവ കുഴിച്ച് സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കണം. പേച്ചിറച്ചാൽ പെരുമ്പാൻചാൽ എന്നിവ കുഴിച്ച് ജലസംഭരണികളാക്കണം.

2. വള്ളികുന്നം പുഞ്ചയിലെ കൃഷിക്ക് വേണ്ടി കരത്തോടുകൾ നിർമ്മിക്കണം.

3. മുട്ടപ്പലം മുതൽ പള്ളിയമ്പിൽ വഴി വള്ളികുന്നം പുഞ്ചത്തോട്ടിൽ വന്നുചേരുന്ന കൈത്തോട് വെട്ടി കൃഷിക്ക് ഉപയുക്തമാക്കുക.

4. വലിയവീട്ടിൽ കുളം മുതൽ പോളക്കുഴി വഴി പുഞ്ചത്തോട്ടിൽ ചെന്ന് ചേരുന്ന കൈത്തോട് വെട്ടി കൃഷിക്ക് ഉപയുക്തമാക്കുക.

5. വലിയവീട്ടിൽ ക്ഷേത്രത്തിന് മുൻവശത്തുള്ള റോഡിൽ നിന്നും പള്ളത്ത് മെയിൻ റോഡിൽ എത്തുന്ന ഒരു ബണ്ട് നിർമ്മിക്കുക.

6. കൊച്ചുവിള മുതൽ വള്ളികുന്നം പുഞ്ചയുടെ മദ്ധ്യഭാഗത്ത് കൂടി അവുത്താക്കുഴിയിൽ ചെന്ന് ചേരുന്ന ഒരു ബണ്ടും ആവശ്യമായ ചീർപ്പും നിർമ്മിക്കുക.

7. K.I.P കനാൽ എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുക.

8. വള്ളികുന്നം പുഞ്ചയിൽ നിലവിലുള്ള പമ്പ് ഹൗസിനു പടിഞ്ഞാറു വശത്ത് ശ്മശാനത്തിനു പടിഞ്ഞാറായി മറ്റൊരു പമ്പ് ഹൗസ് കൂടി സ്ഥാപിക്കുക.

9. കൂട്ടു കൃഷി സമ്പ്രദായം ഏർപ്പെടുത്തുക.

10. കൃഷി സ്ഥലങ്ങളിലേക്ക് സർക്കാർ രേഖകളിലുള്ള വഴികൾ ഗതാഗതയോഗ്യമാക്കണം.

11. കാർഷിക മേഖലകളിൽ കഴിയുന്നിടത്തോളം ജൈവ കീടനാശിനികൾ മാത്രം ഉപയോഗിക്കുകുവാൻ കർഷകരെ പ്രേരിപ്പിക്കുക.

## വാർഡ് 11

1. പുഞ്ചവാഴ്ക പുഞ്ചയുടെ കൈതക്കര, മുക്കനാൽ, ചെരുപ്പുചാൽ എന്നിവ കുഴിച്ച് ബണ്ട് വൃത്തിയാക്കി സംരക്ഷിക്കുക. ചെരുപ്പുച്ചാലിന്റെ പടിഞ്ഞാറെ അറ്റം സൈഡ് കെട്ടി തോടിനെ വേർതിരിക്കുക.

2. പുത്തൻചിറ ആഴംകൂട്ടി ജലസംഭരണിയാക്കുക.

3. പടയണിവട്ടം കുളം വൻമേലിൽ കുളം താഴത്തേൽ കുളം, മഠത്തിൽ കുളം എന്നിവ കുഴിച്ച് ആഴം കൂട്ടി സൈഡ് ഭിത്തി കെട്ടി സംരക്ഷിക്കുക.

4. പടയണിവട്ടം കുളത്തിൽ നിന്നും വള്ളികുന്നം പുഞ്ചയിലേക്കുള്ള തോട് കുഴിച്ച് ആഴം കൂട്ടി ജലസേചനത്തിന് ഉപയുക്തമാക്കുക.

5. വാലിൽ പടിഞ്ഞാറ് വശത്തുള്ള റോഡ് തീരുന്നിടത്ത് നിന്നും വടക്കോട്ടുള്ള തോട് നികത്തി ബണ്ട് ആക്കുകയും, വടക്കുള്ള തോടിന് കുറുകെ ടെമ്പോയും മറ്റും കടന്നുപോകാൻ പറ്റുന്ന തരത്തിൽ ഒരു ക്രോസ് ബാർ നിർമ്മിക്കുകയും ചെയ്യുക.

6. മന്തുണ്ടത്തിൽ പടിഞ്ഞാറുവശത്തുള്ള റോഡ് കൈതക്കരച്ചാൽ വരെ നീട്ടി ട്രാക്ടർ വേ ആക്കുക.

7. കൈതക്കരച്ചാലിന്റെ ബണ്ടുകൾ കെട്ടി സംരക്ഷിക്കുക.

## സാദ്ധ്യതകൾ

1. ഉപയോഗിക്കാൻ കഴിയുന്ന തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുകയും. ശേഷിക്കുന്ന തരിശ് ഭൂമിയിൽ കശുമാവ് പോലുള്ള ഫല വൃക്ഷങ്ങൾ കൃഷി ചെയ്യുന്നതിന് ഉപയോഗിക്കുകയും ചെയ്യുക.

2. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഫലപ്രദമായി നടപ്പാക്കുക.

3. കാലാകാലങ്ങളിൽ മണ്ണ് പരിശോധന നടത്തുകയും മണ്ണിന്റെ സ്വഭാവം അനുസരിച്ച് കൃഷി ക്രമീകരിക്കുകയും ചെയ്യുക.

4. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങൾ കൃഷിക്ക് ഉപയോഗിക്കുക.

5. കുളങ്ങളും ചാലുകളും ജലസ്രോതസ്സുകളാക്കി ജലസേചന പദ്ധതി ആവിഷ്കരിക്കുക.

6. പുതിയ ജലസേചന സംവിധാനങ്ങൾ ഉണ്ടാക്കുക.

7. പാടങ്ങൾ നികത്തുന്നതും കുഴിക്കുന്നതും കർശനമായി നിയന്ത്രിക്കുക.

9. പുതിയ നഴ്സറികൾ ആരംഭിക്കുക.

10. K.I.P. യുടേതുൾപ്പടെയുള്ള പുറംപോക്ക് ഭൂമി പഞ്ചായത്ത് ഏറ്റെടുത്ത് കൃഷിയോഗ്യമാക്കുക.

11. ആവശ്യമായ യന്ത്രോപകരണങ്ങൾ ലഭ്യമാക്കുന്നതിന് സഹായകരമായ അഗ്രോക്ലിനിക്കുകൾ സ്ഥാപിക്കുക,.

12. പഞ്ചായത്തിലെ മുഴുവൻ കൃഷികളും ഇൻഷ്വർ ചെയ്യുക.

13. കർഷക തൊഴിലാളി ക്ഷാമം പരിഹരിക്കാൻ തൊഴിൽ സേന രുപീകരിക്കുക.

14. കഴിയുന്നിടത്തോളം ജൈവവളങ്ങൾ മാത്രം ഉപയോഗിക്കുക. ഇത് സ്വന്തമായി നിർമ്മിക്കുക.

15. വ്യാപാര കേന്ദ്രങ്ങൾ സ്ഥാപിക്കുവാൻ മുൻകൈ എടുക്കുക.

16. 8-ാം വാർഡിലെ കണ്ണംകോമത്ത് വയലിലെ ജലക്ഷാമം പരിഹരിക്കാൻ പരിയാരത്ത് കുളത്തിൽ നിന്നും നീർച്ചാൽ ഉണ്ടാക്കി പമ്പ് സെറ്റ് സ്ഥാപിക്കുക.

17. വിത്ത് തേങ്ങ ശേഖരണം കാര്യക്ഷമമായി നടപ്പിലാക്കുക. ഇതിനായി കൃഷി ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടെ അനുഭവ സമ്പത്തുള്ള കർഷകരുടെ ഒരു സമിതി രുപീകരിച്ച് പ്രവർത്തിക്കുക.

18. കൃഷി വ്യവസായമാക്കാനുള്ള നടപടി സ്വീകരിക്കുക.

19. പരമ്പരാഗതമായ ചികിത്സകൊണ്ട് തെങ്ങുകളുടെ കാറ്റ് വീഴ്ച രോഗം ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. ഉദാ. മരോട്ടി അരി ചതച്ച് ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് കാണുന്നു.

20. പരമ്പരാഗതമായി ചികിത്സകൾക്കും മറ്റും ഉപയോഗിക്കുന്ന ഔഷധ സസ്യങ്ങളും മറ്റ് തരത്തിൽ പ്രയോജനമുള്ള സസ്യങ്ങളും വൃക്ഷങ്ങളും നാമവശേഷമായി കൊണ്ടിരിക്കുന്ന സസ്യവൃക്ഷ വർഗ്ഗങ്ങളും സംരക്ഷിക്കുന്നതിന് പഞ്ചായത്തിന്റെ ചുമതലയിൽ ഒരു തോട്ടം സ്ഥാപിക്കുക.

21. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള ഉപാധികൾ ലളിതമാക്കുക.

22. പാടശേഖര കമ്മിറ്റികൾ നെല്ലുൽപ്പാദക സമിതികൾ, കേര കർഷക സമിതികൾ, റബ്ബർ കൃഷി വികസന സമിതകൾ കുരുമുളക് കൃഷി വികസന സമിതികള എന്നിവയുടെ പ്രവർത്തനങ്ങൾ പഞ്ചായത്ത് സമിതികൾക്ക് നിയന്ത്രിക്കുന്നതിനും നിരീക്ഷിക്കുന്നതിനും അവസരം ഉണ്ടാക്കുക.

23. കർഷകർക്ക് കാലാകാലങ്ങളിൽ ശാസ്ത്രീയ സാങ്കേതിക വിദ്യകളെ സംബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

24. കർഷകന്റെ ആത്മാഭിമാനം വളർത്തുവാനും തൊഴിലിന്റെ മഹത്വം ജനങ്ങളെ ബോധ്യപ്പെടുത്തുവാനും ക്രിയാത്മക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുക.



# 4. മൃഗസംരക്ഷണവും മത്സ്യബന്ധനവും

പശു, എരുമ, ആട് എന്നിവയാണ് പഞ്ചായത്തിലെ വളർത്ത് മൃഗങ്ങൾ. പരിമിതമായ തോതിൽ കാളകളെയും പോത്തുകളെയും വളർത്തുന്നുണ്ട്. വളർത്തു പക്ഷികളിൽ കൂടുതലും കോഴികളാണ്. കുറഞ്ഞ തോതിൽ താറാവുകളെയും വളർത്തുന്നുണ്ട്. ഇപ്പോൾ ഗ്രാമ പഞ്ചായത്തിൽ 2255 പശുക്കളും 850 ആടുകളും 28 എരുമകളും 297 ഉഴവു കാളകളും പോത്തുകളും ആണുള്ളത്. പഞ്ചായത്തിലെ 80% വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. പഞ്ചായത്തിൽ ആകെ 9964 പിടക്കോഴികളും 486 പൂവൻ കോഴികളുമുണ്ട്. 504 പിടതാറാവുകളും 46 പൂവൻ താറാവുകളുമുണ്ട്. നെൽകൃഷി കുറഞ്ഞതും കാർഷിക രംഗത്തെ പ്രശ്നങ്ങളും വളർത്തു മൃഗങ്ങളുടെ എണ്ണം കുറയുവാൻ കാരണമാകുന്നു. നിരന്തരമായുണ്ടാകുന്ന കോഴി വസന്ത കോഴികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്തിയിട്ടുണ്ട്. റോഡുകളും വാഹന സൗകര്യം വർദ്ധിച്ചതും വണ്ടിക്കാളകളുടെ എണ്ണം കുറയുവാൻ കാരണമായി.

1996 ലെ സാമൂഹ്യ സാമ്പത്തിക സർവ്വേ പ്രകാരം പ്രതിദിനം 4100 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കപ്പെടുന്നു. ഉൽപ്പാദിപ്പിക്കുന്ന പാൽ വിറ്റഴിയുന്നതിന് ആവശ്യമായ സംവിധാനം പഞ്ചായത്തിൽ നിലവിലുണ്ട്. കാലിത്തീറ്റ വിലവർദ്ധനവ് വൈക്കോലിന്റെയും പുല്ലിന്റെയും അഭാവം, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ കന്നുകാലി വളർത്തലിനെ ദോഷകരാമായി ബാധിച്ച ഘടകങ്ങളാണ്. വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ നിലവിൽ 8 പാൽ സംഭരണ കേന്ദ്രങ്ങളുണ്ട്. ഇതിൽ 5 എണ്ണം APCOS

**പട്ടിക 1**

വളർത്തുമൃഗ സംഖ്യ

| | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശ വർദ്ധനവ് | മറ്റുള്ളവ | വംശ വർദ്ധനവ് | മറ്റുള്ളവ | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | കറവ യുള്ളത് | കറവ യില്ലാത്തത് | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| | – | 47 | - | 250 | 216 | 169 | 1140 | 730 | 17 | 11 | 10 | 850 | 1400 |

വളർത്തു പക്ഷി സംഖ്യ

**പട്ടിക 2**

| പൂവൻക്കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|
| | മുട്ടയിടുന്നത് | മുടയിടാത്തത് | പെൺ | ആൺ | |
| 1 | 2 | 3 | 4 | 5 | 6 |
| 486 | 7650 | 2314 | 504 | 46 | 56 |

സൊസൈറ്റികളും 3 സ്വകാര്യ പാൽ സംഭരണ കേന്ദ്രങ്ങളുമാണ്. APCOS സൊസൈറ്റികൾ നല്ല പ്രവർത്തനമാണ് കാഴ്ച വയ്ക്കുന്നത്.

വളർത്തു മൃഗങ്ങളുടെയും പക്ഷികളുടെയും എണ്ണം പട്ടികയായി താഴെ കാണിച്ചിരിക്കുന്നു.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ആണുള്ളത്. ഇത് രണ്ടാം വാർഡിന്റെ വടക്ക് കിഴക്ക് അതിർത്തിയിൽ സ്ഥിതി ചെയ്യുന്നു. ഇതിന്റെ സൗകര്യങ്ങൾ പഞ്ചായത്തിലെ മറ്റ് വാർഡുകളിൽ വേണ്ടത്ര ലഭിക്കുന്നില്ല. വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ 3, 5, 6, 7, 8, 9 10, 11 വാർഡുകളിൽ ഉള്ള കൃഷിക്കാർ 5 കി. മി. ദൂരെയുള്ള രണ്ടാം വാർഡിലെ മൃഗാശുപത്രിയിൽ കാലികളെ എത്തിക്കുവാൻ പ്രയാസപ്പെടുന്നു. സമയത്ത് ചികിത്സ കിട്ടാതെ കാലികൾ ചാവുന്ന സാഹചര്യം പോലുമുണ്ടാകുന്നു. കാലികളിൽ പൊതുവെ കണ്ടുവരുന്ന രോഗങ്ങൾ അകിടു വീക്കം, കുളമ്പ് രോഗം, ഉദരരോഗം മുടന്തൻപനി എന്നിവയാണ് രോഗ പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ശുചിത്വത്തെ കുറച്ചും കാലി കർഷകരിൽ നിലനിൽക്കുന്ന അജ്ഞത രോഗങ്ങളെ തുടക്കത്തിലെ ചികിത്സിച്ച് മാറ്റുന്നതിന് തടസ്സമാകുന്നുണ്ട്.

വള്ളികുന്നം പഞ്ചായത്തിൽ ഗോബർഗ്യാസ് പ്ലാന്റ് നിലവിലുണ്ട്. കൂടുതൽ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സാദ്ധ്യത ഉണ്ടെങ്കിലും കാലികർഷകരുടെ അജ്ഞതയും സാമ്പത്തിക പരാധീനതയും ഇതിന് തടസ്സമാകുന്നു. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും ആവശ്യമായ വരുന്ന ഇന്ധനത്തിന്റെ വലിയ ഒരു ഭാഗം ഗോവർ ഗ്യാസ് പ്ലാന്റുണ്ടെങ്കിൽ കണ്ടെത്താൻ കഴിയും. കൃഷിക്ക് ആവശ്യമായ ജൈവവളത്തിന്റെ വലിയ ഒരു പങ്ക് കാലി വളർത്തലിലൂടെ ഉണ്ടാക്കാം. മുൻകാലങ്ങളിൽ മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തലുണ്ടായിരുന്നു. എന്നാൽ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തത് കാരണം കോഴിവളർത്തൽ കുറഞ്ഞ് വരുന്നു. പഞ്ചായത്തിലെ ചില പ്രദേശങ്ങളിൽ താറാവ് കൃഷിക്ക് സാദ്ധ്യതയുണ്ട്. വളർത്തു മൃഗങ്ങളുടെ രോഗം സംബന്ധിച്ച വിവരങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക 3

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

കന്നുകാലികളുടെ രോഗ വിവരങ്ങൾ (1-04-96 മുതൽ 31-10-1996 വരെ)

| ക്ര.ന. | രോഗങ്ങൾ | പശു | എരുമ | ആട് | കോഴി |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ദഹന സംബന്ധമായവ | 289 | 23 | 94 | |
| 2 | ശ്വാസകോശ സംബന്ധം | 70 | - | 16 | |
| 3 | ഉപാപചയ സംബന്ധം | 120 | 2 | 1 | |
| 4. | ത്വക്ക് രോഗങ്ങൾ | 43 | - | - | |
| 5. | പരാദരോഗങ്ങൾ | 358 | 11 | 28 | |
| 6. | പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടത് | 55 | 1 | 9 | |
| 7. | വന്ധ്യത | 213 | 3 | 1 | |
| 8. | അകിട് വീക്കം | 113 | - | 21 | |
| 9. | മുടന്തൻ പനി | 167 | 7 | - | |
| 10. | പകർച്ച വ്യാധികൾ | - | - | - | 680 |

## പട്ടിക 4

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

പേവിഷബാധ – പ്രതിരോധവും ചികിത്സയും (01-04-96 മുതൽ 31- 10-1996 വരെ)

| വിവരം | പശു | ആട് | പട്ടി |
|---|---|---|---|
| പ്രതിരോധ കുത്തിവയ്പ്പ് നൽകിയവയുടെ എണ്ണം | – | – | 28 |
| കടിയേറ്റതിന് ശേഷം കുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം | 1 | 3 | - |

## പട്ടിക 5

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

കൃത്രിമ ബീജസങ്കലന വിവരങ്ങൾ (01-04-96 മുതൽ 31-101996 വരെ)

| വളർത്തു മൃഗം | ആകെ എണ്ണം | കൃത്രിമ ബിജസങ്കലനം | ഗർഭധാരണത്തിന് രണ്ടിൽ അധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 785 | 763 | 12 |
| കിടാരി | 248 | 240 | 8 |
| എരുമ | 35 | 35 | - |

### പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലകൂടുതൽ

2. പുല്ല് വൈക്കോൽ എന്നിവയുടെ ദൗർലഭ്യം

3. മൃഗ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

4. കോഴി വസന്ത് രോഗം തടയാൻ ഫലപ്രദമായ സംവിധാനം ഇല്ലായ്മ.

5. പേപ്പട്ടി ശല്യം.

6. സങ്കര ഇനം പശുക്കളുടെ പരിച്ചരണത്തിൽ ഉള്ള അജ്ഞത

7. കന്നുകാലിയെ വളര്ത്തുന്നതിന് സാമ്പത്തിക സഹായം ലഭിക്കാൻ പ്രയാസം

8. തൊഴുത്ത് നിർമ്മാണത്തിലെ അശാസ്ത്രീയത

### നിർദ്ദേശങ്ങൾ

1. ക്ഷീരകർഷകർക്ക് സൗജന്യമായി കാലിത്തീറ്റ ലഭ്യമാക്കുക.

2. പഞ്ചായത്തിൽ കൃത്രിമ ബീജദാന സൗകര്യമില്ലാത്ത സ്ഥലങ്ങളിൽ കൃത്രിമ ബീജദാന കേന്ദ്രങ്ങൾ സ്ഥാപിക്കുക.

3. വള്ളികുന്നം ഗവ: മൃഗാശുപത്രിയിൽ ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക

4. 50 സെന്റിൽ കൂടുതലുള്ള സ്ഥലത്ത് പുൽകൃഷി ചെയ്യുന്ന കർഷകന് കിണർ കുഴിക്കുന്നതിനും പമ്പ് സെറ്റ് വാങ്ങുന്നതിനും സബ്സിഡിയോട് കൂടി സാമ്പത്തിക സഹായം നൽകുക

5. പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് 10 പിടക്കോഴി കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ നൽകുക.

6. വളർത്ത് നായ്ക്കൾക്ക് നിർബന്ധമായും പ്രതിരോധ കുത്തിവയ്പ് നടത്തുക. പ്രതിരോധ കുത്തിവയ്പ്പ് നടത്താത്ത നായ്ക്കളെ കൊല്ലുന്നതിന് ഒരു സമയ ബന്ധിത പരിപാടി നടപ്പിലാക്കുക.

7. കന്നുകാലികളെ ഇൻഷ്വർ ചെയ്യുന്നതിനു വേണ്ട പ്രീമിയം തുകയുടെ 50% സബ്സിഡി അനുവദിക്കുക.

8. പഞ്ചായത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന എല്ലാ കർഷകർക്കും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും കറവ് മാടുകളെ വാങ്ങുന്നതിനും സാമ്പത്തിക സഹായം നൽകുക.

9. ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ കരുതൽ ധനമായി നിക്ഷേപിച്ചിട്ടുള്ള തുകകൾ പിൻവലിച്ച് കർഷകർക്ക് ലോണായി കറവ മാടുകളെ വാങ്ങുന്നതിന് ആവശ്യമായ നിയമ ഭേദഗതി APCOS സംഘങ്ങളിൽ വരുത്തുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുക.

10. പഞ്ചായത്തിൽ ഒരു വാർഡിൽ പ്രതിവർഷം 25 പേർക്കുവീതമെങ്കിലും 3 കറവമാടുകൾ ഉൾപ്പെടുന്ന മാതൃകാ ഡയറി യൂണിറ്റുകൾ നൽകുക.

സാദ്ധ്യതകൾ

ക്ഷീരകർഷകർ വളർത്തുന്ന കന്നുകാലികൾക്ക് ആവശ്യമായ കാലിത്തീറ്റ ലഭ്യമാക്കുന്നതിന് പഞ്ചായത്തിൽ ഒരു മിനി കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

2. പഞ്ചായത്തിലെ എല്ലാ കർഷകർക്കും കന്നുകാലി സംരക്ഷണ പരിശീലന സ്കീം നടപ്പിലാക്കുക.

3. പഞ്ചായത്തിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് ഇറച്ചിക്കോഴി / മുട്ടക്കോഴി വളർത്തുന്നതിന് പരിശീലനം നൽകുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

4. വള്ളികുന്നം പഞ്ചായത്തിൽ സഹകരണ അടിസ്ഥാനത്തിൽ ഒരു ഹാച്ചറി തുടങ്ങുകയും തെരഞ്ഞെടുത്ത 3000 വീടുകളിൽ കോഴി വളർത്തൽ ആരംഭിക്കുകയും കോഴിവസന്ത രോഗത്തിന് എതിരായ പ്രതിരോധ കുത്തിവയ്പ് നടത്തുകയും കുറഞ്ഞ വിലയ്ക്ക് കോഴിത്തീറ്റ ലഭ്യമാക്കുകയും ചെയ്യുക.

## മത്സ്യബന്ധനം

വള്ളികുന്നം ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന വള്ളികുന്നം ചിറ പുത്തൻചിറ പരിയാരത്തുകുളം വലിയകുളം ഇലങ്കത്തിൽ കുളം എന്നീ വലിയ കുളങ്ങളും ചിറകളും ചാലുകളും ആഴം കൂട്ടിയാൽ മത്സ്യകൃഷി ചെയ്യുന്നതിന് സാധിക്കും. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കുളങ്ങളിൽ മത്സ്യ കൃഷി ചെയ്യുന്നതിന് പ്രേരിപ്പിക്കുകയും സൗജന്യ നിരക്കിൽ മത്സ്യകുഞ്ഞുങ്ങളെ നൽകുകയും ചെയ്യുക.

പഞ്ചായത്തിലെ T.A. കനാലിലും പുഞ്ചപ്പാടങ്ങളിലും ഒരു കാലത്ത് സമൃദ്ധമായി ഉണ്ടായിരുന്ന നാടൻ മത്സ്യങ്ങളായ വരാൽ, മുശി, കാരി, കരട്ടി മുതുപ്പല, കുറുവ, പള്ളത്തി, പരൽ, ആരകൻ തുടങ്ങിയവയിൽ ചിലയിനങ്ങൾക്ക് വംശനാശം സംഭവിച്ചിരിക്കുന്നു അവശേഷിച്ചവ രോഗങ്ങളുടെ പിടിയിലുമാണ്. ഇതിന്റെ കാരണം അമിതമായ തോതിലുള്ള രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗവും പ്രജനന സമയത്തെ മീൻ പിടിത്തവുമാണ്. ഇവ നിയന്ത്രിച്ചാൽ പഞ്ചായത്തിലെ പരമ്പരാഗത മത്സ്യ സമ്പത്ത് കുറെയൊക്കെ സംരക്ഷിക്കുവാൻ കഴിയും.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിന്റെ ആധീനതയിലുള്ള കുളങ്ങളും ചാലുകളും ചിറകളും ആഴംകൂട്ടി മീൻ വളർത്തൽ കേന്ദ്രങ്ങളാക്കി മാറ്റുക.

2. പുഞ്ചപ്പാടങ്ങളിൽ മത്സ്യ കൃഷി നടത്തുവാൻ കർഷകരെ പ്രേരിപ്പിക്കുക.

3. സ്വകാര്യ വ്യക്തികളുടെ അധീനതയിലുള്ള കുളങ്ങളിൽ മത്സ്യ കൃഷി നടത്തുവാൻ പ്രേരിപ്പിക്കുകയും സൗജന്യ നിരക്കിൽ മത്സ്യ കുഞ്ഞുങ്ങളെ വിതരണം ചെയ്യുകയും വേണം.



# 5. വിദ്യാഭ്യാസം

ആഹാരം, വസ്ത്രം, പാർപ്പിടം ഇവ കഴിഞ്ഞാൽ മനുഷ്യനാവശ്യം വിദ്യാഭ്യാസമാണ്. ജീവനോപാധി കണ്ടെത്താനും സംസ്കാരം നിലനിർത്തി പരിപോഷിപ്പിക്കുവാനും വിദ്യാഭ്യാസം മനുഷ്യനെ സഹായിക്കുന്നു. മനുഷ്യന്റെ സമഗ്ര വ്യക്തിത്വ വികാസം ലക്ഷ്യമാക്കി വിദ്യാഭ്യാസ പദ്ധതി കരുപ്പിടിപ്പിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസം ഈ ലക്ഷ്യം സാധിക്കുമോ എന്ന് സംശയമാണ്. അതുകൊണ്ട് വിദ്യാഭ്യാസം ആകെ തന്നെ പരിഷ്കരിക്കേണ്ടതാണ്.

രാജ്യത്താകമാനമെന്നതുപോലെ വള്ളികുന്നത്തും വിദ്യാഭ്യാസം സാമൂഹ്യമാറ്റത്തിന് വഴിതെളിച്ചു. സാംസ്കാരികവളർച്ചയും വിദ്യാഭ്യാസവും പരസ്പരം ബന്ധപ്പെട്ട് കിടക്കുന്നു. സാംസ്കാരിക വിദ്യാഭ്യാസ മണ്ഡലങ്ങളിൽ പ്രകാശം പരത്തുന്ന ഒരു പറ്റം ഉജ്ജ്വല വ്യക്തികളെ സമൂഹത്തിന് സംഭാവന ചെയ്യാൻ ഈ കൊച്ചു ഗ്രാമത്തിന് കഴിഞ്ഞു. ഇവിടുത്തെ വിദ്യാലയങ്ങളിൽ പഠിച്ചു വളർന്ന വ്യക്തികൾ ജീവിതത്തിന്റെ വിവിധ .മേഖലകളിൽ ഉന്നത സ്ഥാനങ്ങളിൽ എത്തിയിട്ടുണ്ട്.

വിദ്യയുടെ വെളിച്ചം വള്ളികുന്നം നിവാസികളിലെത്തിച്ച പ്രഥമസ്ഥാപനം 1926-ൽ മണക്കാട്ടാരംഭിച്ച സംസ്കൃത പാഠശാലയാണ്. യശ:ശരീരനായ K.P. കൃഷ്ണൻ വൈദ്യനായിരുന്നു അതിന്റെ സ്ഥാപകൻ. ഇന്ന് S.N.D.P. സംസ്കൃത ഹൈസ്കൂളായി ആ സ്ഥാപനം ഉയർന്നു നില്ക്കുന്നു. ഉദാത്തമായ മനുഷ്യസ്നേഹത്തിന്റെ മാതൃകയാണ് ഈ സ്കൂളിന്റെ ആരംഭ ചരിത്രം. "99-ലെ വെള്ളപ്പൊക്ക"കാലത്ത് ജലപ്പരപ്പിലൂടെ തപ്പിത്തടഞ്ഞ് ഒരു കൊച്ചു പെൺകുട്ടിയെ കൈക്കു പിടിച്ചുകൊണ്ട് അതിന്റെ രക്ഷകർത്താവ് നാല് മൈൽ അകലെ ചങ്ങൻകുളങ്ങരയുള്ള വിദ്യാലയത്തിലേക്ക് പോകുന്നതുകണ്ട വൈദ്യർ വള്ളികുന്നത്ത് ഒരു പാഠശാല ആവശ്യമാണെന്ന് മനസ്സിലാക്കുന്നു. അങ്ങനെ അദ്ദേഹത്തിന്റെ ശ്രമഫലമായി മണയ്ക്കാട് സംസ്കൃത പാഠശാല രൂപം കൊള്ളുന്നു. വിദ്യാഭ്യാസം കച്ചവടമാകാതിരുന്ന അക്കാലത്ത് സ്വന്തം ധനവും സമയവും നാടിന്റെ നന്മയെ ലക്ഷ്യമാക്കി വിനിയോഗിച്ച ആ മഹത്‌വ്യക്തിയുടെ സ്മരണയ്ക്കുമുന്നിൽ നമുക്ക് ശിരസ്സു നമിക്കാം. ആ സന്മനസ്സിന്റെ സന്തതിയായതുകൊണ്ട് ഈ സ്കൂളിന് വള്ളികുന്നത്തിന്റെ സാമൂഹ്യമാറ്റത്തിന്റെ ഈറ്റില്ലമാകാൻ കഴിഞ്ഞു. സംസ്കൃത പാഠശാലയായി തുടങ്ങിയ ഈ സ്ഥാപനം പില്കാലത്ത് സാധാരണ സ്കൂളിന്റെ രീതിയിലേക്ക് പരിണമിക്കുകയും 1964-ൽ ഹൈസ്കൂളായി ഉയരുകയും ചെയ്തു.

തിരുവതാംകൂറിന്റെ നവോത്ഥാന കാലഘട്ടം എന്നു വിശേഷിപ്പിക്കാവുന്ന അൻപതുകളുടെ ആദ്യം ആരംഭിച്ചവയാണ് മറ്റു ചില വിദ്യാലയങ്ങൾ. 1951-ൽ മലമേൽ ചന്തക്കു സമീപം വള്ളികുന്നം ഹൈസ്കൂൾ സ്ഥാപിക്കപ്പെട്ടു. 1952-ൽ പെൺപള്ളിക്കൂടമായി വട്ടയ്ക്കാട്ട് ഗവ: L.P.S. രൂപം കൊണ്ടു. 1957-ൽ ഇതിനോടു ചേർന്ന് ഇലിപ്പക്കുളം ഗവ: ഹൈസ്കൂൾ രൂപം കൊണ്ടു. ഇപ്പോൾ ഈ സ്കൂളിൽ തന്നെ വൊക്കേഷണൽ ഹയർ സെക്കന്ററിയും പ്രവർത്തിക്കുന്നു. കൂടാതെ മണക്കാട് L.P.S. ഇലിപ്പക്കുളം U.P.S., അരീക്കര L.P.S., മേനി മെമ്മോറിയൽ L.P.S., ഗവ: വെൽഫെയർ L.P.S., വള്ളികുന്നം L.P.S. എന്നിങ്ങനെ മറ്റ് സ്കൂളുകളും നിലവിൽ വന്നു.

പഞ്ചായത്തിൽ 22 ആശാൻപള്ളിക്കൂടങ്ങളും 10 നഴ്സറികളും ഏഴ് അങ്കണവാടികളും പ്രവർത്തിക്കുന്നു. കൂടാതെ 9 പാരലൽ കോളേജുകൾ കേരളാ ഹിന്ദി പ്രചാരസഭയുടെ വിവിധ സർട്ടിഫിക്കറ്റുകൾക്കായുള്ള പഠനം നടക്കുന്ന ഒരു ഹിന്ദി വിദ്യാലയം MES നടത്തുന്ന ഒരു മന്ദബുദ്ധി വിദ്യാലയം 4

ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ എന്നിവയും വള്ളി കുന്നത്തുണ്ട്.

പുതിയ സ്കൂളുകൾ തുടങ്ങുന്നതിനുമുമ്പ് നിലവിലുള്ള സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുകയാണ് ആദ്യം ചെയ്യേണ്ടത്. ഇതിനായി പാഠ്യ വിഷയങ്ങളുടെയും പാഠ്യേതരവിഷയങ്ങളുടെയും പ്രയോഗരീതി കാര്യക്ഷമമാക്കണം. അധ:പതിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യവ്യവസ്ഥിതിയിൽ നിന്ന് രക്ഷപെടുത്തി ഉത്തമവിദ്യാഭ്യാസത്തിന് ഉതകുന്ന വിധത്തിൽ അധ്യാപകനേയും വിദ്യാർത്ഥിയേയും സജ്ജമാക്കുക. അതു വഴി സാമൂഹ്യ വ്യവസ്ഥിതിയെ പുന:സൃഷ്ടിക്കാൻ കഴിയും

അധ്യയനം ആരംഭിക്കുന്ന കുട്ടി ഒരു ക്ളീൻ സ്ളേറ്റാണ്. ആ സ്ളേറ്റിൽ ആര്, എന്ത് , എങ്ങനെ എഴുതണം എന്ന് തീരുമാനിക്കുമ്പോൾ വളരെയേറെ കരുതൽ ആവശ്യമാണ്. അതിനാൽ പാഠ്യപദ്ധതി രൂപപ്പെടുത്തുമ്പോഴും അദ്ധ്യാപകരെ തെരഞ്ഞെടുക്കുമ്പോഴും അവധാനത ആവശ്യമാണ്. പാണ്ഡിത്യവും ബോധന സാമർത്ഥ്യവും സഹിഷ്ണുതയുമുള്ളവരാകണം അധ്യാപകർ. അധ്യാപനം തൊഴിൽ എന്നതിനേക്കാൾ മഹനീയമായ ഒരു സർഗ്ഗപ്രക്രിയയാണ്. മറ്റു പരിഗണനകൾ ഒഴിവാക്കി ഗുരുവാകാൻ കഴിവും യോഗ്യതയുമുള്ളവർ അധ്യാപകരാകണം. അവർ സമൂഹത്തിന് മാതൃകയാവുകയും വേണം.

നമ്മുടെ നാട്ടിലെ രക്ഷകർത്താക്കൾ പൊതുവെ കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ താൽപര്യമുള്ളവരും അതിലുപരി ഉൽകണ്ഠയുള്ളവരുമാണ്. അതുകൊണ്ടു തന്നെ എങ്ങനെയും നല്ല വിദ്യാഭ്യാസം തങ്ങളുടെ കുട്ടികൾക്ക് നേടിക്കൊടുക്കാൻ യത്നിക്കുന്നു. ഇതിനായുള്ള പരക്കം പാച്ചിലിൽ പലപ്പോഴും കുട്ടികളുടെ അവകാശവും സ്വാതന്ത്ര്യവും അവഗണിക്കപ്പെടുന്നു. കുട്ടികൾക്ക് കളിക്കാനും ഉറങ്ങാനുമുള്ള സമയം പോലും കവർന്നെടുക്കുന്ന രീതിയിലാണ് ഇംഗ്ളീഷ് മീഡിയം സ്കൂളിലെ പാഠ്യക്രമം അതിനുമേൽ രക്ഷകർത്താക്കൾ നിയോഗിക്കുന്ന ട്യൂഷൻ ടീച്ചറും കൂടിയാകുമ്പോൾ കുട്ടിയുടെ അവസ്ഥ പരമ ദയനീയമാകുന്നു.

ഇതിന്റെ എതിർ ദിശയിലാണ് സാധാരണ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ രക്ഷിതാക്കളിൽ ഭൂരിപക്ഷവും. കുട്ടിയെ സ്കൂളിലയച്ചുകഴിഞ്ഞാൽ ഉത്തരവാദിത്വം തീർന്നു എന്ന മട്ടിലാണ് ഇവരുടെ പ്രതികരണം. തന്റെ കുട്ടി പഠിക്കുന്ന വിദ്യാലയത്തിലെ സൗകര്യം എങ്ങനെ, അവന്റെ പെരുമാറ്റം എങ്ങനെ, പഠനനിലവാരം എന്ത് ഈ കാര്യങ്ങൾ അന്വേഷിക്കുന്ന രക്ഷകർത്താക്കൾ വിരളമാണ്. PTA യോഗങ്ങളിൽ പങ്കെടുക്കുന്നവർ പോലും കുറവാണ്. ഇത്തരം കാര്യങ്ങൾ സ്വയം വിമർശന പരമായി ചിന്തിക്കാതെ വിദ്യാഭ്യാസ നിലവാരം തകർന്നു എന്ന് മുറവിളി കൂട്ടുന്നത് കേവലം വിമർശനം മാത്രമാണ്. വിദ്യാർത്ഥികളുടെ വിജയശതമാനമാണ് സ്കൂളിന്റെ നിലവാരത്തിന് മാനദണ്ഡമായി ഇപ്പോൾ കണക്കാക്കുന്നത്. പ്രവേശനപരീക്ഷനടത്തി രക്ഷിതാക്കളുടെ വിദ്യാഭ്യാസ സാമ്പത്തിക നിലവാരം നോക്കി അരിച്ചെടുത്ത് പരീക്ഷ ലക്ഷ്യമാക്കി വിദ്യാർത്ഥിയെ പരിശീലിപ്പിക്കുന്ന വിദ്യാലയങ്ങൾ 100% വിജയം കരസ്ഥമാക്കുന്നു. പരിമിതമായ സൗകര്യങ്ങളിൽ വിവിധ നിലവാരം പുലർത്തുന്ന വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയങ്ങളിൽ വിജയ ശതമാനം വളരെ കുറവും ഈ അവസ്ഥയെ ചൂഷണം ചെയ്താണ് ഇംഗ്ളീഷ് മീഡിയം സ്കൂളുകൾ വ്യാപിപ്പിക്കുന്നത്. നമ്മുടെ കാലാവസ്ഥയ്ക്ക് യോജിക്കാത്ത വേഷവിധാനമാണ് ഇംഗ്ളീഷ് മീഡിയം സ്കൂളിലെ കുട്ടികൾക്ക്. തണുപ്പു രാജ്യങ്ങളിലെ വേഷവിധാനങ്ങൾ ഉഷ്ണമേഖലാ രാജ്യങ്ങളിൽ യോജിക്കുകയില്ല. സ്കൂളുകളിലേക്കും തിരിച്ചും വാഹനങ്ങളിൽ മാത്രം യാത്ര ചെയ്യുന്ന ഈ കുട്ടികൾ നമ്മുടെ നാട് എന്തെന്നും നാട്ടുകാരാരെന്നും അറിയുന്നില്ല. ഭാവിയിൽ അന്യവത്കരിക്കപ്പെട്ട ഒരു തലമുറ ഇവിടെ വളർന്നു വന്നേക്കാം. അന്യ ദേശങ്ങളിൽ ജോലി നേടാനും മത്സരപരീക്ഷകളിൽ വിജയം നേടാനും ഇംഗ്ളീഷ് മീഡിയത്തിൽ പഠിച്ചു വളരുന്ന കുട്ടികൾക്ക് കഴിയുമെങ്കിലും അവർ നമ്മുടെ സംസ്കാരത്തിൽ നിന്നും അകലുന്നു. സാധാരണ സ്കൂളുകളാകട്ടെ ശോചനീയ അവസ്ഥയിലും ഈ സ്ഥിതിയിൽ വിദ്യാഭ്യാസത്തിന്റെ മഹനീയലക്ഷ്യം നേടാൻ നമ്മുടെ വിദ്യാലയങ്ങളെ സജ്ജമാക്കേണ്ടിയിരിക്കുന്നു.

വള്ളികുന്നം പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം

| ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | പട്ടികജാതി വിദ്യാർത്ഥികൾ | | |
|---|---|---|---|---|---|
| | | | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
| 2497 | 2376 | 4873 | 350 | 367 | 717 |

വള്ളികുന്നം പഞ്ചായത്തിൽ ഗവ:മേഖലയിൽ ഒന്നും പ്രൈവറ്റ് മേഖലയിൽ രണ്ടും ഹൈസ്കൂളുകൾ ഉണ്ട്. 2 സർക്കാർ LPS കളും 5 സ്വകാര്യ പ്രൈമറി സ്കൂളുകളും ഉണ്ട്. ഈ സ്കൂളുകളിലെല്ലാം കൂടി ആകെ 192 അദ്ധ്യാപകരും 4873 വിദ്യാർത്ഥികളും ഉണ്ട്.

ഹൈസ്കൂളുകളിലെ വിജയശതമാനം കഴിഞ്ഞ 5 വർഷത്തേക്ക് അവലോകനം ചെയ്തതിൽ നിന്നും വള്ളികുന്നം ഹൈസ്കൂളിലെ നിലവാരം നേരിയതോതിൽ വർദ്ധിക്കുന്നതായി കാണുന്നു. അതാകട്ടെ സംസ്ഥാന ശരാശരിയിൽ നിന്നും ഉയർന്നാണ് നില്ക്കുന്നത്. ഇലിപ്പക്കുളം ഗവ:ഹൈസ്കൂളിൽ ആദ്യത്തെ 4 വർഷം വളരെ അഭിമാനകരമായ വിജയനിലവാരമുണ്ടായിരുന്നു. എന്നാൽ അഞ്ചാമത്തെ വർഷം വിജയശതമാനം കുത്തനെ ഇടിഞ്ഞു. അതായത് മുൻ വർഷത്തിന്റെ പകുതിയിലും താഴെ വിജയനിലവാരത്തിൽ 10% മുതൽ 15% വരെ വ്യതിയാനത്തിന് കുട്ടികളുടെ ബോധനിലവാരം കാരണമാകാം. ഇലിപ്പക്കുളം ഗവ:ഹൈസ്കൂളിൽ 38% ഇടിവുണ്ടായതിനു കാരണം കുട്ടികൾ മാത്രമായിരിക്കില്ല. സ്കൂൾ നടത്തിലെ അപാകതയാകണം. ഗ്രാമത്തിലെ പരിമിതമായ സൗകര്യത്തിലും 75%വിജയം നേടിയ സ്കൂളിൽ തുടർന്നുള്ള വർഷത്തിൽ 35% ത്തിലേക്ക് കൂപ്പു കുത്തിയതിന് ഉത്തര വാദികൾ സമൂഹത്തിനു മുന്നിൽ കുറ്റവാളികൾ ആണ്. SNDP ഹൈസ്കൂളിൽ വിജയശതമാനം കുറഞ്ഞു വരുന്നു. പരിഹാരം കണ്ടേ മതിയാകൂ.

സ്കൂളുകളിലെ ഭൗതിക സൗകര്യങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതിന് യോജിച്ച തരത്തിലല്ല. ഹൈസ്കൂളിൽ ബഞ്ചും ഡസ്കും ഉണ്ടെങ്കിലും പ്രൈമറി സ്കൂളുകളിൽ ഡസ്കുകൾ ഇല്ല. ക്ളാസിലിരുന്ന് എഴുതുന്നതിന് ഇതുമൂലം കുട്ടികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്നു. ലൈബ്രറികൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. തന്മൂലം വിദ്യാർത്ഥികളുടെ വായനാശീലം പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. പരീക്ഷണശാലകൾ പ്രയോജനപ്പെടുത്തുന്നില്ല. ഇത് ശാസ്ത്രപഠനത്തെ അപൂർണ്ണമാക്കുന്നു. ക്ളാസിനുള്ളിലെ അവസ്ഥ ഇതാണെങ്കിൽ പുറത്തും സ്ഥിതി വ്യത്യസ്തമല്ല. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ആവശ്യമായ മൂത്രപ്പുരകളില്ല. പെൺകുട്ടികളുടെ മൂത്രപ്പുരകളിൽ ജലം ലഭ്യമല്ല. കളിസ്ഥലങ്ങൾ ഉണ്ടെങ്കിലും ശാസ്ത്രീയമായി സംവിധാനം ചെയ്തിട്ടില്ല. കളിസ്ഥലങ്ങളെ വിവിധ കുട്ടികൾക്കു യോജിച്ച കോർട്ടുകളായി മാർക്കു ചെയ്ത് സംരക്ഷിച്ചാൽ കുട്ടികളെ പരിശീലിപ്പിക്കുവാൻ കഴിയും. യോഗ്യതയുള്ള കായിക അദ്ധ്യാപകർ സ്കൂളുകളിൽ ഉണ്ടല്ലോ. ഇവർ ആത്മാർത്ഥതയോടെ പ്രവർത്തിച്ചാൽ നല്ല കായിക താരങ്ങളെ നമുക്ക് കണ്ടെത്തുവാൻ കഴിയും. കഴിവുറ്റ സ്പോർട്സ് ഗെയിംസ് താരങ്ങളെ സൃഷ്ടിച്ചിരുന്ന സ്കൂളാണ് വള്ളികുന്നം ഹൈസ്കൂൾ. ഈ സ്കൂളിന്റെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയം തന്നെ. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് നേരിയ തോതിലാണെങ്കിലും നമ്മുടെ പഞ്ചായത്തിൽ അനുഭവപ്പെടുന്നുണ്ട്. പ്രൈമറി തലത്തിൽ ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും സംഖ്യ ഏകദേശം തുല്യമാണ്. എന്നാൽ ഹൈസ്കൂളുകളിൽ ആൺകുട്ടികളുടെ എണ്ണത്തെക്കാൾ കുറവാണ് പെൺകുട്ടികളുടെ എണ്ണം. ഇത് ഗണ്യമായതോതിൽ ഇല്ല. പട്ടികജാതി വിദ്യാർത്ഥികളുടെ ഇടയിൽ പ്രൈമറി തലത്തിൽ ആൺകുട്ടികളുടേയും പെൺകുട്ടികളുടെയും എണ്ണം ഏകദേശം തുല്യമായിരുന്നത് ഹൈസ്കൂൾ തലത്തിൽ എത്തുമ്പോഴേക്കും പെൺകുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാകുന്നു. ഇതിൽ നിന്ന് കൊഴിഞ്ഞുപോകുന്നവരിൽ അധികവും പെൺകുട്ടികളാണെന്ന് കാണാം. ഇതിന്റെ കാരണങ്ങൾ കണ്ടെത്തി പരിഹാരം കാണേണ്ടതാണ്. ഈ പഞ്ചായത്തിലെ കുട്ടികൾ മറ്റ് സ്കൂളുകളിലേക്ക് പോകുന്ന സ്ഥിതിയുണ്ട്. സാമ്പത്തികശേഷിയുള്ള രക്ഷിതാക്കളുടെ സമർത്ഥരായ കുട്ടികളധികവും ചങ്ങൻകുളങ്ങര, കറ്റാനം, വെട്ടിക്കോട് പ്രദേശങ്ങളിലെ ഇംഗ്ളീഷ് മീഡിയം സ്കൂളുകളിലേക്ക് പോകുന്നു. സമർത്ഥരായ കുട്ടികൾ ഇങ്ങനെ പോകുന്നതുമൂലം. നാട്ടിലെ സ്കൂളുകളിലെ വിജയശതമാനം കുറയുന്നു.

P.T.A. എല്ലാ സ്കൂളുകളിലും ഉണ്ട്. പ്രവർത്തനം കാര്യക്ഷമമല്ല. പല സ്കൂളുകളിലും വാർഷിക പൊതുയോഗം നടത്തുക എന്നതുമാത്രമാണ് പ്രവർത്തനം. ഇതിനപവാദമായി ഇടയ്ക്കിടെ P T. A. യോഗങ്ങൾ കൂടുന്ന സ്കൂളുകളിൽ പോലും രക്ഷകർത്താക്കൾ ക്രിയാത്മകമായി പങ്കെടുക്കുന്നില്ല എന്ന പരാതിയുണ്ട്. ചിലസ്കൂളുകളിൽ മാതൃ സംഗമവും ചേരുന്നുണ്ട്. P.T.A. യും മാതൃസംഗമവും കാര്യക്ഷമമാക്കിയാൽ സ്കൂളിന്റെ നിലവാരം ഉയർത്താൻ കഴിയും. സാമ്പത്തികശേഷി കുറഞ്ഞ രക്ഷകർത്താക്കളുടെ കുട്ടികൾക്ക് ഈ സ്കൂളുകൾ ഉയർന്ന നിലവാരത്തോടെ പ്രവർത്തിക്കേണ്ടത് അത്യാവശ്യവാണ്.

സബ്ജില്ലാ, ജില്ലാതല കലാ കായിക മത്സരങ്ങളിൽ ഈ പഞ്ചായത്തിലെ കുട്ടികൾ സമ്മാനം നേടുന്നുണ്ട്. 96-97 വർഷത്തെ പന്തളം സബ് ജില്ല കലോത്സവത്തിൽ ഓവറോൾ ചാമ്പ്യൻ ഷിപ്പ് നേടുവാൻ വള്ളികുന്നം ഹൈസ്കൂളുകളിന്റെ U.P വിഭാഗത്തിന് കഴിഞ്ഞു. സംസ്കൃതകലോത്സവങ്ങളിൽ

പങ്കെടുത്ത് S.N.D.P. സംസ്കൃത ഹൈ സ്കൂളുകളിലെ കുട്ടികൾ സമ്മാനം വാങ്ങിയിട്ടുണ്ട്. ഇതിൽ നിന്ന് മന സ്സിലാകുന്നത് നമ്മുടെ നാട്ടിൽ കഴിവുള്ള കുട്ടികൾ ഉണ്ടെന്നാണ്. അവരെ കണ്ടെത്തി പരിശീലിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും സൗകര്യമുണ്ടാക്കേണ്ടതാണ്. പാഠ്യ വിഷയങ്ങളിൽ മാത്രമല്ല പാഠ്യേതര വിഷയ ങ്ങളിലും കുട്ടികൾ സമർത്ഥരാകണം. പരീക്ഷകളിൽ ഉന്നത വിജയം നേടുന്നവരെ പോലെ അഭിനന്ദനാർഹ രാണ് കലാകായിക മത്സരങ്ങളിലെ വിജയികളും.

നഴ്സറി സ്കൂളുകളുകളുടെ പ്രവർത്തനത്തെ നിരീക്ഷണവിധേയമാക്കേണ്ടതുണ്ട്. കുഞ്ഞുങ്ങളുടെ ആരോഗ്യകരമായ പ്രവർത്തികൾക്ക് യോജിച്ച സൗകര്യങ്ങളുണ്ടോ., യോഗ്യതയുള്ളവരാണോ പഠി പ്പിക്കുന്നത്, ആവശ്യത്തിന് കളിപ്പാട്ടങ്ങൾ ഉണ്ടോഎ ന്നൊക്കെ. അനിയന്ത്രിതമായി നഴ്സറി സ്കൂളുകൾ വ്യാപിക്കുവാൻ അനുവദിക്കരുത്. എല്ലാ വിധ സൗക ര്യങ്ങളും ഉള്ള സ്ഥലങ്ങളിലേ നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുവാൻ അനുവദിക്കാവൂ.

സിറോക്സിന്റെയും കമ്പ്യൂട്ടറിന്റെയും വരവ് ടൈപ്പ് റൈറ്റിംഗ് കോഴ്സിന് ദോഷകരമായി ബാധി ച്ചിട്ടുണ്ട്. കമ്പ്യൂട്ടർ പഠനത്തിലേക്ക് കുട്ടികൾ ആകർഷിക്കപ്പെടുന്നു. പാരലൽ കോളേജുകൾ ഇന്നത്തെ സ്കൂൾ വിദ്യാഭ്യാസത്തെയും കോളേജ് വിദ്യാഭ്യാസത്തെയും സഹായിക്കുന്നു. പരീക്ഷകൾ പാസ്സാകുവാൻ വിദ്യാർത്ഥികളെ സഹായിക്കുക യാണ് ഈ സ്ഥാപനങ്ങൾ ചെയ്യുന്നത്. അഭ്യസ്ഥവി ദ്യരായ തൊഴിൽ രഹിതർക്ക് ഒരു ആശ്വാസമാണ് പാര ലൽ കോളേജുകൾ. ലൈബ്രറികളുടെയും ആർട്സ് & സ്പോർട്സ് ക്ലബുകളുടേയും പ്രവർത്തനം വിദ്യാ ഭ്യാസ പരിപോഷണത്തിനുതകുന്ന തരത്തിൽ സംവി ധാനം ചെയ്യേണ്ടതാണ്. സാക്ഷരതാ പ്രവർത്തന ത്തിന്റെ ഒന്നാം ഘട്ടം ഫലപ്രദമായിരുന്നു. എന്നാൽ രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ തൃപ്തികരമല്ല. സാക്ഷരത പ്രവർത്തനം ഊർജ്ജസ്വലമാക്കിയില്ലെ ങ്കിൽ ഒന്നാം ഘട്ടത്തിൽ കൈവരിച്ച നേട്ടം നഷ്ട മാകും.

സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം വള്ളി കുന്നം പഞ്ചായത്തിലെ കുട്ടികൾ ഉന്നത വിദ്യാഭ്യാ സത്തിന് കായംകുളം, നങ്ങ്യാർകുളങ്ങര, മാവേലി ക്കര, പന്തളം, ശാസ്താംകോട്ട തുടങ്ങിയ സ്ഥലങ്ങ ളിലെ കോളേജുകളെയാണ് ആശ്രയിക്കുന്നത്. സാങ്കേ തിക വിദ്യാഭ്യാസത്തിനായി മേല്പറഞ്ഞ സ്ഥലങ്ങ ളിലേയും ഓച്ചിറ, പുതിയകാവ്, ചെങ്ങന്നൂർ എന്നിവി ടങ്ങളിലേയും സ്ഥാപനങ്ങളെ ആശ്രയിക്കുന്നു. ഈ അവസ്ഥ മുതലെടുക്കുന്നതിനായി മേൽ സ്ഥലങ്ങ ളിൽ ധാരാളം I.T.C. കളും മറ്റും രൂപം കൊള്ളുന്നു. ഈ സ്ഥാപനങ്ങളിലൊന്നും വേണ്ടത്ര സൗകര്യങ്ങ ളില്ല. അതിനാൽ ഇവിടങ്ങളിൽ പഠനം പൂർത്തിയാ ക്കുന്ന വിദ്യാർത്ഥികൾ എത്ര മാത്രം അറിവും വൈദ ഗ്ദ്ധ്യവും നേടുന്നുയെന്ന കാര്യത്തിൽ സംശയമുണ്ട്. അതുകൊണ്ട് എല്ലാവിധ സൗകര്യങ്ങളുമുള്ള ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം വള്ളികുന്നം പഞ്ചായത്തിൽ സ്ഥാപിക്കണം. മൂന്ന് ഹൈസ്കൂളു കൾ ഉള്ള വള്ളികുന്നം പഞ്ചായത്തിന് ഇത്തരം ഒരു സ്ഥാപനം അവശ്യം തന്നെ.

## പ്രശ്നങ്ങൾ

1. പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെ മേൽനോട്ടം നടത്തിപ്പ്.

2. സ്കൂളുകളുടെ നിലവാരത്തകർച്ച

3. ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത

4. P.T.A. ഫലപ്രദമായി പ്രവർത്തിക്കുന്നില്ല

5. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആകർഷണത്താൽ മിടുക്കരായ വിദ്യാർത്ഥികൾ സാധാരണസ്കൂളിൽ ചേരാൻ മടിക്കുന്നു.

6. പാഠ്യേതര വിഷയങ്ങളിൽ പരിശീലന പ്രോത്സാഹനങ്ങളുടെ അപര്യാപ്തത

7. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം

8. സമരം മൂലം സാദ്ധ്യായ ദിനങ്ങൾ നഷ്ടമാകുന്നു.

9. വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിന് ഫലപ്രദമായി ഇടപെടാൻ കഴിയുന്നില്ല.

10. മത്സര പരീക്ഷകളിൽ പഞ്ചായത്തിലെ കുട്ടികൾ പിന്തള്ളപ്പെടുന്നു. 11. പാഠ്യക്രമം പരിഷ്ക രിക്കുമ്പോൾ അതിനനുസരിച്ച് അദ്ധ്യാപകരെ തയ്യാ റാക്കുന്നില്ല.

12. ഉന്നതവിദ്യാഭ്യാസത്തിന് പഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് ദൂരദേശങ്ങളിലേക്ക് പേകേണ്ട തായി വരുന്നു.

## നിർദ്ദേശങ്ങൾ

1. നഴ്സറി സ്കൂളുകളുടെ പ്രവർത്തനത്തെ വിലയിരുത്താൻ പഞ്ചായത്ത് കമ്മിറ്റി ഒരു സമിതിയെ നിയേഗിക്കുക. നിയമാനുസൃതമായ സൗകര്യങ്ങൾ നഴ്സറികളിൽ ഉറപ്പു വരുത്തുക കഴിയുന്നതും നഴ്സ റികൾ അങ്കണവാടികളോട് ചേർന്ന് സ്ഥാപിക്കുക. പുതിയ അങ്കണവാടികൾ സ്ഥാപിക്കുമ്പോൾ അതി നോടൊപ്പം നഴ്സറി സൂകുളുകളും സ്ഥാപിക്കുക.

ആവശ്യമായത്ര കളിപ്പാട്ടങ്ങൾ നഴ്സറികളിൽ ഉണ്ടാകണം. കളികളിൽ കൂടി മാത്രം കുഞ്ഞുങ്ങളെ പഠിപ്പിക്കുക. കുഞ്ഞുങ്ങൾക്ക് ഗൃഹപാഠം നൽകാതിരിക്കുക.

2. വിദ്യാലയങ്ങളിലെ നിലവാരത്തകർച്ച പരിഹരിക്കാൻ അദ്ധ്യാപകർ വിചാരിച്ചാൽ ഒരു നല്ല പരിധിവരെ സാധിക്കും. ഇലിപ്പക്കുളം ഗവ: ഹൈസ്കൂളിലെ വിജയ ശതമാനം പരിശോധിച്ചാൽ ഇത് മനസ്സിലാക്കാവുന്നതാണ്. 92-93 മുതൽ 94-95 വരെയുള്ള കാലയളവിലെ വിജയശതമാനം അതിന് മുമ്പും പിമ്പുമുള്ള കാലങ്ങളിലെ വിജയ ശതമാനത്തേക്കാൾ ഉയർന്നു നിൽക്കുന്നു. നിലവാര തകർച്ചയ്ക്ക് പ്രധാന കാരണം. അദ്ധ്യാപകരുടെയും രക്ഷകർത്താക്കളുടെയും അനാസ്ഥയാണ്. വീട്ടിൽ നിന്ന് പുറപ്പെട്ട ശേഷം കുട്ടി എന്ത് ചെയ്തു എന്ന് അന്വേഷിക്കുന്ന രക്ഷകർത്താക്കൾ തുലോം കുറവാണ്. നിശ്ചയ ദാർഢ്യത്തോട് കൂടി അദ്ധ്യാപകരും രക്ഷകർത്താക്കളും കൂടി ശ്രമിച്ചാൽ നിലവാരമുയർത്താൻ കഴിയും.

3. കുട്ടികൾക്ക് പഠിക്കാൻ ആവശ്യമായ ഉപകരണ സൗകര്യം സ്കൂളിൽ തയ്യാറാക്കണം. കുട്ടികളുടെ ആരോഗ്യത്തിന് ഹാനികരമാകാത്ത വിധമുള്ള ബഞ്ചും ഡസ്ക്കും ഉണ്ടാകണം. ലൈബ്രറികളും ലബോറട്ടറികളും വിപുലപ്പെടുത്തി കുട്ടികൾക്ക് പ്രയോജനപ്പെടുത്തണം. കുട്ടികളുടെ എണ്ണത്തിനനുസരിച്ച് കക്കൂസുകൾ മൂത്രപ്പുരകൾ എന്നിവ ഉണ്ടാകണം. മൂത്രപ്പുരകളിലും കക്കൂസുകളിലും ജലം ലഭ്യമാക്കണം.

കുട്ടികളുടെ പഠനം പെരുമാറ്റം എന്നിവ സ്കൂളിനകത്തും പുറത്തും വീക്ഷിക്കപ്പെടണം. ഒറ്റയ്ക്ക് നിന്നാൽ നിരുപദ്രവിയും കൂട്ടം ചേർന്നാൽ ഉപദ്രവിയും എന്നത്. കുട്ടികളുടെ മനശാസ്ത്രമാണ്. അതു കൊണ്ട് എല്ലായിടത്തും കുട്ടികൾ നിരീക്ഷിക്കപ്പെടണം. ഇത് സാദ്ധ്യമാകണമെങ്കിൽ അദ്ധ്യാപകരും രക്ഷകർത്താക്കളും ഒരുമിച്ച് പ്രവർത്തിച്ചേ മതിയാകൂ. പാഠ്യേതര പ്രവർത്തനങ്ങൾക്ക് ആവശ്യമായ പണം P.T.A. യ്ക്ക് സ്വരൂപിക്കാൻ കഴിയും. P.T.A. യുടെ ഫലപ്രദമായ പ്രവർത്തനങ്ങളിലൂടെ സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്താം.

5. സ്കൂളിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തിയാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആകർഷണം. ഒരു പരിധിവരെ ചെറുക്കാം. അതിനായി ഇംഗ്ലീഷ് ഭാഷയും സാഹിത്യവും ഐഛിക മായി പഠിച്ചു ബിരുദം നേടിയവരെ മാത്രം ഇംഗ്ലീഷ് അദ്ധ്യാപകരമായി നിയമിക്കുക സ്വകാര്യ സ്കൂളുകളിലും ഇത് നിർബന്ധമായും നടപ്പാക്കണം. അപ്പർ പ്രൈമറി തലം മുതൽ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകളും പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണം.

6. വിദ്യാലയങ്ങളിലെ കളിസ്ഥലങ്ങൾ ഓരോ കളിക്കും യോജിച്ച കോർട്ടുകളായി മാറ്റുക. ശാസ്ത്രീയമായ പരിശീലനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുക. അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുക. P.T.A. യുടെ സഹായം കൂടി ഇതിനായി പ്രയോജനപ്പെടുത്തുക.

7. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുനർ നിർണ്ണയം ചെയ്യുക. 25 വിദ്യാർത്ഥികൾക്ക് ഒരു അദ്ധ്യാപകൻ എന്ന നിലയിൽ വേണം അദ്ധ്യാപക വിദ്യാർത്ഥി അനുപാതം ഒരോ കുട്ടിയേയും വ്യക്തി പരമായി ശ്രദ്ധിക്കുവാൻ തന്മൂലം അദ്ധ്യാപകനു കഴിയും. വ്യക്തിപരമായി ശ്രദ്ധിക്കപ്പെടുന്നു എന്ന് ബോദ്ധ്യപ്പെട്ടാൽ ഒരു കുട്ടിയും വഴിതെറ്റി പോകുകയില്ല. കുട്ടിയുടെ വ്യക്തിപരമായ പോരായ്മ കണ്ടെത്താൻ അദ്ധ്യാപകനു കഴിയും അതിന് പരിഹാരം കണ്ടെത്താനും കഴിയും.

8. വിദ്യാലയത്തിനകത്തും പുറത്തുമുള്ള സമരങ്ങൾ വിദ്യാലയ അന്തരീക്ഷം കലുഷമാക്കും. ഇത് അദ്ധ്യയനത്തെ സാരമായി ബാധിക്കും. മേൽ പറഞ്ഞ കാരണത്താൽ വിജയശതമാനം തകർന്നതിന് ദൃഷ്ടാന്തങ്ങൾ നമ്മുടെ പഞ്ചായത്തിൽ തന്നെയുണ്ട്. അതിനാൽ അനാവശ്യ സമരങ്ങൾ നിരുത്സാഹപ്പെടുത്തേണ്ടതാണ്.

9. സ്കൂളുകളുടെ പ്രവർത്തനത്തെ ഫലപ്രദമായി അവലോകനം ചെയ്യുന്നതിനും. സഹായങ്ങൾ ചെയ്യുന്നതിനും പഞ്ചായത്തിനു കഴിയണം. ജനകീയ അഭിലാഷത്തിന് അനുകൂലമായി സ്കൂളുകൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തണം. സ്വന്തം മേഖലയിൽ പ്രഗത്ഭരായ അദ്ധ്യാപകരെ പഞ്ചായത്തുകൾ പുരസ്കാരം നൽകി അഭിനന്ദിക്കണം.

10. മത്സര പരീക്ഷകൾക്കു വേണ്ടി കുട്ടികളെ പരിശീലിപ്പിക്കുവാനുള്ള സൗകര്യം സ്കൂൾ തലത്തിൽ സൃഷ്ടിക്കണം. ഇതിന് സ്കൂളിൽ തന്നെയുള്ള പ്രഗത്ഭരായ അദ്ധ്യാപകരുടെ കഴിവുകൾ പ്രയോജനപ്പെടുത്താം.

11. പാഠ്യക്രമം പരിഷ്കരിക്കുമ്പോൾ അദ്ധ്യാപകരെ അതിന് അനുസരിച്ച് പരിശീലിപ്പിച്ച് സജ്ജരാക്കണം. പരിഷ്കരിച്ച പാഠ്യ ക്രമം അതിനുശേഷം മാത്രം നടപ്പിലാക്കുക.

12. വള്ളികുന്നം പഞ്ചായത്തിൽ നിന്നും ഉന്നത വിദ്യാഭ്യാസത്തിന് ദൂരേയ്ക്ക് പോകേണ്ടതായി വരുന്ന കുട്ടികളുടെ സൗകര്യാർത്ഥം ഒരു ഉന്നത

സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഈ പഞ്ചായത്തിൽ സ്ഥാപിക്കണം. പ്രീഡിഗ്രി വിദ്യാഭ്യാസം കോളേജിൽ നിന്നും വേർപെടുത്തുമ്പോൾ ബദൽ സംവിധാനമായി വരുന്ന ഹയർ സെക്കൻഡറികളിൽ തൊഴിലധിഷ്ഠിത കോഴ്സുകൾ തുടങ്ങുക.

13. സ്കൂൾ കോംപ്ലക്സ് പരിപാടി നടപ്പിലാക്കുക. വിദ്യാഭ്യാസ പ്രശ്നം ചർച്ച ചെയ്യുവാനും പ്രാദേശികമായി പരിഹാരം കാണാനും അതു വഴി കഴിയും.

14. ആധുനിക വിദ്യാഭ്യാസ സങ്കേതങ്ങൾ എല്ലാ സ്കൂളുകളിലും സ്ഥാപിക്കുക.

15. സാമ്പത്തികമായും ബൗദ്ധികമായും പിന്നിൽ നിൽക്കുന്ന കുട്ടികളെ അയൽകൂട്ടങ്ങളിലൂടെ കണ്ടെത്തി പ്രത്യേക ശിക്ഷണം നൽകുക.

16. എല്ലാ സ്കൂളുകളിലും N.C.C. സ്ക്കൗട്ട് & ഗൈഡ്സ് എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുക.

17. P.T.A. യ്ക്ക് വിധേയമായി സ്കൂൾ വികസന സമിതികൾ രൂപീകരിക്കുക.

18. ചുറ്റുമതിൽ ഇല്ലാത്ത സ്കൂളുകളിൽ ചുറ്റുമതിൽ സ്ഥാപിക്കുക.

19. പാരാമെഡിക്കൽ കോഴ്സുകൾ നടത്തുന്ന ഒരു സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കുക.



പട്ടിക 1

## കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

| | ആകെ കുട്ടികൾ | | | SC/ST കുട്ടികളുടെ എണ്ണം | | |
|---|---|---|---|---|---|---|
| സ്റ്റാൻഡേർഡ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 242 | 202 | 444 | 27 | 24 | 51 |
| II | 253 | 223 | 476 | 33 | 18 | 51 |
| III | 225 | 242 | 467 | 20 | 34 | 54 |
| IV | 205 | 225 | 430 | 23 | 31 | 54 |
| V | 222 | 220 | 442 | 36 | 38 | 74 |
| VI | 267 | 259 | 526 | 32 | 35 | 67 |
| VII | 248 | 222 | 470 | 43 | 34 | 77 |
| VIII | 309 | 259 | 568 | 58 | 60 | 118 |
| IX | 277 | 263 | 540 | 46 | 52 | 98 |
| X | 249 | 261 | 510 | 32 | 41 | 73 |
| ആകെ | 2497 | 2376 | 4873 | 350 | 367 | 717 |

## പട്ടിക 2 സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങളുടെ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനിയും മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ആവശ്യമുള്ള കെട്ടിടം നിർമ്മിക്കാൻ ഭൂമി ഉണ്ട് / ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര എത്ര കുട്ടികൾക്ക് ഒരേ സമയം ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകൾ | കുടിവെള്ള സംവിധാനം ഉണ്ട് / ഇല്ല കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട് / ഇല്ല | പാചകമുറി | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചർ മതിയാകും / ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡെസ്ക് | ബെഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| H.S വള്ളികുന്നം | 38 | 8 | - | - | 45 | - | - | - | - | 2 | 10 | 2 | - | - | ഉണ്ട് | ഉണ്ട് | 1 | 2 | ഇല്ല | 50 | 50 | 15 | 15 | 10 |
| S.N.D.P H.S | 18 | 1 | 5 | - | 5 | 26 | - | - | - | 2 | 16 | 2 | 1 | - | ഉണ്ട് | ഉണ്ട് | - | 2 | ഇല്ല | 60 | 60 | 5 | 25 | 8 |
| G.H.S. ഇലിപ്പക്കുളം | 22 | 4 | - | 1 | 17 | - | 5 | 5 | ഉണ്ട് | 2 | 4 | 2 | 2 | 1 | ഉണ്ട് | ഉണ്ട് | - | 2 | ഇല്ല | 50 | 50 | 10 | 10 | 2 |
| U.P.S ഇലിപ്പക്കുളം | 18 | 4 | - | - | 25 | - | - | - | - | 2 | 6 | 2 | - | - | ഉണ്ട് | ഉണ്ട് | - | 1 | ഇല്ല | 107 | 10 | 2 | 2 | 2 |
| മണക്കാട് L.P.S | 10 | 1 | - | - | 12 | - | - | - | - | - | - | 2 | - | - | ഉണ്ട് | ഇല്ല | - | - | ഇല്ല | 40 | 5 | 2 | 3 | 5 |
| L.P.S അരീക്കര | 12 | 3 | 1 | - | 12 | 1 | - | - | - | 1 | 4 | 1 | - | - | ഉണ്ട് | ഉണ്ട് | 1 | - | ഇല്ല | 72 | 21 | 14 | 14 | 2 |
| M.M. L.P.S കടുവിനാൽ | 4 | 1 | - | - | 5 | - | - | - | - | - | - | 1 | - | - | ഉണ്ട് | ഉണ്ട് | 1 | - | ഇല്ല | 32 | - | - | 4 | 1 |
| W.L.P.S വള്ളികുന്നം | 5 | 2 | - | - | 8 | - | - | - | - | 2 | 10 | 1 | - | - | ഉണ്ട് | ഇല്ല | 1 | - | ഇല്ല | 45 | - | 1 | 2 | 3 |
| L.P.S വള്ളികുന്നം | 10 | 1 | - | - | 11 | - | - | 1 | - | 1 | 4 | 2 | - | - | ഉണ്ട് | ഉണ്ട് | 1 | - | ഇല്ല | 50 | 10 | 5 | 5 | 1 |
| G.L.P.S ഇലിപ്പക്കുളം | 8 | 1 | - | - | 4 | - | - | 4 | - | - | - | 2 | - | - | ഉണ്ട് | ഇല്ല | - | - | ഇല്ല | 40 | 20 | 4 | 4 | 2 |

## പട്ടിക 3 അക്കാദമിക് സൗകര്യങ്ങൾ

| സ്കൂളിന്റെ പേര് | ലൈബ്രറി ഉണ്ട് / ഇല്ല (പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല) | ലബോറട്ടറി / സയൻസ് കോർണർ ഉണ്ട് / ഇല്ല (പ്രവർത്തിക്കുന്നു / പ്രവർത്തിക്കുന്നില്ല) | പഠനോപകരണങ്ങൾ ചാർട്ടുകൾ ഗ്ലോബുകൾ ഉണ്ട് / ഇല്ല | ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ - എണ്ണം: റേഡിയോ | ടേപ്പ് റിക്കോർഡർ | ടി.വി സെറ്റ് | വി.സി.ആർ / വി.സി.പി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ഓവർ ഹെഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ്: ആവശ്യമുള്ളത് | നിലവിലുള്ളത് | 95-96 ൽ ലഭിച്ച അധ്യയന ദിവസം | സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യയന ദിനം | പ്രത്യേക പൊതു അവധികളിലൂടെ നഷ്ടം വന്ന അധ്യയന ദിനങ്ങൾ | മാതൃസംഗമം സജീവം / സജീവമല്ല | ക്ലബ്ബ് ഉം പി.ടി.എ കൾ പ്രവർത്തിക്കുന്നു / ഇല്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 |
| S.N.D.P.H.S | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | 18 | 20 | 183 | 11 | 6 | സജീവമല്ല |
| G.H.S. ഇലിപ്പക്കുളം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 23 | 23 | 181 | 12 | 7 | സജീവമല്ല |
| U.P.S ഇലിപ്പക്കുളം | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 18 | 22 | 193 | - | 7 | സജീവമല്ല |
| മണക്കാട് L.P.S | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | 193 | - | 7 | സജീവം |
| L.P.S അരീക്കര | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 12 | 192 | - | 8 | സജീവം |
| M.M.L.P.S കടുവിനാൽ | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 4 | 193 | - | 7 | സജീവമല്ല |
| W.L.P.S വള്ളികുന്നം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 5 | 8 | 193 | - | 7 | സജീവം |
| L.P.S. വള്ളികുന്നം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 10 | 10 | 185 | - | 15 | സജീവം |
| G.L.P.S ഇലിപ്പക്കുളം | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8 | 8 | 193 | - | 7 | സജീവം |

## പട്ടിക 4
## സ്കൂളിന്റെ പൊതു വിവരങ്ങൾ

| സ്കൂളിന്റെ പേര് | ഹൈസ്കൂൾ U.P. L.P. Pre-primary | സ്കൂളിന്റെ ഉടമസ്ഥത | | | | കുട്ടികളുടെ എണ്ണം | | | | അദ്ധ്യാപകരുടെ എണ്ണം | | | സ്കൂൾ കാമ്പസിന്റെ മൊത്തം വിസ്തീർണ്ണം | കളിസ്ഥലത്തിന്റെ വിസ്തീർണ്ണം | ഒന്നിനും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സർക്കാർ | എയിഡഡ് | അൺ എയിഡഡ് | അംഗീകാരം ഇല്ലാത്തത് | ആൺ | പെൺ | ആകെ | ആകെ അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകളുടെ എണ്ണം | ദീർഘകാല ലീവുള്ളവർ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
| H.S. വള്ളികുന്നം | H.S. | | | - | - | 608 | 581 | 1189 | 48 | 48 | - | - | 3.5 എക്കർ | 1 എക്കർ | NIL |
| S.N.D.P.H.S. | H.S. | | | - | - | 338 | 331 | 669 | 33 | 33 | - | - | 3 എക്കർ | 1.5 എക്കർ | NIL |
| G.H.S. ഇലിപ്പക്കുളം | H.S. | | | - | - | 434 | 414 | 848 | 36 | 35 | 1 | - | 2.31 എക്കർ | 1.5 എക്കർ | 50 സെന്റ് |
| U.P.S ഇലിപ്പക്കുളം | U.P. | | | - | - | 338 | 303 | 641 | 22 | 22 | - | - | 1 എക്കർ | 50 സെന്റ് | NIL |
| മണക്കാട് L.P.S. | L.P. | | | - | - | 117 | 123 | 240 | 10 | 10 | - | - | 31 സെന്റ് | 10 സെന്റ് | NIL |
| L.P.S. അരീക്കര | L.P. | | | - | - | 200 | 221 | 421 | 14 | 14 | - | - | 30 സെന്റ് | NIL | NIL |
| M.M.L.P.S. കടുവിനാൽ | L.P. | | | - | - | 57 | 62 | 119 | 5 | 5 | - | - | 101 സെന്റ് | 80 സെന്റ് | NIL |
| W.L.P.S. വള്ളികുന്നം | L.P. | | | - | - | 89 | 74 | 163 | 6 | 6 | - | - | 15 സെന്റ് | NIL | NIL |
| L.P.S. വള്ളികുന്നം | L.P. | | | - | - | 181 | 168 | 349 | 11 | 11 | - | - | 35 സെന്റ് | NIL | NIL |
| G.L.P.S. ഇലിപ്പക്കുളം | L.P. | | | - | - | 125 | 105 | 230 | 9 | 8 | - | 1 | 1 | NIL | NIL |

## സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| ക്രമ നമ്പർ | സ്കൂൾ | മെറിറ്റ് സ്കോളർഷിപ്പ് | ലംപ്സം ഗ്രാന്റ് | മുസ്ലീം പെൺകുട്ടികളുടെ സ്കോളർഷിപ്പ് | വികലാംഗ സ്കോളർഷിപ്പ് | ജവാന്മാരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം | ബീഡിത്തൊഴിലാളി സ്കോളർഷിപ്പ് | മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
| 1. | H.S. വള്ളികുന്നം | 15 | 211 | 45 | 5 | 50 | 2 | 1 | 1 |
| 2. | S.N.D.P. Skt. H.S. | 54 | 99 | 88 | 3 | - | - | 2 | 1 |
| 3. | G.H.S. ഇലിപ്പക്കുളം | 32 | 138 | 74 | 5 | 3 | - | 3 | - |
| 4. | U.P.S. ഇലിപ്പക്കുളം | – | 80 | - | - | 2 | - | - | - |
| 5. | മണക്കാട് L.P.S. | - | 38 | - | - | - | - | - | - |
| 6. | അരീക്കര L.P.S. | - | 34 | - | - | - | - | - | - |
| 7. | M.M.L.P.S. കടുവിനാൽ | – | 19 | - | - | - | - | - | - |
| 8. | W.L.P.S. വള്ളികുന്നം | – | 34 | - | - | 2 | - | - | - |
| 9. | വള്ളികുന്നം L.P.S. | 4 | 45 | - | - | - | - | - | - |
| 10. | G.L.P.S. ഇലിപ്പക്കുളം | – | 35 | - | 1 | 7 | - | - | - |

ചെലവു സംബന്ധിച്ച വിവരങ്ങൾ (ആവർത്തന സ്വഭാവമുള്ളത്)

| | ചെലവ് | | | | | | | | വരവ് A | | | വരവ് B | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്കൂൾ കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾക്ക | ഉപകരണങ്ങൾ/ഫർണിച്ചറുകൾ അറ്റകുറ്റ പണികൾക്ക | ഉപകരണങ്ങൾ, രാസവസ്തുക്കൾ ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ-വിനോദങ്ങൾക്ക | ലൈബ്രറികൾക്ക | ഉച്ചക്കഞ്ഞിക്ക് | മറ്റിനങ്ങൾക്ക | സർക്കാർ | തദ്ദേശസ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | P.T.A ഫണ്ട് | മറ്റു മാർഗ്ഗത്തിലുള്ള വരവ് | ആകെ വരവ് |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 |
| H.S. വള്ളികുന്നം | - | - | - | 800 | 10000 | 1000 | 5500 | 1000 | 4000 | - | 4000 | 8500 | 15000 | 5000 | - | 31800 |
| S.N.D.P. Skt. H.S. | 300 | 500 | 1200 | 250 | 2000 | 200 | 9200 | 500 | 4000 | - | 4000 | - | 3082 | - | 200 | 3282 |
| G.H.S ഇലിപ്പക്കുളം | 15000 | 5000 | 1500 | 250 | 500 | 200 | 3000 | 2000 | 15000 | 2500 | 17500 | 5000 | 1000 | 4000 | 2000 | 29500 |
| U.P.S. ഇലിപ്പക്കുളം | | | | | | | | | | | | | | | | |
| മണക്കാട് L.P.S. | 1650 | - | - | 70 | 3000 | - | 3205 | 443 | 3696 | - | 2550 | - | - | 1146 | - | 3690 |
| അരീക്കര L.P.S | - | - | - | 250 | 1050 | - | 4500 | 150 | 3000 | - | 3000 | - | - | - | - | 3000 |
| M.M.L.P.S. കടുവിനാൽ | - | - | - | 75 | 60 | - | 2935 | 500 | 857 | - | 1655 | | - | 798 | - | 1655 |
| W.L.P.S. വള്ളികുന്നം | 4605 | - | - | 50 | 100 | - | 5055 | 652 | 2570 | 1000 | 3570 | | - | 3606 | 590 | 7766 |
| വള്ളികുന്നം L.P.S. | 12000 | 3000 | - | 500 | 10000 | - | 7550 | 1250 | 1800 | - | 1800 | - | 12000 | 5365 | 1500 | 20665 |
| G.L.P.S. ഇലിപ്പക്കുളം | - | - | - | 100 | 150 | - | 4300 | - | 1176 | - | 1176 | - | - | 675 | 900 | 1575 |

# 6. കുടിവെള്ളവും പൊതുജനാരോഗ്യവും

ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്. വള്ളികുന്നം പഞ്ചായത്തിലെ ജനങ്ങളുടെ പൊതുവായ ആരോഗ്യ സ്ഥിതി തൃപ്തികരമല്ല. പോഷകാഹാരത്തിന്റെ കുറവ് ശരീരത്തെ ബാധിക്കുന്നു. സാമ്പത്തിക സാമൂഹിക പ്രശ്നങ്ങൾ മനസ്സിനെ അലട്ടുന്നു. ഇത് നമ്മുടെ ഗ്രാമീണരുടെ ആരോഗ്യകരമായ ജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു.

ശാസ്ത്രവും ആധുനിക ചികിത്സാ രംഗവും വളരെയേറെ പുരോഗമിച്ചെങ്കിലും നമ്മുടെ ഗ്രാമം ഈ രംഗത്ത് ഇന്നും പിന്നോക്കാവസ്ഥയിലാണ്. സർക്കാർ മേഖലയിൽ ഈ ഗ്രാമത്തിൽ ആകെ ഉള്ളത് ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം മാത്രമാണ്. സ്വകാര്യ മേഖലയിൽ 6 അലോപ്പതി ചികിത്സാ കേന്ദ്രങ്ങളും 4 ആയുർവേദക്ളിനിക്കുകളും 2 പാരമ്പര്യ വൈദ്യശാലകളും ഒരു ഗ്രാന്റ് - ഇൻ - എയ്ഡ് ആയുർവേദ വൈദ്യശാലയും 3 ഹോമിയോ ക്ളിനിക്കുകളുമാണ് നിലവിലുള്ളത്. 2 സ്വകാര്യ വിഷവൈദ്യന്മാർ ഉണ്ടെങ്കിലും ഒരാൾ മാത്രമാണ് നാമമാത്രമായെങ്കിലും ചികിത്സ നടത്തുന്നത്. ഇത്രയും സ്ഥാപനങ്ങൾ ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ പൊതു ആരോഗ്യ സ്ഥിതിയിൽ ഇതിന് അനുസൃതമായ ഗുണം കാണുന്നില്ല. 1995-96 വർഷത്തിൽ 888 ജലജന്യ രോഗങ്ങളും 6025 വായുജന്യ രോഗങ്ങളും 16 പ്രാണിജന്യ രോഗങ്ങളും 203 ത്വക് രോഗങ്ങളും 729 വാതരോഗങ്ങളും 3419 മറ്റു രോഗങ്ങളും ആയി മൊത്തം 16280 ഒ. പി. നമ്മുടെ പ്രാഥമിക കേന്ദ്രത്തിൽ മാത്രമായി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 1987 -ൽ ആലപ്പുഴ ജില്ലയിൽ വിവിധ ഔഷധചികിത്സ തുടങ്ങിയപ്പോൾ ഉണ്ടായിരുന്ന 28 കുഷ്ഠരോഗബാധിതരിലും തുടർന്ന് കണ്ടു പിടിക്കാൻ കഴിഞ്ഞ 22 പേരിലും ഇപ്പോൾ ചികിത്സ ആവശ്യമുള്ളത് 3 പേർക്ക് മാത്രമാണ്.

കുടുംബാസൂത്രണ പരിപാടികൾ ഫലപ്രദമായി നടക്കുന്നതിനാൽ കുടുംബത്തിലെ അംഗത്തിന്റെ എണ്ണം ശരാശരി 5 ആണ്. ശിശു മരണനിരക്ക് ഒരു ശതമാനം തന്നെയില്ല. 5 വയസ്സിൽ താഴെയുള്ള എല്ലാ കുട്ടികൾക്കും രോഗപ്രതിരോധ കുത്തിവെപ്പുകൾ എടുത്തിട്ടുണ്ട്. L.P.S. സ്കൂളിൽ നടത്തിയ ആരോഗ്യ പരിശോധനയിൽ കുട്ടികളിൽ ഏറ്റവും കൂടുതലായി കണ്ടത് വിളർച്ചയും ദന്തരോഗങ്ങളും ത്വക് രോഗങ്ങളും ആണ്. സാംക്രമികരോഗങ്ങൾ അപൂർവ്വമായേ കാണാറുള്ളു. സംസ്ഥാനത്തിന് പുറത്തുപോയി വരുന്നവരിൽ ചിലരിൽ മാത്രം കാണുന്ന മലമ്പനി ആണ് ഇതിന് ഒരു അപവാദം

വള്ളികുന്നത്ത് നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കശുവണ്ടി - കക്കാനീറ്റ്- ഇഷ്ടിക ഫാക്ടറികളിൽ നിന്നുയരുന്ന പുക അന്തരീക്ഷമലിനീകരണം ഉണ്ടാക്കുന്നു. ഇതു മൂലം പരിസരവാസികൾക്ക് പല വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളെ നേരിടേണ്ടി വരുന്നു.

പഞ്ചായത്തിലെ മാർക്കറ്റുകളിൽ ശുചീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല. മാർക്കറ്റുകളിലും മത്സ്യക്കച്ചവടക്കാർ കൂടുതലായി താമസിക്കുന്ന കാരാണ്മ, കടുവിനാൽ തുടങ്ങിയ ലക്ഷം വീടു കോളനികളിലും ഐസിട്ട മത്സ്യം വേണ്ടത്ര ഭദ്രതയില്ലാതെ ദിവസങ്ങളോളം വച്ചിരുന്ന് കച്ചവടം നടത്തുന്നു. ഈ മത്സ്യം വാങ്ങി ഉപയോഗിക്കുന്നത് ആരോഗ്യത്തിന് ഹാനീകരമാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അനധികൃതമായി ഒറ്റപ്പെട്ട ആട് മാട് വെട്ടുകൾ നടക്കുന്നുണ്ട്. 5,7 വാർഡുകളിൽ കശാപ്പ് കൂടുതലായി നടക്കുന്നതിലൂടെ ഉണ്ടാകുന്ന അവശിഷ്ടങ്ങൾ വേണ്ട രീതിയിൽ കൈകാര്യം ചെയ്യാത്തതിനാൽ പരിസര വാസി

കൾക്ക് പലവിധത്തിൽ ബുദ്ധിമുട്ടുണ്ടാകുന്നു.

പഞ്ചായത്തിലെ പൊതു നിരത്തുകൾക്കും മാർക്കറ്റുകൾക്കും മലിനജലം ഒഴുകിപ്പോകുന്നതിന് ആവശ്യമായ ഓടകൾ നിലവിലില്ല. പാടങ്ങൾ നികത്തുന്നതു മൂലം ഒറ്റപ്പെട്ട പാടങ്ങളിലും കുഴിച്ച് മണ്ണ് എടുത്ത് അതിലൂടെ തരിശാക്കിയിട്ടിരിക്കുന്ന വെള്ള കെട്ടുകളിൽ നിന്നുള്ള കൊതുകു ശല്യം അസഹനീയമാണ്. 2- വാർഡിൽ മഠത്തിൽ വീടിനും കൃഷ്ണ വിലാസം വീടിനുമിടയിലായി ഒറ്റപ്പെട്ടു കിടക്കുന്ന കണ്ടത്തിലും നഗരൂർ കുളങ്ങര വീടിന് കിഴക്കുവശത്ത് വലിയകുളത്തിലും ചൂനാടു ചന്തയുടെ തെക്കുവശത്ത് വെള്ളം കെട്ടി കിടക്കുന്ന നിലങ്ങളിലും 4-ാം വാർഡിൽ മണക്കാട് തെക്കേ വളവിലും കണിയാൻ മുക്കിലും മഴക്കാലത്ത് വെള്ളം കെട്ടിനില്ക്കുന്ന മറ്റു ചില സ്ഥലങ്ങളിലുമാണ് ഈ പ്രശ്നം പ്രധാനമായും ഉള്ളത്. 9-ാം വാർഡിൽ മൈനാഗപ്പള്ളിത്തറ ഭാഗത്തുനിന്നും തെക്കോട്ടുള്ള ഓടയിൽ മലിനജലം കെട്ടിക്കിടക്കുന്നതുമൂലം കൊതുകുശല്യം കൂടുതലാണ്. പൊതുവായി പറഞ്ഞാൽ എല്ലാ വാർഡിലും മലിനജലം മൂലമുള്ള കൊതുകുശല്യമുണ്ട്. കൂടാതെ അശ്രദ്ധമായി ഉപയോഗിക്കുന്ന സേഫ്ടി ടാങ്കുകളിൽ നിന്നും കൊതുകുകൾ വ്യാപിക്കുന്നു.

## പരിഹാരനിർദ്ദേശങ്ങൾ

ഫാക്ടറികളിൽ നിന്ന് ഉണ്ടാകുന്ന അന്തരീക്ഷ മലിനീകരണം തടയുന്നതിനായി ശാസ്ത്രീയമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക.

പഞ്ചായത്തിൽ പൊതു മാർക്കറ്റുകളിലെ ശുചീകരണപ്രവർത്തനങ്ങൾ പഞ്ചായത്തും സ്വകാര്യ മാർക്കറ്റുകളിലേത് ഉടമകളും ഏറ്റെടുത്ത് നടത്തണം. ഇതിനായി മാർക്കറ്റുകളോട് ചേർന്ന് വേസ്റ്റ് ബോക്സും

കമ്പോസ്റ്റ് കുഴികളും സ്ഥാപിക്കണം. ഐസ് ഇട്ട മത്സ്യം 24 മണിക്കൂറിൽ കൂടുതൽ വച്ചിരുന്ന് കച്ചവടം നടത്തുന്നത് തടയണം. അനധികൃത കശാപ്പു ശാലകൾ തടഞ്ഞ് പരിസരമലിനീകരണം നിയന്ത്രിക്കണം. അനധികൃതമായി നിലം നികത്തുന്നത് തടയണം. ഓടകളും കുഴലുകളും സ്ഥാപിച്ച് മലിന ജലം ഒഴിവാക്കി മലിനീകരണം തടയുകയും കൊതുകു ശല്യം നിയന്ത്രിക്കുകയും ചെയ്യണം.

## സാധ്യതകൾ

ഫാക്ടറികളിലെ പുകക്കുഴലുകളുടെ ഉയരം പരമാവധി വർദ്ധിപ്പിച്ച് സമീപപ്രദേശങ്ങളിൽ പുക പടരുന്നത് തടയാം. ഫാക്ടറികളിൽ നിന്നുണ്ടാകുന്ന ദുർഗന്ധം ഇല്ലാതാക്കുന്നതിനും പുകയിലെ മാലിന്യങ്ങളുടെ അളവ് കുറയ്ക്കുന്നതിനോ ഇല്ലാതാക്കുന്നതിനോ ശാസ്ത്രീയ സംവിധാനങ്ങൾ ഉണ്ടെങ്കിൽ അതിന്റെ സാങ്കേതിക വശങ്ങളെ കുറിച്ചും പരിസ്ഥിതി സംരക്ഷണ ഏജൻസികൾ പോലുള്ള സ്ഥാപനങ്ങളുമായി ആലോചിച്ച് നടപ്പാക്കാവുന്നതാണ്.

പഞ്ചായത്ത് മാർക്കറ്റിലെ ശുചീകരണ പ്രവർത്തനങ്ങൾ പാർട് ടൈം സ്വീപ്പറെ ഏർപ്പെടുത്തിയോ കരാറടിസ്ഥാനത്തിൽ ഏൽപ്പിച്ചോ ചെയ്യാവുന്നതാണ്. സ്വകാര്യ മാർക്കറ്റുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ ചെയ്യുന്നതിന് കർശനമായ നിർദ്ദേശങ്ങൾ നല്കുകയും അത് ലംഘിക്കുന്ന ഉടമകളുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

ആഹാര യോഗ്യമല്ലാത്ത മത്സ്യം വാങ്ങി ഉപയോഗിക്കാതിരിക്കാൻ ഉപഭോക്താക്കൾ ശ്രദ്ധിക്കണം. ആഹാരയോഗ്യമല്ലാത്ത മത്സ്യം പിടിച്ചെടുത്ത് നശിപ്പിക്കണം.

അംഗീകാരം ഉള്ളവർക്കു മാത്രം കശാപ്പുശാലകൾ നടത്തുന്നതിന് അനുവാദം നല്കണം. അല്ലാതുള്ളവരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കണം. കശാപ്പു ചെയ്യപ്പെടുന്ന മൃഗം ഭക്ഷണയോഗ്യമാണെന്ന് ഉറപ്പ് വരുത്താൻ കഴിയണം.

പരിസ്ഥിതി പ്രശ്നം ഉണ്ടാകാത്ത തരത്തിൽ മാത്രം നിലം നികത്താൻ അനുവദിക്കാവുന്നതാണ്. പദ്ധതി വിഹിതത്തിൽ നിന്നും ആവശ്യമായ ഫണ്ട് കണ്ടെത്തിയാൽ ഓടകളും കുഴലുകളും സ്ഥാപിക്കാൻ കഴിയും. കൊതുകു നിവാരണത്തിനായി വേണ്ടുന്ന ജീവനക്കാരെ ആവശ്യസമയങ്ങളിൽ നിയമിക്കാവുന്നതാണ്.

## ചികിത്സാസൗകര്യങ്ങൾ

അലോപ്പതി - ആയുർവേദ - ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ഈ ഗ്രാമത്തിലുണ്ടെങ്കിലും പൊതുമേഖലയിൽ ഒരു പ്രാഥമിക ആരോഗ്യം മാത്രമാണുള്ളത്. 21.37 ച. കി. മീ. വിസ്തീർണ്ണമുള്ള ഈ ഗ്രാമത്തിന് ഇത് തികച്ചും അപര്യാപ്തമാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ ചികിത്സയേക്കാൾ പ്രാധാന്യം രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കാണല്ലോ. അതിനാൽ പ്രാഥമിക ചികിത്സ മാത്രമേ ഇവിടെ എത്തുന്ന രോഗികൾക്ക് ലഭിക്കുന്നുള്ളു. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ചികിത്സാകേന്ദ്രങ്ങളും വിദഗ്ദ്ധ ചികിത്സാസൗകര്യങ്ങൾ ഒന്നും തന്നെ ഇല്ലാത്തവയാണ്. കാര്യമായ ചികിത്സ ലഭിക്കേ

ണ്ടുന്ന രോഗികൾക്ക് പതിനെട്ടോ അതിലധികമോ കി.മീ. യാത്ര ചെയ്തെങ്കിൽ മാത്രമേ താലൂക്ക് ആശുപത്രിയിലെങ്കിലും എത്താൻ പറ്റൂ. ആയുർവേദ, ഹോമിയോ ചികിത്സാ രംഗത്തും വേണ്ടത്ര പുരോഗതി ഇവിടെയില്ല.

## പ്രാഥമിക ആരോഗ്യകേന്ദ്രം

1958-ൽ പ്രവർത്തനം ആരംഭിച്ച ഈ ആതുര ശുശ്രൂഷാ കേന്ദ്രത്തിന് ആവശ്യമായ സ്ഥലം ചൂരക്കാല വടക്കതിൽ ശ്രീ. കെ. ചന്ദ്രശേഖരൻ പിള്ളയുടെ ഭാര്യാമാതാവായ ശ്രീമതി ചെല്ലമ്മപ്പിള്ള സംഭാവനയായി നല്കിയതാണ്. ജനങ്ങൾ ശ്രമദാനമായി പണി കഴിപ്പിച്ചതാണ് പ്രധാന – അനുബന്ധ കെട്ടിടങ്ങൾ. ഒരു ഡിസ്പൻസറിയായിട്ടാണ് പ്രവർത്തനം തുടങ്ങിയതെങ്കിലും പ്രസവം ഉൾപ്പെടെയുള്ള കിടത്തി ചികിത്സ ആദ്യ കാലത്ത് ഉണ്ടായിരുന്നു. ഇപ്പോൾ ഓ.പി. ചികിത്സ മാത്രമാണുള്ളത്. 1992-ൽ പ്രാഥമിക ആരോഗ്യ കേന്ദ്രമായും 1996-ൽ "തോപ്പിൽ ഭാസി സ്മാരക സർക്കാർ പ്രാഥമിക' കേന്ദ്ര"മായും പുനർനാമകരണം ചെയ്യപ്പെട്ടു. ജനങ്ങളുടെ ആഗ്രഹ സാക്ഷാത്കാരത്തിനായി 1992-ൽ വള്ളികുന്നം പഞ്ചായത്ത് നിർമ്മിച്ച് ഉത്ഘാടനം ചെയ്ത 12 കിടക്കകൾ ഉള്ള വാർഡ് ഇന്നും തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. ഈ കെട്ടിടത്തിലേക്ക് ആവശ്യമായ ജല സംവിധാനം, വൈദ്യുതീകരണം, നഴ്സിനുള്ള ഡ്യൂട്ടി റൂം എന്നിവ ഇല്ല. ആവശ്യമായ ജീവനക്കാരുമില്ല. ഈ സ്ഥാപനത്തിന് സ്വന്തമായി വാഹനമില്ലാത്തതിനാൽ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലുള്ള സബ്സെന്ററുകളിലും മറ്റ് കേന്ദ്രങ്ങളിലും വെച്ച് നടത്തുന്ന രോഗ പ്രതിരോധ – ആരോഗ്യ പ്രവർത്തനങ്ങൾക്ക് യഥാസമയം എത്തിച്ചേരുന്നതിന് ഡോക്ടർ ഉൾപ്പടെ ഉള്ള ജീവനക്കാർ വളരെയധികം ബുദ്ധിമുട്ടനുഭവിക്കുന്നു. ഗ്രാമപ്രദേശമായതിനാൽ ബസ് ഗതാഗതം നാമമാത്രമായേ ഉള്ളൂ. ആലപ്പുഴയിലുള്ള ജില്ലാ മെഡിക്കൽ സ്റ്റോർ, സ്റ്റേഷനറി സ്റ്റോർ എന്നിവിടങ്ങളിൽ നിന്ന് മരുന്ന്, സ്റ്റേഷനറി സാധനങ്ങൾ എന്നിവ യഥാസമയം കൊണ്ടുവരുന്നതിന് ആശുപത്രി വക വാഹനം ആവശ്യമാണ്. ഈ ചികിത്സാകേന്ദ്രത്തിൽ രോഗികൾക്കും ജീവനക്കാർക്കും ബസ് സൗകര്യമില്ല എന്നുള്ളത് മുഖ്യപ്രശ്നമാണ്.

ജനസംഖ്യാനുപാതമനുസരിച്ച് ഇപ്പോൾ 30000 ജനസംഖ്യയ്ക്കുമേലുള്ള ഈ പഞ്ചായത്തിൽ ഈ മിനി പ്രൈമറി ഹെൽത്ത് സെന്റർ തികച്ചും അപര്യാപ്തമാണ്. ആധുനിക സജ്ജീകരണങ്ങളുള്ള അത്യാഹിത വിഭാഗത്തോടുകൂടിയ ഒരു മേജർ ഹെൽത്തു സെന്റർ തന്നെ വേണ്ടിയിരിക്കുന്നു. പോസ്റ്റ്മോർട്ടം കെട്ടിടം ഉപയോഗശൂന്യമാണ്. അടുക്കള കെട്ടിടം നശിച്ചുകൊണ്ടിരിക്കുന്നു. ചുറ്റുമതിൽ, നെയിം ബോർഡ് എന്നിവ ഇല്ല.

## സബ്സെന്ററുകൾ

പ്രാഥമികാരോഗ്യ കേന്ദ്രത്തോടനുബന്ധിച്ച് 6 സബ് സെന്ററുകളുണ്ട്. 2, 8, 10 വാർഡുകളിലേത് സർക്കാർ കെട്ടിടത്തിലും 3, 6, 9 വാർഡുകളിലേത് വാടക മുറകളിലുമായാണ് പ്രവർത്തിക്കുന്നത്. 2-ാം വാർഡിലെ ഉപകേന്ദ്രത്തിന്റെ സ്ഥിതി മോശമാണ്. ചോർന്നൊലിക്കുന്ന കെട്ടിടത്തിന് മുകളിലേക്ക് സമീപ പുരയിടത്തിലെ ആൽമരത്തിന്റെ വലിയ ഒരു ശാഖ ഭീക്ഷണിയായി നിൽക്കുന്നു ചുറ്റുമതിലിനെ ഇടിച്ചു തകർത്ത് കൊണ്ട് നിൽക്കുന്നതും അല്ലാത്തതുമായ കശുമാവുകളിലെ ഇലകളും കായ്കനികളും വീണ് ഇവിടുത്തെ കിണറ്റിലെ വെള്ളം ഉപയോഗ ശൂന്യമാകുന്നു. 8-ാം വാർഡിലെ സബ് സെന്ററിന്റെ ഒരു ഭാഗം ഇടിഞ്ഞു പൊളിഞ്ഞ് കിടക്കുന്നതിനാൽ സമീപവാസികൾ സബ് സെന്റർ പുരയിടം പൊതു വഴിയായി ഉപയോഗപ്പെടുത്തുന്നു. ഇത് സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തെ കാര്യമായി ബാധിച്ചിരിക്കുന്നു. 10-ാം വാർഡിലെ സബ് സെന്റർ പ്രാഥമിക ആരോഗ്യ കേന്ദ്രത്തോട് അനുബന്ധിച്ചാണ് പ്രവർത്തിക്കുന്നത്.

## പൊതുജന ആരോഗ്യ പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ആരോഗ്യ പ്രവർത്തനങ്ങൾ ഫലപ്രദമല്ല. ഫണ്ട്, സാധന സാമഗ്രികൾ, വാഹനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് ഇതിനു മുഖ്യകാരണം പൊതുജനങ്ങളുടെ നിസ്സഹകരണവും മറ്റൊരു ഘടകമാണ്.

മാനവരാശിക്കുത്തന്നെ ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന എയഡ്സ് രോഗം കേരളത്തിൽ 1/200 ആളിന് വീതമുണ്ടെന്ന് വാർത്താമാദ്ധ്യമങ്ങൾ സൂചിപ്പിക്കുന്നു. ഈ രോഗത്തിന് കാരണമായ H.I.V വാഹകർ നമ്മുടെ ഗ്രാമത്തിലുമുണ്ട്.

## നിർദ്ദേശങ്ങൾ

P.H.C. യിൽ നിലവിലുള്ള ഡോക്ടറെ കൂടാതെ സിവിൽ സർജൻ ഉൾപ്പടെ രണ്ട് ഡോക്ടോഴ്സിനെ കൂടി നിയമിക്കണം. കിടത്തി ചികിത്സിക്കുന്ന 4 രോഗികൾക്ക് ഒരു സ്റ്റാഫ് നഴ്സ് എന്ന സർക്കാർ അനുപാതത്തിൽ ഒരാളിനെ കൂടി നിയമിക്കണം.

3. സ്റ്റാഫ് നഴ്സിന് ഒരു ഹെഡ് നഴ്സിനെയും നിയമിക്കണം. ഒരു നഴ്സിങ്ങ് അസിസ്റ്റന്റാണ് ഉള്ളത്. രണ്ട് പേർകൂടി വേണം. അത്യാവശ്യമായി വേണ്ട അറ്റൻഡർ ഗ്രേഡ് I ന്റെ തസ്തിക സൃഷ്ടിച്ച് നിയമിക്കണം. അറ്റൻഡർ ഗ്രേഡ് II (ക്ലീനർ) 2 പേര് വേണം.

പട്ടിക 1

ആരോഗ്യം - സർക്കാർ സ്ഥാപനങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. | കുടുംബക്ഷേമ ഉപകേന്ദ്രം (മൃഗാശുപത്രിക്ക് സമീപം) | 2 | 1 |
| 2. | സബ് സെന്റ്ർ അമ്പാരേത്ത് വീട് വാളാച്ചാൽ | 3 | 1 |
| 3. | സബ് സെന്റർ (ഇലഞ്ഞീക്കൽ മുക്കിന് തെക്ക് ഭാഗം) | 6 | 1 |
| 4. | കുടുംബക്ഷേമ ഉപകേന്ദ്രം (SBT ക്ക് കിഴക്കുവശം) | 8 | 1 |
| 5. | സബ് സെന്റ്ർ കോയ്പ്പള്ളിൽ പുത്തൻചന്ത | 11 | 1 |
| 6. | സബ് സെന്റ്ർ (P.H.C.) | 10 | 1 |

നിലവിലുള്ള ഒരു തസ്തിക തന്നെ ഒഴിവാണ്. പരിസര ശുചീകരണത്തിനായി പാർട്ട് ടൈം സ്വീപ്പറെ നിയമിക്കണം. ഡ്യൂട്ടി റൂം, ചുറ്റുമതിൽ, നെയിം ബോർഡ് എന്നിവ സ്ഥാപിക്കുകയും, നിലവിലുള്ള മോർച്ചറി കെട്ടിടം പ്രവർത്തന യോഗ്യമാക്കുകയും വേണം. I.P കെട്ടിടത്തിലേക്ക് ആവശ്യമായ സംവിധാനങ്ങളുണ്ടാക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായി വാഹനം കിട്ടുന്നതിനുള്ള നടപടി പഞ്ചായത്ത് കമ്മിറ്റി സ്വീകരിക്കണം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സമീപത്ത് കൂടി ബസ്സ് സൗകര്യം ഉണ്ടാക്കണം. നമ്മുടെ ഗ്രാമത്തിലുള്ള H.I.V. വാഹകരെ കണ്ടുപിടിച്ച് ബോധവൽക്കരണത്തിലൂടെ രോഗ വ്യാപ്തി തടയണം. രക്തദാനം - നേത്രദാനം ഇവയുടെ മഹത്വത്തെ കുറിച്ച് ക്യാമ്പുകൾ സംഘടിപ്പിച്ച് പ്രചാരണം നടത്തണം. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ 24 മണിക്കൂറും. സേവനം ഉറപ്പുവരുത്തണം. H.D.C. രൂപീകരിച്ച് (പുന സംഘടിപ്പിച്ച് ) വരുമാന മാർഗ്ഗം കണ്ടത്തി പുരോഗമന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കണം. കുഷ്ഠ രോഗ വിമുക്തരിൽ ആവശ്യമുള്ളവർക്ക് പുന:അധിവാസം, കൊതുക് നശീകരണ പ്രവർത്തനങ്ങൾ, ശുചീകരണ പ്രവർത്തനങ്ങൾ പ്രതിരോധ കുത്തിവയ്പ്പുകൾ, രക്ത നിർണ്ണയ - നേത്രദാന, മെഡിക്കൽ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കണം. മൂന്ന് വാർഡുകൾ കേന്ദ്രീകരിച്ച് ആയുർവ്വേദ - ഹോമിയോ ചികിത്സാ കേന്ദ്രങ്ങൾ പൊതു മേഖലയിൽ സ്ഥാപിക്കണം.

## സാദ്ധ്യതകൾ

പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലേക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പിന്റെ സഹായം തേടണം. വേണ്ടിവന്നാൽ ജനകീയ സമിതി തന്നെ രൂപീകരിച്ച് ഇതിനാവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിക്കണം.

പഞ്ചായത്ത് നിർമ്മിച്ച് I.P. കെട്ടിടത്തിലേക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ചെയ്യുന്നതിനുള്ള ഫണ്ട് പഞ്ചായത്ത് കമ്മിറ്റി കണ്ടുപിടിക്കേണ്ടതാണ്. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് സ്വന്തമായി വാഹനം ലഭിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പ് വഴി I.C.D.S., UNICEF, UNESCO, തുടങ്ങിയ ഏജൻസികളുടെ സഹായം തേടാവുന്നതാണ്. P. H.C. വഴി ബസ്സ് സൗകര്യത്തിനായി സ്വകാര്യ - സഹകരണ - പൊതു മേഖല ബസ്സ് ഉടമകളുടെ സഹകരണം തേടണം. സമീപ റോഡുകളിൽ കൂടി പോകുന്ന ബസ്സുകളിൽ ചിലതെങ്കിലും P.H.C. വഴി തിരിച്ചു വിടാം. K.S.R.T.C. യുടെ കായംകുളം ഡിപ്പോയിൽ നിന്ന് ചൂനാട് വരെയുള്ള അഡീഷണൽ സർവ്വീസുകൾ P.H.C. വരെയോ P.H.C. വഴി കാമ്പിശ്ശേരി ജംഗ്ഷൻ വരെയോ നീട്ടിയും പരിഹാരം കാണാം. സ്വകാര്യ വ്യക്തികളിൽ നിന്നും സഹകരണ മേഖലയിൽ നിന്നും സംഭാവന സ്വീകരിച്ച് H.D.C. ഫണ്ട് സമാഹരിക്കാം I.P. തുടങ്ങുമ്പോൾ നിശ്ചിത സമയങ്ങളിൽ പാസ്സ് മൂലം സന്ദർശക പ്രവേശനം നിയന്ത്രിച്ച് ഫണ്ട ശേഖരിക്കാം P.H.C വക സ്ഥലം ഫല വൃക്ഷങ്ങൾ സബ് സെന്റർ പുരയിടങ്ങളിലുള്ള ഫല വൃക്ഷങ്ങൾ എന്നിവ പാട്ടത്തിനു കൊടുത്തും H.D.C. ഫണ്ട് ഉണ്ടാക്കാൻ കഴിയും. കുഷ്ഠരോഗ വിമുക്തർ എയിഡ്സ് രോഗികൾ എന്നിവരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായത്തിനായി വിവിധ ഏജൻസികളുടെയോ സന്നദ്ധ സംഘടനകളുടെയോ ഉദാരമതികളുടെയോ സഹായം തേടാവുന്നതാണ്. ആരോഗ്യ പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട വകുപ്പിന് കർശനമായ നിർദ്ദേശം നൽകണം. മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനാവശ്യമായ സാദ്ധ്യതകൾക്കായി ബന്ധപ്പെട്ട വകുപ്പ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായം തേടാവുന്നതാണ്. പുതിയ ചികിത്സാ സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനായി ജനകീയ സമിതികൾ രൂപീകരിച്ച് കർമ്മ പരിപാടികൾ അവിഷ്കരിക്കാം. സ്വകാര്യ ആശുപത്രിയിൽ പരിചയ സമ്പന്നരായ ഡോക്ടറന്മാരാണോ രോഗികളെ ചികിത്സിക്കുന്നതെന്ന് ഉറപ്പ് വരുത്തണം.

പട്ടിക 2

| വർഷം | O.P. എണ്ണം | ത്വക്ക് രോഗം | വാത രോഗം | പകർച്ചവ്യാധികൾ | മറ്റുള്ള രോഗങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1992-93 | 15284 | 259 | 752 | 6526 | 7747 | 15284 |
| 1993-94 | 15501 | 236 | 802 | 5348 | 9115 | 15501 |
| 1994-95 | 17326 | 227 | 875 | 5276 | 10948 | 17326 |
| 1995-96 | 16280 | 203 | 729 | 5725 | 9623 | 16280 |
| ആകെ | 64391 | 925 | 3158 | 22875 | 37433 | 64391 |

പട്ടിക 3

പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായു ജന്യ രോഗങ്ങൾ | പ്രാണി ജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1992-93 | 1083 | 6526 | 11 | - |
| 1993-94 | 947 | 5348 | 7 | |
| 1994-95 | 938 | 5276 | 14 | - |
| 1995-96 | 888 | 6025 | 16 | - |

പട്ടിക 4

സ്ഥാപന വിവരങ്ങൾ

| | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം (സ്വന്തം / വാടക) | ഉദ്യോഗ സ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | തോപ്പിൽഭാസി സ്മാരക സർക്കാർ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, | മെയിൻ സെന്റ്ർ | സ്വന്തം | 18 | 1958 | ആരോഗ്യ കേന്ദ്രത്തിന്റെ പലമുറികളും ചോർന്ന് ഒലിക്കുന്നു |
| 2 | സബ് സെന്റ്ർ ഇലിപ്പക്കുളം | സ.സെന്റ്ർ | സ്വന്തം | 2 | | പരിശോധനാ മുറിയിൽ വെളിച്ചമില്ല. |
| 3 | സബ് സെൻറർ കടുവുങ്കൽ | സബ് സെന്റർ | വാടക | 3 | | ചുറ്റുമതിലില്ല നെയിം ബോർഡില്ല ആശുപത്രി വാഹനമില്ല ഡ്യൂട്ടി റൂമില്ല |
| 4 | സബ് സെന്റ്ർ കന്നിമേൽ | സബ് സെന്റർ | വാടക | 3 | | |
| 5. | സബ് സെന്റ്ർ താളിരാടി | സബ് സെന്റർ | വാടക | 7 | | |
| 6. | സബ് സെന്റർ കടുവിനാൽ | | സ്വന്തം | 1 | | |

## പട്ടിക 3 : വാർഡ് തിരിച്ചുള്ള ആരോഗ്യ രംഗ സ്ഥിതി വിവരം

| വാർഡ് | പൊതുസ്ഥാപനം | സ്വകാര്യ സ്ഥാപനം | കാണപ്പെടുന്ന പ്രധാന രോഗങ്ങൾ | പ്രവർത്തനത്തെ കുറിച്ചുള്ള വിലയിരുത്തൽ |
|---|---|---|---|---|
| I | ഇല്ല | ആലോപ്പതി 1<br>ആയുർവ്വേദം 3<br>ഹോമിയോ 1 | പനി വാതം ആസ്ത്മ ഉദര രോഗങ്ങൾ | തൃപ്തികരമല്ല, കിടത്തി ചികിത്സിക്കുന്നതിനുള്ള സംവിധാനമില്ല. |
| II | കുടുംബക്ഷേമ ഉപ കേന്ദ്രം–1 | ആയുർവ്വേദം 1<br>ഹോമിയോ 1 | പനി ആസ്ത്മ ശ്വാസ കേശ രോഗങ്ങൾ വാതം | തൃപ്തികരമല്ല, സ്വകാര്യ കേന്ദ്രങ്ങളിൽ മെച്ചമായ ചികിത്സാ സൗകര്യങ്ങൾ ഇല്ല |
| III | സബ് സെന്റർ–1 | ഇല്ല | വിളർച്ച ത്വക്ക് രോഗങ്ങൾ പനി ആസ്ത്മ | തൃപ്തികരമല്ല. |
| IV | ഇല്ല | അലോപ്പതി 1<br>ആയുർവ്വേദം 1 | പനി വിളർച്ച ശ്വാസ കോശ രോഗങ്ങൾ വാതം ത്വക്ക് രോഗം | O.P. മാത്രമേയുള്ളു. തൃപ്തികരമല്ല |
| V | ഇല്ല | ഇല്ല | പനി ഉദര രോഗങ്ങൾ വാതം | ഇല്ല |
| VI | സബ് സെന്റർ–1 | അലോപ്പതി 1 | ആസ്ത്മ പനി സാധാരണ രോഗങ്ങൾ | വിദഗ്ധമായ ചികിത്സാ സൗകര്യം ഇല്ല O.P. തൃപ്തികരമല്ല. |
| VII | ഇല്ല | ഇല്ല | ആസ്മ ത്വക്ക് രോഗങ്ങൾ പനി ഉദര രോഗങ്ങൾ | ഇല്ല |
| VIII | കുടുംബക്ഷേമ ഉപ കേന്ദ്രം–1 | അലോപ്പതി 2<br>അയുർവ്വേദ വൈദ്യശാല 1 | ശ്വാസ കോശ രോഗങ്ങൾ പനി ചൊറി വിളർച്ച | തൃപ്തികരമല്ല. |
| IX | ഇല്ല | അയുർവ്വേദ വൈദ്യശാല 1 | ഇല്ല | ഇല്ല |
| X | പ്രാഥമിക ആരോഗ്യ കേന്ദ്രം 1<br>സബ് സെന്റ്ർ 1 | ഇല്ല | പനി ആസ്ത്മ വിളർച്ച ഉദര രോഗങ്ങൾ | തൃപ്തികരമല്ല. |
| XI | സബ് സെന്റ്ർ 1 | ഇല്ല | ഇല്ല | തൃപ്തികരമല്ല. |

വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

പട്ടിക 6

ആരോഗ്യസ്ഥിതി വിവരങ്ങൾ

1 ആകെ വീടുകൾ 6821

| | |
|---|---|
| a) കോൺക്രീറ്റ് | 1417 |
| b) ഓടിട്ടത് | 2199 |
| c) ഓലമേഞ്ഞത് | 904 |
| d) കുടിൽ | 926 |

2. കക്കൂസുള്ള വീടുകളുടെ എണ്ണം 4539

| | |
|---|---|
| a) സെപ്റ്റിക് ടാങ്ക് | 1597 |
| b) ESP | 1906 |
| c) മറ്റുള്ളവ | 1036 |

3. കുടിവെള്ള സ്രോതസ്സ്

| | |
|---|---|
| a) സാനിട്ടറി വെൽ | 1856 |
| b) സാധാരണ കിണർ | 2952 |
| c) കുളം | 109 |
| d) പൈപ്പ് | 655 |
| e) പൊതു വിതരണം | 135 |

4. തൊഴുത്ത്

| | |
|---|---|
| a) വീടിനോട് ചേർന്ന് | 544 |
| b) പ്രത്യേകിച്ച് | 2464 |

5. കമ്പോസ്റ്റ് കുഴി

| | |
|---|---|
| a) ഉള്ളത് | 544 |
| b) ഇല്ലാത്തത് | 2464 |

6. വൈദ്യുതി

| | |
|---|---|
| a) വൈദ്യുതീകരിച്ചത് | 4556 |
| b) അല്ലാത്തവ | 2265 |

7. ജനസംഖ്യ

| | |
|---|---|
| a) പുരുഷന്മാർ | 14875 |
| b) സ്ത്രീകൾ | 16141 |
| c) കുട്ടികൾ | 14221 |

8. പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

(സ്ത്രീയുടെ പ്രായക്രമം)

| | |
|---|---|
| a) 15-19 | 53 |
| b) 20-24 | 679 |
| c) 25-29 | 1013 |

| | |
|---|---|
| d) 30-34 | 981 |
| e) 35-39 | 779 |
| f) 40-44 | 325 |

9. അമ്മമാരുടെ എണ്ണം

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | |
|---|---|
| a) 1 കുട്ടി | 449 |
| b) 2 കുട്ടികൾ | 2110 |
| c) 2 ൽ കൂടുതൽ കുട്ടികൾ | 1121 |

10. കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

(ജീവിച്ചിരിപ്പുള്ള കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

സ്ഥിരമാർഗ്ഗം താൽക്കാലികം

| | |
|---|---|
| a) 1 കുട്ടി | 11 323 |
| b) 2 കുട്ടികൾ | 1852 235 |
| c) 2 ൽ കൂടുതൽ കുട്ടികൾ | 891 671 |

11. അംഗവൈകല്യമുള്ളവർ

| | |
|---|---|
| a) അന്ധർ | 4 |
| b) ബധിരർ | 7 |
| c) മൂകർ | 9 |
| d) ബധിര മൂകർ | 7 |
| e) ചലനവൈകല്യങ്ങൾ | 6 |
| ആകെ | 33 |

12. മന്ദബുദ്ധികൾ

| | |
|---|---|
| പ്രായം | |
| a) 0-5 | 4 |
| b) 6-10 | 3 |
| c) 11-15 | 2 |
| d) 16 നു മേൽ | 5 |

13. സ്ഥായിയായ രോഗബാധിതർ

| | |
|---|---|
| a) രക്തസമ്മർദ്ദം | 84 |
| b) പ്രമേഹം | 59 |
| c) ക്യാൻസർ | 14 |
| d) കുഷ്ഠം | 3 |
| e) ക്ഷയം | 16 |
| f) ഹൃദ്രോഗം | 20 |
| ആകെ | 196 |

14.

| | |
|---|---|
| a) ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം | 285 |
| b) പ്രതിരോധകുത്തിവയ്പുകൾ നടത്തിയവർ | 285 |

| | |
|---|---|
| 15. ആകെ ഗർഭിണികൾ | 115 |

പട്ടിക 7

പകർച്ചവ്യാധി വിവരങ്ങൾ

| വർഷം | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ | പ്രാണിജന്യരോഗങ്ങൾ |
|---|---|---|---|
| 1993-94 | 947 | 5348 | 7 |
| 1994-95 | 938 | 5276 | 14 |
| 1995-96 | 888 | 6025 | 16 |

പട്ടിക 8

മറ്റാരോഗ്യസ്ഥാപനങ്ങളിൽ നിന്നുള്ള വിവരങ്ങൾ

| വർഷം | IP എണ്ണം | OP എണ്ണം | ത്വക്ക് | വാത | രോഗങ്ങൾ സംബന്ധിച്ച വിവരം - പ്രതിവർഷം (എണ്ണം) | | | |
|---|---|---|---|---|---|---|---|---|
| | | | | | പകർച്ചവ്യാധികൾ | വിഷചികിത്സ | മറ്റുള്ള രോഗങ്ങൾ | ആകെ |
| 92-93 | - | 15284 | 259 | 752 | 6526 | - | 7747 | 15284 |
| 93-94 | - | 15501 | 236 | 802 | 5348 | - | 9115 | 15501 |
| 94-95 | - | 17326 | 227 | 875 | 5276 | | 10948 | 17326 |
| 95-96 | - | 16280 | 203 | 729 | 5725 | | 9623 | 16280 |
| ആകെ | – | 64391 | 925 | 3158 | 22875 | | 37433 | 64391 |

## കക്കൂസ്

ആരോഗ്യകരമായ ജീവിതത്തിന് അത്യാവശ്യ ഘടകമാണല്ലോ കക്കൂസ്. ഒരു വീടിന് സുരക്ഷിതമായ ഒരു കക്കൂസ് എന്നതാണ് ആരോഗ്യ തത്ത്വമെങ്കിലും നമ്മുടെ ഗ്രാമത്തിലെ 2/3 ഭാഗം വീടുകൾക്കും സ്വന്ത മായി കക്കൂസില്ല. സാമ്പത്തിക പരാധീനതയോ ആവ ശ്യകതയെക്കുറിച്ചുള്ള അറിവില്ലായ്മയോ ആകാം കാരണം. ഇവർ പൊതുവായ സ്ഥലത്ത് മലവി സർജ്ജനം നടത്തുന്നതുമൂലം ആരോഗ്യ-പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. നിലവിലുള്ള കക്കൂസു കളിൽ തന്നെ അധികവും സാധാരണ കക്കൂസുക ളാണ്. ഗ്രാമസഭകളിൽ നിന്ന് ലഭിച്ച കണക്കനുസരിച്ച് 1685 വീടുകൾക്കെങ്കിലും കക്കുസ് നിർമ്മിക്കേണ്ട തുണ്ട്.

ഗ്രാമസഭകളിലെ ചർച്ചകളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിലനുഭവപ്പെടുന്ന ബുദ്ധിമുട്ടു കളും അവയ്ക്കുള്ള പരഹാരങ്ങളും താഴെക്കാണും വിധം സംഗ്രഹിക്കാം.

## തടസ്സ കാരണം പരിഹാരനിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1 സാമ്പത്തിക പരാധീനത പഞ്ചായത്തിൽ നിന്ന് കക്കൂസ് നിർമ്മിച്ച് ന ൽകുക, സാമ്പത്തികസ ഹായം നൽകുക. സർക്കാർ, അർദ്ധസർക്കാർ സ്ഥാപ നങ്ങൾ, സന്നദ്ധസംഘടനകൾ, ഉദാരമതികൾ തുടങ്ങി യവരുടെ സഹായത്താൽ സാമ്പത്തിക സമാഹരണം കണ്ടെത്താൻ കഴിയും.

2. സ്ഥലപരിമിതി (കോളനികൾ, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങൾ) പൊതുവായി സേഫ്റ്റി ടാങ്കുള്ള കക്കൂസ് നിർമ്മിച്ച് ഇത് പരിഹരി ക്കാവുന്നതാണ്.

3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാത്തതി നാൽ ആരോഗ്യ ബോധവൽക്കരണപ്രവർത്തനങ്ങൾ വിപുലപ്പെടുത്തുക. അയൽക്കൂട്ടങ്ങൾ സംഘടിപ്പിച്ച് ആരോഗ്യവകുപ്പിന്റെ സഹകരണത്തോടെ ചർച്ചാക്ലാ സ്സുകൾ, സെമിനാറുകൾ, സിനിമാ പ്രദർശനങ്ങൾ എന്നിവ നടത്താവുന്നതാണ്.

## കുടിവെള്ളം

വള്ളികുന്നത്തെ ജനങ്ങളുടെ കുടിനീരിന്റെ മുഖ്യസ്രോതസ്സ് കിണറുകളാണ്. 98% ജനങ്ങളും കുടി വെള്ളത്തിനായി കിണറുകളെ ആശ്രയിക്കുന്നു. കുള ങ്ങളിൽ നിന്നും കുടിവെള്ളം എടുക്കുന്ന ഒരുന്യൂന പക്ഷവും ഇവിടെയുണ്ട്. ഇവർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവരോ പട്ടികജാതി യിൽപെടുന്നവരോ ആണ്. കിണറുകളെ ആശ്രയി ക്കുന്ന 98% ത്തിൽ 65% ത്തിനും സ്വന്തമായികിണറു കൾ ഇല്ലാത്തതിനാൽ അയൽ വീടുകളെയാണ് ആശ്ര യിക്കുന്നത്. പഞ്ചായത്തിലെ പൊതുകിണറുകളിൽ ഉപയോഗപ്രദമല്ലാത്തതും ഉണ്ട്.

വേനൽക്കാലത്തു രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നതു ഗ്രാമത്തിന്റെ കിഴക്കൻ മേഖല കളിലെ 6,7,8 വാർഡുകളിലാണ്. തൊട്ടുപടിഞ്ഞാറു ഭാഗത്തുള്ള 4,10,9,11 വാർഡുകളിൽ ഭാഗികമായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. ഇവിടങ്ങ ളിലെ കുടിവെള്ള ക്ഷാമപരിഹാരത്തിനായി കേരള വാട്ടർ അതോറിറ്റിയുടെ വെട്ടിക്കോട് ടാങ്കിൽ നിന്നും വള്ളികുന്നം കടുവിനാൽ പള്ളിമുക്കുമുതൽ കാമ്പി ശ്ശേരി ജംഗ്ഷൻ വരെയും പുത്തൻചന്തവഴി കൽക്കു ളത്താൽ കിഴക്കെജംഗ്ഷൻ വരെയും പൈപ്പുലൈൻ സ്ഥാപിച്ചു. 130 പൊതുടാപ്പുകൾ സ്ഥാപിച്ചെങ്കിലും പലതും കേടാവുകയോ, കേടുപാടുകൾ വരുത്തു കയോ ചെയ്തത് മൂലം നിർജ്ജീവാവസ്ഥയിലാണ്. ഗ്രാമത്തിൽ കുഴൽകിണറുകൾ സ്ഥാപിച്ചിട്ടില്ല. പടി ഞ്ഞാറൻ മേഖലകളിൽ വേനൽക്കാലത്തു ഭാഗിക മായി കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. മണൽ പ്രദേശമാണെങ്കിലും അടിത്തട്ടിൽ മഞ്ഞനിറത്തിലു ള്ള ചെളിയുള്ളതുകൊണ്ട് വേനൽക്കാലത്തുലഭി ക്കുന്ന വെള്ളത്തിന് നിറവ്യത്യാസവും രുചിവ്യത്യാ സവും ഉണ്ട്. ഇത് ശുദ്ധജലമാണോ എന്നുറപ്പുവരു ത്തുവാൻ കഴിഞ്ഞിട്ടില്ല. വേനൽക്കാലത്തും വർഷകാ ലത്തിന്റെ ആരംഭത്തിലും വയറിളക്കം പോലുള്ള രോഗങ്ങൾ ഭാഗികമായിട്ടാണെങ്കിൽപോലും കണ്ടുവ രുന്നതിനാൽ ഈ ജലം ശുദ്ധമല്ല എന്നനുമാനിക്കാം.

പട്ടിക 9

| വാർഡ് | കിണറുകളുള്ളത് | പുതുതായിവേണ്ടത് | പൊതുകിണർ (മെച്ചപ്പെടുത്തേണ്ടത്/ പുതുതായിവേണ്ടത്) |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 1/3ഭാഗം | 2/3ഭാഗം | 5 എണ്ണത്തിൽ ഒരെണ്ണം ഉപയോഗശൂന്യമാണ്. ആശാന്റയ്യത്ത് ഭാഗത്തുള്ളത് നികന്നു. |
| 2. | 1/3 ഭാഗം | 2/3 ഭാഗം | പ്ലാന്തറ ജംഗ്ഷനിലുള്ള പൊതുകിണർ ഉപയോഗയോഗ്യമാക്കണം ചിറ്റയ്ക്കാട്ടുകോളനി യിലുള്ള പൊതുകിണറിന് പ്ലാറ്റ് ഫോം കെട്ടണം. |
| 3. | - | 25 | വീടുകളിൽ കിണറുവേണം |
| 4. | - | 35 | വീടുകളിൽ കിണറുവേണം. നിലവിലുള്ള പൊതുകിണർ മെച്ചപ്പെടുത്തുക |
| 5. | - | 45 | വീടുകളിൽ കിണറുവേണം. |
| 6. | - | 7 | കോളനികൾക്കും 50%വീടുകൾക്കും കിണറുവേണം. |
| 7. | - | 50% | വീടുകളിൽ കിണറുവേണം. പൊതുകിണറുണ്ടാവണം. |
| 8. | - | 60% | വീടുകളിൽ കിണറുവേണം. പൊതുകിണറുണ്ടാവണം. |
| 9. | - | 30% | വീടുകളിൽ കിണറുവേണം. പുതുപ്പുരയ്ക്കൽത്തറ, ഭഗവതി അയ്യത്ത്, ന വേട്ടനാടി ഹരിജൻ കോളനികളിൽ പൊതുകിണർ വേണം. പുതുപ്പുരയ്ക്കത്തറ കോളനിയിലെ കിണർ അടിയന്തിരമായി മെയിന്റനൻസ് നടത്തണം. |
| 10. | - | 35% | വീടുകളിൽ കിണറുവേണം. എണ്ണമ്പിശ്ശേരിൽതെക്ക്, കോയിക്കൽകുറ്റി കൂനാലുമ്മൂടു കോളനി എന്നിവിടങ്ങളിൽ പൊതുകിണറുകൾ വേണം. |
| 11 | - | 40% | വീടുകളിൽ കിണറുവേണം. |

**ശുദ്ധജലസ്രോതസ്സുകൾ**

പൊതുകിണറുകളും, സ്വകാര്യകിണറുകളും കുളങ്ങൾ വാട്ടർഅതോറിറ്റി സ്ഥാപിച്ചിട്ടുള്ള പൊതു ജലവിതരണപൈപ്പുകൾ ഇവയാണ് പഞ്ചായത്തിലെ ജലസ്രോതസ്സുകൾ. പൊതുകുഴൽ കിണറില്ല. സ്വകാര്യവ്യക്തികൾക്കുണ്ട്.

മുഖ്യകുടിനീർ സ്രോതസ്സുകളും വിവരങ്ങളും ചുവടെ ചേർക്കുന്നു.

## പൈപ്പുകൾ

എല്ലാവാർഡിലുമുള്ള ഹരിജൻ കോളനികളിലും ലക്ഷംവീടുകോളനികളിലും പൈപ്പുലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കണം. നിലവിലുള്ള പൈപ്പുലൈനിൽ സ്ഥിരമായിവെള്ളം എത്തിക്കുന്നതിനും, ഉപയോഗപ്രദമാക്കുന്നതിനുമുള്ള സംവിധാനം മെച്ചപ്പെടുത്തണം.

## കുഴൽക്കിണറുകൾ

ആറാം വാർഡിൽ താളീരാടിഭാഗത്തും ഏഴാം വാർഡിൽ കൈപ്പള്ളിഭാഗത്തും എട്ടാം വാർഡിൽ മൂലംകുഴി ജംഗ്ഷൻ ഭാഗത്തും വേനൽക്കാലത്ത് കിണറുകളിൽ നിന്നോ പൈപ്പുലൈനിൽ നിന്നോ വെള്ളം കിട്ടാൻ ബുദ്ധിമുട്ടായതിനാൽ കുഴൽക്കിണർ സ്ഥാപിക്കണം.

## പൈപ്പ്ലൈൻ വേണ്ടഭാഗങ്ങൾ

കാമ്പിശ്ശേരിമുക്കുമുതൽ തോപ്പിൽ മുക്ക്, കണിയാൻ വയൽഭാഗം – മണക്കാട് – വട്ടക്കാട് – പ്ലാന്തറമുക്ക് – തെക്കേത്തറഭാഗം – പുതുക്കാട്ടുതറ ഭാഗം – എമ്പട്ടാകോളനി – ചൂനാട് എന്നീ ഭാഗങ്ങളിലും കാമ്പിശ്ശേരിമുക്കുമുതൽ തെക്കോട്ട് പഞ്ചായത്ത് അതിർത്തിവഴി പടിഞ്ഞാറോട്ട് കാക്കാൻമുക്ക്, ആയിക്കോമത്ത്ഭാഗം, വാളാച്ചാൽ, ബദാംമുക്ക് – പുത്തൂരേത്ത് ജംഗ്ഷൻ, ചിറ്റയ്ക്കാട്ട്ഭാഗം ഇവിടങ്ങളിൽ പൈപ്പുലൈൻ സ്ഥാപിക്കണം. പഞ്ചായത്തിലൂടെ കടന്നുപോകുന്ന K.I.P കനാലിൽ വേനൽക്കാലത്ത് ജലലഭ്യത ഉറപ്പാക്കണം. പുതിയ ജലസ്രോതസ്സുകൾ കണ്ടെത്തണം.

കിഴക്കൻ മേഖലകളിലെ കുടിവെള്ളക്ഷാമം മാറ്റുന്നതിന് ഭൂഗർഭ ജലസർവ്വേ നടത്തി ജലലഭ്യതയുള്ള ഭാഗങ്ങളിൽ കിണറുകളുടെ ആഴം കൂട്ടുക. കുഴൽക്കിണർ സ്ഥാപിക്കുക. വള്ളികുന്നം പഞ്ചായത്തിലേക്കുള്ള കേരള വാട്ടർ അതോറിറ്റിയുടെ ശുദ്ധജലവിതരണ സ്രോതസ്സ് വെട്ടിക്കോട്ടാണ് സ്ഥാപിച്ചിരിക്കുന്നത്. വെട്ടിക്കോടിനേക്കാൾ ഉയർന്നപ്രദേശമായ 7,8,9,10 വാർഡുകളിൽ നിലവിലുള്ള പൈപ്പിൽക്കൂടിയുള്ള ജലലഭ്യത സുഗമമല്ല. വള്ളികുന്നം ഗ്രാമത്തിനു മാത്രമായി ഒരു ശുദ്ധജല സംഭരണ – വിതരണ കേന്ദ്രം ഉണ്ടാകേണ്ടിയിരിക്കുന്നു. വള്ളികുന്നം ചിറ സ്രോതസ്സാക്കി സംരക്ഷിച്ചുകൊണ്ട് ഉയർന്ന പ്രദേശത്ത് ടാങ്ക് കെട്ടി പമ്പിംഗ് സൗകര്യം ഏർപ്പെടുത്തുന്നതിലൂടെ വള്ളികുന്നം ഗ്രാമത്തിലാകെയുള്ള കുടിനീർക്ഷാമം പരിഹരിക്കാൻ കഴിയും.

പൊതുസംവിധാനം ഉണ്ടാകുന്നതുവരെ വേനൽക്കാലത്ത് കുടിവെള്ളം എത്തിക്കുന്നതിനുള്ള താൽക്കാലികമാർഗ്ഗങ്ങൾ ഏർപ്പെടുത്തുക.

നിലവിലുള്ള K.W.A പൈപ്പുലൈനുകൾ കുടിനീർക്ഷാമപ്രദേശങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുക. ടാപ്പുകൾ സ്ഥാപിച്ച് കുടിവെള്ള ലഭ്യത ഉറപ്പാക്കുക. കേടായ ടാപ്പുകൾ മാറ്റി പകരം നല്ല ടാപ്പുകൾ സ്ഥാപിക്കുക.

നിലവിലുള്ള ചാലുകൾ കുളങ്ങൾ തുടങ്ങിയ ജലസംഭരണികളുടെ ആഴം വർദ്ധിപ്പിച്ച് മഴവെള്ളവും ഭൂഗർഭജലവും ശേഖരിക്കുന്നതുവഴി സമീപമുള്ള കിണറുകളിൽ ജലലഭ്യത ഉറപ്പുവരുത്താം.

ശുദ്ധമായ വായു, ജലം, ശുചിത്വമുള്ള പാർപ്പിടം, സേഫ്റ്റിടാങ്കുള്ള കക്കൂസുകൾ, പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ മാലിന്യവസ്തുക്കളുടെ സുരക്ഷിതമായ നിർമ്മാർജ്ജനം ഇവ ഒരുജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളായതിനാൽ അത്യന്താപേക്ഷിതമായി പ്രാവർത്തികമാക്കേണ്ടതാണ്.



# 7. വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഒരു ഗ്രാമമാണ് വള്ളികുന്നം. വൻകിട വ്യവസായസംരംഭങ്ങളൊന്നും തന്നെ ഇവിടെയില്ല. പഞ്ചായത്തിലെ പരമ്പരാഗതമായ പലവ്യവസായങ്ങളും ഇന്നു നശിച്ചു പോയിരിക്കുന്നു. "വാളാച്ചാൽ കലം " എന്ന പേരിൽ മദ്ധ്യതിരുവിതാംകൂറിൽ പ്രസിദ്ധമായിരുന്ന മൺകലങ്ങളുടെ ഉത്പാദനം കാൽനൂറ്റാണ്ടിനു മുമ്പുതന്നെ നിലച്ചുപോയി. വള്ളികുന്നത്ത് വ്യാപകാമായിട്ടുണ്ടായിരുന്ന കൈത്തറി നെയ്ത്ത് അടുത്തകാലത്തായി പൂർണ്ണമായും നിലച്ചു. ലോഹപ്പാത്രങ്ങളുടെ പ്രചാരം മൺപാത്ര നിർമ്മാണത്തെ ബാധിച്ചു. വിപണിയിൽ പിടിച്ചുനിൽക്കാൻ കഴിയാതെ കൈത്തറി നെയ്ത്തും നാമാവശേഷമായി. സംഘടിതരൂപമില്ലെങ്കിലും പാനെയ്ത്ത്, കുട്ട, വട്ടി, മുറം എന്നിവയുടെ നിർമ്മാണം ഇന്നും നിലവിലുണ്ട്. എന്നാൽ വള്ളിപ്പടർപ്പുകളും കാവുകളും നശിപ്പിക്കപ്പെട്ടതും ഈററ, കുളഞ്ഞിൽ തുടങ്ങിയവയുടെ ലഭ്യത കുറഞ്ഞതും ഈ വ്യവസായത്തിന് ഭീഷണിയായിട്ടുണ്ട്. സ്ത്രീകൾക്ക് പൊതുവെ ഉണ്ടായ ആഭിമുഖ്യക്കുറവ് പാ നെയ്ത്തിനെ ദോഷകരമായി ബാധിച്ചിരിക്കുന്നു.

അന്യനാടുകളിലും വളരെ പ്രചാരം ലഭിച്ച "വളികുന്നം ഇഷ്ടിക" യുടെയും "വള്ളികുന്നം ഓടി"ന്റെയും ഉൽപ്പാദനം വ്യാപകമായിട്ട് ഇപ്പോഴും നടക്കുന്നുണ്ട്. വള്ളികുന്നം പഞ്ചായത്തിന്റെ കിഴക്കൻ വാർഡുകളിൽ നിന്ന് ലഭിക്കുന്ന മേന്മയേറിയ ചെളി നല്ലയിനം ഇഷ്ടികകളും ഓടുകളും നിർമ്മിക്കുന്നതിന് ഉപയോഗിക്കപ്പെടുന്നു.

ഇഷ്ടിക - ഓട് ഫാക്ടറികളിൽ പ്രധാനപ്പെട്ടത് 1962-ൽ സ്ഥാപിക്കപ്പെട്ട I.C. ടൈൽ വർക്ക്സാണ്. ഇന്ന് ഈ സ്ഥാപനം സഹകരണ മേഖലയിലാണ് പ്രവർത്തിക്കുന്നത്. കൂടാതെ വയർകട്ട് ബ്രിക്സ് യൂണിറ്റുകളും നാടൻ ചൂളകളും ധാരാളമായുണ്ട്. അസംസ്കൃത പദാർത്ഥമായ ചെളിയുടെ ലഭ്യതക്കുറവ് ഈ വ്യവസായത്തേയും ഇന്ന് മൃതാവസ്ഥയിലേക്ക് തള്ളിക്കൊണ്ടിരിക്കുന്നു. അടുത്തകാലത്തായി സ്ഥാപിക്കപ്പെട്ട മൂന്ന് കശുവണ്ടി ഫാക്ടറികൾ സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരമായിട്ടുണ്ട്. കൂടാതെ ഒരു ഫാക്ടറി കൂടി ഉടൻ പ്രവർത്തനം തുടങ്ങുന്നതിന് തയ്യാറായിക്കൊണ്ടിരിക്കുന്നു. കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനുതകുന്ന "ട്രാവൻകൂർ പേപ്പർ മിൽസ്" എന്ന ഒരു ഫാക്ടറി തുടങ്ങുവാൻ പോകുന്ന എന്നുള്ളത് വള്ളികുന്നത്തെ സംബന്ധിച്ചിടത്തോളം ശുഭോദർക്കമാണ്.

**പ്രശ്നങ്ങൾ**

1. വ്യവസായങ്ങൾ തുടങ്ങുന്നതിന് ആവശ്യമായ സ്ഥലസൗകര്യങ്ങളുടെ ലഭ്യതക്കുറവ്.
2. വൈദ്യുതിയുടെ ക്ഷാമം
3. വ്യവസായ സംരംഭകരുടെ കുറവ്
4. വിദഗ്ധ തൊഴിലാളികളുടെയും സാങ്കേതിക പരിജ്ഞാനത്തിന്റെയും അപര്യാപ്തത
5. മൂല ധന വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ
6. മുഖ്യ കാർഷികോൽപ്പന്നങ്ങളായ നാളീകേരവും, റബ്ബറും വ്യാവസായിക രംഗത്ത് പ്രയോജനപ്പെടുന്നില്ല.
7. അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്.

**സാധ്യതകൾ**

1. വ്യവസായങ്ങൾ തുടങ്ങുന്നതിന് തയ്യാറായിട്ടുള്ളവർക്ക് സ്ഥലസൗക ര്യങ്ങൾ ഒരുക്കുന്നതിന് വേണ്ടി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുക.

2. കായംകുളം തെർമൽ പവർ സ്റ്റേഷനും മറ്റ് ചെറിയ പദ്ധതികളും 2 വർഷത്തിനുള്ളിൽ പ്രവർത്തനം തുടങ്ങുമെന്നാണ് പ്രതീക്ഷ. അതിനനുസരിച്ച് വ്യവസായ സംരംഭങ്ങൾ ആസൂത്രണം ചെയ്യുക.

3. സഹകരണ മേഖലയിൽ തീപ്പെട്ടി നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, മെഴുകുതിരി നിർമ്മാണം പാനെയ്ത്ത്, കയർ പിരി, കോഴിവളർത്തൽ, കറിപൗഡർ നിർമ്മാണം, ക്ഷീരോൽപ്പന്നങ്ങളുടെ നിർമ്മാണം, കൊപ്രാ സംസ്കരണം, ബീഡി നിർമ്മാണം, കാലിത്തീറ്റ – കോഴിത്തീറ്റ നിർമ്മാണം, വിത്ത് – തൈ നഴ്സറികൾ, റബ്ബർ ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ ആരംഭിക്കുക.

4. പഞ്ചായത്തിൽ തന്നെ പല മേഖലകളിലും വൈദഗ്ധ്യമുള്ള തൊഴിലാളികൾ ഉണ്ട്. അവരെ ഏകോപിപ്പിച്ച് സഹകരണസംഘങ്ങൾ തുടങ്ങുക. വ്യവസായ വകുപ്പുമായി ചേർന്ന് സാങ്കേതിക വിദഗ്ധരുടെ സേവനം ലഭ്യമാക്കുകയും, കാലാകാലങ്ങളിൽ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുവാനുള്ള സംവിധാനം പഞ്ചായത്ത് ഉണ്ടാക്കുകയും ചെയ്യുക.

5. മൂലധന വായ്പകൾ ലഭിക്കുവാനുള്ള ഉപാധികൾ ലളിതമാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കുക. വിദേശമലയാളികളുടെ സമ്പാദ്യം മൂലധനമായി വിനിയോഗിക്കുക. അങ്ങനെ ലഭിക്കുന്ന മൂലധനത്തിന് സർക്കാർ സെക്യൂരിറ്റി നൽകുക.

6. നാളീകേരോൽപ്പന്നങ്ങൾ കൊണ്ട് ആരംഭിക്കാവുന്ന കാലിത്തീറ്റ നിർമ്മാണം, തേങ്ങാപ്പൊടി നിർമ്മാണം, സുഗന്ധലേപനങ്ങൾ, സോപ്പ്, ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ, കയറിന്റെയും – കയറുൽപ്പന്നങ്ങളുടെയും നിർമ്മാണം, റബ്ബർ അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്ന റബ്ബർ ബാന്റ്, ബലൂൺ, ട്രെഡ് റബ്ബർ എന്നിവയുടെ നിർമ്മാണത്തിനും ആവശ്യമായ യൂണിറ്റുകൾ തുടങ്ങുക.

7. ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ ചെളി നെൽക്കൃഷിയെ ദോഷകരമായി ബാധിക്കാത്ത തരത്തിൽ എടുക്കുന്നതിന് ശാസ്ത്രീയമായ മാർഗ്ഗനിർദ്ദേശം ഉണ്ടാകണം. ചാലുകളും, കുളങ്ങളും മറ്റും കുഴിക്കുമ്പോൾ ലഭിക്കുന്ന ചെളി ഇഷ്ടിക – ഓട് വ്യവസായത്തിന് ഉപയോഗിക്കാം. തഴപ്പായ് വ്യവസായത്തിനാവശ്യമായ തഴയുടെ ലഭ്യതക്കുറവു പരിഹരിക്കുന്നതിന് വേണ്ടി പറമ്പിന്റെ അതിർത്തികളിൽ കൈത വച്ചുപിടിപ്പിക്കാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കണം.

8. മീനത്ത്, കന്നിമേൽ വാർഡുകളിൽ പ്രവർത്തനരഹിതമായി കിടക്കുന്ന മെത്തപ്പായ് സഹകരണ സംഘങ്ങൾ അടിയന്തിരമായി പുനരുജ്ജീവിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം. തഴ അസംസ്കൃത വസ്തുവായിട്ടുള്ള വ്യവസായങ്ങൾ 1,2,3,4,5,6 വാർഡുകളിൽ ആരംഭിക്കണം.

9. തഴ, സംസ്കരിച്ച വാഴനാര്, കടച്ചനാര് എന്നിവ ഉപയോഗിച്ച് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള പരിശീലനം വനിതകൾക്ക് നൽകണം. നിർമ്മാണത്തിനു വേണ്ടി സഹകരണസംഘം രൂപീകരിക്കണം.

10. മീനത്ത് വാർഡിൽ പ്രവർത്തന രഹിതമായിരിക്കുന്ന ബീഡി സഹകരണസംഘം പുനരുജ്ജീവിപ്പിക്കണം.

11. സഹകരണമേഖലയിൽ ഡയറി ഫാം തുടങ്ങുക.

12. പഞ്ഞിക്കിടക്കകളും, പഞ്ഞികൊണ്ടുള്ള മറ്റുൽപ്പന്നങ്ങളും നിർമ്മിക്കുന്ന യൂണിറ്റുകൾ തുടങ്ങണം. പഞ്ഞി ലഭിക്കുന്നതിനായി അത്യുൽപ്പാദനശേഷിയുള്ള ഇലവുമരങ്ങൾ വച്ചുപിടിപ്പിക്കണം.

13. പ്രവർത്തന രഹിതമായിക്കിടക്കുന്ന ഖാദി നൂൽനൂൽപ്പുകേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കാനുള്ള നടപടികൾ സ്വീകരിക്കുക. അത് ലാഭകരമായി നടത്താൻ കഴിയുന്നില്ലെങ്കിൽ സ്ഥലവും, കെട്ടിടവും മറ്റു വ്യവസായങ്ങൾക്ക് വിട്ട് കൊടുക്കണം.

14. വാളാച്ചാൽ ഭാഗത്ത് മൺ പാത്രനിർമ്മാണത്തിന് യോജിച്ച ചെളിയുണ്ട്. നെൽക്കൃഷിയെ ബാധിക്കാത്ത തരത്തിലും കുളങ്ങളുടെ ആഴം കൂട്ടിയും ചെളിയെടുത്ത് മൺപാത്രനിർമ്മാണ യൂണിറ്റുകൾ ആരംഭിക്കണം.

15. സാങ്കേതിക വിദ്യാഭ്യാസം നേടിയിട്ടുള്ള യുവതീ-യുവാക്കൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുന്നതിന് ഇലക്ട്രിക്കൽ-ഇലക്ട്രോണിക്സ് കംപോണന്റ്സ് നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

16. പേപ്പർ കവറുകൾ, ഫയൽ ബോർഡുകൾ, ബുക്കു

കൾ എന്നിവ നിർമ്മിക്കുന്ന യൂണിറ്റുകൾ തുട ങ്ങുക.

വ്യവസായ സംരംഭകരെ നിരുൽസാഹപ്പെടു ത്തുന്ന ഘടകമാണ് മാർക്കറ്റിംഗ് സൗകര്യത്തിന്റെ അപര്യാപ്തത. ഇതിന് പരിഹാരമായി പ്രൊഫഷണ ലുകളുടെ സേവനം ആവശ്യമായി വരും. പ്രൊഫഷ ണലുകൾ നമ്മുടെ ഗ്രാമത്തിൽ വേണ്ടത്ര ഇല്ലാത്ത തുകൊണ്ട് യുവതീ-യുവാക്കളെ ഇതിനായി പരിശീ ലിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. പരസ്യങ്ങളുടെ മായാ വലയങ്ങളിൽ ഉപഭോക്താക്കളെ കുടുക്കിയിട്ടിരി ക്കുന്നു. ഇതിനെ മറികടക്കുവാൻ സെയിൽസ് റെപ്ര സെന്റേറ്റീവുകളുടെ സേവനത്തെ ആശ്രയിക്കാം. നമു ക്കാവശ്യമായി വരുന്ന നിത്യോപയോഗ സാധനങ്ങൾ ഇവിടെത്തന്നെ ലഭ്യമാക്കാനും പ്രാദേശിക ചെറുകിട വ്യവസായ സംരംഭങ്ങളിലൂടെ കഴിയുന്നതാണ്. ഈ മേഖലയിൽ മൂലധന നിക്ഷേപത്തിന് തയ്യാറായിട്ടുളള വ്യക്തികളെ കണ്ടെത്തി അവർക്ക് വേണ്ടത്ര പ്രോൽസാഹനം നൽകേണ്ടതാണ്. വ്യവസായവകുപ്പ് ഖാദിബോർഡ് എന്നിവയുടെ സേവനം പരമാവധി ലഭ്യമാക്കാൻ വേണ്ടി ശ്രമിക്കണം.



# 8. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഒരു നാടിന്റെ വികസനത്തിൽ ഗതാഗതത്തിനുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. ഈ പ്രാധാന്യം തിരിച്ചറിഞ്ഞവരാണ് വള്ളികുന്നത്തുകാർ. നമ്മുടെ ഗ്രാമത്തിലെ ഏറ്റവും പഴയ റോഡുകളായ N.S. റോഡ്, ഓച്ചിറ – താമരക്കുളം റോഡ് എന്നിവ ഉൾപ്പെടെ ഇന്ന് നിലവിലുള്ള മിക്കവാറും എല്ലാ റോഡുകളും ജനശക്തിയുടെ സംഭാവനകളാണ്. മാനവ വിഭവ ശേഷി സാമൂഹിക സേവനത്തിനുവേണ്ടി വിനിയോഗിക്കുവാനുള്ള സന്മനസ്സ് നമുക്ക് പാരമ്പര്യമായി ലഭിച്ച ഒരു അമൂല്യ സമ്പത്താണ്. ഉന്നതമായ സാമൂഹ്യ ബോധത്തിന്റെയും സേവന തത്പരതയുടെയും ഈ മാതൃക പുത്തൻ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് ആശയും ആവേശവുമാണ്. 1920 കളിൽ പൊതുജന സഹകരണത്തോടുകൂടി ചൂനാട്ടുനിന്നും തെക്കോട്ടു നിർമ്മിച്ച മൺറോഡാണ് നമ്മുടെ ഗ്രാമത്തിലെ ആദ്യത്തെ റോഡ്. ഈ റോഡ് നിർമ്മാണത്തിന് മുൻകൈ എടുത്തത് എൻ. എസ്സ്. രാമൻപിള്ള എന്ന ഒരു തഹസിൽദാരാണ്. അതിനുശേഷം ഓച്ചിറ – താമരക്കുളം റോഡും ചങ്ങൻകുളങ്ങര – താമരക്കുളം റോഡുമുണ്ടായി. ഗതാഗതത്തിന് റോഡുകളെ മാത്രം ആശ്രയിക്കുന്ന വള്ളികുന്നത്തുകാർക്ക് ഇന്നും പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗങ്ങളായി ഈ മൂന്ന് റോഡുകളും വർത്തിക്കുന്നു.

1953-ൽ ജനകീയ പഞ്ചായത്ത് അധികാരത്തിൽ വന്ന സമയത്ത് N.S. റോഡ്, ഓച്ചിറ – താമരക്കുളം റോഡ് എന്നിവ മാത്രമായിരുന്നു ഉണ്ടായിരുന്നത്. എന്നാൽ നമ്മുടെ ഗ്രമത്തിലെ എല്ലാ പ്രദേശങ്ങളേയും ബന്ധിപ്പിക്കുന്ന വിപുലമായ ഒരു റോഡു ശൃംഖല ഇന്നുണ്ട്. വികസനമെന്നാൽ റോഡും പാലവും മാത്രമാണെന്ന വികലമായ ധാരണ നിമിത്തം സർക്കാർ വരുമാനത്തിന്റെ സിംഹഭാഗവും റോഡും പാലവും നിർമ്മിക്കാനായി ചെലവിടുന്നു. പുതിയ റോഡുകൾ വെട്ടുന്നതിൽ കാണിക്കുന്ന ആവേശം അവ സംരക്ഷിക്കുന്നതിൽ നമുക്ക് ഇല്ലാതായിരിക്കുന്നു. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. മഴക്കാലമായാൽ റോഡുകളിൽ വെള്ളം കെട്ടിനിൽക്കുന്നതും റോഡ് തോടാകുന്നതും സാധാരണമായിരിക്കുന്നു. ആവശ്യത്തിന് ഓടകളും കലുങ്കുകളും നിർമ്മിക്കുന്നതിനും ഉള്ളവ സംരക്ഷിക്കുന്നതിനും കഴിയാത്തത് റോഡുകൾ നശിക്കുന്നതിന് പ്രധാന കാരണമാണ്. കഴിഞ്ഞകാലങ്ങളിൽ പഞ്ചായത്ത് ഫണ്ടിന്റെ സിംഹഭാഗവും റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായിട്ടാണ് ചെലവിട്ടിരുന്നത്. എന്നിട്ടും റോഡുകളുടെ സ്ഥിതി വളരെ ദയനീയമാണ്. കഴിഞ്ഞ 2 വർഷങ്ങളിൽ അൺറ്റൈഡ് ഫണ്ട് ഉപയോഗിച്ച് പഞ്ചായത്തിൽ ചെയ്ത വർക്കുകളുടെ വിശദാംശങ്ങൾ പട്ടിക 9.1 ൽ ചേർക്കുന്നു. നമ്മുടെ ഗ്രാമത്തിൽ ആകെ 142.261 കി. മീ. റോഡാണുള്ളത്. (പഞ്ചായത്തിന്റെയും P.W.D. യുടെയും കൈവശമുള്ളവ) ഇതിൽ 30. 79 കി.മീ. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. ആകെ റോഡുകളിൽ 22% മാത്രമേ ടാർ ചെയ്തിട്ടുള്ളു. വിശദാംശങ്ങൾ പട്ടിക 9.2 ൽ ചേർത്തിരിക്കുന്നു. 1967-68 കാലഘട്ടത്തിൽ ടാർ ചെയ്ത N.S. റോഡാണ് നമ്മുടെ ഗ്രാമത്തിൽ ആദ്യമായി ടാർ ചെയ്ത റോഡ്.

യാത്രാ സൗകര്യത്തിന്റെ കാര്യത്തിൽ ഗ്രാമത്തിന്റെ പല ഭാഗങ്ങളും വളരെ പിന്നിലാണ്. N.S. റോഡ്, ഓച്ചിറ – താമരക്കുളം റോഡ് ചങ്ങൻകുളങ്ങര – താമരക്കുളം റോഡ് എന്നീ റോഡുകളിൽ മാത്രമാണ് വാഹന സൗകര്യമുള്ളത്. നമ്മുടെ ഗ്രാമത്തിലൂടെ ആദ്യമായി ഒരു ബസ് സർവീസ് തുടങ്ങിയത് 1960-61 കാലഘട്ടത്തിലാണ്. P.M.S. എന്ന പരബ്രഹ്മോദയം മോട്ടോർ സർവീസ് N.S. റോഡിലൂടെ മാവേലിക്കര – കരുനാഗപ്പള്ളി റൂട്ടിൽ ഓടിത്തുടങ്ങി. തുടർന്ന്


| വാർഡ് | പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങൾ | ദൂരം | ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|---|---|
| | 4. വൈശാഖം ജംഗ്ഷൻ മുതൽ കാരൂർ മുക്ക് വരെ | .52 കി. മീ. | |
| | 5. വട്ടപ്പണ്ണ ജംഗ്ഷൻ – മഠത്തിൽ മുക്ക് റോഡ് | .595 കി. മീ. | |
| | 6. പേരൂർ മുക്ക് കുമ്പളത്ത് മുക്ക് റോഡ് | .91 കി. മീ. | |
| | 7. കളക്കാട്ട് മുക്ക് – കണിയാൻ മുക്ക് റോഡ് | .685 കി. മീ. | |
| III | 1. കളക്കാട്ട് മുക്ക് മുതൽ – കണ്ണൻങ്കര മുക്ക് | .15 കി. മീ. | ആയിക്കോമത്ത് ക്ഷേത്രത്തിനു സമീപം |
| | 2. ചക്കിട്ട മുക്ക് – കുരുമ്പോലിൽ മുക്ക് | .2 കി. മീ. | |
| | 3. ബദാംമുക്ക് –'കണിയാൻ മുക്കിന് ഇടയ്ക്കുള്ള ഭാഗം | | |
| IV | 1. വലിയകുളം – കൊച്ചുവിള റോഡ് | .55 കി. മീ. | മണക്കാട് |
| V | 1. നടീലേത്ത് മുക്ക് മുതൽ കിഴക്കോട്ടും വടക്കോട്ടുമുള്ള റോഡ് | .75 കി. മീ. | |
| | 2. പനയച്ചേരി മുക്ക് – കൊട്ടാട്ട് കുഴി മുക്ക് റോഡ് | .55 കി. മീ. | |
| | 3. ആണുംപുറത്ത് മുക്ക് കണ്ടിയിൽ ക്ഷേത്രം റോഡ് | | |
| | 4. കാട്ടൂർ വടക്കുവശം മുതൽ കാക്കാൻ മുക്ക് വരെ | .45 കി. മീ. | |
| VI | 1. മീനത്ത് ക്ഷീരവികസന കേന്ദ്രം മുതൽ കണ്ടർകുളം വരെ | .35 കി. മീ. | |
| | 2. മുട്ടത്തേത്ത് വിളമുതൽ വടക്കേ കോളനി വരെ | .25 കി. മീ. | ഇലഞ്ഞിക്കൽ മുക്ക് |
| VII | പള്ളിക്കത്തറമുക്ക് | | |
| VIII | പോക്കാട്ട് കുളം മുക്ക്<br>ലക്ഷംവീട് മുക്ക് മുതൽ വടക്കോട്ട് പോക്കാട്ട് കുളം മുക്ക് വരെ | | |
| IX | മഠത്തിലയ്യത്ത് ജംഗ്ഷൻ | | |
| X | പള്ളിവിള മുക്ക് | | |

## പട്ടിക 10
## വഴിവിളക്കുകൾ സ്ഥാപിക്കേണ്ട റോഡുകൾ

വാർഡ് I

വിവേകാനന്ദമുക്ക് – S.N.D.P.H.S. റോഡ്

കിണറുമുക്ക് – മാവനാൽകുറ്റി മുക്ക് റോഡ്

ഇലങ്കത്തിൽ മുക്ക് – ആലിന്റെ തെക്കതിൽ മുക്ക് റോഡ്

ചൂനാട് ചന്ത – പള്ളിവിള മുക്ക് റോഡ്

വാർഡ് II

കോട്ടയ്ക്കകത്ത് മുക്ക് – പണിക്കശ്ശേരിൽ മുക്ക്

വാർഡ് III

പുത്തുരേത്ത് മുക്ക് – ആയിക്കോമത്ത് മുക്ക്

ബദാം മുക്ക് – വെട്ടത്തേത്ത് മുക്ക്

വാർഡ് V

പുളിന്തറമുക്ക് – ആനയടി മുക്ക്

പള്ളിമുക്ക് – കാക്കാൻ മുക്ക് റോഡ്

കാക്കാൻമുക്ക് – നാലുവിള മുക്ക് റോഡ്

കാമ്പിശ്ശേരി മുക്ക് – വലിയകുളം മുക്ക്

പള്ളിയുടെ കിഴക്കേ മുക്ക് – പനയച്ചേരി മുക്ക്

നാലുവിളമുക്ക് – കൊട്ടാട്ട് കുഴി

വാർഡ് VI

കാമ്പിശ്ശേരിമുക്ക് – തുണ്ടത്തിൽ മുക്ക് റോഡ്

ഇലഞ്ഞിക്കൽ മുക്ക് മുതൽ തെക്കോട്ടുള്ള കേളനി റോഡ്

രാമഞ്ചിറ മുതൽ – വിളയിൽ മുക്ക് വരെ

ഇലഞ്ഞിക്കൽ മുക്ക് മുതൽ വിളയിൽ മുക്ക് വരെ

തെക്കേതലയ്ക്കൽ മുതൽ – മാമ്മൂട് വരെ

വാർഡ് IX

ഈരിക്കൽതറ മുക്ക് – പള്ളിമുക്ക് റോഡ്

വാർഡ് X

1. വള്ളികുന്നം ഗവ: ആശുപത്രിയുടെ പടിഞ്ഞാറ് വശത്തുകൂടി വടക്കോട്ട് കലതിവിളമുക്ക് വരെ
2. കടുവുങ്കൽ വിള മുക്ക് – കല്ലുംപുറം മുക്ക്
3. തറയിൽ കുറ്റിമുക്ക് – ചെറുനാട്ട് കുളം റോഡ്

## പട്ടിക 11
## വിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ് I

1. ചൂനാട് തെക്കേ ജംഗ്ഷൻ
2. ചൂനാട് ചന്ത
3. ചൂനാട് വടക്കേമുക്ക്
4. വാഴക്കോമത്ത് മുക്ക്
5. വിവേകാനന്ദ ജംഗ്ഷൻ
6. S.N.D.P.H.S. മുക്ക്
7. പുതുപ്പുരയ്ക്കൽ മുക്ക്
8. വെട്ടുവിളശ്ശേരി മുക്ക്

വാർഡ് II

1. കാരാണ്മ ലക്ഷംവീട് കോളനി ജംഗ്ഷൻ
2. വട്ടക്കാട് ക്ഷേത്രത്തിന് സമീപം
3. പുന്തിലേത്ത് തെക്കുവശത്ത്

വാർഡ് III

1. കണ്ണങ്കരമുക്ക്
2. കളക്കാട്ട് മുക്ക്
3. ചക്കിടിയിൽ മുക്ക്
4. നെല്ലുവേലിൽ മുക്ക്
5. പൂവണ്ടാശ്ശേരി മുക്ക്
6. ആയിക്കോമത്ത്
7. വേലിയാത്ത്
8. ആനയടി മുക്ക്
9. മുല്ലശ്ശേരി മുക്ക്

വാർഡ് IV

1. മണക്കാട് ജംഗ്ഷൻ
2. വള്ളികുന്നം പബ്ളിക്ക് മാർക്കറ്റ്
3. ചൂരക്കാല വടക്കതിൽ മുക്ക്

വാർഡ് V

1. പള്ളിമുക്ക്
2. കാക്കാൻ മുക്ക്
3. ആലുവിള മുക്ക്

4. കക്കൂറുമ്പ് മുക്ക്
5. കീഴ്ത്തുങ്കൽ മുക്ക്
6. കൈപ്പൻ കുളത്ത് കിഴക്ക് കലുങ്കിന്റെ മുക്ക്
7. വലിയകുളം മുക്ക്
8. ചിത്തഴ മുക്ക്
9. പഴവൂർ പടിഞ്ഞാറ് ഭാഗം

വാർഡ് VI

1. കാമ്പിശ്ശേരി മുക്ക്
2. പള്ളിക്കുറ്റി ഭാഗം
3. ഇലഞ്ഞിക്കൽ മുക്ക്
4. രാമഞ്ചിറ മുക്ക്
5. കക്കുറുമ്പ് മുക്ക്
6. ചാരാടിത്തറ ഭാഗം
7. പീടികത്തറ ഭാഗം

വാർഡ് VII

1. കാഞ്ചിരത്തും മൂട്
2. പള്ളിക്കത്തറ മുക്ക്
3. ഗുരുമന്ദിരം മുക്ക്
4. ലക്ഷം വീട് മുക്ക് (വേടൻ മുക്ക്)

വാർഡ് VIII

1. കമ്പിനിവിള ജംഗ്ഷൻ
2. താഴത്ത് വീട് ജംഗ്ഷൻ
3. റബ്ബർവിള മുക്ക്
4. മലമേൽ ചന്ത
5. വട്ടത്തറ കോളനി
6. വേലന്റെ തെക്കതിൽ മുക്ക്
7. മൂലംകുഴി മുക്ക്
8. മലമേൽ തെക്കതിൽ മുക്ക്
9. ചൈതന്യ മുക്ക്
10. പോക്കാട്ടുകുളങ്ങര
11. N.S.S. കരയോഗം ജംഗ്ഷൻ
12. പാലവിള മുക്ക്

വാർഡ് IX

1. പടയണിവട്ടം
2. പള്ളിമുക്ക്
3. ഭഗവതീ അയ്യത്ത്

വാർഡ് X

1. ഗവ: ആശുപത്രി മുക്ക്
2. പ്ലാംവിള മുക്ക്
3. കൽകുളത്താൽ മുക്ക്
4. തറയിൽ കുറ്റിമുക്ക്
5. മഠത്തിലയ്യത്ത് മുക്ക്
6. കലദിവിള മുക്ക്

വാർഡ് XI

1. പള്ളിവിളമുക്ക്
2. പുത്തൻച്ചന്ത
3. കല്ലുംപുറത്ത് മുക്ക്
4. ഉലകുംതറ കോളനി മുക്ക്

മറ്റ് ആവശ്യങ്ങൾ

1. തെക്കേമുറി ചെറുവള്ളിൽ മുക്കിൽ ഇരിക്കുന്ന ട്രാൻസ്ഫോർമറുകളുമായി കാക്കാൻ മുക്കിൽ നിന്നും തെക്കോട്ടുള്ള സപ്ലൈ ലൈൻ ബന്ധിപ്പിക്കുക.
2. കടുവിനാൽ വട്ടത്തറ കോളനി ഭാഗത്തുള്ള കണക്ഷനുകൾ കണ്ണനാം കുഴി ട്രാൻസ്ഫോർമറുകളിലേക്ക് മാറ്റുക.
3. ചൂനാട് വടക്കേ മുക്കിന് ഇരിക്കുന്ന ട്രാൻസ്ഫോർമർ മാറ്റിയിട്ട് കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമർ സ്ഥാപിക്കണം.

പ്രശ്നങ്ങൾ

1. വൈദ്യുതി വോൾട്ടേജ് ക്ഷാമം
2. വൈദ്യുതിയുടെ ദുരുപയോഗവും പ്രസരണ നഷ്ടവും
3. അപ്രഖ്യാപിത കറന്റ് കട്ട്.
4. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ
5. വൈദ്യുതി ബോർഡിന്റെ 4 സബ് സ്റ്റേഷനുകളിൽ

നിന്നുമാണ് പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ഈ സബ് സ്റ്റേഷനുകൾ 15 മുതൽ 20 വരെ കി. മീ. അകലത്തിലാണ്. കൂടാതെ ഈ സബ് സ്റ്റേഷനുകളിൽ നിന്നുള്ള ലൈനുകളിലെ ഏറ്റവും അവസാനത്തെ കണക്ഷനുകളാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ഇക്കാരണങ്ങളാൽ വോൾട്ടേജ് ക്ഷാമവും നിരന്തരമായ വൈദ്യുതി മുടക്കവും ഉണ്ടാകുന്നു.

6. K.S.E.B. യുടെ പല ഓഫീസുകളുടെ പരിധിയിൽ വരുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുവാൻ പഞ്ചായത്തിനും സാമൂഹ്യ പ്രവർത്തകർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.
7. വൈദ്യുതി ചാർജ്ജ് അടയ്ക്കുവാൻ നേരിടുന്ന ബുദ്ധിമുട്ടുകൾ.
8. സ്ലാബ് സമ്പ്രദായത്തിന്റെ അപ്രായോഗികത.
9. പഞ്ചായത്തിന്റെ പലഭാഗത്തും ഇനിയും വൈദ്യുതി എത്തിയിട്ടില്ല.
10. K.S.E.B. ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവയും ഉള്ള വിഷമതകൾ വർദ്ധിപ്പിക്കുന്നു.
11. 501 വഴിവിളക്കുകൾക്കുള്ള കറന്റ് ചാർജ്ജ് പഞ്ചായത്തിൽ നിന്നും കൃത്യമായി അടയ്ക്കുന്നുണ്ടെങ്കിലും ഒരു ചെറിയ ശതമാനം വിളക്കുകൾ മാത്രമേ കത്തുന്നുള്ളു.
12. ആവശ്യത്തിനുള്ള വഴിവിളക്കുകൾ ഇല്ലാത്ത അവസ്ഥ.
13. പാരമ്പര്യ അടുപ്പുകൾഉപയോഗിക്കുന്നതു മൂലം ഉണ്ടാകുന്ന ഇന്ധന നഷ്ടം.
14. മണ്ണെണ്ണയുടെ ലഭ്യതക്കുറവ്.
15. ഗ്യാസ് കണക്ഷനുവേണ്ടി അപേക്ഷപോലും നല്കുവാൻകഴിയാത്ത അവസ്ഥ.
16. പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുവാനുള്ള സൗകര്യമില്ലാത്ത അവസ്ഥ.

**നിർദ്ദേശങ്ങൾ / സാദ്ധ്യതകൾ**

1. വൈദ്യുതിയുടെ ഉപഭോഗം മനസ്സിലാക്കി പട്ടികയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലൊക്കെ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. ഉപഭോക്താക്കളെ ബോധവൽകരിച്ച് വൈദ്യുതിയുടെ ദുരുപയോഗം അവസാനിപ്പിക്കുക. വൈദ്യുത ലൈനുകളിൽ മുട്ടി നിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ കാലാകാലങ്ങളിൽ വെട്ടിമാറ്റുക. ലൂസ് കണക്ഷൻ ഒഴിവാക്കുക.
3. അപ്രഖ്യാപിത കറന്റ് കട്ട് ഒഴിവാക്കി നിലവിലുള്ള കറന്റ് കട്ടിന്റെ സമയ ദൈർഘ്യം വർദ്ധിപ്പിക്കുക.
4. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു വേണ്ടിയുള്ള നിയമങ്ങൾ കാലോചിതമായി പരിഷ്കരിച്ച് പ്രായോഗികമാക്കുവാൻ കഴിയാത്ത നിബന്ധനകൾ എടുത്തു കളയണം.
5. 5000 ത്തിലധികം ഉപഭോക്താക്കളുള്ള വള്ളികുന്നം പഞ്ചായത്തിൽ ഒരു 66 KV സബ് സ്റ്റേഷൻ ആരംഭിക്കുക.
6. വള്ളികുന്നത്ത് K.S.E.B. യുടെ ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുക.
7. സ്ലാബ് സമ്പ്രദായത്തിലൂടെ ഒരു നിശ്ചിത അളവ് വൈദ്യുതിക്കുള്ള ചാർജ്ജ് അടയ്ക്കുന്നു എന്നതിനാൽ മാത്രം ആവശ്യമില്ലാതെയും വൈദ്യുതി ഉപയോഗിക്കുന്നതിനുള്ള പ്രവണത ഉപഭോക്താക്കളിൽ കണ്ടുവരുന്നു. അതിനാൽ ഉപയോഗിക്കുന്ന വൈദ്യുതിക്ക് മാത്രം ചാർജ്ജ് ഈടാക്കുന്ന സമ്പ്രദായം ഏർപ്പെടുത്തണം. കൃത്രിമങ്ങൾ ചെയ്യുവാൻ കഴിയാത്ത തരത്തിലുള്ള മീറ്ററുകൾ സ്ഥാപിക്കണം.
8. പട്ടികയിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിലൊക്കെ വൈദ്യുതി ലൈൻ വലിക്കണം.
9. K.S.E.B. ഓഫീസുകളിലെ പരാതി പുസ്തകം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയും അതിൽ എഴുതിയിട്ടുള്ള പരാതികൾക്ക് സമയാസമയത്ത് പരിഹാരം ഉണ്ടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിന് നൽകുകയും ചെയ്യുക.
10. വൈദ്യുതി ചാർജ്ജ് അടയ്ക്കുന്ന വഴിവിളക്കുകൾ കത്തുന്നുണ്ടോ എന്ന് പഞ്ചായത്ത് സമിതി പരിശോധിച്ച് കത്താത്തവ കത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.
11. പട്ടികയിൽ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിലും റോഡുകളിലും അനിവാര്യത അനുസരിച്ച് മുൻഗണന തീരുമാനിച്ച് വഴിവിളക്കുകൾ സ്ഥാപിക്കുക.
12. ദക്ഷത കൂടിയ അടുപ്പുകളെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിച്ച് കുറഞ്ഞ വിലയ്ക്ക് അവ ലഭ്യമാക്കുക.
13. റേഷൻ കടകളിലൂടെ ജനങ്ങൾക്ക് ലഭിക്കേണ്ട മണ്ണെണ്ണ കൃത്യമായി ലഭിക്കുന്നുണ്ട് എന്ന് ഉറപ്പു

വരുത്തുവാൻ റേഷൻ കടകൾ പരിശോധിക്കുവാനുള്ള അധികാരം പഞ്ചായത്തിനു നൽകണം.

14. സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഉടമസ്ഥതയിൽ ഒരു പാചക വാതക ഏജൻസി വള്ളികുന്നത്ത് ആരംഭിക്കണം.

15. ANERT ന്റെ ഒരു യൂണിറ്റ് പഞ്ചായത്തിൽ ആരംഭിക്കുക.

## മാർക്കറ്റ്

കാർഷികോൽപ്പന്നങ്ങളുടെ ക്രയവിക്രയത്തിന് വേണ്ടിയാണ് മാർക്കറ്റുകൾ രൂപപ്പെട്ടത് നമ്മുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വിലകിട്ടാതിരിക്കുകയും നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് ലഭിക്കാതിരിക്കുകയും ഇടനിലക്കാർ കൊയ്യുകയും ചെയ്യുന്ന സാഹചര്യം നിലനിൽക്കുന്നിടത്തോളം മാർക്കറ്റുകളുടെയും പുത്തൻ മാർക്കറ്റിംഗ് സംവിധാനങ്ങളുടെയും പ്രസക്തിവർദ്ധിച്ചു വരുന്നു. ഇടനിലക്കാരാൽ വഞ്ചിക്കപ്പെടുന്ന ഇടത്തരം കർഷകർ നമുടെ നാടിന്റെ ഏറ്റവും വലിയ പ്രശ്നമാണ്. മാർക്കറ്റിംഗ് സംവിധാനത്തിൽ കാതലായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ നാടിന്റെ സമ്പത്ത് വ്യവസ്ഥയുടെ നട്ടെല്ലായ കർഷകരെ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും മോചിപ്പിക്കാൻ കഴിയുകയുള്ളു. ഇതിന്റെ ഭാഗമായി തന്നെയാണ് സഹകരണ അടിസ്ഥാനത്തിൽ വിപുലമായ മാർക്കറ്റിംഗ് ഏജൻസികൾ നമ്മുടെ നാട്ടിൽ രൂപപ്പെട്ടിരിക്കുന്നത്. ഇത്തരം ഏജൻസികളുടെ പ്രധാന പ്രവർത്തന ലക്ഷ്യം ലാഭമായി മാറിയപ്പോൾ കർഷകരുടെ സ്ഥിതിക്ക് മാറ്റമില്ലാതായി. സഹകരണ മേഖലയിൽ ലാഭേച്ഛയില്ലാതെ ഉൽപ്പാദകരെ സഹായിക്കുന്ന മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രൂപീകരിച്ച് ഇതിനൊരു പരിഹാരം കാണാനാകും.

വട്ടയ്ക്കാട് തെരുവാണ് നമുടെ ഗ്രാമത്തിലെ ഏറ്റവും പഴയ മാർക്കറ്റ് അതിനു ശേഷം കാഞ്ഞിപ്പുഴ തെരുവുണ്ടായി കാലാന്തരത്തിൽ ഈ രണ്ട് തെരുവുകളും അപ്രത്യക്ഷമായി. ചൂനാട് ചന്ത, മലമേൽ ചന്ത, കടയ്ക്കൽ ചന്ത, പുത്തൻ ചന്ത എന്നിവയാണ് ഗ്രാമത്തിലെ പ്രധാന മാർക്കറ്റുകൾ. ഇതിൽ കടയ്ക്കൽ ചന്ത (വള്ളികുന്നം പബ്ളിക്ക് മാർക്കറ്റ്) മാത്രമാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ളത്. അസൂത്രിതമായ ഒരു മാർക്കറ്റിന്റെ അഭാവം ജനങ്ങളെ പലതരത്തിലും ബാധിക്കുന്നുണ്ട്. സ്ഥല സൗകര്യത്തിന്റെയും വിപണനത്തിന്റെയും കാര്യത്തിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്നത് ചൂനാട് ചന്തയാണ്. സ്വകാര്യ ചന്തയായതിനാൽ വേണ്ടത്ര വികസനം കൈവരിക്കാൻ ഇതിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് ഏറ്റെടുക്കുകയാണെങ്കിൽ വിപുലമായ വികസന സാദ്ധ്യതയുള്ള ഒരു ചന്തയാണിത്. പഞ്ചായത്തിന്റെ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഇതുണ്ടാക്കി തരുകയും ചെയ്യും. കാർഷികോൽപ്പന്നങ്ങൾ വിൽക്കുന്നതിനും വാങ്ങുന്നതിനും താമരക്കുളം ചന്തയെ ആശ്രയിക്കുന്നവരാണ് വള്ളികുന്നത്തുകാർ. വിശേഷാൽ ഗ്രാമ സഭകളിൽ എല്ലാം തന്നെ വാർഡ് തലത്തിൽ ആഴ്ച ചന്തകളും അന്തിച്ചന്തകളും ആരംഭിക്കണമെന്ന ആവശ്യം ഉയർന്ന് വന്നിട്ടുണ്ട് മാർക്കറ്റുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

**പ്രശ്നങ്ങൾ**

1. കാർഷികോൽപ്പന്നങ്ങളുടെ ക്രയ വിക്രയത്തിനുള്ള ബുദ്ധിമുട്ടുകൾ.
2. നിത്യോപയോഗ സാധനങ്ങൾക്ക് അമിതമായ വില നൽകേണ്ടിവരുന്നു.
3. മാർക്കറ്റുകൾ വൃത്തിയാക്കുന്നില്ല. സാധനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നില്ല.
4. മഴക്കാലത്ത് മാർക്കറ്റുകളിൽ വെള്ളംകെട്ടി നിൽക്കുന്നു.
5. മാർക്കറ്റുകളിൽ എത്തിചേരാൻ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നു.
6. ദുർഗന്ധം വമിക്കുന്ന മത്സ്യമാർക്കറ്റുകൾ
7. കന്നുകാലികളെ വാങ്ങാനും വിൽക്കാനും സൗകര്യമില്ല.
8. ശരിയായി ആസൂത്രണം ചെയ്ത മാർക്കറ്റുകൾ ഇല്ല.
9. സാധനങ്ങളുടെ വില നിലവാരം പ്രദർശിപ്പിക്കുന്നില്ല.
10. വ്യാജ സാധനങ്ങളുടെ അധീപത്യം.
11. സാധനങ്ങൾ സമയാസമയങ്ങളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല.
12. അളവിലും തൂക്കത്തിലുമുള്ള കബളിക്കൽ
13. ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല. ഇടനിലക്കാർ കൊള്ളയടിക്കുന്നു.

**നിർദ്ദേശങ്ങൾ / സാദ്ധ്യതകൾ**

1. വള്ളികുന്നം പബ്ളിക്ക് മാർക്കറ്റ് മലമേൽ ചന്ത, പുത്തൻ ചന്ത, വാളാച്ചാൽ, കാമ്പിശ്ശേരിമുക്ക്, ചൂനാട് എന്നിവിടങ്ങളിൽ ആഴ്ച ചന്ത ആരംഭിക്കണം.

2. സാധനങ്ങൾക്ക് അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ കടകൾ പരിശോധിക്കണം.

3. മാർക്കറ്റുകളിൽ നിന്നും മാലിന്യം നിക്കം ചെയ്യുന്നതിനു വേണ്ടി സ്ഥിരം സംവിധാനം ഏർപ്പെടുത്തണം. ഗോഡൗണുകൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തണം.

4. മാർക്കറ്റുകളിൽ നിന്നും വെള്ളം ഒഴുകി പോകുന്നതിന് വേണ്ടി ഓടകൾ നിർമ്മിക്കണം.

5. അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ അന്തിച്ചന്ത ആരംഭിക്കണം.

6. മത്സ്യവ്യാപാര കേന്ദ്രങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുവാൻ വേണ്ട നടപടികൾ ആരോഗ്യ വകുപ്പും പഞ്ചായത്തും ചേർന്ന് സ്വീകരിക്കണം.

7. പഞ്ചായത്തിൽ ഒരു കന്നുകാലി ചന്ത ആരംഭിക്കണം.

8. ചൂനാട് ചന്ത പഞ്ചായത്ത് ഏറ്റെടുത്ത് ശരിയായി ആസൂത്രണം ചെയ്ത ഒരു മാർക്കറ്റ് സ്ഥാപിക്കണം. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ വാങ്ങി വസ്തു ഉടമകൾക്ക് വിലനൽകുവാൻ കഴിയും. ചന്തയിൽ നിന്നുള്ള വരുമാനം കൊണ്ട് തന്നെ വായ്പ തിരിച്ചടയ്ക്കാനും കഴിയും.

9. സാധനങ്ങളുടെ വിലനിലവാരം ക്വാളിറ്റി തിരിച്ച് പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കണം.

10. വ്യാജ സാധനങ്ങൾ കണ്ടെത്തി നടപടി എടുക്കണം.

11. വിൽപ്പനയ്ക്ക് വന്നിരിക്കുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുവാൻ ഫുഡ് ഇൻസപക്ടർമാർ തയ്യാറാകണം.

12. കട്ടിയും ത്രാസ്സും അളവ് പാത്രങ്ങളും പരിശോധിക്കുവാൻ ലീഗൽ മെട്രോളജി വകുപ്പ് തയ്യാറാകണം.

13. ഉൽപ്പന്നങ്ങൾ ന്യായവിലയ്ക്ക് വാങ്ങി വിപണനം നടത്തുന്നതിന് വേണ്ടി ഒരു മാർക്കറ്റിംഗ് സഹകരണ സംഘം ആരംഭിക്കണം. മാവേലി സ്റ്റോറുകളുടെ പ്രവർത്തനം വിപുലപ്പെടുത്തുവാനും നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുവാനും സർക്കാർ തലത്തിൽ നടപടികൾ എടുക്കണം.



# 9. ഭവന നിർമ്മാണം, സാമൂഹ്യക്ഷേമം

വള്ളികുന്നം ഗ്രാമ പഞ്ചായത്തിലെ 11 വാർഡുകളിലായി 5623 വീടുകൾ ഉണ്ട്. നാലുകെട്ടുകളും എട്ട് കെട്ടുകളും ഉണ്ടായിരുന്ന സ്ഥാനത്ത് ഇപ്പോൾ കോൺക്രീറ്റ് കെട്ടിടങ്ങളാണ് ഉള്ളത്. പഴയ വലിയ തറവാടുകളിലെ വീടുകൾ വാസ്തുശിൽപ്പ കലകളുടെ മാതൃകകളായിരുന്നു. കെട്ടിട നിർമ്മാണത്തിനുപയോഗിച്ചിരുന്നത് തടിയും ഓലയുമായിരുന്നു നിരയും പുരയും എന്ന പേരിൽ നിർമ്മിച്ചിരുന്ന വീടുകളുടെ ഭിത്തികൾ തടികൊണ്ട് കൊത്തു പണികളോടെ നിർമ്മിച്ചിരുന്നു. ഇത്തരം വീടുകൾ ആധുനിക എയർ കണ്ടിഷൻ വീടുകളെക്കാൾ വാസയോഗ്യമായിരുന്നു. പഞ്ചായത്തിൽ ഇത്തരത്തിൽപ്പെട്ട അപൂർവ്വം വീടുകളെ ഇന്ന് ശേഷിക്കുന്നുള്ളു. ഇഷ്ടികയും, ഓടും, കമ്പിയും, സിമന്റും പ്രചാരത്തിൽ വന്നതോടെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ കോൺക്രീറ്റ് വീടുകൾ ഒന്നാം സ്ഥാനത്ത് എത്തി. ഇരുനില കെട്ടിടങ്ങൾ പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. അപൂർവ്വം വീടുകളിൽ എയർ കണ്ടീഷൻ സംവിധാനങ്ങളുണ്ട്.

പഞ്ചായത്തിലുള്ള വീടുകളിൽ 32% ത്തോളം കുടിലുകളാണ്. പുതുതായി അനുവദിച്ച വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

പട്ടിക 1

| വാർഡ നമ്പർ | വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം (IRDP സർവ്വേ പ്രകാരം) | വിവിധ പരിപാടികളിലായി അനുവദിച്ച് വീടുകൾ | പൂർത്തീകരിച്ച വീടുകൾ | പൂർത്തിയാക്കാനുള്ള വീടുകൾ |
|---|---|---|---|---|
| I | 211 | 10 | 7 | 3 |
| II | 320 | 10 | 7 | 3 |
| III | 169 | 10 | 7 | 3 |
| IV | 140 | 10 | 7 | 3 |
| V | 171 | 10 | 7 | 3 |
| VI | 420 | 13 | 9 | 4 |
| VII | 340 | 12 | 9 | 3 |
| VIII | 201 | 10 | 8 | 2 |
| IX | 271 | 10 | 8 | 2 |
| X | 173 | 10 | 8 | 2 |
| XI | 159 | 10 | 8 | 2 |
| ആകെ | 2575 | 115 | 85 | 30 |

ആവശ്യവുമായി തട്ടിച്ച് നോക്കുമ്പോൾ കാലാകാലങ്ങളിൽ അനുവദിക്കുന്ന വീടുകളുടെ എണ്ണം തൃപ്തികരമല്ല. പഞ്ചായത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഇല്ല. ലക്ഷം വീട് കോളനികളും നാല് സെന്റ് കോളനികളും സെറ്റിൽമെന്റ് കോളനികളും ദുർബ്ബല വിഭാഗങ്ങൾക്കുള്ള കോളനികളും പട്ടികജാതി കോളനികളും നിലവിലുണ്ട്. ഈ കോളനികളിലെ പാർപ്പിട സൗകര്യം ഭേദപ്പെട്ടതല്ല. കുടനീർക്ഷാമവും വൈദ്യുതി ക്ഷാമവും വേണ്ടത്രയുണ്ട്. കോളനികളിലെ ഗതാഗത സൗകര്യവും മെച്ചപ്പെട്ടതല്ല. തൊഴിലില്ലായ്മയും ഇവിടങ്ങളിൽ ഒരു വലിയ പ്രശ്നമാണ്. വാസയോഗ്യമായ ഭവനങ്ങൾ ഈ കോളനികളിൽ അപൂർവ്വമാണ്. രണ്ട് കുടുംബങ്ങൾക്ക് ഒരു വീട് എന്ന നിലയിൽ ഏതാനും ലക്ഷം വീടുകൾ നിലവിലുണ്ടെങ്കിലും ഇവിടെ പ്രാഥമിക സൗകര്യങ്ങൾ കാര്യമായി ഇല്ലെന്ന് തന്നെ പറയാം. രണ്ട് കുടുംബങ്ങൾക്ക് ഒരു വീട് എന്ന സമ്പ്രദായം പരാജയമാണ് ഓരോ കുടുംബങ്ങൾക്കും വേറെ വേറെ വീടുകൾതന്നെ ഉണ്ടാകണം. ലക്ഷം വീടുകളുടെ ചുവരുകൾ ബലമുള്ളവയല്ല. കാലകാലങ്ങളിൽ അറ്റകുറ്റ പണികൾ ചെയ്യാതിരുന്നത് കൊണ്ട് ലക്ഷം വീടുകൾ പലതും നിലംപതിക്കാൻ സാദ്ധ്യതയുണ്ട് ഇവിടെ ചേരിപ്രദേശങ്ങളില്ല. കടത്തിണകളിൽ അന്തിയുറങ്ങവരില്ല. കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് പഞ്ചായത്തിലെ ചില വാർഡുകളിൽ തമിഴ് നാട്ടിൽ നിന്ന് വന്ന തൊഴിലാളികൾ താമസിക്കുന്നുണ്ട്. പഞ്ചായത്തിൽ കുടിയേറ്റ തൊഴിലാളികളില്ല.

കെട്ടിട നിർമ്മാണ രംഗത്ത് ആനാവശ്യ ചിലവുകളുടെ പ്രവണത നിലവിലുണ്ട്. ഗൾഫ് പണമാണ് ഇതിനെ സ്വാധീനിക്കുന്നത്. ഏറ്റവും പരിഷ്കൃത രീതിയിലുള്ള വീടുകൾ നിർമ്മിക്കാൻ മത്സരിക്കുന്ന പ്രവണത പഞ്ചായത്തിലെമ്പാടും ഉണ്ട്. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനുള്ള സാദ്ധ്യതകളുണ്ടെങ്കിലും ഇക്കാര്യത്തിലുള്ള സാങ്കേതിക പരിജ്ഞാന പരിമിതി മൂലം അധികമാരും ഈ കാര്യ ശ്രദ്ധിക്കുന്നില്ല. നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ സംശയ ദൃഷ്ടിയോടെയാണ് ജനങ്ങൾ വീക്ഷിക്കുന്നത്. കാരണം നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളും കുറ്റമറ്റതല്ല. എങ്കിലും ആധുനിക സാങ്കേതിക വിദ്യകൾ പകർന്നു നൽകി ഇക്കാര്യത്തിൽ ബോധവൽക്കരണം നടത്തിയാൽ ജനങ്ങളെ ഈ മേഖലയിലേക്ക് ആകർഷിക്കാൻ കഴിയും.

കെട്ടിട നിർമ്മാണ സാമഗ്രികൾ പഞ്ചായത്തിൽ സുലഭമല്ല. ഇക്കാര്യത്തിൽ ഇഷ്ടിക, ചരൽ, മണൽ, മെറ്റൽ എന്നിവ ഒഴിച്ചുള്ളവയെല്ലാം മറ്റ് സംസ്ഥാനങ്ങളെ ആശ്രയിച്ചാണ് ലഭ്യമാക്കുന്നത്. അതുകൊണ്ട് തന്നെ ഈ സാധനങ്ങൾക്ക് അമിതവില നൽകേണ്ടിവരുന്നു. എന്നു മാത്രമല്ല ആവശ്യമായ സമയത്ത് സാധനങ്ങൾ ലഭ്യമാകുന്നുമില്ല. കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദഗ്ധ തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുപോലെതന്നെ മറ്റ് തൊഴിലാളികൾക്കും ക്ഷാമം അനുഭവപ്പെടുന്നുണ്ട്. വീട് നിർമ്മാണത്തിൽ കോൺട്രാക്ട് സംവിധാനം നാമമാത്രമാണ്.

## പ്രശ്നങ്ങൾ

1. വസ്തുക്കൾക്ക് ക്രമാതീതമായി വിലവർദ്ധിച്ചു. പാടങ്ങൾ നികത്തി വീടുകൾ വയ്ക്കുന്നു.
2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വിലകയറ്റം.
3. നിർമ്മാണ തൊഴിലാളികളുടെ ദൗർലഭ്യം, കൂലി കൂടുതൽ.
4. വായ്പകൾ കിട്ടാനുള്ള അസൗകര്യം.
5. സ്വന്തമായി ഭൂമി ഇല്ലാത്തവരുടെ പ്രശ്നങ്ങൾ.
6. കോളനികളിലെ ദുസ്ഥിതി.
7. സ്വന്തമായി വീടില്ലാത്തവർ നല്ലൊരു ശതമാനമുണ്ട്.
8. കെട്ടിട നിർമ്മാണ വിദഗ്ധരുടെ അഭാവവും ദുർവ്യയവും.
9. നിലം നികത്തി വീട് വയ്ക്കുന്ന പ്രവണത. ആവശ്യമായ നിയമ നിർമ്മാണത്തിന്റെ അഭാവം.
10. വീടുകളുടെ അറ്റകുറ്റപ്പണികൾക്ക് അർഹമായ ധനസഹായം ലഭിക്കുന്നില്ല.
11. ഹൗസിംഗ് സഹകരണ സംഘത്തിന്റെ അഭാവം

13. ഭവന നിർമ്മാണ വായ്പയിലെ സബ്സിഡി ലഭ്യമാകുന്നില്ല.
14. കൂട്ടുകുടുംബമായി താമസ്സിക്കുന്നത് പലർക്കും സ്വന്തമായി വീടില്ലാത്തത് കൊണ്ടാണ്.
15. ദുർബ്ബല വിഭാഗങ്ങളുടെ ഭവന ദാരിദ്ര്യം.
16. പഞ്ചായത്തിൽ ഭവന നിർമ്മാണ ബോർഡ് ആഫീസിന്റെ അഭാവം.
17. വർദ്ധിച്ച തോതിലുള്ള കുടിലുകളുടെ എണ്ണം.
18. ഭവന നിർമ്മാണ ധനസഹായ നിയമങ്ങൾ ഉദാരമല്ല.

## നിർദ്ദേശങ്ങൾ

1. പാടങ്ങൾ നികത്തി വീട് വയ്ക്കുന്നത് കർശന മായി തടയുക
2. കെട്ടിട നിർമ്മാണ സാമഗ്രികൾ സുലഭമായി കിട്ടുന്നതിനും അവയുടെ വിലകയറ്റം തടയു ന്നതിനും നടപടിയെടുക്കുക.
3. സ്വന്തമായി വീടില്ലാതെ കൂട്ടുകുടുംബമായി താമ സ്സിക്കുന്ന 1000 ത്തിലേറെ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകണം.
4. പഞ്ചായത്തിലെ 2031 കുടുംബങ്ങൾ വാസയോ ഗ്യമല്ലാത്ത കുടിലുകളിൽ താമസ്സിക്കുന്നു. ഇവർക്ക് വീടുകൾ നിർമ്മിച്ചു നൽകണം.
5. കെട്ടിട നിർമ്മാണ രംഗത്ത് വിദഗ്ധരുടെയും തൊഴിലാളികളുടെയും ദൗർലഭ്യം പരിഹരിക്കു ന്നതിനും കൂലി നിരക്കുകൾ ഏകീകരിക്കുന്ന തിനും നടപടികൾ സ്വീകരിക്കുക.
6. ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതി നുള്ള ഉപാധികൾ ലളിതമാക്കുക. വായ്പാ തുക ഉയർത്തുകയും പലിശ നിരക്ക് കുറയ്ക്കുകയും ചെയ്യുക.
7. ദുർബ്ബല വിഭാഗങ്ങളുടെ വീടുകളുടെ അറ്റകുറ്റ പണികൾക്കും ലക്ഷം വീടുകളുടെ അറ്റകുറ്റ പണികൾക്കും കോളനികളിലെ വീടുകളുടെ അറ്റകുറ്റ പണികൾക്കും യഥാസമയം ധനസ ഹായം ലഭ്യമാക്കുക.
8. പഞ്ചായത്തിൽ ഒരു ഹൗസിംഗ് സഹകരണ സംഘം സ്ഥാപിക്കുക.
9. പഞ്ചായത്തിൽ നിന്നും വസ്തുവും വീടും നൽകുമ്പോൾ കഴിവതും അതാത് വാർഡുക ളിൽ തന്നെ നൽകുക.
10. ഭവന നിർമ്മാണ ബോർഡിന്റെ മേഖല ഓഫീസ് പഞ്ചായത്തിൽ സ്ഥാപിക്കുക.
11. ബിൽഡിംഗ് ടാക്സ് ശാസ്ത്രീയമായി ക്ലിപ്ത പ്പെടുത്തുക.
12. ലക്ഷം വീട് കോളനികളിലെ വീടുകളുടെ സ്ഥിതി പൊതുവെ ഗുരുതരമാണ് അവ അടി യന്തിരമായി മെയിന്റനൻസ് നടത്തണം.
13. ലക്ഷംവീട് കോളനികളിൽ രണ്ട് കുടുംബ ങ്ങൾക്ക് ഒരു വീട് നൽകുന്ന പദ്ധതി പരാജയ മാണ്. അതിനാൽ ഓരോ കുടുംബത്തിനും പ്രത്യേകം വീടുകൾ നൽകുക.
14. പഞ്ചായത്തിലെ ഇതര കോളനികളിൽ വാസ യോഗ്യമായ വീടില്ലാത്ത മുഴുവൻ കുടുംബ ങ്ങൾക്കും വീടുകൾ നിർമ്മിച്ചു നൽകുക. (കോളനികളുടെ ലിസ്റ്റ് റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുണ്ട്)

## സാദ്ധ്യതകൾ

1. പരമ്പരാഗത വാസ്തുശിൽപ മാതൃകകൾ സംര ക്ഷിക്കുക.
2. കെട്ടിട നിർമ്മാണ തൊഴിലാളികളുടെ വൈദഗ്ധ്യം ഉയർത്തുവാനുള്ള കേന്ദ്രം സ്ഥാപിക്കു.
3. ഭൂരഹിതർക്കും നിർദ്ധനർക്കും വേണ്ടി പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാ ക്കുക.
4. കെട്ടിട മെയിന്റനൻസിനു വേണ്ടി സർവ്വീസ് സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
5. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കുവാൻ നിർമ്മിതി കേന്ദ്രം പോലുള്ള ഏജൻസിയുടെ സേവനം ലഭ്യമാക്കുക.

## സാമൂഹ്യക്ഷേമം

സാമൂഹികമായി പിന്നോക്കം നിന്നിരുന്ന ഗ്രാമ മാണ് വള്ളികുന്നം കേരളത്തിലെ മറ്റ് പ്രദേശങ്ങൾ പോലെ വള്ളികുന്നത്തും ഉച്ചനീചത്വങ്ങൾ ശക്തമായി നിലനിന്നിരുന്നു. ഗതാഗത സൗകര്യങ്ങളുടെ കുറവ് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ നില നിന്നിരുന്ന സംസ്കാരവും ജീവിത രീതികളും കൂടി കലരുന്ന തിന് തടസ്സമായിരുന്നു. സമൂഹത്തിലെ ദുർബ്ബല വിഭാ ഗത്തിൽപ്പെട്ട ജനങ്ങൾക്ക് വിദ്യാഭ്യാസം നൽകുന്ന തിൽ നിലനിന്നിരുന്ന വിലക്കുകൾ സാമൂഹ്യ നില വാരം ഉയരുന്നതിന് വിഘാതമായി വിദ്യാഭ്യാസം സാർവ്വത്രികമായതോടു കൂടി സാമൂഹ്യമാറ്റങ്ങൾ ഉണ്ടായി എങ്കിലും സർക്കാർ തലത്തിൽ സാമൂഹിക ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ തോടു കൂടിയാണ് പൊതുവെ മാറ്റങ്ങൾ ദൃശ്യമായത്.

IRDP, CRSP, DWCRA, RAP തുടങ്ങിയ പദ്ധതി കൾ നിലവിലുണ്ടെങ്കിലും ഗുണഭോക്താക്കൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്തിലെ 60% കുടുംബങ്ങളും ദാരിദ്ര രേഖയ്ക്ക് താഴെയാണെ ന്നുള്ള വസ്തുത വളരെ പ്രാധാന്യം അർഹിക്കുന്നു. ഇവരുടെ ഉന്നമനത്തിനായി യുദ്ധകാല അടിസ്ഥാന ത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ട

പട്ടിക 2

IRDP സർവ്വേ പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

(അവലംബം - 1992 ലെ സർവ്വേ)

| വാർഡ് | ആകെ കുടുംബങ്ങളുടെ എണ്ണം | പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം | പട്ടിക ജാതി പട്ടികവർഗ്ഗ കുടുംബങ്ങളുടെ എണ്ണം | സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്ക മുകളിലെത്തിയ കുടുംബങ്ങൾ | ദാരിദ്ര്യരേഖയ്ക്ക താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ) |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| I | 221 | 24 | 232 | 14 | 6 | 215 |
| II | 330 | 46 | 43 | 27 | 12 | 316 |
| III | 179 | 11 | 5 | 2 | 2 | 177 |
| IV | 150 | 21 | 26 | 18 | 7 | 143 |
| V | 181 | 11 | 21 | 11 | 5 | 176 |
| VI | 433 | 37 | 42 | 22 | 11 | 472 |
| VII | 352 | 42 | 29 | 19 | 7 | 345 |
| VIII | 211 | 20 | 20 | 12 | 5 | 206 |
| IX | 281 | 37 | 37 | 11 | 9 | 272 |
| X | 183 | 36 | 39 | 32 | 10 | 173 |
| XI | 169 | 15 | 20 | 13 | 5 | 164 |

താണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള പട്ടികജാതി കുടുംബങ്ങൾ 300 ആണ്. (1992-ലെ സർവ്വേ അനുസരിച്ച്) ഗവ: നിന്നുള്ള ധനസഹായം ലഭിക്കാൻ അർഹതയുള്ളവരിൽ 11% കുടുംബങ്ങൾക്കു മാത്രമേ യഥാർത്ഥത്തിൽ ധനസഹായം ലഭിക്കുന്നുള്ളൂ. 90% ത്തോളം കുടുംബങ്ങൾക്ക് ഈ ധനസഹായം ലഭ്യമാകാത്തതിന്റെ കാരണം കണ്ടുപിടിച്ച് അടിയന്തിരമായി പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്.

### ട്രൈസം

I.R.D.P. പദ്ധതിപ്രകാരം തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് പരിശീലനം നല്കുന്ന പദ്ധതിയാണിത്. ഈ പദ്ധതി പഞ്ചായത്തിൽ നാമമാത്രമായി മാത്രം നടപ്പിൽവന്നിട്ടുണ്ട്. ബ്ളോക്ക് ലവലിൽ ആണ് ഈ പദ്ധതി പ്രാവർത്തികമാകുന്നത്. ഈ പദ്ധതി ഗ്രാമ പഞ്ചായത്ത്

ലവലിൽ പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ നടപ്പാക്കാൻ നടപടി എടുക്കണം.

വികലാംഗർക്ക് ധനസഹായം നല്കുന്ന ക്ഷേമ പദ്ധതികൾ നാമമാത്രമാണ്. ഈ പദ്ധതികൾപഞ്ചായത്തിന്റെ അധീനതയിലല്ല. ഈ പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാൻ ആവശ്യമായ നിയമ നിർമ്മാണങ്ങളുടെ അഭാവം മൂലമാണ് ഈ പദ്ധതികൾ ജനകീയമാകാതിരിക്കുന്നത്. ഇതിന് ആവശ്യമായ അധികാരങ്ങൾ ഗ്രാമ പഞ്ചായത്തിന് നല്കണം.

പട്ടിക 3 : ട്രൈസം - പരിശീലനം നേടിയവരുടെ കണക്ക്
(അവലംബം ഭരണിക്കാവ് ബ്ളോക്കോഫീസിലെ രേഖകൾ)

| ക്രമ നമ്പർ | പരിശീലനം നൽകിയ ഇനങ്ങൾ | പരിശീലനം ലഭിച്ചവരുടെ എണ്ണം | കുറിപ്പുകൾ |
|---|---|---|---|
| 1. | റേഡിയോ, ടി.വി. | 4 | പഞ്ചായത്തിൽ 300 പേർക്കെങ്കിലും പരിശീലനം നല്കണം. |
| 2. | കമ്പോസിംഗ് | 12 | |
| 3. | എംബ്രോയിഡറി | 4 | |
| 4. | പ്ളാസ്റ്റിക്ക് കവർ നിർമ്മാണം | 2 | |
| 5. | ആട്ടോമോബൈൽ | 2 | |
| 6. | ടൂവീലർറിപ്പയർ | 2 | |

പഞ്ചായത്തിൽ 7 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടങ്കിലും ഇവയിൽ ഒന്നും തന്നെ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഇതിനുള്ള പ്രധാനകാരണം സാമ്പത്തികപ്രതിസന്ധിയാണ്. കാലാകാലങ്ങളിൽ പ്രവർത്തനങ്ങൾ വിലയിരുത്താനോ നിർദ്ദേശങ്ങൾ നൽകാനോ സംവിധാനം ഇല്ല. അങ്കണവാടികളുടെ പ്രവർത്തനങ്ങളുടെ നിയന്ത്രണം പഞ്ചായത്ത് ഏറ്റെടുക്കണം. പഞ്ചായത്തിൽ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിളാസമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല. സാമൂഹ്യക്ഷേമരംഗത്തെ വനിതകളുടെ ഉന്നതിയുടെ ഒരുചൂണ്ടുപലകയായി ഇതിനെ കണക്കാക്കാം. സാമൂഹിക - സാംസ്കാരിക രംഗങ്ങളിൽ സ്ത്രീകളെ വളർത്തിയെടുക്കാൻ മഹിളാ സമാജങ്ങൾക്ക് ഫലപ്രദമായി പലതും പ്രവർത്തിക്കാൻ കഴിയും. ആരോഗ്യം, കുടുംബക്ഷേമം, പരിസരശുചീകരണം, പാചകം, നിരക്ഷരതാ നിർമ്മാർജ്ജനം, അന്ധവിശ്വാസങ്ങൾ ദൂരീകരിക്കൽ, ശിശുസംരക്ഷണം തുടങ്ങിയ കാര്യങ്ങളിലൊക്കെ ശ്രദ്ധപതിപ്പിക്കാനും ക്രീയാത്മകമായി പ്രവർത്തിക്കാനും കഴിയുന്ന സ്റ്റാമിന നേടിയെടുക്കാൻ മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളിലൂടെ കഴിയും.

കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ
പട്ടിക 4

| നമ്പർ | വാർഡ് സാനിട്ടറികക്കൂസുകൾ ഇല്ലാത്തവീടുകളുടെ എണ്ണം (I.R.D.P സർവ്വേപ്രകാരം) | വിവിധപദ്ധതികളിലായിഇതുവരെ അനുവദിച്ച എണ്ണം കക്കൂസുകളുടെ എണ്ണം (1992 നുശേഷം) | പൂർത്തീകരിച്ചവയുടെഎണ്ണം | ഇനികക്കൂസുകൾ വേണ്ടകുടുംബങ്ങളുടെ |
|---|---|---|---|---|
| I | 190 | 27 | 26 | 163 |
| II | 240 | 27 | 26 | 213 |
| III | 130 | 27 | 27 | 103 |
| IV | 112 | 27 | 25 | 85 |
| V | 130 | 16 | 15 | 114 |
| VI | 320 | 19 | 17 | 301 |
| VII | 302 | 19 | 18 | 283 |
| VIII | 140 | 17 | 16 | 123 |
| IX | 195 | 18 | 17 | 177 |
| X | 142 | 17 | 16 | 125 |
| XI | 125 | 18 | 18 | 107 |
| ആകെ | 2026 | 232 | 221 | 1794 |

ആരോഗ്യമുളള ഒരുജനതയെ വാർത്തെടുക്കാൻ പരിസരശുചീകരണം അത്യന്താപേക്ഷിതമാണ്. കുഴിച്ചുമൂടിയെന്ന് കരുതപ്പെട്ടിരുന്ന കോളറാ, മലമ്പനി തുടങ്ങിയവയും എലിപ്പനി, ജപ്പാൻജ്വരം തുടങ്ങിയ പകർച്ച വ്യാധികളും നമ്മുടെ ജില്ലയിൽ കടന്നുകയറിയതായാണ് റിപ്പോർട്ട്. ഇതിനെതിരെ പ്രതിരോധിക്കുന്നതിന് പരിസരശുചീകരണത്തിന്റെ ഭാഗമായി സ്വന്തമായി കക്കൂസില്ലാത്ത എല്ലാകുടുംബങ്ങൾക്കും അടിയന്തിരമായി കക്കൂസ് നിർമ്മിച്ചു നൽകേണ്ടതാണ്.

കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതിപെൻഷൻ, വികലാംഗപെൻഷൻ തുടങ്ങിയ പെൻഷൻ പദ്ധതികളുടെ ഗുണം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട നിയമങ്ങൾ ഉദാരമാക്കണം.

### നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിന്റെ കിഴക്കുഭാഗത്ത് അങ്കണവാടി സ്ഥാപിക്കുകയും മഹിളാസമാജം സ്ഥാപിച്ച് തൊഴിൽ സൗകര്യം വർദ്ധിപ്പിക്കുകയും ചെയ്യുക.
2. പെൻഷൻ ധനസഹായം നൽകുന്നതിനുള്ള അധികാരം പഞ്ചായത്തിൽ നിക്ഷിപ്തമാക്കണം. സാമ്പത്തിക മാനദണ്ഡം കണക്കിലെടുത്ത് വേണം പെൻഷൻ അനുവദിക്കാൻ. സാമ്പത്തിക സുസ്ഥിരതയുള്ളവർക്ക് പെൻഷൻ നൽകരുത്.
3. നിയമപാലകരുടെ പ്രവർത്തനം നീതിയുക്തമല്ല. കൈക്കൂലിയുടെ ഭാരമാണ് നീതിയുടെ മാനദണ്ഡം. പ്രവർത്തനം നീതിയുക്തമാക്കാൻ മനുഷ്യാവകാശ കമ്മീഷന്റെ പ്രതിനിധിയെ പോലീസ് സ്റ്റേഷനിൽ നിയമിക്കുക.

### സാദ്ധ്യതകൾ

1. വീടും, പരിസരവും ശുചീകരിക്കുന്നതിന് ബോധവൽക്കരണം നടത്തുക.
2. കക്കൂസില്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ച് നൽകണം.
3. കൊതുക് നശീകരണം തടയാൻ ഫലപ്രദമായ നടപടിയെടുക്കണം.
4. വൈദ്യുതിയും, കുടിവെള്ളവും എത്തിക്കുക.
5. വള്ളിക്കുന്നം പബ്ലിക്മാർക്കറ്റ് മതിൽ കെട്ടി സംരക്ഷിക്കുകയും, റേഡിയോ ക്ലാസ്കിനും സമീപം വെയിറ്റിംഗ് ഷെഡ് സ്ഥാപിക്കുകയും ചെയ്യുക.
6. അങ്കണവാടികളും, മഹിളാസമാജങ്ങളും, അനാഥമന്ദിരങ്ങളും, വൃദ്ധമന്ദിരങ്ങളും ആവശ്യമുളളിടത്ത് സ്ഥാപിക്കുക.
7. കർഷകത്തൊഴിലാളി പെൻഷൻ പ്രായപരിധി 55 വയസ്സായി കുറയ്ക്കാൻ നടപടിയെടുക്കുക.
8. പെൻഷൻ സഹായങ്ങൾ കൃത്യമായി ലഭിക്കാൻ നടപടി സ്വീകരിക്കുക.
9. കർഷകത്തൊഴിലാളി പെൻഷൻ 150 രൂപയായി ഉയർത്താൻ നടപടിയെടുക്കുക.
10. പഞ്ചായത്തിലെ V.E.O ആഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കണം.
11. പഞ്ചായത്തിൽ ആവശ്യമുളളിടത്ത് മാവേലി സ്റ്റോറുകൾ സ്ഥാപിക്കുക.
12. പബ്ലിക് മാർക്കറ്റ് സൂപ്പർ മാർക്കറ്റായി ഉയർത്തുകയും മാർക്കറ്റിന് ചുറ്റുമതിൽ കെട്ടുകയും ചെയ്യുക.
13. താലൂക്കിന്റെ പരിധിയിൽ ഹൗസിംഗ് ബോർഡ് ആഫീസ് സ്ഥാപിക്കാൻ നടപടിയെടുക്കുക.
14. പുരകെട്ടിമേയുന്നതിനുള്ള സഹായം 250/- രൂപയാക്കി അർഹതപ്പെട്ടവർക്ക് വിതരണം ചെയ്യുക.
15. കോളനികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കുക.
16. എല്ലാവാർഡുകളിലും കുട്ടികളുടെ പാർക്കുകൾ സ്ഥാപിക്കുക.
17. നിയമപാലകരുടെ നീതിപൂർവ്വമായ പ്രവർത്തനം ഉറപ്പുവരുത്താൻ കഴിയണം.



അങ്കണവാടികളുടെ വിവരം

| ന. | അങ്കണവാടികളുടെ പേര് | ജീവനക്കാരുടെ പേര് | തസ്തിക | ഓണറേറിയം | ആസ്തിബാദ്ധ്യതകൾ | വസ്തുവകകൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | കസ്തൂർബാ മഹിളാസമാജം | സതീദേവിയമ്മ | വർക്കർ | രൂപ 450 | കെട്ടിടം ഇല്ല | |
| 2. | ചൂരക്കാട് അങ്കൻവാടി (ഹരിജൻ ബാലവാടി) | സുശീല. എ | വർകർക്കർ | രൂപ 450 /- | | |
| 3. | ധാത്രി മഹിളാസമാജം | രാധമ്മ | വർക്കർ | രൂപ 400/- | | |
| 4. | വിമൻസ് വെൽഫെയർലീഗ് | ലളിതാഭായി | വർക്കർ | രൂപ 450/- | | |
| 5. | സാമൂഹ്യസേവാമഹിളാസമാജം | സരസമ്മ | വർക്കർ | രൂപ 400/- | | |
| 6. | ആതുരസേവാ മഹിളാസമാജം | ലക്ഷ്മിക്കുട്ടിയമ്മ | വർക്കർ | രൂപ 450/- | | |
| 7. | വനിതാക്ലബ്ബ്മഹിളാസമാജം | ലുബാബത്ത്. | വർക്കർ | രൂപ 450/- | | |
| 1. | കസ്തൂർബാ മഹിളാസമാജം | രാധമ്മ | ഹെൽപ്പർ | രൂപ 200/- | | |
| 2. | ചൂരക്കാട് അങ്കൻവാടി | തങ്കമണി | ഹെൽപ്പർ | രൂപ 200/- | | |
| 3. | ധാത്രി മഹിളാസമാജം | തങ്കമണി | ഹെൽപ്പർ | രൂപ 200/- | | |
| 4. | വിമൻസ് വെൽഫെയർ ലീഗ് | രത്നമ്മ | ഹെൽപ്പർ | രൂപ 200/- | | |
| 5. | സാമൂഹ്യക്ഷേമമഹിളാസമാജം | സുശീലാ | ഹെൽപ്പർ | രൂപ 200/- | | |
| 6. | ആതുരസേവനമഹിളാസമാജം | ദേവകിയമ്മ | ഹെൽപ്പർ | രൂപ 200/- | | |
| 7. | വനിതാക്ലബ് മഹിളാസമാജം | പുഷ്പമ്മ | ഹെൽപ്പർ | രൂപ 200/- | | |
| | ആവശ്യമുള്ള ആകെ അങ്കണവാടികളുടെ എണ്ണം - | | 26 | | | |
| | നിലവിലുള്ളത് - | | 7 | | | |
| | ഇനിയും ആരംഭിക്കേണ്ടത് - | | 19 | | | |

അവലംബം - ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട് ഓഫീസ് റിക്കാർഡ് (ഭരണിക്കാവ്)

# 10. സംസ്കാരം

യശശ്ശരീരനായ തോപ്പിൽ ഭാസി, കാമ്പിശ്ശേരിൽ കരുണാകരൻ, തോപ്പിൽ കൃഷ്ണപിള്ള ഇപ്പോഴും സാംസ്കാരിക രംഗത്ത് നിറഞ്ഞുനില്ക്കുന്ന കേശവൻപോറ്റിസാർ, ഡോ. പുതുശ്ശേരിരാമചന്ദ്രൻ എന്നിവരെ സ്മരിക്കാതെ വള്ളികുന്നത്തിന്റെ സാംസ്കാരിക ചരിത്രം മെനയാൻ കഴിയില്ല. വള്ളികുന്നത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിൽ ഇവരുടെ പങ്കും പണ്ടുണ്ടായിരുന്ന വായനശാലകളുടെ പങ്കും നിസ്സീമമാണ്. പോക്കാട്ട് കെ. ജി. പരമേശ്വരൻ പിള്ള സ്മാരക വായനശാല ചൂനാട് ശ്രീ നാരായണ മെമ്മോറിയൽ ലൈബ്രറി, വട്ടക്കാട്ട് യൂത്ത് ലീഗ് വായനശാല, മണക്കാട് ഗാന്ധിമെമ്മോറിയൽ വായനശാല, കടുവിനാൽ ഗ്രാമീണ വായനശാല, പടയണിവട്ടം ദേശീയ യുവജന സേവാസമിതി എന്നിവയുടെ പങ്ക് എടുത്ത് പറയേണ്ടതാണ്.

അതുപോലെ തന്നെ യശശ്ശരീരനായ വേലിയാത്ത് ഗോപാലപിള്ള, നാടകരംഗത്ത് നിരവധിപുരസ്കാരങ്ങൾ നേടിയ കാഞ്ഞിപ്പുഴ ശശി, അബുദാബി ശക്തി അവാർഡ് നേടിയ ചെറു കഥാകൃത്ത് ഇലിപ്പക്കുളം രവീന്ദ്രൻ, നിരൂപണത്തിന് വൈലോപ്പിള്ളി അവാർഡ് നേടിയ കെ. എസ്സ്. പ്രകാശ് ഇവരും വളളികുന്നത്തിന്റെ അഭിമാനമാണ്. വള്ളികുന്നത്തിന്റെ മുൻകാല സാംസ്കാരിക ചരിത്രത്തിൽ എന്തുകൊണ്ടും ശ്രദ്ധേയമായ നാമധേയങ്ങളാണ് കാക്കാരശ്ശി നാടകകൃത്തായ കൊല്ലക ആശാൻ, ആട്ടക്കഥാ രചയിതാവ് പത്മനാഭൻ വൈദ്യൻ, കൊട്ടാരം കഥകളി പാട്ടുകാരനായ ഒച്ചിറ നാണുവാശാൻ (പിൽക്കാലത്ത് പ്രശസ്തനായ തകഴി കുട്ടൻപിള്ള ഇദ്ദേഹത്തിന്റെ ശിഷ്യനാണ്.) ഇലിപ്പക്കുളം രാമൻ ഭാഗവദർ തുടങ്ങിയവർ കഥാപ്രസംഗം എന്ന ജനകീയകലക്ക് വള്ളികുന്നത്തിന്റെ സംഭാവനയാണ്. യശശ്ശരീരനായ വള്ളികുന്നം ഗോപി, വള്ളികുന്നം തങ്കപ്പൻ, യശ്ശശരീരനായ ഇലിപ്പക്കുളം തങ്കപ്പൻ, വള്ളികുന്നം പുഷ്പവല്ലി എന്നിവർ, ശാസ്ത്രകലബുദ്ധിവർണ്ണ സന്നിവേശ ശബ്ദഘോഷ സമ്മേളിതമായ "വെടിക്കെട്ട്" എന്ന കലയിലൂടെ വള്ളികുന്നത്തിന്റെ പേര് ദേശാന്തരങ്ങളിൽ വ്യാപിപ്പിച്ചവരാണ് ഇലിപ്പക്കുളം രാജപ്പൻ, വള്ളികുന്നം ഗംഗാധരൻ, വാസുക്കുട്ടി എന്നിവർ.

സാഹിത്യത്തിലും ഇതരകലകളിലും വള്ളികുന്നത്തിന്റെ പൈതൃകം കാത്തുസൂക്ഷിച്ചു കൊണ്ട് ഒരു യുവതലമുറ വളർന്നു വരുന്നുണ്ട്. ഇതും നമുക്ക് അഭിമാനകരം തന്നെ.

ഒന്നാം വാർഡിലുള്ള ശ്രീനാരായണ ഗ്രന്ഥശാലക്ക് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും പ്രവർത്തനം ഇല്ല. എട്ടാം വാർഡിൽ കടുവിനാൽ ഗ്രാമീണവായനശാലക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെങ്കിലും പ്രവർത്തനം വിപുലീകരിക്കണം. വട്ടക്കാട് യൂത്തലീഗ് വായനശാല, പടയണിവട്ടത്ത് ഈയിടെ രൂപംകൊണ്ട ദേശീയവായനശാല, നാലാം വാർഡിൽ വള്ളികുന്നം ഗാന്ധിസ്മാരക വായനശാല, അഞ്ചാം വാർഡ് കേന്ദ്രമായി പ്രവർത്തിക്കുന്ന സുന്നി യുവജനസംഘം, ഒന്നാം വാർഡിൽ M.E.S.വായനശാല എന്നിവ നാമമാത്രമായി പ്രവർത്തിക്കുന്നു. ഇതുകൂടാതെ ചില ചെറു ഗ്രന്ഥാലയങ്ങളും വള്ളികുന്നത്ത് പ്രവർത്തിക്കുന്നു. വള്ളികുന്നം പഞ്ചായത്തിലെ ഗ്രന്ഥശാലകളിൽ പൊതുവെ വേണ്ടത്ര പുസ്തകങ്ങളോ ഉള്ള പുസ്തകങ്ങൾ തന്നെ നിലവാരമുള്ളതോ അല്ല. കൂടാതെ ഗ്രന്ഥശാലകളുടെ ഭൗതികസാഹചര്യം അപര്യാപ്തമാണ്. യോഗ്യതയുള്ള ലൈബ്രേറിയന്മാരുടെ അഭാവം ലൈബ്രറിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നു.

വള്ളികുന്നം പഞ്ചായത്തിൽ ഹിന്ദുക്കളും

മുസ്ലീംകളും ക്രിസ്ത്യാനികളും മതസൗഹാർദത്തോടുകൂടി ജീവിക്കുന്നു. ഇതിൽ ജനസംഖ്യയിൽ ഒന്നാം സ്ഥാനം ഹിന്ദുക്കൾക്കും രണ്ടാംസ്ഥാനം മുസ്ലീംകൾക്കും മൂന്നാം സ്ഥാനം ക്രിസ്ത്യാനികൾക്കും ആണ്. 15 ക്ഷേത്രങ്ങളും, 11 മുസ്ലീം ദേവാലയങ്ങളും, 5 ക്രിസ്ത്യൻ ദേവാലയങ്ങളും ഉണ്ട്. ഹിന്ദു ദേവാലയങ്ങളിലെ ഉത്സവങ്ങൾ മകരമാസം മുതൽ മേട മാസം വരെയുള്ള കാലഘട്ടങ്ങളിലാണ്. മുസ്ളീം ദേവാലയങ്ങളിൽ വിശേഷദിവസങ്ങളിലെ ആഘോഷങ്ങൾ മാത്രമേയുള്ളു. ക്രിസ്തീയദേവാലയങ്ങളിൽ വിശേഷദിവസങ്ങൾ കൂടാതെ പള്ളിപെരുനാളുകളും കൂടാറുണ്ട്. ഉത്സവങ്ങളിലും ആഘോഷങ്ങളിലും എല്ലാവരുടെയും പങ്കാളിത്തമുണ്ട്.

N.S.S, S.N.D.P, K.P.M.S, ചേരമർ മഹാസഭ, സാംബവമഹാസഭ, സിദ്ധനർ സർവ്വീസ് സൊസൈറ്റി, വീരശൈവമഹാസഭ തുടങ്ങിയ സാമുദായിക സംഘടനകളുടെ പ്രവർത്തനം പഞ്ചായത്തിലുണ്ട്. സ്വാതന്ത്ര്യ ലബ്ധിക്കുമുമ്പ് തീണ്ടൽ, തൊടീൽ തുടങ്ങിയ അനാചാരങ്ങൾ ഉണ്ടായിരുന്നുവെങ്കിലും സ്വാതന്ത്ര്യസമരത്തിലും, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലും ഉണ്ടായ മേൽപ്പറഞ്ഞ സാമുദായിക സംഘടനകളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി ഈ അനാചാരങ്ങൾ ഇന്ന് നിലവിലില്ല. രാജ്യത്താകമാനമുള്ള മാറ്റത്തിന്റെ ഭാഗമായി വള്ളികുന്നം പഞ്ചായത്തിലും ജന്മിക്കുടിയാർ വ്യവസ്ഥ അസ്തമിച്ചു.

മലയാളമനോരമ, മാതൃഭൂമി, കേരളകൗമുദി, ദേശാഭിമാനി, ദീപിക, ഇൻഡ്യൻ എക്സ്പ്രസ്സ്, ദി ഹിന്ദു എന്നീ ദിനപ്പത്രങ്ങളും, മാതൃഭൂമി, കലാകൗമുദി, കേരളശബ്ദം, ദേശാഭിമാനി, ഭാഷാപോഷിണി, ഇൻഡ്യാടുഡേ, മലയാളമനോരമ, മംഗളം തുടങ്ങിയ ആനുകാലികങ്ങളും, ബാലരമ, ബാലഭൂമി, ബാലമംഗളം, കളിക്കുടുക്ക, തത്തമ്മ, പൂമ്പാറ്റ അമർചിത്രകഥ, തുടങ്ങിയ ബാലപ്രസിദ്ധീകരണങ്ങളും ചലച്ചിത്രമാസികകളും, സ്പോർട്ട്സ് പ്രസിദ്ധീകരണങ്ങളും പ്രചാരത്തിലുണ്ട്. കയ്യെഴുത്ത് മാസികകൾ പ്രചാരത്തിലുണ്ടായിരുന്നു എങ്കിലും ഇപ്പോൾ നിലവിലില്ല. ഗ്രന്ഥപാരായണം കുറവെങ്കിലും ആനുകാലികങ്ങൾ വായിക്കുന്നതിൽ സ്ത്രീകൾ തത്പരരാണ്.

20 കലാ, കായിക, സാംസ്കാരിക സമിതികൾ വള്ളികുന്നത്ത് പ്രവർത്തിക്കുന്നു. ഈ സമിതികളുടെ പ്രവർത്തനം വള്ളികുന്നത്തിന്റെ സാംസ്കാരിക ഉന്നതിയെ സഹായിക്കുന്നു.

## ഗ്രന്ഥശാലകൾ

**പ്രശ്നങ്ങൾ**

1. ഗ്രന്ഥാലയങ്ങളുടെ ഭൗതിക സാഹചര്യം പരിതാപകരമാണ്.
2. യോഗ്യതയുള്ള ലൈബ്രേറിയന്മാരുടെ അഭാവം
3. പലവാർഡുകളിലും ഗ്രന്ഥാലയങ്ങളില്ല.
4. അംഗങ്ങൾ പുസ്തകങ്ങൾ എടുത്താൽ തിരിച്ചേൽപ്പിക്കുന്നതിൽ വീഴ്ചവരുത്തുന്നു.
5. ഗ്രന്ഥശാലകളിൽ അംഗങ്ങളാകാൻ ജനങ്ങൾക്കുള്ള താത്പര്യക്കുറവ്.
6. ഗ്രന്ഥശാലകളിൽ റീഡിംഗ് റൂമിന്റെ അപര്യാപ്തത
7. എല്ലാ ആനുകാലികങ്ങളും വരുത്തുന്നതിനുള്ള സാമ്പത്തിക ബുദ്ധിമുട്ട്
8. ഗ്രന്ഥശാലകൾ തമ്മിലുള്ള ബന്ധമില്ലായ്മ.
9. ഗ്രന്ഥശാലകൾ സ്ഥാപിക്കാനുള്ള സ്ഥലത്തിന്റെ അപര്യാപ്തത.

## സാദ്ധ്യതകൾ

1. ഗ്രന്ഥാലയങ്ങളുടെ ഭൗതികസാഹചര്യം വർദ്ധിപ്പിക്കുന്നതിന് പൊതുജനപങ്കാളിത്തത്തോടുകൂട്ടി നിധി സ്വരൂപിക്കുക.
2. യോഗ്യതയുള്ള ലൈബ്രേറിയന്മാരെ നിയമിക്കുക. ലൈബ്രറിസയൻസ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയ തൊഴിൽ രഹിതർ നമ്മുടെ നാട്ടിലുണ്ട്. അവരെ നിയമിക്കുക.
3. ഗ്രന്ഥാലയങ്ങൾ ഇല്ലാത്ത വാർഡുകളിൽ പൊതുജനപങ്കാളിത്തത്തോടുകൂടി ഗ്രന്ഥശാലകൾ സ്ഥാപിക്കുക. ഇതിനായി പഞ്ചായത്തുപുറമ്പോക്കുകൾ ഉപയോഗപ്പെടുത്താം.
4. എടുത്തപുസ്തകം തിരിച്ചേൽപ്പിക്കാത്ത അംഗങ്ങളെ ശിക്ഷിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
5. ഒരു വീട്ടിൽ നിന്ന് കുറഞ്ഞത് ഒരാളെങ്കിലും ഗ്രന്ഥശാലയിൽ അംഗമാകാൻ പ്രേരിപ്പിക്കുക.
6. സ്വന്തമായി കെട്ടിടമുള്ള ഗ്രന്ഥശാലകളിൽ റീഡിംഗ് റൂം ഉണ്ടാക്കുക. പുതിയ ലൈബ്രറി കെട്ടിടങ്ങൾ ശാസ്ത്രീയമായി സംവിധാനം ചെയ്യുക.
7. നിലവിലുള്ള പ്രസിദ്ധീകരണങ്ങൾ ഗ്രന്ഥാലയങ്ങളിൽ എത്തിക്കുന്നതിന് സാമ്പത്തികസഹായം ചെയ്യുക. സന്മനസ്സുള്ള വ്യക്തികളെക്കൊണ്ട് ആനുകാലികങ്ങൾ സ്പോൺസർ

ചെയ്യിപ്പിക്കിക. ഗസറ്റ്, എംപ്ലോയ്മെന്റ് ന്യൂസ് ഉൾപ്പടെയുളള സർക്കാർ പ്രസിദ്ധീകരണങ്ങൾ എല്ലാ ഗ്രന്ഥശാലകളിലും എത്തിക്കുക.

8. പഞ്ചായത്തുതലത്തിൽ ഒരു കേന്ദ്രീകൃത ഗ്രന്ഥശാലസ്ഥാപിക്കുകയും വാർഡുതല ലൈബ്രറികളെ കേന്ദ്രീകൃത ലൈബ്രറിയുടെ നിയന്ത്രണത്തിലുമാക്കുക. കേന്ദ്രീകൃത ലൈബ്രറിക്ക് പഞ്ചായത്ത് നിയമിക്കുന്ന ഒരു ഉപദേശക സമിതി ഉണ്ടായിരിക്കണം. എല്ലാ ഗ്രന്ഥശാലകളിലേയും ഗ്രന്ഥങ്ങളും ഉപകരണങ്ങളും വാർഷികപരിശോധനയ്ക്ക് നിർബന്ധമായും വിധേയമാക്കണം.

9. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ നിയമാവലിയുടെ അടിസ്ഥാനത്തിൽ ഭരണകാര്യങ്ങൾ നടത്തുക.

10. വാർഡ്തല ഗ്രന്ഥശാലകളോട് അനുബന്ധമായി നഴ്സറി സ്കൂളുകൾ സ്ഥാപിക്കുക. യോഗ്യതാപരീക്ഷപാസ്സായ നഴ്സറിസ്കൂളദ്ധ്യാപകരെ നിയമിക്കുക. അതുവഴി ഓരോവാർഡിലേയും പ്രധമികവിദ്യാഭ്യാസത്തിന്റെ ചുമതല അതാത് ഗ്രാമീണവായനശാലയ്ക്ക് ലഭിക്കും. ഇതിലൂടെ കുഞ്ഞുങ്ങളുടെ പ്രാഥമികവിദ്യാഭ്യാസത്തിന് വേണ്ടി ദൂരദേശത്തേക്ക് പോകുന്നത് ഒഴിവാക്കുകയും, രക്ഷിതാക്കളുടെ സാമ്പത്തികബാധ്യത ലഘൂകരിക്കുന്നതോടൊപ്പം ഗ്രാമീണവായനശാലകൾക്ക് പൊതുജനപങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യാം.

11. ഗ്രന്ഥശാലകളിൽ അംഗത്വകാർഡ് സമ്പ്രദായം നടപ്പിലാക്കുക.

12. ഗ്രാമപഞ്ചായത്ത് വസൂലാക്കുന്ന ലൈബ്രറി സെസ് പഞ്ചായത്തുകളിലെ ലൈബ്രറികളുടെ ക്ഷേമത്തിനായി വിനിയോഗിക്കുക.

13. ലൈബ്രറിയുടെ ആവശ്യകതയും ശരിയായ നടത്തിപ്പിനേയും കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുക.

## ആർട്ട്സ് ആന്റ് സ്പോട്ട്സ് ക്ലബ്ബുകൾ

മാനവസംസ്കൃതിയെ രൂപപ്പെടുത്തുന്നതിൽ ഗ്രന്ഥങ്ങളോടൊപ്പം കലാകായികരംഗത്തിനും പ്രധാനപങ്കുണ്ട്. ഇപ്പോൾ നിലനിൽക്കുന്ന സംസ്കാരത്തെ നമുക്ക് കാർഷികസംസ്കാരം, കച്ചവടസംസ്ക്കാരം, ഉപഭോഗസംസ്ക്കാരം എന്നിങ്ങനെ വേർതിരിക്കാം. ഇതിൽ നമ്മുടെ പൗരാണിക സംസ്ക്കാരവുമായി ബന്ധമുളളത് കാർഷികസംസ്ക്കാരത്തിനാണ്. കച്ചവടസംസ്ക്കാരത്തിനും അതിന്റെ ഉപോൽപ്പന്നമായ ഉപഭോഗസംസ്ക്കാരത്തിൽ ഒരു ചൂഷണവ്യവസ്ഥയുടെ സ്വഭാവമുണ്ട്. ഇത് വളർന്നു വന്നാൽ നമ്മുടെ സംസ്കാരത്തെ ആകെ വികലമാക്കും. ഇതിനെതിരെ ജാഗ്രത പുലർത്താൻ കാർഷികസംസ്ക്കാരത്തെ പരിപോഷിപ്പിക്കുകയും, തൊഴിലിന്റെ മഹത്വത്തെ വളർത്തുകയും വേണം. ഇതിനുപയുക്തമായ രീതിയിൽ നമ്മുടെ നാട്ടിലെ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളുടെ പ്രവർത്തനത്തെ ക്രമീകരിക്കണം.

നമ്മുടെ പഞ്ചായത്തിൽ 20 ക്ലബ്ബുകൾ പ്രവർത്തിക്കുന്നു. ഇവയിൽ ചാരിറ്റബിൾ രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്ട്രേഷൻ ഉളളതും ഇല്ലാത്തതും ഉൾപ്പെടുന്നു. സ്പോർട്ട്സ് കൗൺസിൽ, നെഹ്റുയുവകേന്ദ്ര, സംഗീത നാടകഅക്കാഡമി, സാമൂഹ്യക്ഷേമവകുപ്പ്, സോഷ്യൽ ഫോറസ്ട്രിബോർഡ് എന്നിവയുമായി അഫിലിയേഷൻ ഉളളത് വളരെക്കുറവാണ്. പഞ്ചായത്ത് ആഭിമുഖ്യത്തിൽ കേരളോത്സവം നടക്കുന്നുണ്ടെങ്കിലും പൂർണ്ണമായി തൃപ്തികരമല്ല. പണ്ട് പ്രചാരത്തിലുണ്ടായിരുന്ന നാടൻ കലകളായ തിരുവാതിരക്കളി, കാക്കാരശി, പടയണി, പുളളുവൻ പാട്ട്, പറയൻപാട്ട്, ശാസ്താംപാട്ട്, തോറ്റംപാട്ട്, കാളകെട്ട്, തേരുകെട്ട്, ഓട്ടൻതുളളൽ, ചാക്യാർകൂത്ത്, തുടങ്ങിയ നാടൻകലകളിൽ നാമമാത്രമായിട്ടെങ്കിലും അവശേഷിച്ചിട്ടുളളത് തിരുവാതിരകളി, പുളളുവൻപാട്ട്, ശാസ്താംപാട്ട്, കാളകെട്ട്, തേരുകെട്ട്, ഓട്ടൻതുളളൽ എന്നിവമാത്രമാണ്. നശിച്ചുകൊണ്ടിരിക്കുന്ന നാടൻ കലകളെ സംരക്ഷിക്കുവാനുളള വേദിയായിക്കൂടി നമ്മുടെ ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്ബുകളെ വിനിയോഗിക്കാം.

### പ്രശ്നങ്ങൾ

1. ആർട്സ് ആന്റ് സ്പോർട്സ് ക്ളബുകളുടെ ശരിയായ ഉദ്ദേശലക്ഷ്യങ്ങൾ ഉൾക്കൊളളാതെ ക്ളബുകൾ രൂപം കൊളളുന്നു.
2. ക്ളബുകൾ പഞ്ചായത്തിൽ അസന്തുലിതമായി വിന്യസിക്കപ്പെട്ടിരിക്കുന്നു.
3. ക്ളബുകളിൽ പ്രതിഭകളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനുളള അസൗകര്യം
4. ക്ളബുകൾക്ക് കളിസ്ഥലത്തിന്റെ അപര്യാപ്തത
5. ക്ളബുകൾക്ക് ആവശ്യമുളളത്ര കലാകായിക ഉപകരണങ്ങളുടെ അപര്യാപ്തത.
6. ക്ളബുകൾക്ക് ശാസ്ത്രീയമായി സംഘടിപ്പിക്കപ്പെട്ട ടീമുകൾ ഇല്ല.

7. കായിക പ്രതിഭകൾക്ക് പരിശീലന സൗകര്യ മില്ല.

8. പഞ്ചായത്തിന് പൊതുകളിസ്ഥലമുണ്ടെങ്കിലും അവ ശാസ്ത്രീയമായി സംവിധാനം ചെയ്തി ട്ടില്ല.

9. ക്ളബുകളുടെ അനധികൃതമായ പണപ്പിരിവ്

10. നേതൃത്വ പാടവത്തിന്റെ അപര്യാപ്തത.

11. ക്ളബുകളുടെ പ്രവർത്തനത്തെ ഏകോപിപ്പി ക്കുവാനുള്ള സംവിധാനം ഇല്ല.

## സാദ്ധ്യതകൾ

1. ചാരിറ്റബിൾ രജിസ്ട്രേഷൻ ആക്ടനുസരിച്ച് പ്രവർത്തിക്കുന്ന ക്ളബുകളെ മാത്രം പഞ്ചാ യത്ത് അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കു കയും ചെയ്യുക. ഇതിനുവേണ്ടി പഞ്ചായത്തു തലത്തിൽ രജിസ്ട്രേഷൻ നടത്തുക. ക്ളബുക ളുടെ പ്രവർത്തനത്തിൽ പഞ്ചായത്തിന്റെ സജീവ ശ്രദ്ധയുണ്ടായിരിക്കണം.

2. വാർഡുതലത്തിൽ ക്ളബുകളുടെ എണ്ണം നിയ ന്ത്രിക്കുക. രജിസ്ട്രേഷൻ നിയമാവലിയുടെ അടിസ്ഥാനത്തിൽ തന്നെ പ്രവർത്തിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

3. നാട്ടിൽ തന്നെയുള്ള കലാകാരൻമാരുടെ സേവനം സ്വീകരിച്ചുകൊണ്ട് കലാവാസനയു ള്ളവരെ പരിശീലിപ്പിക്കാൻ സംവിധാനം ഉണ്ടാ ക്കുകയും ചെയ്യുക.

4. ഒന്നിലധികം ക്ളബുകൾക്ക്, ചേർന്ന പൊതു കളിസ്ഥലം കണ്ടെത്തുകയും അതിനു സാധി ക്കാത്ത സ്ഥലങ്ങളിൽ അടുത്തുള്ള സ്കൂളുക ളുടെ കളിസ്ഥലം ക്ളബുകൾക്ക് ഉപയോഗിക്കു വാൻ സംവിധാനം ഉണ്ടാക്കുക.

5. കലാകായിക ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായം നല്കുകയും അവ ഉചി തമായരൂപത്തിൽ ഉപയോഗിക്കുകയും സംര ക്ഷിക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പുവരു ത്തുക.

6. ഓരോ ക്ളബിനോടും ചേർന്ന് ശാസ്ത്രീയമായി സംഘടിപ്പിക്കപ്പെട്ട കലാസംഘം കായിക സംഘം ഇവരെ പരിശീലിപ്പിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. ഇതിനുവേണ്ടി കേരള സംഗീതനാടക അക്കാഡമി, നെഹ്റു യുവ കേന്ദ്ര, സ്പോർട്സ് കൗൺസിലുകൾ, ലളിത കലാ അക്കാഡമി തുടങ്ങിയവയുടെ സഹായ ത്തോടെ ഒരു കേന്ദ്രീകൃത കലാമണ്ഡലം സ്ഥാപിക്കുക. ക്ളബുകളിൽനിന്ന് കഴിവുള്ള വരെ തിരഞ്ഞെടുത്ത് പഞ്ചായത്തിന്റേതായ കലാ കായിക സംഘങ്ങൾക്ക് രൂപം നല്കുക.

7. പഞ്ചായത്തിന്റെ പൊതുകളിസ്ഥലം ശാസ്ത്രീ യമായി പുന:സംവിധാനം ചെയ്യുക. കേന്ദ്രീ കൃത കലാമണ്ഡലത്തിന്റെ ആസ്ഥാനം പഞ്ചാ യത്ത് പൊതുകളിസ്ഥലത്തിനോട് ചേർന്നായി രിക്കണം.

8. പഞ്ചായത്തിന്റെ അംഗീകാരമില്ലാത്തെ പണപ്പി രിവിനുള്ള അനുമതി നല്കരുത്. പഞ്ചായ ത്തിന്റെ അനുമതിയോടുമാത്രം പൊതുജനങ്ങ ളിൽ നിന്ന് പിരിവു നടത്തി വാർഷിക റിപ്പോർട്ടിൽ ഓഡിറ്റുചെയ്ത വരവു ചിലവു കണക്കുകൾ വ്യക്തമാക്കുകയും വേണം.

9. ക്ളബുകൾ സംഘടിപ്പിക്കുന്നവർ നേതൃത്വ പാഠവം ഉള്ളവരായിരിക്കണം. കാലാകാലങ്ങ ളിൽ നേതൃത്വപരിശീലനം നൽകുകയും വേണം. 10. അവശകലാകാരന്മാരായി കുറച്ചുപേ രെങ്കിലും നമ്മുടെ നാട്ടിലുണ്ട്. ഇവർ അനു ഷ്ഠാന കലകളും പാരമ്പര്യ കലകളും ജീവി തോപാധിയായി സ്വീകരിച്ചിരുന്നവരാണ്. ഇവ രുടെ ക്ഷേമം നമ്മുടെ കടമയാണ്.

11. ഓരോ ക്ളബിനോടും ചേർന്ന് ഓരോ കാർഷി കസെൽ പ്രവർത്തിപ്പിക്കണം. ഇതിലൂടെ ക്ളബംഗങ്ങൾ കൃഷിയിൽ തല്പരരാകുകയും സ്വന്തമായും കൂട്ടായും കൃഷിചെയ്യുകയും കാർഷിക ഉല്പന്നങ്ങളിൽ നിന്നുള്ള വരുമാനം ക്ളബിന്റെ മറ്റ് പ്രവർത്തനങ്ങൾക്ക് പ്രയോജ നപ്പെടുത്തുകയും ചെയ്യാം. ഇങ്ങനെ നമ്മുടെ യുവജനങ്ങളെ തൊഴിലിനോട് ആഭിമുഖ്യമുള്ള വരും. കാർഷിക സംസ്കാരം ഉൾക്കൊള്ളുന്ന വരും ആക്കിതീർക്കാം. പണപ്പിരിവ് ഒരുപരിധി വരെ നിയന്ത്രിക്കുകയും ചെയ്യാം.

12. ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ തൊഴിലധി ഷ്ടിത കോഴ്സുകൾ നടപ്പിലാക്കി. ഗ്രാമീണയു വജനങ്ങളെ വിദഗ്ദ തൊഴിലാളികളാക്കിമാറ്റം.

13. ഓരോ ക്ളബ്ബിനും പ്രസിഡന്റ്, വൈ: പ്രസി ഡന്റ്, സെക്രട്ടറി, ജോ: സെക്രട്ടറി, ആർട്സ് കൺവീനർ, സ്പോർട്സ് കൺവീനർ കാർഷിക സെൽ കൺവീനർ, മഹിളാ വിഭാഗം കൺവീ നർ, പബ്ളിസിറ്റി കൺവീനർ എന്നിങ്ങനെ ഒൻപത് അംഗഭരണസമിതിയുണ്ടാക്കണം. ഇതി ലൂടെ തുല്യപങ്കാളിത്തം ഭരണസമിതിയിലുറ പ്പാക്കാം. ഓരോ ക്ളബ്ബിലും പഞ്ചായത്തുമെമ്പ

റുടെ നേതൃത്വത്തിൽ കുറഞ്ഞത് അഞ്ച് പേരെ ങ്കിലുമുള്ള ഉപദേശക സമിതിയുണ്ടാകണം.

14. സാക്ഷരത തുടർവിദ്യാഭ്യാസ പ്രവർത്തനവും അനൗപചാരിക വിദ്യാഭ്യാസ പരിപാടികളും ക്ളബ്ബുകളിലൂടെ നടപ്പാക്കാം.

15. ക്ളബ്ബുകളുടെ ആഭിമുഖ്യത്തിൽ മതമൈത്രിവ ളർത്തുന്നതും സാംസ്കാരികവൈതൃകം ഉയർത്തികാട്ടുന്നതുമായ കലാപരിപാടികളും പൊതുജനബോധവൽക്കരണവും കാലാകാല ങ്ങളിൽ നടത്തണം.

16. ക്ളബ്ബുകളുടെ ആസ്ഥാനത്ത് ദൃശ്യശ്രാവ്യമാ ദ്ധ്യമങ്ങൾ സ്ഥാപിക്കുക.

17. ക്ളബ്ബുകൾക്ക് സ്വന്തമായി ആസ്ഥാനം ഉണ്ടാ കണം. പാരമ്പര്യകലകളുടെ പരിപോഷണം ക്ളബ്ബുകളിലൂടെ നടപ്പാക്കാം.

18. പഞ്ചായത്തിലെ ക്ളബ്ബുകളുടെ പ്രവർത്തന ത്തിന് ഒരു കേന്ദ്രീകരണ സ്വഭാവം ഉണ്ടാകുന്ന തിനായി പഞ്ചായത്തുതലത്തിൽ ഒരു ഉപദേശ കസമിതി രൂപികരിക്കുകയും. മാസംതോറും ക്ളബ്ബുകളുടെ പ്രവർത്തനത്തെ വിലയിരുത്തു കയും വേണം.



# 11. വനിത

നാടിന്റെ വികസന പ്രക്രിയയിൽ പുരുഷൻമാർക്കുള്ളത്രയും പ്രധാന പങ്ക് സ്ത്രീകൾക്കുമുണ്ട്. എന്നാൽ ഇതൊന്നുമറിയാതെ ഇപ്പോഴും നമ്മുടെ നാട്ടിലെ സ്ത്രീകൾ കുടുംബത്തിന്റെ കൊട്ടുപാടുകളിലാണ്. നിലവിലുള്ള സാമൂഹ്യവ്യവസ്ഥിതിക്ക് അനുലോമമായ പുരുഷന്റെ അധികാരഭാവവും സ്ത്രീകളുടെ അജ്ഞതയുമാണ് സാമൂഹ്യപ്രവർത്തന മേഖലയിൽ സ്ത്രീപങ്കാളിത്തംകുറയാൻ കാരണം. ഇത് നമ്മുടെ പഞ്ചായത്തിന്റെ മാത്രം സ്ഥിതിയല്ല. രാജ്യത്താകമാനം സ്ഥിതിയിതുതന്നെ. സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും ആത്മാഭിമാനം വളർത്തുകയുമാണ് ഇതിനുപരിഹാരം.

വിദ്യാഭ്യാസകാര്യത്തിൽ നമ്മുടെ നാട്ടിൽ ജാതിപരമായ വിവേചനം ഉണ്ടായിരുന്നകാലത്തുപോലും സ്ത്രീപുരുഷ വിവേചനം ഉണ്ടായിരുന്നില്ല. എന്നാൽ മുസ്ളീമുകളുടെയിടയിൽ മതപരമായ ആചാരത്തിന്റെ പേരിൽ സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിച്ചിരുന്നു. ഇന്ന് ആ അവസ്ഥ ആകെമാറി. പുരുഷനോടൊപ്പം സ്ത്രീയും തുല്യമായി വിദ്യാഭ്യാസം ചെയ്യുന്നു. പ്രൊഫഷണൽ ഡിഗ്രി നേടിയ മുസ്ളിം വനിതകൾ ഇന്ന് വള്ളികുന്നത്ത് ഉണ്ട് എന്ന് പറയുമ്പോൾ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം എത്രത്തോളം ഉയർന്നുവെന്ന് വ്യക്തമാണല്ലോ. എങ്കിലും ഇപ്പോഴും നമ്മുടെ നാട്ടിലെ സ്ത്രീകളുടെ പൊതുസ്ഥിതി അഭിമാനകരമല്ല. 1991 ലെ സെൻസസ് പ്രകാരം വള്ളികുന്നം പഞ്ചായത്തിൽ 14,222 സ്ത്രീകളും 13,261 പുരുഷന്മാരും ഉണ്ട്. അതായത് 961 സ്ത്രീകൾ കൂടുതൽ. സാക്ഷരതാ നിരക്ക് പുരുഷന്മാരുടേത് 85% ഉം സ്ത്രീകളുടേത് 79% ഉം ആണ്. അതായത് പുരുഷന്മാരേക്കാൾ സാക്ഷരതാ നിരക്കിൽ സ്ത്രീകൾ 5% മാത്രം പിന്നിൽ.

സേവന–വേതന വ്യവസ്ഥകളിൽ സ്ത്രീപുരുഷ വിവേചനം ഇല്ലാത്തത് സർക്കാർ മേഖലയിലും, പൊതുമേഖലയിലും മാത്രമാണ്. വള്ളികുന്നത്തെ തൊഴിലെടുക്കുന്ന ഭൂരിഭാഗവും ഇതിൽനിന്നും ഭിന്നമായ മേഖലയിലാണ്. കൂടുതൽ സ്ത്രീകൾ ജോലി ചെയ്യുന്ന കശുവണ്ടി മേഖലയിലും കാർഷികമേഖലയിലും സ്വകാര്യ–ആരോഗ്യ പരിപാലന രംഗത്തും സ്ത്രീകളുടെ വേതനം വളരെക്കുറവാണ്. ഇത് ഒരുതരം ചൂഷണമാണ്. ഇത് പരിഹരിക്കേണ്ടത് സ്ത്രീകളുടെ മാത്രമല്ല സമൂഹത്തിന്റെ ആകെ ആവശ്യമാണ്.

പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്കാണ് ആരോഗ്യപ്രശ്നങ്ങൾ കൂടുതലുളളത്. നമ്മുടെ നാട്ടിലെ സ്ത്രീകളിൽ കാണുന്ന പൊതുവായ ആരോഗ്യപ്രശ്നം ശ്വാസകോശസംബന്ധമായതും പോഷകാഹാരക്കുറവുകൊണ്ടുണ്ടാകുന്നതുമാണ്. അശാസ്ത്രീയമായ അടുക്കളയും, അജ്ഞതയും അനാസ്ഥയും ശ്വാസകോശസംബന്ധമായ രോഗത്തിന് കാരണമാകുന്നു. പോഷകാഹാരത്തെക്കുറിച്ചുള്ള അജ്ഞതയും സാമ്പത്തികബുദ്ധിമുട്ടുകളുമാണ് ഇതിന് കാരണം.

വീട്ടമ്മമാരുടെ ഗൃഹജോലിയെ നാം തൊഴിലിന്റെ പട്ടികയിൽപെടുത്തിയിട്ടില്ല. വീട്ടമ്മമാരായ സ്ത്രീകൾ ചെയ്യുന്ന നാനാവിധ ജോലികളിൽ പലതും സാങ്കേതിക പരിജ്ഞാനം ആവശ്യമുള്ളതാണ്. നിസ്സാരമെന്ന് നാം കരുതുന്ന പാചകത്തിനും സാങ്കേതിക പരിജ്ഞാനം വേണം. എന്നിട്ടും ഗൃഹജോലി ചെയ്യുന്ന വീട്ടമ്മമാരെ സമൂഹം മാനിക്കുകയോ, അംഗീകരിക്കുകയോ ചെയ്യുന്നില്ല. ഇതിന് മാറ്റം വന്നേ മതിയാകൂ. ഇപ്പോഴുള്ള ഗൃഹങ്ങളിൽ അംഗസംഖ്യകുറവായതുകൊണ്ട് ഗൃഹജോലിക്ക് ശേഷം സമയം കണ്ടെത്താൻ വീട്ടമ്മമാർക്ക് കഴിയും. ഈ സമയം വിനിയോഗിച്ച് ഏതെങ്കിലും തൊഴി

ലിൽ ഏർപ്പെടാനുള്ള സാഹചര്യങ്ങൾ ഇപ്പോൾ വേണ്ടത്രയില്ല. വീട്ടമ്മമാരുടെ ഒഴിവുസമയം വിനിയോഗിക്കത്തക്ക രൂപത്തിലുള്ള തൊഴിൽ മേഖല സൃഷ്ടിച്ചാൽ അവർക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാവുകയും അതുവഴി സാമൂഹ്യബോധം ഉണ്ടാക്കുവാനും ആത്മവിശ്വാസം വളർത്തുവാനും കഴിയും.

ജോലിക്ക് പോകുന്ന സ്ത്രീകൾ മടങ്ങിവന്ന് വീട്ടുജോലി ചെയ്യേണ്ട അവസ്ഥയാണിന്നുള്ളത്. ഇത് അനിവാര്യവുമാണ്. എന്നാൽ അങ്ങനെയുള്ള സ്ത്രീകളെ ഗൃഹജോലിയിൽ സഹായിക്കേണ്ട ചുമതല പുരുഷന്മാർ ഉൾപ്പെടെയുള്ള വീട്ടിലെ മറ്റംഗങ്ങൾക്കുണ്ട്. ഗൃഹജോലി കുടുംബത്തിലുള്ള എല്ലാവരും കൂടിച്ചേർന്ന് ചെയ്താൽ സ്ത്രീകളുടെ ജോലിഭാരം കുറയ്ക്കാനും അതുവഴി കുടുംബത്തിൽ സന്തോഷകരമായ അന്തരീക്ഷം സൃഷ്ടിക്കുവാനും കഴിയും. സന്തുഷ്ടമായകുടുംബം സന്തുഷ്ടമായ സമൂഹത്തെ സൃഷ്ടിക്കുന്നു.

സ്ത്രീകൾ കുടുംബനാഥകളായി ധാരാളം വീടുകൾ പഞ്ചായത്തിലുണ്ട്. എന്നാൽ അതുകൊണ്ട് മാത്രം മറ്റു ഗൃഹങ്ങളിൽ നിന്നും വ്യത്യസ്തമായ പ്രശ്നങ്ങൾ ഒന്നും തന്നെ ഉണ്ടാകുന്നില്ല. വള്ളികുന്നം പഞ്ചായത്തിൽ 7 അങ്കണവാടികളുണ്ട്. പലതിന്റേയും പ്രവർത്തനം തൃപതികരമല്ല. ശാസ്ത്രീയമായ സംവിധാനം ചെയ്ത ഒരു പദ്ധതിയാണ് അങ്കണവാടി. കുഞ്ഞുങ്ങളുടെയും അമ്മമാരുടെയും ശുചിത്വബോധവും, ആരോഗ്യ പരിപാലനവും ഉൾപ്പടെ സമഗ്ര ക്ഷേമം ലക്ഷ്യമാക്കി വിഭാവനം ചെയ്ത ഈ പദ്ധതിയെക്കുറിച്ച് ശരിയായ അവബോധം ഇല്ലാത്തതിനാൽ സ്ത്രീകളുടെ പങ്കാളിത്തം അങ്കണവാടികളിൽ കുറയുന്നു. അങ്കണവാടികളുടെ പ്രവർത്തനം അങ്ങനെ മന്ദീഭവിക്കുന്നു. എല്ലാ അങ്കണവാടികളുടെയും ഭൗതികസാഹചര്യങ്ങൾ ശോചനീയമാണ്.

പൊതു രംഗത്തെ സ്ത്രീകളുടെ പങ്കാളിത്തം തുലോം പരിമിതമാണ്. ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിക്കുന്ന ശ്രീമതി സി. എസ്സ്. സുജാതയുടെ ജന്മദേശം വള്ളികുന്നമാണ്. പൊതുരംഗത്ത് പ്രവർത്തനത്തിലൂടെ സ്ത്രീകൾക്ക് ഉന്നതമായ സ്ഥാനത്ത് എത്താനും സമൂഹനിർമ്മിതിയിൽ അവരുടേതായ പങ്ക് വഹിക്കാനും കഴിയും. എന്നതിന് സുജാത ഒരു ദൃഷ്ടാന്തമാണ്. എന്നിട്ടും പൊതുരംഗത്തേക്ക് സ്ത്രീകൾ കടന്നുവരുന്നില്ല. അതിനുള്ള ആത്മവിശ്വാസം സ്ത്രീകൾക്ക് പകർന്നു നൽകണം. സ്ത്രീകളുടെ സകലവിധ ക്ഷേമവും സമൂഹത്തിന്റെ ചുമതലയിലാണ്.

അടുത്തകാലത്ത് സ്ത്രീകൾക്ക് നേരെ വർദ്ധിച്ചു വരുന്ന അതിക്രമം സമൂഹമനസാക്ഷിക്കു നേരെയുള്ള ഒരു ചോദ്യമാണ്. പുരുഷന്മാരുടെ മദ്യപാനം, പാശ്ചാത്ത്യ സംസ്കാരത്തിന്റെ വികൃതമായ അനുകരണം, കുടുംബ ബന്ധത്തിലെ ശിഥിലത, സാംസ്കാരിക അധ:പതനം, സ്ത്രീധന സമ്പ്രദായം ഇതൊക്കെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം വർദ്ധിക്കാൻ കാരണമാകുന്നു. സഭ്യതയുടെ അതിർവരമ്പുകളെ ലംഘിച്ചുകൊണ്ട് ചിത്രീകരിക്കപ്പെടുന്ന സിനിമകൾ അവയുടെ അശ്ലീലം നിറഞ്ഞ പോസ്റ്ററുകൾ ഇതൊക്കെ സ്ത്രീത്വത്തെ അപമാനിക്കുന്നു. സ്ത്രീ പീഡനത്തിന് എതിരെയുള്ള നിയമങ്ങൾ ശക്തമായി നടപ്പാക്കാത്തത് കൊണ്ടും സമൂഹത്തിൽ ശക്തന്മാരായ വ്യക്തികൾ നിയമത്തെ തങ്ങൾക്കനുകൂലമായി വളച്ചൊടിക്കുന്നത് കൊണ്ടും സ്ത്രീകൾക്ക് സുരക്ഷിതത്വബോധം ഉണ്ടാകുന്നില്ല. സ്ത്രീകളെ ചൂഷണ ചെയ്യുന്നതിനെതിരെയും അപമാനിക്കുന്നതിനും എതിരെയുള്ള നിയമങ്ങൾ മുഖം നോക്കാതെ നടപ്പിലാക്കിയാൽ മാത്രമേ സ്ത്രീകൾക്ക് സുരക്ഷിതത്വ ബോധമുണ്ടാകൂ. മാനിക്കപ്പെടുന്ന സ്ത്രീത്വം സമൂഹ സംസ്കൃതിയുടെ മാനദണ്ഡം ആണ്.

## പ്രശ്നങ്ങൾ

1. അങ്കണവാടികളുടെ പ്രവർത്തനം തൃപ്തികരമല്ല എല്ലാ വാർഡുകളിലും അങ്കണവാടികളില്ല.
2. സ്ഥിരവരുമാനമുള്ള തൊഴിൽ മേഖല പരിമിതമാണ്.
3. സംഘടിത തൊഴിൽ മേഖലയിൽ സ്ത്രീകൾ ചൂഷണത്തിന് വിധേയരാകുന്നു.
4. പൊതു പ്രവർത്തന രംഗത്തേക്ക് സ്ത്രീകൾ സ്വമേധയാ കടന്നു വരുന്നില്ല.
5. പുരുഷന്മാരുടെ മദ്യപാനം കൊണ്ട് കുടുംബങ്ങളിൽ ഉണ്ടാകാവുന്ന പ്രശ്നങ്ങൾ.
6. സ്ത്രീകളുടെ വായനാശീലം വളർത്തുന്നതിനുള്ള സൗകര്യങ്ങളില്ല.
7. സ്ത്രീകളുടെ ആരോഗ്യപരിപാലന രംഗങ്ങളിലെ ശ്രദ്ധക്കുറവ്.
8. സ്ത്രീധന സമ്പ്രദായം കൊണ്ടുള്ള പ്രശ്നങ്ങൾ.
9. വിധവ പെൻഷൻ അർഹരായവർക്ക് ലഭിക്കുന്നില്ല.

10. പൊതു സ്ഥലങ്ങളിലെ പ്രാഥമിക ആവശ്യ സൗകര്യങ്ങളുടെ അപര്യാപ്തത.

## നിർദ്ദേശങ്ങൾ

1. അങ്കണവാടികൾ ഇല്ലാത്ത വാർഡുകളിൽ അങ്കണവാടികൾ സ്ഥാപിക്കുക. എല്ലാം അങ്കണവാടികളുടെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക. അങ്കണവാടികളെ പ്രയോജനപ്പെടുത്താൻ സ്ത്രീകളെ പ്രേരിപ്പിക്കുക. അങ്കണവാടികളിലെ ജീവനക്കാർക്ക് മതിയായ വേതനം നൽകുക. സ്തീകളുടെയും കുഞ്ഞുങ്ങളുടെയും ക്ഷേമം അങ്കണവാടികളിൽ കൂടി ഉറപ്പു വരുത്തുക.

2. സ്ത്രീകൾക്കായുള്ള തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുക. മീനത്ത് 6-ാം വാർഡിൽ D.W.C.R.A. സഹായത്തോടെ പ്രവർത്തിക്കുന്ന ഡയറി യൂണിറ്റു പോലുള്ള സംരഭങ്ങൾ കൂടുതൽ സ്ഥലങ്ങളിൽ തുടങ്ങാവുന്നതാണ്.

3. പുതിയ വ്യവസായ സംരംഭങ്ങൾക്ക് സഹായം നൽകുന്ന വിവിധ പദ്ധതികളുടെ പ്രയോജനം സ്ത്രീകൾക്ക് എത്തിക്കുക.

4. പരമ്പരാഗത കൈത്തൊഴിലുകളെ ആധുനിക വൽക്കരിക്കുകയും വൈവിദ്ധ്യ വൽകരിക്കുകയും ചെയ്യുക. ഇതിനാവശ്യമായ വിദഗ്ധ പരിശീലനം സ്ത്രീകൾക്ക് നൽകുക.

5. വനിതാ വ്യവസായ യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണന സൗകര്യം ഉണ്ടാക്കുക.

6. സ്ത്രീകളുടെ തൊഴിൽ പരിശീലനത്തിന് ആവശ്യമായ സ്ഥാപനങ്ങൾ തുടങ്ങുക

7. ഒരേ തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ സഹകരണ സംഘങ്ങൾ രുപീകരിക്കുക. പുതിയ സംരഭങ്ങളിൽ ഇത്തരം സഹകരണ സംഘങ്ങൾക്ക് മുൻഗണന നൽകുക.

8. പുതിയ തൊഴിൽ മേഖലകളിലേക്ക് സ്ത്രീകളെ കൊണ്ടുവരുക.

9. തുല്യ ജോലിക്ക് തുല്യവേതനം നടപ്പിൽ വരുത്തുക.

10. കശുവണ്ടി മേഖലയിലെ സ്ത്രീ തൊഴിലാളികളെ തൊഴിലിൽ ചൂഷണം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിക്കുക.

11. പച്ചക്കറി കൃഷിക്കും പൂവ് കൃഷിക്കും പ്രോത്സാഹനം നൽകുമ്പോൾ സ്ത്രീകൾക്ക് മുൻഗണന നൽകുക.

12. അടഞ്ഞ് കിടക്കുന്ന വനിതാ വ്യവസായ യൂണിറ്റുകൾ തുറന്ന് പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക.

13. ഉന്നത വിദ്യാഭ്യാസത്തിന് സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന പെൺകുട്ടികളെ സഹായിക്കുന്നതിനുള്ള പദ്ധതി രുപീകരിക്കുക.

14. പൊതു പ്രവർത്തന രംഗത്തേക്ക് കടന്നുവരാൻ സ്ത്രീകളെ പ്രേരിപ്പിക്കുക. മഹിളാ സംഘടനകൾ അധികവും രാഷ്ട്രീയ സംഘടനകളുടെ പോഷക സംഘടനകളാണ്. രാഷ്ട്രീയ സംഘടനകളുടെ ഉന്നത സ്ഥാനങ്ങളിൽ സ്ത്രീകളുടെ അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്തുക.

15. മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയാൽ മദ്യപാനം മൂലമുള്ള സ്ത്രീപീഡനം ഒഴിവാക്കാം.

16. സ്ത്രീധനത്തിന് എതിരെയുള്ള നിയമങ്ങൾ ഫലപ്രദമായി നടപ്പിലാക്കുക. പെൺകുട്ടികളുടെ വിവാഹം നടത്തി പാപ്പരായവരെ സഹായിക്കുക.

17. സ്തീകളെ അശ്ലിലമായി ചിത്രീകരിക്കുന്ന സിനിമാ പോസ്റ്ററുകൾ നിരോധിക്കുക.

18. വിധവാ പെൻഷൻ തുടങ്ങിയ ക്ഷേമ പദ്ധതികളുടെ പ്രയോജനം അർഹരായ എല്ലാപേർക്കും ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുക. അർഹരായവരെ കണ്ടെത്താനുള്ള ചുമതല ഗ്രാമ സഭകൾക്ക് നൽകുക.

19. ക്ഷേമനിധികളിലേക്ക് പണം അടയ്ക്കാൻ പഞ്ചായത്ത് തലത്തിൽ സംവിധാനം ഉണ്ടാക്കുക.

20. ചന്തകളിലും റേഷൻ കടകളിലും മാവേലി സ്റ്റോറുകളിലും സാധനം വാങ്ങാൻ പോകുന്ന സ്ത്രീകളുടെ ബുദ്ധിമുട്ടിന് പരിഹാരം കാണുക.

21. സ്ത്രീകളുടെ ആരോഗ്യപ്രശ്നങ്ങൾക്ക് സത്വര പരിഹാരം ഉണ്ടാകണം. അതിനായി പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തി മെച്ചപ്പെടുത്തുക.

22. സ്കൂളുകളിലെയും ഫാക്ടറികളിലെയും സ്ത്രീകളുടെ മൂത്രപ്പുരകളിൽ ജലം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

23. സ്ത്രീകളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്ന

തിനും പരിഹാരം കാണുന്നതിനും അയൽക്കൂട്ടങ്ങളെ പ്രയോജനപ്പെടുത്തുക. സ്ത്രീകളുടെ വായനാശീലം വർദ്ധിപ്പിക്കാൻ മഹിളാ സംഗമങ്ങൾവഴി അയൽക്കൂട്ടത്തെ പ്രയോജനപ്പെടുത്തുക.

24. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തി സ്ത്രീകളുടെ തൊഴിൽസൗകര്യം വർദ്ധിപ്പിക്കാനായി തുടങ്ങാവുന്ന സ്ഥാപനങ്ങൾ – തുന്നൽ പരിശീലനകേന്ദ്രങ്ങൾ, റെഡിമെയ്ഡ് നിർമ്മാണ യൂണീറ്റ്, ക്ളിനിക്കൽ ലബോറട്ടറി, ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, ഇലക്ട്രോണിക്ക് കംപോണന്റ് യൂണിറ്റ്, വനിതകൾക്കായുള്ള ഡ്രൈവിംഗ് സ്കൂൾ, അച്ചാറുകൾ, സ്ക്വാഷുകൾ, കറിപൗഡറുകൾ നിർമ്മാണ യൂണിറ്റ്.



# 12. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

സാമൂഹ്യമായും സാമ്പത്തികമായും അടിച്ചമർത്തപ്പെട്ട ഒരു വിഭാഗമാണ് പട്ടികജാതി പട്ടികവർഗ്ഗങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. ഒരു കാലത്ത് ഇന്ത്യയിൽ സംസ്കാര സമ്പന്നമായ ഒരു ജീവിതം പടുത്തുയർത്തിയിരുന്ന ആദിമ നിവാസികളായിരുന്നു ഇവരുടെ പൂർവ്വികർ. ആര്യന്മാരുടെ വരവോടെ അവരുമായുള്ള ഏറ്റുമുട്ടലിൽ പരാജയപ്പെട്ട ഇവർ തെക്കേ ഇന്ത്യയിലേക്ക് പ്രയാണം ചെയ്തു. താരതമ്യേന ദ്രാവിഢ വംശജരായ ഇവരെക്കാൾ ബുദ്ധിയും ശക്തിയും ഉണ്ടായിരുന്ന ആര്യന്മാർ തെക്കേ ഇന്ത്യയിലുമെത്തി നാട്ടുരാജാക്കന്മാരുടെ സഹായത്തോടെ ചാതുർവണ്യ സിദ്ധാന്തം അടിച്ചേൽപ്പിച്ചു. അദ്ധ്വാനിക്കുന്ന വിഭാഗത്തെ താഴ്ന്ന ജാതിക്കാരായി കണക്കാക്കി കൂട്ടായ്മ ജീവിതത്തിൽ നിന്ന് അകറ്റി നിർത്തി. 64 ആചാരങ്ങൾ എന്ന പേരിൽ ബ്രാഹ്മണർ അവരുടെ ആചാരങ്ങളെ വിപുലപ്പെടുത്തി. ഇതിന്റെ ഭാഗമായി തീണ്ടൽ തൊടീൽ തുടങ്ങിയവ നടപ്പാക്കി. പാടത്തിൽ ചെളിയിലും പണിയെടുത്ത് മറ്റുള്ളവരെ പോറ്റാൻ ഭക്ഷ്യധാന്യങ്ങൾ ഉൽപ്പാദിപ്പിക്കുന്നവരെ ഹീനജാതിക്കാരായി കണക്കാക്കി ഇവരെ അടിമകളാക്കി പണിയെടുപ്പിച്ചെന്ന് മാത്രമല്ല അടിമചന്തകളിൽ വിറ്റ് പണമുണ്ടാക്കുയും ചെയ്തു. അടിമകളിൽ ഭൂരിഭാഗവും പുലയർ ആയിരുന്നു.

ഇക്കാര്യങ്ങളിൽ കേരളത്തിന്റെയും വള്ളികുന്നം ഗ്രാമത്തിന്റെയും പൊതു സ്ഥിതി ഇതായിരുന്നു. പട്ടികജാതിക്കാരിൽ 90% വും പുലയരാണ്. ഇവരുടെ പ്രധാന തൊഴിൽ കൃഷിപണിയായിരുന്നു. വള്ളികുന്നത്തെ കൃഷിഭൂമികൾ ബ്രാഹ്മണരുടെയും നായർ മാടമ്പിമാരുടെയും വകയായിരുന്നു. കർഷക തൊഴിലാളികളെ അടിമകളാക്കി പാടത്തും പറമ്പിലും പണി ചെയ്യിച്ചു. ജന്മികളെ തമ്പുരാൻ എന്ന് വിളിച്ചിരുന്നു. കൃഷിപണിയുമായി ബന്ധപ്പെട്ട് കഴിഞ്ഞിരുന്ന ഇവർക്ക് പാടത്തിന്റെ കരയിൽ കുടിൽകെട്ടി താമസ്സിക്കാൻ ജന്മിമാർ അനുവാദം നൽകിയിരുന്നു. ഇവരെ നെൽകൃഷിയുടെ കാവൽക്കാരായി മാറ്റുകയായിരുന്നു ഉദ്ദേശം. തമ്പ്രാക്കന്മാർ നൽകുന്ന ഭക്ഷണവും കൂലിയും സ്വീകരിക്കുകയല്ലാതെ മറ്റ് മാർഗ്ഗങ്ങൾ ഇല്ലായിരുന്നു. ഭൂ പരിഷ്കരണ നടപടികളിലൂടെ കുടികിടപ്പവകാശവും മിച്ചഭൂമിയും ലഭിച്ചതോടെ കർഷക തൊഴിലാളികൾ നേരിയ തോതിലെങ്കിലും ഭൂമിയുടെ ഉടമസ്ഥരായി മാറി. വിദ്യാഭ്യാസ സൗകര്യം സാർവ്വത്രികമായതോടെ അന്ധവിശ്വാസങ്ങളിൽ നിന്ന് കുറെയൊക്കെ കരകയറാനും സാമൂഹ്യമായ പല നേട്ടങ്ങൾ കൈവരിക്കാനും കഴിഞ്ഞു. ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഇടപെടലും ഈ മാറ്റങ്ങൾ ഉണ്ടാകാൻ വളരെയേറെ ഉപകരിച്ചു. വള്ളികുന്നം ഗ്രാമത്തിൽ ഉച്ച നീചത്വങ്ങൾ ചെറിയ തോതിലെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്. ഒരളവ് വരെ മറ്റ് സമുദായക്കാരുമായി ചേർന്ന് പൊതുപരിപാടികളിൽ പങ്കെടുക്കാൻ പട്ടികജാതിക്കാർക്ക് കഴിയുന്നുണ്ട്. ജാതി വ്യവസ്ഥയുടെ പേര് വള്ളികുന്നത്ത് നിന്ന് പൂർണ്ണമായി പറിച്ചെറിയാൻ കഴിഞ്ഞിട്ടില്ല. വിദ്യാസമ്പന്നരുണ്ടെങ്കിലും പ്രായമുള്ളവരിൽ നിരക്ഷരരുടെ എണ്ണം കൂടുതലാണ്. സർക്കാർ നടപ്പാക്കുന്ന പല പദ്ധതികളെക്കുറിച്ചും വേണ്ടത്ര അറിവില്ലാത്തതിനാൽ അതിന്റെ പ്രയോജനം പൂർണ്ണമായി ലഭിക്കുന്നില്ല. മിശ്ര വിവാഹങ്ങൾ കുറെയൊക്കെ നടക്കുന്നുണ്ടെങ്കിലും മിശ്ര വിവാഹിതരുടെ കുഞ്ഞുങ്ങൾ പട്ടികജാതിക്കാരായി മാറുന്ന തരത്തിലുള്ള നിയമങ്ങളാണ് നിലവിലുള്ളത്.

കൃഷി ആദായകരമല്ലാതായതു മൂലം കർഷകർ ഭൂമി തരിശിടാൻ തുടങ്ങിയതോടെ കർഷക

തൊഴിലാളികൾക്ക് ഈ രംഗത്ത് തൊഴിലില്ലായ്മ അനുഭവപ്പെടുന്നു. ഇവരിൽ അധികവും നിർമ്മാണ മേഖലയിലേക്ക് പറിച്ചുനടപ്പെടുന്നു. ആധുനിക കൃഷി സമ്പ്രദായങ്ങൾ വന്നതോടെ കാളയും കലപ്പയും ചക്രവും അറയും അപ്രത്യക്ഷമായി കൊണ്ടിരിക്കുന്നു. കൊയ്യാനും മെതിയ്ക്കാനുമുള്ള യന്ത്രങ്ങൾ കൂടി പ്രായോഗികമാക്കിയാൽ കാർഷിക രംഗത്ത് അധികം തൊഴിലാളികളുടെ സേവനം വേണ്ടി വരില്ല. പഞ്ചായത്തിലെ പട്ടികജാതിക്കാർ സർക്കാർ അംഗീകരിച്ച കോളനികളിലും അംഗീകാരത്തിന് സമർപ്പിച്ചിട്ടുള്ള കോളനികളിലുമായി താമസിക്കുന്നവരാണ്. മിക്ക ഹരിജൻ കോളനികളിലും മറ്റ് മതങ്ങളിലും ജാതികളിലുമുള്ളവർ താമസിക്കുന്നുണ്ട്. ഇത് സാമൂഹ്യമായ വളർച്ചയ്ക്ക് അത്യാന്താപേക്ഷിതവുമാണ്. പട്ടികജാതിക്കാരെ മാത്രമായി വേർതിരിക്കുന്ന ചില കോളനികൾ ഉണ്ടായിരുന്നെങ്കിലും അത്തരം കോളനികളിലെ താമസക്കാരിൽ ഇപ്പോൾ പട്ടികജാതിയിൽ പെടാത്തവരും ഉണ്ട്. പഞ്ചായത്തിൽ കോളനികളിൽ പെടാതെ ഒറ്റ തിരിഞ്ഞ് താമസിക്കുന്ന പട്ടികജാതി കുടുംബങ്ങളുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനു വേണ്ടി സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രയോജനം 10% പോലും ഈ വിഭാഗത്തിന് ലഭിക്കുന്നില്ല. 10% സംവരണം ഗവ: മേഖലയിലും പൊതു മേഖല സ്ഥാപനങ്ങളിലും പട്ടികജാതിക്കാർക്ക് നൽകണമെന്ന നിയമം നിലവിലിരിക്കുന്നെങ്കിലും ഇത് ഫലപ്രദമായി നടപ്പിലാക്കിയിട്ടില്ല. ക്ലാസ് III, ക്ലാസ് IV തസ്തികകളിൽ പോലും ഈ അനുപാതം നൽകുന്നില്ല. ക്ലാസ് I., ക്ലാസ് II, തസ്തികകളിൽ പേരിനു മാത്രമേയുള്ളു. സഹകരണ ബാങ്കുകളിൽ ഇന്നും പട്ടികജാതികാർക്ക് അയിത്തം കൽപ്പിച്ചിരിക്കുകയാണ്. കേരളത്തിലെ സ്വകാര്യ വിദ്യാലയങ്ങളിൽ ബഹുഭൂരിപക്ഷവും ഓരോ ട്രസ്റ്റുകളുടെ നിയന്ത്രണത്തിൽ ആണെങ്കിലും N.S.S., S.N.D.P. ക്രിസ്ത്യൻ മിഷനറികൾ, മുസ്ലിം സംഘടനകൾ എന്നിവ നടത്തുന്ന ഒരു വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പട്ടികജാതിക്കാർക്ക് നിയമനം നൽകിയിട്ടില്ല.

സർക്കാർ പലവിധ സഹായങ്ങൾ നൽകുന്നെങ്കിലും വിദ്യാഭ്യാസ രംഗത്ത് പട്ടികജാതിക്കാരുടെ നില ആശാവഹമല്ല. 10-ാം ക്ലാസ്സിൽ എത്തുന്നതിനു മുമ്പ് തന്നെ കൊഴിഞ്ഞ് പോക്ക് അനുഭവപ്പെടുന്നുണ്ട്. സാമ്പത്തിക ഭദ്രത ഇല്ലായ്മയാണ് ഇതിന്റെ പ്രധാന കാരണം. ഈ വിഭാഗക്കാരായ വിദ്യാർത്ഥികളുടെ 10-ാം ക്ലാസ്സിലെ വിജയ ശതമാനം അമ്പരിപ്പിക്കുന്ന വിധം പിന്നിലാണ്. പ്രീഡിഗ്രിക്ക് തോറ്റ് പഠനം തുടരാനാവാതെ ഉപേക്ഷിച്ച് പോകുന്നവരുടെ എണ്ണം 75% ത്തോളം വരും. സാങ്കേതിക രംഗംമുൾപ്പടെയുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ സ്ഥിതിയും ഒട്ടും ഭേദപ്പെട്ടതല്ല. സാമ്പത്തികവും സാമൂഹികവുമായ പിന്നോക്കാവസ്ഥയാണ് ഇതിന് പ്രധാന കാരണം മണ്ണെണ്ണ വിളക്കിന് മുന്നിലിരുന്ന മത്സര പരീക്ഷകൾക്ക് പഠിക്കുന്ന കുട്ടികളാണ് ബഹുഭൂരിപക്ഷവും. ഇത് മൂലം ശ്വാസകോശ രോഗങ്ങളിൽ നിന്ന് രക്ഷപ്പെടാനും ഈ വിഭാഗത്തിന് കഴിയുകയില്ല. അടിയന്തിരമായി പരിഹാരം കാണേണ്ട ഒരു പ്രശ്നമാണ് ഇത്.

പട്ടികജാതി കോളനികളുടെ സ്ഥിതി ഭീതിജനകമാണ്. വാസയോഗ്യമായ വീടുകളോ കക്കൂസുകളോ ഇല്ലാത്ത കുടുംബങ്ങളാണ് അധികവും. ഇതു മൂലം പരിസര ശുചീകരണ രംഗവും അതുവഴി ആരോഗ്യ രംഗവും താറുമാറാകുന്നു. ശുദ്ധജല ദൗർലഭ്യവും തൊഴില്ലിലായ്മയും രൂക്ഷമായി തുടരുന്നു. തഴപ്പായ് നെയ്ത്ത്, കുട്ട, വട്ടി നെയ്ത്ത് തുടങ്ങിയ കൈതൊഴിലുകളും, തഴ, വള്ളി മുതലായ അസംസ്കൃത സാധനങ്ങളുടെ അപര്യാപ്തത മൂലം നാമമാത്രമായിരിക്കുന്നു. ഈ അസംസ്കൃത സാധനങ്ങൾ സംരക്ഷിക്കപ്പെട്ടാൽ ഈ പ്രശ്നത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും വൃത്തവും കോണും ചതുരവുമില്ലാതെ, ശിൽപ്പിതന്ത്രം എത്തിനോക്കിയിട്ടു പോലുമില്ലാത്ത കുടിലുകളിൽ താമസിക്കുന്ന പട്ടികജാതിക്കാരും ഉണ്ട്. സർക്കാർ ഏജൻസികൾ നടപ്പാക്കുന്ന ഭവന വായ്പയ്ക്ക് അപേക്ഷ നൽകി കിട്ടുന്ന പണം കൊണ്ട് വീടുപണി പൂർത്തിയാക്കാൻ കഴിയാതെ വിഷമിക്കുന്ന എത്ര കുടുംബങ്ങളെ വേണമെങ്കിലും പഞ്ചായത്തിൽ കണ്ടെത്താം. വായ്പയ്ക്കായി ഉള്ള ഭൂമിയുടെ രേഖകൾ സമർപ്പിച്ചിരിക്കുന്നതിനാൽ മറ്റ് ധനസഹായങ്ങളൊന്നും ഇത്തരക്കാർക്ക് ലഭ്യമാകുന്നതുമില്ല. ഹരിജൻ വെൽഫെയർ ഡിപ്പാർട്ട്മെന്റ്, പട്ടികജാതി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ അൽപ്പം പോലും തൃപ്തികരമല്ല. പട്ടികജാതിക്കാർക്ക് വേണ്ടി സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ വഴിമാറ്റി ചില വഴിക്കുകയും ലാപ്സാക്കി കളയുകയും ചെയ്യുന്ന ക്രൂര വിനോദം നിയമം മൂലം നിരോധിക്കണം. ഇത്തരം ഫണ്ടുകൾ ദുർവിനിയോഗം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ നിയമാനുസൃതം ശിക്ഷിക്കുവാനുള്ള കർശന നിയമ നടപടികൾ ഉണ്ടാകണം. കഴിഞ്ഞ 30 വർഷമായി പട്ടികജാതിക്കാരുടെ കലാസാംസ്കാരിക രംഗത്ത് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഒരു സംഘടനയാണ്. 4-ാം വാർഡിലെ ശ്രീഅയ്യങ്കാളി സ്മാരക സമിതി. പട്ടികജാതിയിലുള്ളവരുടെ വിവാഹ, വിനോദ കലാകായിക സാംസ്കാരിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി 4-ാം വാർഡിലെ ശ്രീ അയ്യങ്കാളി സ്മാരക സമിതിയുടെ വകയായുള്ള 25 സെന്റ് സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കാൻ നടപിട എടുക്കുന്നത് ഉചിതമായിരിക്കും. പഞ്ചായത്തിൽ

പട്ടികവർഗ്ഗത്തിൽപ്പെട്ട രണ്ട് കുടുംബങ്ങളെയുള്ളൂ അവരുടെ നിലയും പട്ടികജാതി കുടുംബങ്ങളിൽ നിന്ന് ഒട്ടുതന്നെ ഭേദപ്പെട്ടതരത്തിലല്ല.

## പ്രശ്നങ്ങൾ

1. നിരക്ഷരത നിർമ്മാർജ്ജനം ചെയ്തിട്ടില്ല.
2. കാർഷിക മേഖലയിൽ തൊഴിൽ അവസരം കുറയുന്നു.
3. വിദ്യാഭ്യാസ നിലവാരം ഉയരുന്നില്ല. കൊഴിഞ്ഞ് പോക്ക് കൂടുന്നു.
4. കോളനികളിലെ പാർപ്പിട സൗകര്യം, ശുചീകരണം, ആരോഗ്യം, സാംസ്കാരിക പ്രവർത്തനം, ഗതാഗത സൗകര്യം, കുടിവെള്ളം, വൈദ്യുതി ഇവയൊന്നും തൃപ്തികരമല്ല.
5. ക്ഷേമ പദ്ധതികളെ സംബന്ധിച്ച് അറിവ് ലഭിക്കുന്നില്ല.
6. പട്ടികജാതി വികസന കോർപ്പറേഷന്റേയും ഹരിജന ക്ഷേമ വകുപ്പിന്റേയും പ്രവർത്തനം അൽപ്പം പോലും തൃപ്തികരമല്ല.
7. അനുവദിക്കുന്ന ഫണ്ടുകൾ വകമാറ്റി ചെലവഴിക്കുകയും ലാപ്സാക്കുകയും ചെയ്യുന്നു.
8. കൈതൊഴിൽ കുറഞ്ഞ് വരുന്നു.
9. ധനസഹായങ്ങൾ ദുരുപയോഗം ചെയ്യുന്നു.
10. വായ്പാ പദ്ധതികൾ സമഗ്രമല്ല.
11. ഉച്ചനീചത്വം നേരിയ് തോതിൽ നില നിൽക്കുന്നു.
12. ദാരിദ്ര്യം, വിലക്കയറ്റം
13. ഭരണഘടനാഗതമായ സംവരണം പോലും ലഭിക്കുന്നില്ല.
14. കൂടുതൽ വിഭാഗങ്ങൾ പട്ടികജാതിയിൽ ചേക്കേറുന്നു. സംവരണം ആനുപാതികമല്ല.
15. ജനസംഖ്യാ അനുപാതത്തിൽ സംവരണം ഏർപ്പെടുത്തുന്നില്ല.
16. പട്ടികജാതിക്കാർ കടകെണിയിൽ പെടുന്നു.

## നിർദ്ദേശങ്ങൾ

1. ജാതിപരമായ ഉച്ചനീചത്വങ്ങൾ നിയമമൂലം കർശനമായി തടയുക.
2. ഹരിജന ക്ഷേമവകുപ്പ്, പട്ടികജാതി വികസന കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക. ഫണ്ട് വകമാറ്റി ചിലവഴിക്കുന്നതും ലാപ്സാക്കുന്നതും നിയമം മൂലം തടയുക. കുറ്റക്കാരെ ശിക്ഷിക്കുക.
3. കോളനികളിലും, ഒറ്റപ്പെട്ട കുടുംബങ്ങളിലും വാസയോഗ്യമായ വീടുകൾ ഇല്ലാത്തവർക്ക് വീടും, കക്കൂസില്ലാത്തവർക്ക് കക്കൂസും അടിയന്തിരമായി നിർമ്മിച്ച് നൽകുക.
5. ഒറ്റപ്പെട്ട വീടുകൾക്ക് കുടിവെള്ളവും വൈദ്യുതിയും ലഭ്യമാക്കുക.
6. കേളനികളിലെ എല്ലാ കുടുംബങ്ങൾക്കും അടിയന്തിരമായി വൈദ്യുതി എത്തിക്കുക. നിയമപ്രകാരം സൗജന്യമായി തന്നെ നൽകുക.
7. കോളനികളിലെ ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ അറ്റകുറ്റ പണി ചെയ്ത് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക. റോഡിന്റെ പണികൾ കോളനിയിൽ നിന്ന് തന്നെ തുടങ്ങണം.
8. ഭവന നിർമ്മാണ വായ്പാ തുകയും ധനസഹായ തുകയും 50% വർദ്ധിപ്പിക്കുക. പലിശ ഇല്ലാത്ത വായ്പ നൽകുക. സബ്സിഡി പൂർണ്ണമായും നൽകുക.
9. കന്നുകാലി കൃഷിക്ക് ധനസഹായം നൽകുക.
10. വിദ്യാഭ്യാസം നിർബന്ധവും സാർവ്വത്രികമാക്കുക. ലംപ്സം ഗ്രാന്റും സ്റ്റൈപെന്റും 50% വർദ്ധിപ്പിക്കുക.
11. സ്വയം തൊഴിൽ പദ്ധതിക്ക് വരുമാന പരിധി ബാധകമാക്കരുത്. വായ്പതുക ഉയർത്തുകയും പലിശ നിർത്തലാക്കുകയും ചെയ്യുക. S.S.L.C. തോറ്റവർക്കും ഈ പദ്ധതിയുടെ ഗുണം കിട്ടണം. സ്വന്തം ജാമ്യത്തിൽ വായ്പ നൽകാൻ നടപടി ഉണ്ടാക്കണം.
12. പഞ്ചായത്ത് മെമ്പറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റ് നൽകാൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിനു അധികാരം നൽകാൻ നടപടി എടുക്കണം.
13. 4-ാം വാർഡിലെ അയ്യങ്കാളി സ്മാരക കോളനിയെ പഞ്ചായത്ത് ദത്തെടുത്ത് വികസന പ്രവർത്തനങ്ങൾ നടത്തുക.
14. പുറംപോക്ക് ഭൂമിക്ക് കൈവശക്കാർക്ക് പട്ടയം നൽകുക.
15. കോളനികളിലെ കൈവശരക്കാർക്ക് ഭൂമിയുടെ പട്ടയം നൽകുക.

16. പട്ടികജാതിക്കാരുടെ വിവാഹ - വിനോദ - കലാ - സാംസ്കാരിക ആവശ്യങ്ങൾ നിറവേറ്റാൻ ശ്രീ അയ്യങ്കാളി സ്മാരക സമിതിവക 25 സെന്റ് വസ്തുവിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക. (4-ാം വാർഡ്)

17. കോളനികളിൽ ആവശ്യാനുസരണം വായനശാല റേഡിയോ കിയോസ്ക്, റ്റി. വി. സെറ്റ്, എന്നിവ സ്ഥാപിക്കുക.

18. 4-ാം വാർഡിലെ അയ്യങ്കാളി സ്മാരക കോളനിയിൽ പബ്ളിക്ക് ലൈബ്രറി സ്ഥാപിക്കുക.

19. കോളനികളിലെ പ്രവർത്തനക്ഷമമായ കലാകായിക സംഘടനകൾക്ക് ധനസഹായം നൽകുക.

20. പെൻഷൻ ധനസഹായങ്ങൾ കൃത്യ സമയത്ത് ലഭിക്കുവാൻ നടപടിയെടുക്കണം.

21. സംവരണാനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി നൽകാൻ നിയമ നിർമ്മാണം നടത്തി പ്രാവർത്തികമാക്കുക.

22. കോളനികളിൽ ഇഷ്ടിക നിർമ്മാണം, കിണറ്റിന്റെ തൊടി നിർമ്മാണം, തഴപ്പായ് നെയ്ത്ത്, ഇറച്ചിക്കോഴി വളർത്തൽ, തേനീച്ച വളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക. ഇതിനായി സഹകരണ സംഘങ്ങൽ സ്ഥാപിക്കണം.

23. നിർദ്ധന കുടുംബങ്ങളിലെ അംഗങ്ങൾക്ക് ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്ന തുകയുടെ പരിധി ഉയർത്തുക.

24. ലക്ഷംവീട് കോളനികളിലെ ഇരട്ടവീടുകൾ ഫലപ്രദമല്ല. ഇവയിൽ പലതും ഇടിഞ്ഞ് വീഴാറായി. അടിയന്തിരമായി അറ്റകുറ്റ പണികൾ ചെയ്യാൻ നടപടികൾ എടുക്കണം. ഒരു കുടുംബത്തിന് ഒരു വീട് എന്ന പദ്ധതി അവിഷ്കരിക്കണം.

25. ഹരിജൻ സഹകരണ സംഘങ്ങളും ഹരിജൻ വനിതാ സഹകരണ സംഘങ്ങളും സ്ഥാപിക്കാൻ കഴിയുമോ എന്ന് പരിശോധിക്കണം. കോളനികളിലെ പ്രവർത്തന രഹിതമായ ബാലവാടികളും, അങ്കണവാടികളും പുനരുദ്ധരിക്കുക ആവശ്യമുള്ള കോളനികളിൽ ഇവ സ്ഥാപിക്കുക.

27. പഞ്ചായത്തിൽ ഒരു പ്രീമെട്രിക്ക് ഹോസ്റ്റൽ സ്ഥാപിക്കുക. പഞ്ചായത്തിൽ ഒരു ബോർഡിംഗ് സ്കൂൾ ആരംഭിക്കുക.

28. കോളനികളിൽ അവശ്യാനുസരണം സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക.

29. കോളനികളിലെ പൊതുസ്ഥലം കൈയേറി എടുത്തവ തിരിച്ചെടുത്ത് പൊതു ആവശ്യത്തിനുപയോഗിക്കാൻ നടപടി എടുക്കുക.

30. സമൂഹ വിവാഹം പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടത്താൻ നടപടിയെടുക്കണം.

31. മൈത്രി ഭവൻ പദ്ധതി പഞ്ചായത്ത് വഴി നടപ്പാക്കുക.

32. S.S.L.C. ക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തിന്റെ വകയായി പ്രത്യേകം ധനസഹായം നൽകുക.

33. ജൈവ കീടനാശിനികൾ മാത്രം ഉപയോഗിക്കാൻ നടപടി ഉണ്ടാകണം. കർഷക തൊഴിലാളികളെ ഇൻഷ്വറൻസിന്റെ പരിധിയിൽ കൊണ്ടുവരണം.

34. കൃഷി, ആരോഗ്യം, ശുച്ചീകരണം തുടങ്ങിയ എല്ലാ മേഖലയെയും കുറിച്ച് അറിവ് നൽകാൻ ഫലപ്രദമായ ബോധവൽക്കരണ ക്യാമ്പുകൾ നടത്തണം.

35. പട്ടികജാതിക്കാർ താമസിക്കുന്ന ചില ഒറ്റപ്പെട്ട വീടുകളിൽ എത്താൻ വഴി സൗകര്യമില്ല. ഈ പ്രശ്നം അടിയന്തിരമായി പരിഹരിക്കണം.

## സാദ്ധ്യതകൾ

1. വരുമാനം വർദ്ധിപ്പിക്കാൻ തഴപ്പായ് നെയ്ത്ത് കോഴിവളർത്തൽ കന്നുകാലി വളർത്തൽ തുങ്ങിയ സംരഭങ്ങൾ വിജയിപ്പിക്കാൻ കഴിയുന്ന രീതിയിൽ പദ്ധതി പ്രാവർത്തികമാക്കുക.

2. ദാരിദ്ര്യ നിർമ്മാർജ്ജനത്തിന് കൂട്ടായ്മയോടെ പ്രവർത്തിക്കുക.

3. കോളനികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ കോളനികളിലെ യുവാക്കളെയും യുവതികളെയും സംഘടിപ്പിച്ച് ശ്രമദാനത്തിന്റെ ഭാഗമായി ശുചീകരണം, പച്ചക്കറി കൃഷി, വായനശാലയുടെയും ഗ്രന്ഥശാലയുടെയും പ്രവർത്തനം എന്നിവ കൂട്ടായ്മയോടു കൂടി സംഘടിപ്പിക്കുക.

4. ആരോഗ്യം വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ബോധവൽക്കരണം, ട്യൂഷൻ ക്ലാസ്സുകൾ എന്നിവ കൂട്ടായ്മയോടെ നടപ്പാക്കുക.

5. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യാനും ക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കാനും യുവ തലമുറയ്ക്ക് കഴിയും.

പട്ടിക 1

ഹരിജൻ കോളനികളുടെ ലിസ്റ്റ്

| ക്ര.ന. | കോളനികളുടെ പേര് | വാർഡ് നമ്പർ | കുടുംബത്തിന്റെ എണ്ണം | കുടിലുകൾ എണ്ണം | ജനസംഖ്യ | കുടിലുകൾ % | I.H.D.P. |
|---|---|---|---|---|---|---|---|
| 1. | മണയ്ക്കാട്ട് തറ | 1 | 10 | 4 | 45 | 40 | |
| 2. | പൈനുംവിള | 1 | 17 | 3 | 78 | 17.65 | |
| 3. | വട്ടപ്പണ | 1 | 30 | 20 | 122 | 66.67 | |
| 4. | വട്ടയ്ക്കാട് | 2 | 14 | 8 | 91 | 57.14 | |
| 5. | എമ്പട്ടാഴി | 2 | 14 | 8 | 126 | 57.14 | |
| 6. | എ.കെ.ജി. | 2 | 13 | 3 | 63 | 23.08 | |
| 7. | ആയിക്കോമത്ത് | 3 | 16 | 9 | 74 | 56.25 | |
| 8. | കൊടുവിള | 4 | 23 | 5 | 100 | 21.74 | |
| 9. | വഞ്ചികുളം | 4 | 10 | 8 | 30 | 80 | |
| 10. | അയ്യങ്കാളി | 4 | 47 | 32 | 189 | 68.09 | |
| 11. | മുളയ്ക്കവിള | 6 | 25 | 10 | 133 | 40 | |
| 12. | ചാരാടിത്തറ | 6 | 35 | 21 | 194 | 60 | |
| 13. | പേരയ്ക്കത്തറ | 7 | 23 | 10 | 90 | 43.48 | |
| 14. | മേലാത്തറ | 7 | 16 | 8 | 89 | 50 | |
| 15. | പുല്ലാട്ടുത്തറ | 7 | 33 | 12 | 164 | 36.36 | |
| 16. | വള്ളികുന്നം | 7 | 17 | 0 | 75 | 0 | |
| 17. | പേച്ചിറ വടക്ക് | 7 | 21 | 6 | 92 | 28.57 | |
| 18. | വട്ടത്തറ | 8 | 26 | 7 | 98 | 26.92 | |
| 19. | തോട്ടയിൽ കിഴക്കതിൽ | 8 | 11 | 6 | 37 | 54.55 | |
| 20. | അടിശ്ശേരി | 8 | 18 | 14 | 60 | 77.78 | |
| 21. | ചിറയുടെകിഴക്ക് | 8 | 11 | 8 | 33 | 72.73 | |
| 22. | പുതുപുരയ്ക്കത്തറ | 9 | 11 | 4 | 56 | 36.36 | |
| 23. | ഭഗവതീ അയ്യത്ത് | 9 | 23 | 17 | 100 | 73.91 | |
| 24. | പൈനുംവിള | 10 | 27 | 13 | 78 | 48.15 | |
| 25. | കോയിക്കകുറ്റി | 10 | 17 | 8 | 73 | 47.06 | |
| 26. | പറപ്പാടി | 10 | 17 | 11 | 69 | 64.71 | |
| 27. | വിളയിൽത്തറ | 10 | 12 | 6 | 39 | 50 | |
| 28. | ആൽത്തറ വിള | 10 | 29 | 16 | 104 | 55.7 | |
| 29. | എണ്ണംമ്പിശ്ശേരി | 10 | 20 | 15 | 88 | 75 | |
| 30. | മണ്ണാടിത്തറ | 11 | 27 | 11 | 130 | 40.74 | |
| 31. | ഉലകൻതറ | 11 | 16 | 11 | 50 | 68.75 | |

*അവലംബം : ജില്ലാ പ്ലാനിംഗ് ബോർഡ് കണക്ക് - 1994*

## പട്ടിക 2

### അംഗീകാരത്തിന് സമർപ്പിക്കുന്ന കോളനികൾ

| ക്ര. ന. | കോളനികളുടെ പേര് | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | കുടിലുകളുടെ എണ്ണം | ജനസംഖ്യ | വീട് പുതുതായി വേണ്ടവർ |
|---|---|---|---|---|---|---|
| 1. | തോട്ടുകര | 1 | 11 | 6 | 49 | 5 |
| 2. | വിയറ്റ്നാം | 1 | 7 | 5 | 37 | 5 |
| 3. | കണിയാം വയൽ | 2 | 12 | 5 | 52 | 5 |
| 4. | മഠത്തിൽ കിഴക്ക് | 5 | 10 | 4 | 60 | 3 |
| 5. | ചുടുക്കാട്ട് വിള | 6 | 9 | 7 | 47 | 4 |
| 6. | വേട്ടനാടി | 9 | 7 | 2 | 35 | 2 |
| 7. | അംബേദ്ക്കർ | 10 | 12 | 2 | 61 | 2 |

## പട്ടിക 3

### കോളനികളുടെ സ്വഭാവം

| ക്രമ നമ്പർ | കോളനിയുടെ പേര് | കുടിവെള്ളം | | വൈദ്യുതി | | കക്കൂസ് | | പൊതുവഴി | |
|---|---|---|---|---|---|---|---|---|---|
| | | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ |
| 1. | മണയ്ക്കാട്ട് തറ | 3 | 7 | 9 | 9 | 4 | 6 | | |
| 2. | പൈനുംവിള | 12 | 4 | 13 | 3 | 12 | 4 | | |
| 3. | വട്ടപ്പണ | 10 | 7 | 3 | 14 | 2 | 15 | 17 | 17 |
| 4. | വട്ടയ്ക്കാട് | 5 | 9 | 6 | 8 | 5 | 9 | | |
| 5. | എമ്പട്ടാഴി | 7 | 7 | 3 | 11 | 5 | 9 | 7 | 7 |
| 6. | എ.കെ.ജി. | 8 | 5 | 5 | 8 | 6 | 7 | | |
| 7. | ആയിക്കോമത്ത് | 6 | 10 | 3 | 13 | 8 | 8 | | |
| 8. | കൊടുവിള | 9 | 14 | 4 | 16 | 12 | 11 | | |
| 9. | വഞ്ചികുളം | 5 | 5 | 3 | 7 | 7 | 3 | | |
| 10. | അയ്യങ്കാളി | 14 | 33 | 32 | 15 | 21 | 26 | 28 | 19 |
| 11. | മുളയ്ക്കവിള | 8 | 17 | 6 | 19 | 7 | 18 | | |
| 12. | ചാരാടിത്തറ | 7 | 18 | 9 | 16 | 6 | 19 | | |
| 13. | പേരയ്ക്കത്തറ | 4 | 19 | 2 | 21 | 5 | 18 | | |
| 14. | മേലാത്തറ | 3 | 13 | 3 | 13 | 5 | 11 | 10 | 6 |
| 15. | പുല്ലാട്ടുത്തറ | 7 | 26 | 3 | 30 | 5 | 28 | 25 | 8 |
| 16. | വള്ളികുന്നം | 2 | 15 | 15 | 2 | 15 | 2 | | |

| ക്രമ നമ്പർ | കോളനിയുടെ പേര് | കുടിവെള്ളം | | വൈദ്യുതി | | കക്കൂസ് | | പൊതുവഴി | |
|---|---|---|---|---|---|---|---|---|---|
| | | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ | ഉള്ളവർ | ഇല്ലാത്തവർ |
| 17. | പേച്ചിറ വടക്ക് | | | 19 | 2 | | | | |
| 18. | വട്ടത്തറ | 5 | 21 | 12 | 14 | 5 | 21 | | |
| 19. | തോട്ടയിൽ കിഴക്കതിൽ | 3 | 8 | 3 | 8 | 4 | 7 | | |
| 20. | അടിശ്ശേരി | 5 | 13 | 4 | 14 | 6 | 12 | | |
| 21. | ചിറയുടെകിഴക്ക് | 3 | 8 | 3 | 8 | 4 | 7 | | |
| 22. | പുതുപുരയ്ക്കത്തറ | 2 | 9 | 4 | 7 | 6 | 5 | | |
| 23. | ഭഗവതീ അയ്യത്ത് | 10 | 13 | 17 | 6 | 17 | 6 | | |
| 24. | പൈനുംവിള | 7 | 20 | 10 | 13 | 13 | 10 | | |
| 25. | കോയിക്കകുറ്റി | 8 | 9 | 1 | 17 | 7 | 10 | 17 | 17 |
| 26. | പറപ്പാടി | 3 | 14 | 5 | 12 | 12 | 5 | | |
| 27. | വിളയിൽത്തറ | 3 | 9 | 4 | 8 | 6 | 6 | | |
| 28. | ആൽത്തറ വിള | 6 | 23 | 4 | 25 | 7 | 22 | 15 | 14 |
| 29. | എണ്ണംമ്പിശ്ശേരി | 7 | 13 | 5 | 15 | 8 | 12 | | |
| 30. | മണ്ണാടിത്തറ | 5 | 22 | 7 | 20 | 16 | 11 | | |
| 31. | ഉലകൻതറ | 6 | 10 | 16 | 16 | 13 | 14 | | |
| | **പഞ്ചായത്തിലെ നാല് സെന്റ് കോളനികൾ** | | | | | | | | |
| 1. | പെരുമ്പട്ട | 1 | 1 | - | - | - | - | | |
| 2. | പ്ലാവയ്യത്ത് | 1 | 1 | - | - | - | - | | |
| 3. | കോതകരകുറ്റി | 2 | 7 | 3 | 6 | 2 | 7 | | |
| 4. | മുട്ടത്തേത്ത് വിള | 1 | 6 | 2 | 5 | 3 | 4 | | |
| 5. | ചെറുവേലി കുറ്റി | 2 | 6 | 3 | 5 | 2 | 6 | | |
| 6. | ചെറുനിക്കൽ കുറ്റി | 1 | 6 | 2 | 5 | 2 | 5 | | |
| 7. | ഗവ: കോളനി | 1 | 4 | 5 | 5 | 5 | 5 | | |
| 8. | ആര്യാട്ട് വിള | 1 | 5 | 6 | 6 | 6 | 6 | | |
| 9. | കൊണ്ടോടി മുകൾ | 1 | 11 | 3 | 9 | 3 | 9 | | |
| | **ലക്ഷം വീട് കോളനികൾ** | | | | | | | | |
| 1 | കാരാണ്മ | 2 | 4 | | | | | | |
| 2. | വള്ളികുന്നം VII | 1 | 3 | | | | | | |

പട്ടിക .4

കോളനിയുടെ തരംതിരിവ്

| ക്രമ നമ്പർ | വാർഡ് നമ്പർ | ഹരിജൺ കോളനി | പഞ്ചായത്ത് കോളനി | ലക്ഷം വീട് | IHDP | അംഗീകാരത്തിന് സമർപ്പിച്ചത് |
|---|---|---|---|---|---|---|
| 1 | I | 3 | - | - | - | 2 |
| 2 | II | 3 | - | 1 | - | 1 |
| 3 | III | 1 | - | - | - | - |
| 4 | IV | 3 | 2 | - | - | - |
| 5 | V | - | - | - | - | 1 |
| 6 | VI | 2 | 6 | - | - | 1 |
| 7 | VII | 5 | 1 | 1 | - | - |
| 8 | VIII | 4 | - | - | - | - |
| 9 | IX | 2 | - | - | 1 | 1 |
| 10 | X | 5 | 2 | - | - | 1 |
| 11 | X | 13 | - | - | - | - |
| | ആകെ | 31 | 11 | 2 | 1 | 7 |

പട്ടിക 5

ഒറ്റപ്പെട്ട വീടുകൾ

| ക്രമ നമ്പർ | വാർഡ് നമ്പർ | ആകെ വീടുകൾ | വീടില്ലാത്തവർ | വഴി ഇല്ലാത്തവർ | കക്കൂസ് ഉള്ളവർ | ഇല്ലാത്തവർ | വൈദ്യുത ഉള്ളവർ | ഇല്ലാത്തവർ | കുടിവെള്ളം ഉള്ളവർ | കുടിവെള്ളം ഇല്ലാത്തവർ |
|---|---|---|---|---|---|---|---|---|---|---|
| 1 | 1 | 7 | 3 | 2 | 4 | 3 | 4 | 3 | 3 | 4 |
| 2 | 2 | 26 | 17 | 2 | 6 | 20 | 7 | 19 | 6 | 20 |
| 3 | 3 | 19 | 9 | - | 4 | 15 | 15 | 4 | 11 | 8 |
| 4 | 4 | 18 | 5 | 1 | 8 | 10 | 11 | 7 | 11 | 7 |
| 5 | 5 | 15 | 10 | 1 | 4 | 11 | 3 | 12 | 5 | 10 |
| 6 | 6 | 5 | 3 | - | 3 | 2 | 1 | 4 | 4 | 1 |
| 7 | 7 | 5 | 2 | - | 4 | 1 | 3 | 2 | 2 | 3 |
| 8 | 8 | 7 | 5 | - | 5 | 2 | 3 | 4 | 5 | 2 |
| 9 | 10 | 7 | 4 | 2 | 5 | 3 | 4 | 3 | 5 | 2 |
| 10 | 11 | 4 | 2 | - | 1 | 3 | 4 | - | - | 4 |
| | ആകെ | 113 | 60 | 8 | 44 | 70 | 55 | 58 | 52 | 61 |



# 13. സഹകരണം

നമ്മുടെ ഗ്രാമം സഹകരണ സംഘങ്ങളുടെ ഗണത്തിന്റെ കാര്യത്തിൽ വളരെ മുന്നിലും ഗുണത്തിന്റെ കാര്യത്തിൽ വളരെ പിന്നിലുമാണ്. 1931 ൽ ആരംഭിച്ച കാരാണ്മ വാളാച്ചാൽ പരസ്പര സഹായ സഹകരണ സംഘമാണ് ഗ്രാമത്തിലെ ആദ്യത്തെ സഹകരണ സംഘം. കൊച്ചുവീട്ടിൽ നാരായണ കുറുപ്പ് പ്രസിഡന്റും, പാലപ്പള്ളിൽ കൊച്ചുരാമ കുറുപ്പ് സെക്രട്ടറിയും കണ്ണഞ്ചാരേത്ത് പത്മനാഭപിള്ള, ചിറ്റൂർ തറയിൽ മാധവ പണിക്കർ, കണിയാംവയലിൽ തേവൻ, ചാങ്കൂർ രാഘവൻ പിള്ള എന്നിവർ കമ്മിറ്റി അംഗങ്ങളുമായിരുന്നു. ഈ സംഘം ജനങ്ങൾക്ക് പണം വായ്പ നൽകുന്നതോടൊപ്പം ഒരു റേഷൻ കടയും നടത്തിയിരുന്നു. 1946 ൽ സംഘത്തിന്റെ പ്രവർത്തനം നിലച്ചു. ഇന്ന് 19 സഹകരണ സംഘങ്ങൾ ഇവിടെ പ്രവർത്തിക്കുന്നു അതിൽ 4 എണ്ണം ക്രെഡിറ്റ് സംഘങ്ങളാണ്. ജനങ്ങൾക്ക് ആവശ്യമായ സഹായം ലഭ്യമാക്കുന്ന കാര്യത്തിൽ ഭൂരിഭാഗം സംഘങ്ങളും വളരെ പിന്നിലാണ്. മൊത്തത്തിൽ സഹകരണ മേഖല ഒരു മുരടിപ്പിനെ നേരിടുന്ന അനുഭവമാണ് ഇവിടെയുള്ളത്. നമ്മുടെ ഗ്രാമത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളുടെ പേര് വിവരം ചുവടെ ചേർക്കുന്നു.

1. വള്ളികുന്നം സർവ്വീസ്
2. വള്ളികുന്നം കടുവിനാൽ സർവ്വീസ്
3. വള്ളികുന്നം ഹരിജൻ സർവ്വീസ്
4. ആലപ്പുഴ ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച്
5. കടുവിനാൽ കോഴി വളർത്തൽ
6. കന്നിമേൽ ഖാദി വില്ലേജ്
7. മീനത്ത് ഖാദി വില്ലേജ്
8. വള്ളികുന്നം സെറി കൾച്ചർ
9. വള്ളികുന്നം ജോയിന്റ് ഫാമിംഗ്
10. വള്ളികുന്നം ക്ഷീരോൽപ്പാദക
11. കാരാണ്മ ക്ഷീരോൽപ്പാദക
12. തെക്കേമുറി ക്ഷീരോൽപ്പാദക
13. കടുവിനാൽ ക്ഷീരോൽപ്പാദക
14. മീനത്ത് ക്ഷീരോൽപ്പാദക
15. വള്ളികുന്നം വ്യവസായ (I.C. Tile Works)
16. ഇലിപ്പക്കുളം ഗവ: ഹൈസ്കൂൾ
17. വള്ളികുന്നം ഹൈ സ്കൂൾ
18. വള്ളികുന്നം സംസ്കൃത ഹൈ സ്കൂൾ
19. വള്ളികുന്നം L.P. സ്കൂൾ

## ക്രെഡിറ്റ് സഹകരണ സംഘങ്ങൾ

നാല് ക്രെഡിറ്റ് സഹകരണ സംഘങ്ങളാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. അവയിൽ 3 എണ്ണം മാത്രമാണ് പ്രവർത്തന ക്ഷമമായിട്ടുള്ളത്. അവ വള്ളികുന്നം കടുവിനാൽ സർവ്വീസ് സഹകരണ സംഘം, വള്ളികുന്നം ഹരിജൻ സർവ്വീസ് സഹകരണ സംഘം, ജില്ലാ സഹകരണ ബാങ്ക് എന്നിവയാണ്. ഒരു സർവ്വീസ് സൊസൈറ്റി എന്ന തരത്തിൽ വള്ളികുന്നം കടുവിനാൽ സംഘം ജനങ്ങൾക്ക് ഏറെ സഹായകരമായ പ്രവർത്തനങ്ങൾ നടത്തുന്നു. ഹരിജൻ സൊസൈറ്റി ലഭ്യമായ തുകയുടെ അടിസ്ഥാനത്തിൽ വായ്പകൾ നൽകുന്നുണ്ട്. സർക്കാർ ഗ്രാന്റിൽ സൊസൈറ്റിക്ക് ലഭിച്ചിട്ടുള്ള കാർഷിക ഉപകരണങ്ങൾ സമയാസമയങ്ങളിൽ അറ്റകുറ്റ പണി നടത്തി

വേണ്ടവിധത്തിൽ പ്രയോജനപ്പെടുത്തുന്നില്ല. ജില്ലാ ബാങ്ക് കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. വള്ളി കുന്നം സർവ്വീസ് സഹകരണ സംഘം ഗ്രാമത്തിലെ ജനങ്ങൾക്ക്. വളരെയേറെ പ്രയോജനെ ചെയ്യേണ്ടി യിരുന്ന ഒരു സംഘമാണ്. വള്ളികുന്നം മൊത്തം പ്രവർത്തന മേഖലയായ ഈ സംഘം ആദ്യകാലങ്ങ ളിൽ ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെ ങ്കിലും പിടിപ്പ് കേടും അനാസ്ഥയും അഴിമതിയും കാരണം ഇന്ന് ലക്ഷങ്ങളുടെ കടവും പേറി മൃതാവ സ്ഥയിൽ ആയിരിക്കുന്നു.

## വ്യവസായ സഹകരണ സംഘങ്ങൾ

ഗ്രമത്തിലുള്ള ഏക വ്യവസായ സഹകരണ സംഘം I.C. ടൈൽ വർക്സ് ആണ്. 1962 ൽ സ്ഥാപിച്ച ഈ സഹകരണ സംഘം ഇപ്പോൾ മെച്ചപ്പെട്ട രീതി യിൽ പ്രവർത്തിക്കുന്നു. അനേകം ആളുകൾക്ക് തൊഴിൽ ദായകമായ സഹകരണ മേഖലയിലെ ഏക സ്ഥാപനവുമാണിത്.

## ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ

നമുടെ ഗ്രാമത്തിൽ 5 ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാലിവളർത്തൽ ഉപജീവന മാർഗ്ഗമാക്കിയ അസംഖ്യം കർഷകർക്ക് അവരുടെ ഉൽപ്പന്നത്തിനു ന്യായമായ വില ലഭിക്കുന്നതിനും മാർക്കറ്റ് കണ്ടെത്തുവാനുള്ള ബുദ്ധിമുട്ട് പരിഹരിക്കു ന്നതിനും വേണ്ടി രുപീകൃതമായവയാണ് ക്ഷീര സംഘങ്ങൾ.

എന്നാൽ സംഘങ്ങളുടെ ലാഭം മാത്രം ലക്ഷ്യ മാക്കിയാണ് പാലിന്റെ വില നിശ്ചയിക്കുന്നത്. ഇത്ത രത്തിൽ വില നിശ്ചയിക്കുന്ന രീതിയിൽ ഭൂരിഭാഗം കർഷകർക്കും അശേഷം വിശ്വാസമില്ലാത്ത ഒരു സ്ഥിതിവിശേഷമാണ് ഉള്ളത്. ഇക്കാരണത്താൽ തന്നെ സമാന്തര ക്ഷീര സംഭരണ സ്ഥാപനങ്ങളെ കർഷകർ ആശ്രയിക്കുകയും അവയുടെ പ്രവർത്തനം നിലവിലുള്ള സംഘങ്ങളുടെ പ്രവർത്ത നത്തിന് ഭീഷണിയായി വളർന്ന് വരുകയും ചെയ്യുന്നു. മൊത്തത്തിലുള്ള സംഘങ്ങളെ വിലയിരു ത്തുമ്പോൾ തെക്കേ മുറി സംഘത്തിന്റെ പ്രവർത്തനം നിലവാരം പുലർത്തുന്നതല്ല.

## ഫാമിംഗ് സൊസൈറ്റി

വള്ളികുന്നം പുഞ്ചയിലെ കർഷകർക്ക് പ്രയോജനകരമായ രീതിയിൽ വിത്തും വളവും ലഭ്യ മാക്കുന്നതിനും കൃഷിപ്പണിയ്ക്ക് ആവശ്യമായ മറ്റ് കാര്യങ്ങൾ ചെയ്യുന്നതിനും വേണ്ടി ഉണ്ടാക്കിയസം ഘമാണിത്. പുഞ്ചയിൽ വെള്ളമേറുമ്പോൾ ജല നിർഗ്ഗ മനത്തിന് വേണ്ടി പെട്ടിയും പറയും സ്ഥാപിച്ച് അതിന്റെ മേൽനോട്ടം വഹിക്കുന്നത് ഈ സംഘ മാണ്. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നും സഹാ യങ്ങൾ ഒന്നും ലഭിക്കാത്തതിനാൽ ഇത് യഥാവിധം പ്രവർത്തിക്കുന്നില്ല.

## സ്കൂൾ സൊസൈറ്റികൾ

കുട്ടികൾക്ക് ആവശ്യമായ പുസ്തകങ്ങളും ബുക്കുകളും ലഭ്യമാക്കുന്ന പ്രവർത്തനത്തിൽ ഈ സംഘങ്ങൾ കാര്യക്ഷമമാണ്.

ഏറ്റവും ലാഭകരമായി പ്രവർത്തിക്കുന്നത് ക്ഷീരസംഘങ്ങളാണ്. ഇക്കൂട്ടത്തിൽ വള്ളികുന്നം ക്ഷീരോല്പാദക സഹകരണസംഘം പ്രത്യേകം എടു ത്തുപറയത്തക്ക പ്രവർത്തനം നടത്തുന്നു. നല്ല രീതി യിലുള്ള ഭരണനേതൃത്വവും ജീവനക്കാരും കർഷ കരും തമ്മിലുള്ള സുദൃഢമായ ബന്ധവുമാണ് ഈ സംഘത്തെ നമ്മുടെ സംസ്ഥാനത്തെ തന്നെ ശ്രദ്ധി ക്കപ്പെട്ട സംഘമായി വളർത്തിയത്.

## പ്രശ്നങ്ങൾ

1. വള്ളികുന്നം സർവീസ് സഹകരണസംഘം പ്രവർത്തനരഹിതമായിക്കിടക്കുന്നു.
2. പഞ്ചായത്തിലുള്ള 2 ഖാദി സംഘങ്ങളും സ്വന്ത മായി സ്ഥലവും അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും ഉണ്ടായിട്ടും വർഷങ്ങളായി പ്രവർത്തനരഹിതമായി കിടക്കുന്നു.
3. ക്ഷീരസംഘങ്ങൾ ലാഭം മാത്രം ലക്ഷ്യമാക്കി പാലിന് വില നിശ്ചയി ക്കുന്നതു കാരണം ന്യായ മായ വില കർഷകന് ലഭിക്കുന്നില്ല.
4. പഞ്ചായത്തിലെ 4 നോൺക്രഡിറ്റ് സഹകരണ സംഘങ്ങൾ പേപ്പറിൽ മാത്രം ഒതുങ്ങിനി ല്ക്കുന്നു.
5. പ്രവർത്തനക്ഷമമല്ലാത്ത പല സംഘങ്ങളിലും ഭരണനേതൃത്വത്തിന്റെ കഴിവ്കേട് നിലവിലുണ്ട്.
6. ജോയിന്റ് ഫാമിംഗ് സൊസൈറ്റിയുടെ പ്രവർത്തന മേഖല ജല നിർഗ്ഗമനം മാത്രമായി ഒതുങ്ങിയിരിക്കന്നു.
7. ഹരിജൻ സഹകരണസംഘത്തിന് കിട്ടിയ സർക്കാർ ഗ്രാന്റ് ഉപയോഗിച്ച് ആരംഭിച്ച ഇഷ്ടിക ചൂള, വളം ഡിപ്പോ എന്നിവ ഇന്ന് പ്രവർത്തനത്തിലില്ല. സംഘത്തിന് സ്വന്തമായി ട്ടുള്ള ടില്ലർ, സ്പ്രെയറുകൾ മറ്റു കാർഷിക ഉപ

കരണങ്ങൾ എന്നിവ അറ്റകുറ്റപ്പണികൾ ചെയ്യാത്തകാരണത്താൽ പ്രയോജനപ്പെടുന്നില്ല.

## നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

1. വള്ളികുന്നം സർവീസ് സഹകരണസംഘം നമ്പർ 2136 ലിക്വിഡേറ്റ് ചെയ്ത് 1 മുതൽ 4 വരെ വാർഡുകൾ പ്രവർത്തനമേഖലയാക്കി ഒരു പുതിയ സർവീസ് സഹകരണസംഘം ആരംഭിക്കുക.

2. ഖാദി സഹകരണസംഘങ്ങൾ പുനരുജ്ജീവിപ്പിക്കുക.

3. ക്ഷീര സംഘങ്ങൾ പാലിന് പരമാവധി വില നൽകണം. കാലിത്തീറ്റ നികുതി ഒഴിവാക്കി വില കുറച്ചു കൊടുക്കണം. കന്നു കുട്ടി പരിപാലന പദ്ധതി നടപ്പിലാക്കുക. ഏതെങ്കിലും ഒരു സംഘം മുൻകൈ എടുത്ത് കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.

4. രേഖയിൽ മാത്രം ഒതുങ്ങിനില്ക്കുന്ന സഹകരണസംഘങ്ങൾ പ്രവർത്തനക്ഷമമാക്കണം.

5. അഴിമതി നടത്തുന്ന ഉദ്യോഗസ്ഥൻമാർക്കും ഭരണാധികാരികൾക്കും എതിരെ മുഖം നോക്കാതെ നടപടി എടുക്കണം.

6. കാര്യക്ഷമതയും സത്യസന്ധതയുമുള്ള വ്യക്തികളെ സ്ഥാനാർത്ഥികളാക്കുവാൻ രാഷ്ട്രീയ പാർട്ടികൾ ശ്രദ്ധിക്കുക.

7. ജോയിന്റ് ഫാമിംഗ് സോസൈറ്റിയുടെ പ്രവർത്തനം വിപുലപ്പെടുത്തുക.

8. നെല്ലുല്പാദക സമിതികൾ നടത്തുന്ന വികസന പ്രവർത്തനങ്ങൾ സുതാര്യമാക്കുകയും അവയെ പരിശോധിക്കുവാനും നിയന്ത്രിക്കുവാനും ഉള്ള് അധികാരം പഞ്ചായത്ത് സമിതികൾക്ക് നല്കുകയും ചെയ്യുക.

9. ഹരിജൻ സഹകരണസംഘത്തിന് നിലവിലുള്ള ന്യൂനതകൾ പരിഹരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുക.

10. ഹരിജൻ സഹകരണസംഘത്തിന് സ്വന്തമായിട്ടുള്ള സ്ഥലവും കാർഷിക ഉപകരണങ്ങളും ടില്ലറും ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

11. പഞ്ചായത്തിൽ ഒരു വനിതാ സർവീസ് സഹകരണ ബാങ്ക് ആരംഭിക്കുക.

12. ഖാദി ബോർഡിന്റെ സഹായത്തോടെ മെഴുകുതിരി, തീപ്പെട്ടി, സോപ്പ്, തേങ്ങാഉല്പ്പന്നങ്ങൾ, റബർ ഉല്പ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

13. പച്ചക്കറി ഉല്പാദക സഹകരണസംഘങ്ങൾ സ്ഥാപിച്ച് നല്ലയിനം വിത്തും വളവും കീടനാശിനിയും വിതരണം ചെയ്യുക. കർഷകർക്ക് കൃഷിപരിജ്ഞാനം ഉണ്ടാക്കുക.

14. സഹകരണ മേഖലയിൽ സസ്യനേഴ്സറികൾ സ്ഥാപിക്കുക.

15. പ്രാദേശികമായി ഉല്പാദിപ്പിക്കുവാൻ കഴിയാത്ത നിത്യോപയോഗസാധനങ്ങൾ വിളവെടുപ്പ് സമയത്ത് സംഭരിച്ച് ജനങ്ങൾക്കു നല്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു മാർക്കറ്റിംഗ്

## സഹകരണസംഘം ആരംഭിക്കുക.

16. വള്ളികുന്നം ഐ. സി. ടൈൽ വർക്സിൽ ഉല്പന്നങ്ങളിൽ കാലാനുസൃതമായ വൈവിദ്ധ്യം ഉണ്ടാക്കുക

17. പഞ്ചായത്തിൽ ഒരു മത്സ്യതോഴിലാളി സഹകരണസംഘം ആരംഭിക്കുക.

18. എല്ലാ സഹകരണസംഘങ്ങളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുക.

19. പഞ്ചായത്തിൽ ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘം ആരംഭിച്ച് സർക്കാർ തലത്തിലുള്ള വർക്കുകൾ ഈ സംഘത്തെ ഏൽപ്പിക്കുക. പഞ്ചായത്തു തലത്തിലുള്ള വർക്കുകൾക്ക് അനുവദിച്ചിട്ടുള്ള തുക പകുതിയെങ്കിലും ടി സംഘത്തിന് മുൻകൂർ നല്കുന്നതിന് വേണ്ടി വരുന്ന നിയമ ഭേദഗതികൾ ഉണ്ടാക്കുക.



# 14. വിഭവസമാഹരണം

വികസന പ്രക്രിയയ്ക്ക് വിഭവം അനിവാര്യമാണല്ലോ. വിഭവങ്ങളെ പ്രധാനമായും മനുഷ്യ വിഭവം എന്നും മനുഷ്യേതര വിഭവം എന്നും രണ്ടായി തിരിക്കാം. ബുദ്ധിശക്തിയുടെയും കായികശക്തിയുടേയും സമൂഹ വിനിയോഗത്തെ മനുഷ്യ വിഭവം എന്ന് ഗണിയ്ക്കാം. ഈ വിഭവത്തെ എങ്ങനെ സമാഹരിക്കാം എന്നുള്ളതാണ് ഇവിടുത്തെ പ്രശ്നം. പണമായിട്ടും ദ്രവ്യമായിട്ടും സമാഹരിക്കാൻ കഴിയുന്ന വിഭവങ്ങളെ മനുഷ്യേതര വിഭവമെന്നു കണക്കാക്കാം. മനുഷ്യേതര വിഭവങ്ങളുടെ സമാഹരണവും ശരിയായ വിനിയോഗവും വഴി മനുഷ്യവിഭവത്തെ പരിപോഷിപ്പിക്കാൻ കഴിയും.

ആലപ്പുഴജില്ലയിലെ വരുമാനം കുറഞ്ഞപഞ്ചായത്തുകളിലൊന്നാണ് വള്ളികുന്നം . കെട്ടിട നികുതിയും നാമമാത്രമായ തൊഴിൽ നികുതിയുമാണ് പ്രധാന നികുതി വരുമാനം. പഞ്ചായത്തിന്റെ വികസനത്തിന് വരുമാനം കണ്ടെത്തുക എന്നുള്ളത് ശ്രമകരമായ ജോലിയാണ്. എന്നാൽ വികസനത്തിന് വിഭവം കണ്ടെത്തിയേ മതിയാകൂ. കെട്ടിടനികുതിയുടെ ഘടനയും ക്രമീകരണങ്ങൾ വരുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം അല്പമെങ്കിലും മെച്ചപ്പെടുത്തുവാൻ കഴിയും. നികുതി പിരിവ് കാര്യക്ഷമമാക്കുക., പഞ്ചായത്തിന്റെ ആസ്തി ശരിയായി വിനിയോഗിക്കുക., സർക്കാരിൽനിന്നും പരമാവധി സഹായം ലഭ്യമാക്കുക എന്നിവയിലൂടെ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് പണം സ്വരൂപിക്കാൻ കഴിയും.

കഴിഞ്ഞ കുറെ വർഷങ്ങളിലെ വരവിനങ്ങൾ അവലോകനം ചെയ്തതിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത് പഞ്ചായത്തിന്റെ വരവിൽ കാര്യമായ വർദ്ധനവില്ല എന്നുള്ളതാണ്. തൊഴിൽ നികുതിയിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടെങ്കിലും കെട്ടിട നികുതി കാര്യക്ഷമമായി പിരിച്ചെടുക്കാതിരുന്നതിനാലാവാം കുറവ് കാണുന്നത്.

പഞ്ചായത്തിന്റെ മൊത്ത വരുമാനത്തിന്റെ 35% ജീവനക്കാരുടേയും ജനപ്രതിനിധികളുടേയും ശമ്പളത്തിനും അലവൻസുകൾക്കും വേണ്ടി ചെലവിടേണ്ടി വരുന്നു. 38% ത്തോളം തുക അറ്റകുറ്റപ്പണികൾക്കുമായി നീക്കിവെച്ചാൽ ശേഷിക്കുന്ന 27% മാത്രമാണ് വികസനപ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാൻ കിട്ടുന്നത്. പതിനഞ്ചര ലക്ഷത്തോളം രൂപ മാത്രം വരുമാനമുള്ള നമ്മുടെ പഞ്ചായത്തിൽ നാലു ലക്ഷത്തോളം രൂപ മാത്രമാണ് പുതിയ വികസനപ്രവർത്തനങ്ങൾക്ക് ലഭിക്കുന്നത്. അതായത് ഒരു കി.മീ. റോഡ് ടാർ ചെയ്യാനുള്ള തുക മാത്രം.

വള്ളികുന്നം പഞ്ചായത്തിൽ നിന്ന് വിദേശത്ത് പോയിട്ടുള്ളവർ ധാരാളമാണ്. ഇവരുടെ മിച്ചവരുമാനത്തിന്റെ സിംഹഭാഗവും ഗൃഹനിർമ്മാണത്തിന് ചിലവഴിക്കുന്നു. എങ്കിലും ഇവരുടെ സമ്പാദ്യത്തിന് സുരക്ഷിതത്വം ഉണ്ടാക്കുന്ന തരത്തിൽ പ്രത്യുദ്പാദനപരമായ മേഖലയിൽ വിനിയോഗിക്കാൻ സംവിധാനം ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വികസനപ്രക്രിയയിൽ ഇവരുടെ സമ്പാദ്യത്തെ ഒരു വിഭവ സ്രോതസാക്കാൻ കഴിയും.

സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ വള്ളികുന്നത്തെ ജനങ്ങളുടെ സന്നദ്ധപ്രവർത്തനങ്ങളിലൂടെ നമുക്കു ലഭിച്ചതാണ്. വള്ളികുന്നത്തിന്റെ ഹൃദയധമനിയായ T.A. കനാലും, വള്ളികുന്നത്തെ പ്രഥമ പാതയായ N.S. റോഡും ആദ്യത്തെ ആരോഗ്യപരിപാലന കേന്ദ്രമായ കൊണ്ടോടിമുകളിൽ ഗവ.ആശുപത്രിയും. സന്നദ്ധപ്രവർത്തനങ്ങളുടെ ഈ പാരമ്പര്യം ഉൾക്കൊള്ളുന്നവരാണ് വള്ളികുന്നത്തെ യുവതലമുറ.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാനത്തിന് അധികം സ്രോതസുകളില്ല.
2. ഉള്ള സാധ്യതകൾ തന്നെ പരമാവധി പ്രയോജനപ്പെടുത്തുന്നില്ല.
3. ഇടത്തട്ടുകാരുടെ ചൂഷണം.
4. വായ്പകൾ കിട്ടാനുള്ള പ്രയാസം.
5. ആവർത്തന ചെലവുകൾ ഉള്ള പദ്ധതികൾ ആണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.
6. പ്രത്യുല്പാദനപരമായ മേഖലയിൽ ഫണ്ട് ഉപയോഗിക്കുന്നില്ല.
7. ശരിയായ ആസൂത്രണത്തിന്റെ അഭാവം.
8. സന്നദ്ധപ്രവർത്തനത്തിന്റെ ഏകോപനരാഹിത്യം.
9. പൊതുമുതലിന്റെ സംരക്ഷണം തൃപ്തികരമല്ല.

## നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. ഇപ്പോൾ നിലവിലുള്ള കെട്ടിടനികുതി ഘടനയിൽ താഴെ ചേർക്കുന്ന മാറ്റങ്ങൾ വരുത്താം.

a. ചെലവ് അസസ്സ് ചെയ്ത് നികുതി നിശ്ചയിക്കുന്നരീതി മാറ്റി പകരം വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ സ്ളാബ് സമ്പ്രദായം ഏർപ്പെടുത്തുക.

b. മൊസൈക്ക്, മാർബിൾ, ഗ്രാനൈറ്റ് ഇവ ഉപയോഗിക്കുന്ന വീടുകൾ, ഒന്നിൽ കൂടുതൽ നിലകൾ ഉള്ളവ, എ.സി. ഉള്ളവ എന്നീ ക്രമത്തിൽ സ്ളാബിൽ വർദ്ധനവ് വരുത്താം.

c. മൂന്നിലധികം നിലകളുള്ള കെട്ടിടങ്ങളുടെ നാല്മത്തെ നിലതൊട്ട് ഓരോ നിലയ്ക്കും അവയുടെ വിസ്തൃതിയ്ക്ക് തുല്യമായ സ്ഥലത്തിന്റെ കമ്പോളവിലയെ അടിസ്ഥാനമാക്കി ഒരു നിശ്ചിത ശതമാനം നികുതി ഈടാക്കുക.

2. പ്രൈമറി ഹെൽത്ത് സെന്ററിന്റെ വികസനത്തിനായി ഗൾഫ് മലയാളികളിൽനിന്നും സംഭാവന സ്വീകരിച്ച് 'ആരോഗ്യപരിപാലനനിധി' രൂപീകരിക്കുക.
3. പരസ്യബോർഡുകൾ യുക്തമായ സ്ഥലങ്ങളിൽ സ്ഥാപിച്ചാൽ പരസ്യത്തിൽ നിന്നും പഞ്ചായത്തിന് വരുമാനമുണ്ടാക്കാം.
4. സ്ഥലമുടമകൾ കെട്ടുന്ന മതിലുകളിൽ ആകർഷകമായ പരസ്യങ്ങൾ ഉണ്ട്. ഈ പരസ്യങ്ങളിൽ നിന്നും സ്ഥലമുടമകൾക്ക് ലഭിക്കുന്ന വരുമാനത്തിന്റെ ഒരു നിശ്ചിത ശതമാനം പഞ്ചായത്ത് ഈടാക്കുക.
5. വള്ളികുന്നത്തെ പബ്ളിക് മാർക്കറ്റ് ആഴ്ച ചന്തയാക്കുക. ചൂനാട് ചന്ത നിയമം അനുവദിക്കുന്ന രീതിയിൽ പഞ്ചായത്ത് ഏറ്റെടുക്കുക.
6. പ്രത്യുല്പാദനപരമല്ലാത്തതും ആവർത്തനചെലവുള്ളതുമായ വികസന പ്രവർത്തനങ്ങൾ സന്നദ്ധപ്രവർത്തനത്തിലൂടെ മാത്രം നടപ്പിലാക്കുക.
7. വിഭവം കണ്ടെത്തുന്നതുപോലെ പ്രധാനമാണ് പൊതുമുതൽ സംരക്ഷണം. ജനങ്ങളുടെ പൗരബോധം ഉണർത്താതെ ഇത് സാദ്ധ്യമല്ല. അയൽക്കൂട്ടങ്ങളിലൂടെ ജനങ്ങളുടെ പൗരബോധം വളർത്തുക.



# ഉപസംഹാരം

റോഡും പാലവും കുടിവെള്ളവുമായാൽ വികസനം പൂർത്തിയായി എന്ന വികല മനോഭാവം എല്ലാവരിലും അറിഞ്ഞോ അറിയാതെയോ അലിഞ്ഞു ചേർന്നിരിക്കുന്നു. ഇത്തരത്തിലുള്ള വികസനസമീപനം അശാസ്ത്രീയവും ജനോപകാരപ്രദമല്ലാത്തതുമാണ്. ഈ വീക്ഷണം മൂലം ഉല്പാദന പ്രക്രിയ മുരടിപ്പിന്റെ കൊടുമുടിയിലെത്തി നില്ക്കുന്നു. കാർഷിക വ്യാവസായിക മേഖലകളുടെ സമഗ്രവികസനം ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ഇന്നാവശ്യം.

ഡിപ്പാർട്ടുമെന്റലിസത്തിന്റെ ഊരാക്കുടുക്കിൽ കിടന്ന് ഊർദ്ധശ്വാസം വലിക്കുന്ന വികസന പദ്ധതികളെ പുനരുജ്ജീവിപ്പിച്ചേ മതിയാവൂ. അടിമുടി അഴിമതിയിൽ കുളിച്ചു നില്ക്കുന്ന ഇന്നത്തെ സംവിധാനത്തിൽ നിന്നും വികസനരംഗം മോചിപ്പിക്കപ്പെടണം. മനോനിഷ്ടമായി പ്രശ്നങ്ങളെ വിലയിരുത്താതെ വസ്തുനിഷ്ടമായി വിശകലനം ചെയ്ത് തർക്കവിതർക്കങ്ങൾ ഒഴിവാക്കാൻ ആവശ്യമായ മനസാന്നിദ്ധ്യം പദ്ധതി നടത്തിപ്പുകാർക്ക് ഒഴിച്ചു കൂടാൻ പാടില്ലാത്തതാണ്. ഇതോടൊപ്പം ജനകീയ ഐക്യം ഊട്ടി വളർത്തുവാനുള്ള നിരന്തരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും വേണം.

വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുമ്പോൾ മാത്രമാണ് ആസൂത്രണം അർത്ഥവത്താകുന്നത്. പദ്ധതികൾ മുന്ഗണനാക്രമത്തിൽ ഏറ്റെടുത്ത് നടപ്പാക്കാനുള്ള പ്രതിബദ്ധത മുഖ്യവിഷയമാണ്. ചരിത്രസാഹചര്യങ്ങൾ വിശകലനം ചെയ്ത് പ്രകൃതി വിഭവങ്ങളും ജനവിഭവങ്ങളും സ്വരൂപിച്ച് പ്രയോഗിക ബുദ്ധിയോടെ പദ്ധതികൾ രൂപപ്പെടുത്തണം. ഗ്രൂപ്പു ചർച്ചകളിൽ എല്ലാ വിഷയങ്ങളിലും ഉയർന്നു വന്ന നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്താൻ വിദഗ്ധസമിതികൾക്ക് കഴിയണം.

ജനങ്ങളുടെ പ്രത്യാശകളെ ഉണർത്തുന്ന കേവലം ഒരു വിനോദമല്ല ജനകീയാസൂത്രണം. മറിച്ച് ജനകീയ പദ്ധതികൾ ജനോപകാരപ്രദമായി ത്വരിതഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസന രേഖ സമ്പുഷ്ടവും സമ്പൂർണ്ണവുമാക്കി പ്രാവർത്തികമാക്കാനുള്ള പ്രതിബദ്ധത നാം ഏറ്റെടുത്തേ കഴിയൂ. അയൽ കൂട്ടങ്ങളുടേയും ഗ്രാമസഭകളുടേയും ജനകീയ ശക്തിയാൽ ഗ്രാമവികസനരംഗത്ത് ശക്തമായ വേലിയേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. ജാതിമത, കക്ഷി രാഷ്ട്രീയത്തിനതീതമായി ഗ്രാമവാസികൾ ഒറ്റക്കെട്ടായി വികസനത്തിന്റെ രാഷ്ട്രീയത്തിൽ സജീവമായി പങ്കെടുത്താൽ നമ്മുടെ ഗ്രാമത്തിന്റെ മുഖഛായ മാറ്റാൻ കഴിയും.

മഹത്തായ ഈ സ്വപ്നം സാക്ഷാത്കരിക്കുവാൻ ഇനിയുള്ള ദിവസങ്ങളിൽ നമുക്ക് കഴിയുമെന്ന പ്രത്യാശയോടെ വള്ളികുന്നം ഗ്രാമപഞ്ചായത്തിന്റെ വികസന രേഖ വിശദമായ ചർച്ചയ്ക്കും, അംഗീകാരത്തിനുമായി സമർപ്പിക്കുന്നു.

**കെ. ആർ. രാമചന്ദ്രൻ.**
ചെയർമാൻ.
ജനകീയ ആസൂത്രണസമിതി.
വള്ളികുന്നം ഗ്രാമപഞ്ചായത്ത്.

# വള്ളികുന്നം ഗ്രാമ പഞ്ചായത്ത്

